# നിയമപാഠം

( കോളേജ് വിദ്യാർത്ഥികൾക്ക് )

കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി (കെൽസ)
നിയമ സഹായഭവൻ, ഹൈക്കോടതി കോമ്പൗണ്ട്,
എറണാകുളം – 682 031 Tele/Fax : 0484 - 2396717

കേരള സംസ്ഥാന നിയമ സേവന അതോറിറ്റി

# നിയമപാഠം
## കോളേജ് വിദ്യാർത്ഥികൾക്ക്

**ഒരു കെൽസ സംരംഭം**

For circulation in the Legal Literacy
Classes conducted by Kerala State Legal Services Authority

| | | |
|---|---|---|
| Title | : | **Niyamapadam College Vidyardhikalkku** |
| Copyright | : | ©Reserved |
| Thirteenth Edition | : | July, 2018 |
| Copies | : | 1,00,000 |
| Layout & Printed at | : | KBPS, Kakkanad, Kochi-30 |
| Published by | : | KERALA STATE LEGAL SERVICES AUTHORITY (KeLSA), Niyama Sahaya Bhavan, High Court Compound, Kochi - 682 017. |

# ആമുഖം

ഭാരതം ഒരു മതേതര ജനാധിപത്യ രാഷ്ട്രമാണ്. ഏതൊരു ജനാധിപത്യ രാഷ്ട്രത്തിന്റെയും ഏറ്റവും വലിയ സമ്പത്ത് തികഞ്ഞ രാജ്യസ്നേഹവും സാമൂഹ്യ പ്രതിബദ്ധതയും ഉള്ള നല്ല പൗരന്മാരാണ്. അങ്ങനെയുള്ള ഒരു പൗരാവലിയെ വാർത്തെടുക്കുവാൻ സാധിച്ചാൽ ഏതൊരു സമൂഹത്തിന്റെയും ഭാവി ശോഭനമായിരിക്കും.

സ്വാതന്ത്ര്യലബ്ധിക്കുശേഷം നമ്മുടെ രാജ്യം ഏഴു ദശകങ്ങൾ പിന്നിട്ടു കഴിഞ്ഞു. എന്നാൽ നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന വ്യവസ്ഥിതിയും ഉറപ്പുതരുന്ന സുരക്ഷയും അവകാശങ്ങളും വലിയ ഒരു വിഭാഗം ഭാരതീയർക്ക് ഇന്നും മിഥ്യയായാണ് നിലകൊള്ളുന്നത്. ഇവരിൽ ഭൂരിഭാഗവും സമൂഹത്തിന്റെ താഴേ തട്ടിലുള്ള, എല്ലാവരാലും അവഗണിക്കപ്പെടുന്ന വിഭാഗങ്ങളാണ്. ഭരണഘടന ഉറപ്പ് തരുന്ന അവകാശങ്ങളും സുരക്ഷയും ഓരോ ഭാരതീയനും ലഭ്യമായാൽ മാത്രമേ നമ്മുടെ ഭരണഘടനയുടെ അന്തഃസത്ത പ്രാവർത്തിക തലത്തിൽ ഫലവത്താകുകയുള്ളൂ. ഇതിന് ഓരോ പൗരനും ഭരണഘടന ഉറപ്പുതരുന്ന സുരക്ഷയെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും പൂർണ്ണബോധം ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

അവകാശങ്ങളെക്കുറിച്ചുള്ള ധാരണ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവകാശ ലംഘനങ്ങളെ ചെറുക്കുന്നതിനും സഹായകമായിരിക്കും. പക്ഷെ ബോധവല്ക്കരണം മുതിർന്നവരിൽ മാത്രം ഒതുങ്ങിയാൽ പോരാ വരുംതലമുറയെ ബോധവല്ക്കരിക്കേണ്ടത് ഏറെ പ്രാധാന്യം അർഹിക്കുന്ന ഒരു ആവശ്യമാണ്. നല്ല ചുമതലാ ബോധമുള്ള കർത്തവ്യനിരതരായ ഒരു പുതുതലമുറയെ സൃഷ്ടിക്കുന്നതിന് അവരെ ചെറുപ്പം മുതൽക്കേ ബോധവല്ക്കരിച്ചേ മതിയാകൂ. ഈ ഒരു ബോധ്യമാണ് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ്സസ് അതോറിറ്റിയെ വിദ്യാർത്ഥികളിലേക്ക് നിയമ പരിജ്ഞാനം എത്തിക്കുക എന്ന ദൗത്യം ഏറ്റെടുക്കുവാൻ പ്രേരിപ്പിച്ചത്. ഈ ഉദ്ദേശ്യത്തോടെയാണ് 'നിയമപാഠം' എന്ന ചെറിയ പുസ്തകത്തിന് രൂപം നൽകിയിട്ടുള്ളത്.

ഒരു സാധാരണ പൗരൻ അറിഞ്ഞിരിക്കേണ്ട നിയമങ്ങളെക്കുറിച്ചും നമ്മുടെ ഭരണഘടനയെക്കുറിച്ചും വളരെ ലളിതമായ ഭാഷയിൽ ഏതൊരു വായനക്കാരനും എളുപ്പം മനസ്സിലാകും വിധമുള്ള ഒരു വിവരണമാണ് ഈ പുസ്തകത്തിൽ ഉള്ളത്. സ്കൂൾ കുട്ടികൾക്ക് നിയമ പഠനത്തിനുള്ള ഒരു പാഠാവലിയായിട്ടാണ് ഇതിനെ രൂപകല്പന ചെയ്തിട്ടുള്ളത്. കഴിഞ്ഞ കുറേ വർഷങ്ങളായി ഈ പുസ്തകം കോളേജ് വിദ്യാർത്ഥികൾക്ക് നിയമബോധന ക്ലാസ്സുകൾ നടത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വരും കാലങ്ങളിലും ഈ പുസ്തകം അതിന്റെ ഉദ്ദേശ്യലക്ഷ്യം നിറവേറ്റട്ടെ എന്ന് പ്രത്യാശിക്കുന്നു.

തികഞ്ഞ ദിശാബോധവും രാജ്യസ്നേഹവും തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി നിലകൊള്ളുവാനും കർത്തവ്യനിരതരായി പൊതുജന നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാനും അനീതിയെ

ചെറുക്കുവാൻ കരുത്തുള്ളവരുമായ ഒരു പുതിയ തലമുറയെ സൃഷ്ടിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ 'നിയമപാഠം' എന്ന പുസ്തകത്തിന്റെ ഈ പുതിയ പതിപ്പ് ഞങ്ങൾ വിനയപുരസരം സമർപ്പിക്കുന്നു. ഈ പ്രസിദ്ധീകരണം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി പ്രവർത്തിച്ച എല്ലാവരെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

**ജസ്റ്റിസ് കെ. സുരേന്ദ്രമോഹൻ**
എക്സിക്യൂട്ടീവ് ചെയർമാൻ
കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി

# ഉള്ളടക്കം


ഭാഗം ഒന്ന് – **വിവാഹ നിയമങ്ങൾ**

1. വിവാഹം ........ 11
2. മുസ്ലീം വിവാഹം ........ 15
3. ക്രിസ്ത്യൻ വിവാഹ നിയമം ........ 19
4. പ്രത്യേക വിവാഹ നിയമം ........ 22
5. ജീവനാംശ നിയമങ്ങൾ ........ 25
6. വിവാഹ സംബന്ധമായ കുറ്റകൃത്യങ്ങൾ........ 31

ഭാഗം രണ്ട് – **ക്രിമിനൽ നിയമങ്ങൾ**

1. ഒരു ക്രിമിനൽകേസ് രജിസ്റ്റർ ചെയ്യുന്നതും ചാർജ്ജു ചെയ്യുന്നതും എങ്ങിനെ ........ 38
2. അറസ്റ്റ്, ജാമ്യം ........ 41
3. ക്രിമിനൽ കേസുകളുടെ വിചാരണ ........ 48
4. റാഗിംഗ് നിരോധന നിയമം ........ 51
5. ഭ്രൂണപരിശോധന നിയന്ത്രണനിയമം ........ 52

ഭാഗം മൂന്ന് – **മറ്റുനിയമങ്ങൾ**

1. ഉപഭോക്തൃസംരക്ഷണനിയമം ........ 58
2. അന്തരീക്ഷ, ജല, പരിസ്ഥിതി മലിനീകരണം ........ 61
3. ആരോഗ്യസംരക്ഷണം ........ 66
4. ചെക്ക്സംബന്ധമായ നിയമങ്ങൾ ........ 69
5. ബാലനീതി നിയമം ........ 69
6. ദേശീയ വനിതാകമ്മീഷൻ ........ 70
7. മനുഷ്യാവകാശ കമ്മീഷൻ ........ 72
8. വിവരാവകാശ നിയമം ........ 73
9. പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്ന നിയമം ........ 76

10. മാതാപിതാക്കളുടെയും മുതിർന്ന
പൗരന്മാരുടെയും ജീവനാംശത്തിനും
ക്ഷേമത്തിനുമായുള്ള നിയമം 2007 .................. 78
11. പൊതുസ്ഥലങ്ങളിലെ പുകവലി
ശിക്ഷാർഹമാണ് ................................................... 81
12. വിവരസാങ്കേതികനിയമം ................................... 83
13. നിയമ സേവന അതോറിറ്റി നിയമം ................. 87
14. നിയമ പരിഹാര മാർഗ്ഗങ്ങൾ ................................ 91
15. സേവനാവകാശ നിയമം ..................................... 93
16. ക്രിമിനൽ നിയമഭേദഗതികൾ ........................... 96
17. ഇരകൾക്ക് നഷ്ടപരിഹാരം
നൽകുന്ന പദ്ധതി ................................................ 105
18. മയക്ക് മരുന്നിനും ലഹരിവസ്തുക്കൾക്കു
മെതിരെയുള്ള നിയമം ...................................... 105
19. നാഷണൽ ട്രസ്റ്റ് ആക്ട് ...................................... 106
20. അടിമത്ത തൊഴിൽ സമ്പ്രദായ
(നിർത്തലാക്കൽ) നിയമം, 1976 ........................ 108
21. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ്
നിയമം 2005 ........................................................... 109

# ഭാഗം – ഒന്ന്

# വിവാഹനിയമങ്ങൾ

# 1. വിവാഹം

**വി**വാഹം എന്ന പദത്തിന്റെ നിയമവ്യാപ്തി വ്യത്യസ്ത വ്യക്തി നിയമങ്ങളിൽ വ്യത്യസ്തമായിട്ടാണെങ്കിലും ഉദ്ദേശ്യം ഒന്നുതന്നെയാണ്. ഒരു സമൂഹത്തിന്റെ അടിസ്ഥാനമായ കുടുംബം രൂപീകരിക്കൽ, ഒരു സ്ത്രീയും പുരുഷനും മറ്റേതൊരാളെയും പുറന്തള്ളിക്കൊണ്ട് അവർക്ക് ജനിക്കുന്ന മക്കൾക്ക് നിയമപരമായ അംഗീകാരം ലഭിക്കുന്നതിനായി സംയോജിക്കുക അതാണ് വിവാഹംകൊണ്ട് ഉദ്ദേശിക്കുന്നത്.

## ഹിന്ദു വിവാഹം

വിവാഹം ഹിന്ദുക്കൾക്ക് ഒരു വിശുദ്ധ കർമ്മമാണ്. ഹിന്ദുവിവാഹ നിയമം പ്രത്യേകമായി ആചാരമുറകളോ നടപടിക്രമങ്ങളോ നിഷ്ക്കർഷിക്കുന്നില്ല, എന്നാൽ വർഷങ്ങളായി പാലിച്ചുപോരുന്ന കീഴ്വഴക്കങ്ങൾക്ക് മതിയായ പരിഗണന നൽകുന്നുമുണ്ട്. ഹിന്ദുമതം അനേകം ജാതി മതങ്ങൾകൊണ്ട് നിറഞ്ഞതാണ്. അവരുടെയൊക്കെ ജീവിതരീതികളിലുള്ള വ്യത്യാസങ്ങൾപോലെതന്നെ അവരവരുടെ വിവാഹ അനുഷ്ഠാനങ്ങളും വിവാഹരീതികളും വ്യത്യസ്തമാണ്. ഹിന്ദുക്കളുടെ വിവാഹം സംബന്ധിക്കുന്ന നിയമം 1955-ലെ ഹിന്ദുവിവാഹനിയമമാണ്. ഈ നിയമപ്രകാരവും വിവാഹം സാധൂകരിക്കുന്നതിൽ കീഴ്വഴക്കങ്ങൾക്കും ആചാരങ്ങൾക്കും പ്രസക്തിയുണ്ട്.

1. വിവാഹസമയത്ത് വരന് 21 വയസ്സും വധുവിന് 18 വയസ്സും പൂർത്തിയായിരിക്കണം-മേൽപറഞ്ഞ പ്രായമെത്താത്തവർ തമ്മിൽ വിവാഹബന്ധത്തിൽ ഏർപ്പെടുന്നത് ശിക്ഷാർഹമായ കുറ്റമായി കണക്കാക്കപ്പെടുന്നു.
2. വിവാഹസമയത്ത് പുരുഷന് ജീവിച്ചിരിക്കുന്ന മറ്റൊരു ഭാര്യയോ, സ്ത്രീക്ക് ജീവിച്ചിരിക്കുന്ന മറ്റൊരു ഭർത്താവോ ഉണ്ടായിരിക്കരുത്. ഭാര്യയോ ഭർത്താവോ ജീവിച്ചിരിക്കുന്ന വ്യക്തികൾക്ക് നിയമപ്രകാരം പ്രസ്തുതബന്ധം വേർപ്പെടുത്താത്തിടത്തോളം മറ്റൊരു വിവാഹബന്ധത്തിൽ ഏർപ്പെടാൻ അവകാശമില്ല. രണ്ടാം വിവാഹം കുറ്റമായും ഹിന്ദു വിവാഹനിയമത്തിൽ പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്.
3. വിവാഹിതരാകുന്ന വ്യക്തികൾ പരപ്രേരണകൂടാതെ സ്വമനസ്സാലെയായിരിക്കണം വിവാഹത്തിന് സമ്മതിക്കേണ്ടതെന്നതിനാൽ അവർക്ക് ചിത്തഭ്രമമോ മനോരോഗമോ തുടർച്ചയായി വരുന്ന ഉന്മാദ രോഗങ്ങളോ ഉണ്ടായിരിക്കരുത്. മാനസികതകരാറുകൾമൂലം വൈവാ

ഹിക കടമകൾ നിർവഹിക്കുവാനോ, കുട്ടികൾക്ക് ജൻമംകൊടുക്കുവാനോ കുട്ടികളെ സംരക്ഷിക്കുവാനോ കഴിവില്ലാത്തവർക്കും വിവാഹംചെയ്യുവാൻ നിയമപരമായി തടസ്സമുണ്ട്.

4. ആചാരമോ കീഴ്വഴക്കങ്ങളോപ്രകാരം അനുവദനീയമല്ലെങ്കിൽ അടുത്ത സപിണ്ഡബന്ധത്തിൽപ്പെടുന്നവർക്കും പരസ്പരം വിവാഹംകഴിക്കുന്നതിന് അയോഗ്യതയുണ്ട്. സപിണ്ഡബന്ധം രക്തബന്ധംതന്നെയാണ്. അമ്മവഴി മുകളിലേക്ക് മൂന്ന് തലമുറവരെയും അച്ഛൻവഴി അഞ്ചു തലമുറവരെയും സപിണ്ഡബന്ധത്തിൽപ്പെടുന്നു. ജ്യേഷ്ഠാനുജൻമാരുടെ മക്കളുടെയോ, ജ്യേഷ്ഠത്തി-അനുജത്തി മക്കളുടെയോ അച്ഛൻഭാഗത്തുനിന്നും അമ്മഭാഗത്തുനിന്നുമുള്ള മക്കളും സപിണ്ഡരാണ്.

5. ഒരു പുരുഷൻ സഹോദരിയെയോ, സഹോദരിയുടെ മകളെയോ, സഹോദരന്റെ മകളെയോ, പിതാവിന്റെയോ മാതാവിന്റെയോ സഹോദരന്റെ മക്കളെയോ, വിവാഹംചെയ്യുന്നതിൽനിന്നും ഹിന്ദു വിവാഹനിയമം നിരോധിച്ചിരിക്കുന്നു. വളരെ അടുത്ത രക്തബന്ധത്തിൽപെട്ടവർ തമ്മിലുള്ള ഇത്തരം വിവാഹം പക്ഷേ ആചാരമോ, കീഴ്വഴക്കമോ അനുസരിച്ചാണെങ്കിൽ നിരോധനം ബാധകമല്ല.

6. ഭർത്താവ് മരിച്ച സ്ത്രീകളുടെയും ഭാര്യ മരിച്ച പുരുഷന്മാരുടെയും പുനർവിവാഹം നിയമസാധുതയുള്ളതാണ്.

7. സബ്രജിസ്ട്രാറിനുമുമ്പിൽ വിവാഹം രജിസ്റ്റർചെയ്തതുകൊണ്ടുമാത്രം വിവാഹത്തിന് നിയമസാധുത ലഭിക്കില്ല. നിബന്ധനകൾ അനുസരിച്ച് വിവാഹം നടത്തണം.

8. ഗവൺമെന്റ് വിജ്ഞാപനമനുസരിച്ച് ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനന/മരണ റജിസ്ട്രാർമാർക്ക് (ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി) വിവാഹം രജിസ്റ്റർചെയ്യാം. ഇതുപ്രകാരം രജിസ്റ്റർചെയ്തില്ലെങ്കിലും, നിയമപരമായി നടന്ന ഒരു വിവാഹത്തിന്റെ നിയമസാധുത നഷ്ടപ്പെടില്ല.

9. ഹിന്ദുവിവാഹനിയമപ്രകാരം ഹിന്ദുമതത്തിനകത്തുള്ള മിശ്ര വിവാഹം നിയമസാധുതയുള്ളതാണ്.

10. ഹൈന്ദവാചാരപ്രകാരം യഥാവിധി സപ്തപദിപോലുള്ള ചടങ്ങുകളോടെ നടത്തപ്പെടുന്ന വിവാഹങ്ങൾക്കേ നിയമപരമായ അംഗീകാരം ലഭിക്കുകയുള്ളു. (പവിത്രമായ അഗ്നിക്കുചുറ്റും വധൂവരന്മാർ ഏഴു പാദംവയ്ക്കുന്നതോടെ വിവാഹം പൂർണ്ണമാകുന്നു.)

## അസാധുവാകുന്ന വിവാഹം

വളരെ ഗുരുതരമായ ന്യൂനതകളുള്ള വിവാഹങ്ങളാണ് തുടക്കത്തിലേ അസാധുവായി കണക്കാക്കുന്നത്. ഭാര്യയോ, ഭർത്താവോ ജീവിച്ചിരിക്കെ നടക്കുന്ന രണ്ടാംവിവാഹം, നിരോധിക്കപ്പെട്ട ബന്ധത്തിൽപ്പെട്ടവരോ

സപിണ്ഡകളോ തമ്മിലുള്ള വിവാഹം എന്നിവ അസാധുവായിരിക്കുന്നതും പങ്കാളികൾക്ക് ഭാര്യാഭർത്താക്കന്മാരുടെ പദവി നിയമപ്രകാരം ഇല്ലാത്തതുമാകുന്നു.

വിവാഹത്തിന് വധൂവരന്മാരുടെ സ്വതന്ത്രമായ മനഃസമ്മതം നിർബന്ധമാണെന്നിരിക്കെ തികഞ്ഞ മാനസികാരോഗ്യം ഇല്ലാത്തവരോ വിവാഹജീവിതത്തെക്കുറിച്ച് ചിന്തിച്ചശേഷം മനസമ്മതം നൽകുവാനുള്ള മാനസികാരോഗ്യം ഇല്ലാത്തവരോ, വിവാഹബന്ധത്തിൽ ജനിക്കുന്ന കുട്ടികളെ ശരിയായരീതിയിൽ സംരക്ഷിക്കുവാൻ കഴിയാത്തവിധം മാനസികാരോഗ്യമില്ലാത്തവരോ, ചിത്തഭ്രമം, അപസ്മാരം തുടങ്ങിയ അസുഖങ്ങൾക്ക് വിധേയരായിട്ടുള്ളവരോ പങ്കാളികളായി നടക്കുന്ന വിവാഹം അസാധുവാണ്.

ഷണ്ഡത്വംകൊണ്ട് ലൈംഗികബന്ധം സഫലീകരിക്കപ്പെടാത്ത ദമ്പതികൾ അസാധുവായ വിവാഹബന്ധത്തിലുള്ളവരാണ് എന്ന് കോടതിക്ക് തീരുമാനിക്കാം. ഭർത്താവല്ലാത്ത മറ്റൊരാളിൽനിന്നും ഭാര്യ വിവാഹ സമയത്ത് ഗർഭിണിയാണെന്ന്, ഭർത്താവുതന്നെ കോടതിയെ ബോധ്യപ്പെടുത്തിയാൽ ആ വിവാഹം കോടതി അസാധുവായി പ്രഖ്യാപിക്കും.

ബലംപ്രയോഗിച്ചോ, ചതിയിലൂടെയോ, ഭീഷണിപ്പെടുത്തിയോ ഒരാളെ സമ്മതിപ്പിച്ച് വിവാഹംനടത്തിയാൽ അയാളുടെ സമ്മതം സ്വതന്ത്രമായ മനസ്സോടെയല്ല ഉണ്ടായിട്ടുള്ളതെന്ന കാരണത്താൽ ആ വിവാഹം അസാധുവാക്കുന്നതാണ്.

വിവാഹപങ്കാളി തന്നെ വഞ്ചിച്ചിട്ടുണ്ടന്ന് ആക്ഷേപമുള്ളവർ വഞ്ചന കണ്ടുപിടിച്ച തീയതിമുതൽ ഒരു വർഷത്തിനുള്ളിൽ പരിഹാരംതേടി കോടതിയെ സമീപിക്കണം. മേൽ പരാമർശിക്കപ്പെട്ട ഏതൊരു സാഹചര്യത്തിലും അസാധുവാക്കാവുന്ന വിവാഹങ്ങൾ കോടതിയിൽനിന്നും അസാധുവാക്കിക്കൊണ്ടുള്ള വിധിയുണ്ടാകാത്തിടത്തോളംകാലം സാധുവായിരിക്കുന്നതും നിയമപരമായി അംഗീകാരമുള്ളതായിരിക്കുന്നതുമാണ്.

## ദാമ്പത്യബന്ധം പുനഃസ്ഥാപിക്കാനുള്ള അവകാശം

സ്ത്രീ-പുരുഷ സഹകരണവും ഒരുമിച്ചു താമസിക്കലും ലൈംഗികബന്ധത്തിലേർപ്പെടലും വിവാഹബന്ധത്തിലെ മൗലികമായ ആവശ്യമാണ്. ഇതിനർത്ഥം വിവാഹബന്ധത്തിലേർപ്പെട്ടവർ ഒരാൾ മറ്റൊരാളുടെ സഹവാസത്തിൽനിന്നും അകാരണമായി മാറിനിൽക്കരുതെന്നാണ്.

ഹിന്ദുവിവാഹനിയമം വിവാഹപങ്കാളികളിൽ ഒരാൾ മറ്റെയാളുടെ സഹവാസത്തിനുള്ള അവകാശം നിഷേധിക്കരുതെന്ന് അനുശാസിക്കുന്നു. ന്യായമായ കാരണങ്ങളില്ലാതെ സഹവാസം നിഷേധിക്കപ്പെടുന്നയാൾക്ക് വിവാഹബന്ധം പുനഃസ്ഥാപിച്ചുകിട്ടുന്നതിന് കോടതിയെ സമീപിക്കുവാനുള്ള അവകാശമുണ്ട്. എന്നാൽ ന്യായമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ കോടതിക്ക് പരിശോധിക്കാവുന്നതാണ്.

ദാമ്പത്യബന്ധം പുനഃസ്ഥാപിക്കാൻ കോടതി ഉത്തരവായിട്ടും ദമ്പതിമാർ തമ്മിൽ അടുക്കുകയോ ഉത്തരവ് അനുസരിക്കുകയോ ചെയ്തില്ലെങ്കിൽ അതും വിവാഹമോചനത്തിന് കാരണമാണ്. ഒരു കൊല്ലം കഴിയുമ്പോൾമാത്രമെ ഹർജികൊടുക്കാൻ സാധിക്കൂ.

## വിവാഹമോചനം നേടാനുള്ള കാരണങ്ങൾ

വിവാഹബന്ധം നിലനിർത്തിക്കൊണ്ടുപോകാൻ എല്ലാ ശ്രമങ്ങളും നടത്തണമെന്നാണ് ഹിന്ദുവിവാഹനിയമം പറയുന്നത്. എന്നിരുന്നാലും മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ ആ കാരണങ്ങൾകൊണ്ടുതന്നെ കോടതിമുമ്പാകെ വിവാഹമോചനം ആവശ്യപ്പെടാവുന്നതാണ്. അവ താഴെപറയുന്നവയാണ്.

1) വിവാഹപങ്കാളിയല്ലാത്ത മറ്റൊരാളുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നത് വ്യഭിചാരം എന്ന വൈവാഹിക കുറ്റകൃത്യമായി വ്യവസ്ഥ ചെയ്തിരിക്കുന്നു. അതായത് ഭാര്യയോ ഭർത്താവോ സ്വമനസാലെ മറ്റൊ രാളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടാൽ മറ്റെയാൾക്ക് വിവാഹമോചനത്തിനായി കോടതിയെ സമീപിക്കാം

2) വിവാഹപങ്കാളിയുടെ ക്രൂരമായ പെരുമാറ്റം : ഒരാളുടെ ജീവന് അപകടകരമായിട്ടുള്ളതോ, മനസ്സിനോ, ശരീരത്തിനോ ഹാനികരമായിട്ടുള്ളതോ ആയ എല്ലാത്തരം പെരുമാറ്റങ്ങളും ക്രൂരതയായി കണക്കാക്കുന്നു.

3) തുടർച്ചയായി രണ്ടു വർഷത്തിൽ കുറയാത്തകാലത്തേക്ക് പങ്കാളിയെ ഉപേക്ഷിച്ചിട്ടുണ്ടാവുക.

4) ഭാര്യയോ ഭർത്താവോ ഹിന്ദുമതവിശ്വാസം ഉപേക്ഷിക്കുക.

5) ചികിത്സിച്ചു ഭേദമാക്കാനാവാത്ത തരത്തിലുള്ള ചിത്തഭ്രമവും തുടർച്ചയായിവരുന്നതോ ഇടയ്ക്കിടെ വരുന്നതോ ആയ മാനസികാരോഗ്യ പ്രശ്നങ്ങളും ഉണ്ടാവുക.

6) ചികിത്സിച്ചു ഭേദമാക്കാൻപറ്റാത്തതും സ്പർശിച്ചാൽ പകരുന്നതുമായ കുഷ്ഠരോഗം, പകരുന്നതരത്തിലുള്ള ലൈംഗികരോഗബാധ തുടങ്ങിയവ ഉണ്ടായിരിക്കുക

7) ലൗകികജീവിതം ഉപേക്ഷിച്ച് വിധിപ്രകാരം സന്യാസം സ്വീകരിക്കുക.

8) ഏഴുവർഷക്കാലം തുടർച്ചയായി ഒരു വ്യക്തിയെകുറിച്ച് അയാൾ ജീവിച്ചിരുന്നുവെങ്കിൽ സാധാരണഗതിയിൽ അറിയുമായിരുന്ന ആളുകൾക്ക് യാതൊരു വിവരവും ഇല്ലാതിരിക്കുക.

തുടർച്ചയായി ഒരു കൊല്ലക്കാലം വേർപിരിഞ്ഞ് താമസിച്ചശേഷം തുടർന്നും ഒരുമിച്ചുജീവിക്കാൻ സാധ്യമല്ലെന്ന് രണ്ടുപേരും തീരുമാനിച്ചാൽ ഉഭയസമ്മതപ്രകാരം കോടതിമുമ്പാകെ വിവാഹമോചനം തേടാം. ഹർജിസമർപ്പിച്ച് 6 മാസത്തിനുശേഷംമാത്രമേ വിവാഹബന്ധം വേർപ്പെടുത്തികൊണ്ട് കോടതി തീർപ്പുകൽപ്പിക്കു.

## വേർപെട്ട് താമസിപ്പിക്കൽ

വിവാഹമോചനം ആവശ്യപ്പെടാമെങ്കിലും പങ്കാളികൾക്ക് ഒരുമിച്ച് താമസിക്കാൻ കഴിയാതെവന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ കോടതിയുടെ അനുവാദത്തോടെ വേർപ്പെട്ട് താമസിക്കാം. വിവാഹമോചനത്തിനായി നിർദ്ദേശിക്കപ്പെട്ട കാരണങ്ങൾതന്നെയാണ് (ജുഡീഷ്യൽ സെപ്പറേഷൻ) വേർപാടിനും നിർദ്ദേശിച്ചിട്ടുള്ളത്. വിവാഹപങ്കാളികളുടെ വൈവാഹിക കടമകളും അവകാശങ്ങളും നിശ്ചിതകാലത്തേക്ക് താൽക്കാലികമായി റദ്ദാക്കപ്പെടുന്നു. അഭിപ്രായവ്യത്യാസങ്ങളും പൊരുത്തക്കേടുകളും പരിഹരിച്ച് യോജിപ്പിക്കാൻ ശ്രമിക്കാവുന്നതാണ്. അതിനായി ഒരു വർഷത്തെ സമയം കക്ഷികൾക്ക് കോടതി ഉത്തരവിലൂടെ ലഭിക്കുന്നു. ഈ കാലയളവിൽ മാനസാന്തരമുണ്ടായി പരസ്പരം യോജിക്കുന്നില്ലെങ്കിൽ കക്ഷികൾക്ക് വിവാഹമോചനത്തിനായി വീണ്ടും കോടതിയെ സമീപിക്കാം.

## കോടതി

ഹിന്ദുവിവാഹംസംബന്ധിച്ച കേസുകൾ കേൾക്കാനും തീർപ്പുകൽപ്പിക്കാനുമുള്ള അധികാരം ഭാര്യാഭർത്താക്കന്മാരെന്നനിലയിൽ അവസാനമായി ഒന്നിച്ചുതാമസിച്ച സ്ഥലത്തെ കുടുംബകോടതികൾക്കാണ്.

1. വിവാഹം നടത്തിയ സ്ഥലമുൾപ്പെട്ട അധികാരപരിധിയിലുള്ള കുടുംബകോടതിയിലും എതിർകക്ഷി ഏതു കുടുംബകോടതിയുടെ പരിധിയിലാണോ താമസം ആ കോടതിയിലും ഹർജി സമർപ്പിക്കാം.

# 2. മുസ്ലീം വിവാഹം

**നി**ക്കാഹ് എന്നറിയപ്പെടുന്ന മുസ്ലീംവിവാഹം വിശുദ്ധമായ ഒരു ഉടമ്പടിയാണ്. ഒരു സിവിൽകരാറിന്റെ രീതിയാണ് മുസ്ലീംവിവാഹത്തിനുള്ളത്. സ്ത്രീ-പുരുഷബന്ധത്തിന് നിയമസാധുത നൽകുന്നതിനും കുട്ടികൾക്ക് നിയമപ്രകാരമുള്ള അധികാരംനൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒന്നാണ് മുസ്ലീംവിവാഹം. മുസ്ലീംനിയമം അനുശാസിക്കുന്ന യോഗ്യതയും സ്വതന്ത്രമായ സമ്മതവും മറ്റ് അനുഷ്ഠാനങ്ങളും ഇതിന് ഉണ്ടായിരിക്കണം.

## നിബന്ധനകൾ

വിവാഹംകഴിക്കുവാനുള്ള പ്രാപ്തി, വാഗ്ദാനവും-സ്വീകരിക്കലും, മഹർ എന്നിവയാണ് നിയമസാധുതയുള്ള മുസ്ലീംവിവാഹത്തിന് നിർബന്ധമായ ഘടകങ്ങൾ.

വിവാഹബന്ധത്തിലേർപ്പെടാൻ സ്വതന്ത്രമായ സമ്മതംനൽകൽ നിർബന്ധമാണ്. അതു നൽകാൻകഴിയാത്തവിധം ചിത്തഭ്രമമോ, മാനസികാസ്വാസ്ഥ്യമോ ഉള്ളവർക്ക് വിവാഹകരാറിൽ ഏർപ്പെടാൻ കഴിയില്ല. പ്രായപൂർത്തിയെത്തിയവർക്ക് (15 വയസ്സ്) വിവാഹബന്ധത്തിലേർപ്പെടാം. എന്നാൽ 1978-ലെ ശൈശവവിവാഹനിരോധനനിയമം അനുസരിച്ച്

ഇപ്പോൾ ഇന്ത്യയിൽ പുരുഷന്റെ വിവാഹപ്രായം 21 വയസ്സും, സ്ത്രീയുടേത് 18 വയസ്സും ആണ്. അതല്ലാതെയുള്ള വിവാഹം ശിക്ഷാർഹമാണ്.

സാക്ഷികളുടെ മുന്നിൽവച്ച് വിവാഹത്തിനുള്ള നിർദ്ദേശം (അഥവാ വാഗ്ദാനം)നടത്തുകയും ആ നിർദ്ദേശം മറുഭാഗം സ്വീകരിക്കുകയും വേണം. ഒരുമിച്ചിരുന്ന്, ഒരേസ്ഥലത്ത്, ഒരേയോഗത്തിൽവെച്ച് വിളിച്ച് പറഞ്ഞ് നിക്കാഹ് അനുഷ്ഠാനം നടത്തേണ്ടത് നിർബന്ധമാണ്. വിവാഹത്തിന് എത്രയും ആവശ്യമായ ഘടകമാണ് മഹർ. പുരുഷൻ സ്ത്രീക്ക് നൽകേണ്ടതായി നിശ്ചയിക്കുന്ന തുകയാണ് മഹർ. വിവാഹസമയം അതു മുഴുവൻ നൽകുകയോ, ഭാഗികമായി നൽകുകയോ ആകാം. ഭാഗികമായി നൽകുമ്പോൾ ബാക്കി തുക സ്ത്രീയുടെ അവകാശമായി എന്നും നിലനിൽക്കും. നിക്കാഹിന് പ്രായപൂർത്തിയും സ്ഥിരബുദ്ധിയുമുള്ള പുരുഷൻമാരായ രണ്ട് സാക്ഷികൾ നിർബന്ധമാണ്.

അന്യമതവിഭാഗത്തിൽപ്പെട്ടവരെ ഒരു മുസൽമാന് വിവാഹം കഴിക്കാൻ നിയമസാധുതയില്ല. അടുത്ത രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹവും (Prohibited degrees of relationship) ഒരേ അമ്മയുടെ മുലകുടിച്ച് വളർന്ന കുട്ടികൾ തമ്മിലുള്ള നിക്കാഹും (Fosterage) നിരോധിച്ചിട്ടുണ്ട്. വിവാഹബന്ധം കൊണ്ടുണ്ടാവുന്ന ബന്ധുക്കളുമായുള്ള (affinity eg: ഭാര്യയുടെ ബന്ധുക്കൾ) വിവാഹവും നിഷിദ്ധമാണ്.

## വിവാഹമോചനം

ഇസ്ലാമിൽ വിവാഹമോചനം മൂന്നുവിധത്തിലാണ്. ഭർത്താവ് മുൻകയ്യെടുത്ത് വേർപെടുത്തുന്ന വിവാഹമോചനമാണ് തലാഖ്. പരസ്പരം സമ്മതത്തോടുകൂടി നടത്തുന്ന വിവാഹമോചനത്തിന് ഖുലാ അഥവാ മുബാറത് എന്ന് പറയും. ഈ രണ്ട് വിവാഹമോചനവും കോടതിയുടെ ഇടപെടൽ കൂടാതെയാണ് നടക്കുന്നത്. എന്നാൽ ഭാര്യ മുൻകയ്യെടുത്ത് വിവാഹമോചനം തേടുമ്പോൾ ഖാസിയുടെ അഥവാ കോടതിയുടെ ഇടപെടൽ വേണമെന്ന് നിബന്ധനയുണ്ട്.

തലാഖ് രീതിയിൽ വിവാഹമോചനം വാമൊഴിയായും രേഖാമൂലവും നടത്താവുന്നതാണ്. തലാഖ് രീതിയിൽ വിവാഹമോചനം നടത്തുമ്പോൾ അത് രണ്ട് സാക്ഷികൾ മുമ്പാകെ വേണമെന്നും താൻ തന്റെ ഭാര്യയുമായി ഉള്ള വിവാഹബന്ധം വേർപെടുത്തിയിരിക്കുന്നു എന്ന് സ്പഷ്ടമാകുന്ന രീതിയിൽ വ്യക്തമാക്കി ഉച്ചരിക്കുകയോ രേഖാമൂലം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

തലാഖ് രീതിയിൽ വിവാഹബന്ധം വേർപ്പെടുത്തുന്നത് മൂന്ന് രീതിയിൽ ആകാം. ഭാര്യയുമായുള്ള തന്റെ വിവാഹബന്ധം വേർപെടുത്തിയെന്ന് സാക്ഷി മുമ്പാകെ ഉച്ചരിയ്ക്കുകയും ആയതിന് ശേഷം അവരുമായി മൂന്ന് ആർത്തവഘട്ടം വരെ ലൈംഗികമായി ബന്ധപ്പെടാതെ മാറി നിൽക്കുകയും ചെയ്യുന്നതോടെ തലാഖ് പൂർത്തിയാവുന്നു. ഇതിന് തലാഖ് ആഹ്സൻ എന്ന് പറയും.

തന്റെ ഭാര്യയെ വിവാഹ മോചനം നടത്തിയിരിക്കുന്നുവെന്ന് ഓരോ ആർത്തവഘട്ടത്തിന് ശേഷവും പറയുകയും വിവാഹബന്ധം തുടരുവാൻ തയ്യാറല്ല എന്ന് ഘട്ടം ഘട്ടമായി വ്യക്തമാക്കുകയും ചെയ്യുന്ന രീതിക്കാണ് തലാഖ് ഹസൻ എന്ന് പറയുന്നത്.

ഖുർ ആന്റെ അംഗീകാരം ഇല്ലാത്ത മറ്റൊരു രീതിയാണ് തലാഖുൽ ബിദ്ദത്ത്. തന്റെ ഭാര്യയെ വിവാഹബന്ധം വേർപ്പെടുത്തുമ്പോൾ നിയമം അനുവദിച്ചുതന്നിട്ടുള്ള മൂന്ന് ആർത്തവഘട്ടം ഉൾക്കൊള്ളുന്ന കാലയളവ് തന്നിഷ്ടപ്രകാരം ഉപേക്ഷിച്ചുകൊണ്ട് യാതൊരു വിധത്തിലും ഇനി തിരിച്ചെടുക്കില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് ഒറ്റയടിക്ക് നടത്തുന്ന തലാഖാണ് മുത്തലാഖ് എന്ന് പറയുന്ന തലാഖുൽബിദ്ദത്ത്. മുത്തലാഖ് നിയമ വിരുദ്ധമാണെന്ന് സുപ്രീംകോടതി ഭൂരിപക്ഷ തീരുമാനപ്രകാരം വിധിക്കുകയും മുത്തലാഖിനെ സംബന്ധിച്ച് നിയമനിർമ്മാണത്തിനായി കേന്ദ്രസർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തു.

വിവാഹ മോചനത്തിന് മതിയായ കാരണം വേണമെന്ന് വിശുദ്ധ ഖുർ ആൻ അനുശാസിക്കുന്നു. വിവാഹമോചനം നടത്തുന്നതിന് മുമ്പ് ഇരുഭാഗത്തുനിന്നും അതായത് ഭർത്താവിന്റെയും ഭാര്യയുടെയും പക്ഷത്തുനിന്ന് അനുരഞ്ജനത്തിന് ശ്രമിക്കണം. എന്ന വ്യവസ്ഥ പാലിക്കേണ്ടതുണ്ട്.

വിവാഹ മോചിതയായ സ്ത്രീ മൂന്ന് ആർത്തവഘട്ടം വരെ വിവാഹം കഴിക്കുകയോ മറ്റ് പുരുഷനുമായി ലൈംഗിക ബന്ധത്തിലേർപ്പെടുകയോ ചെയ്യരുതെന്ന് ഇസ്ലാം അനുശാസിക്കുന്നു. ഈ കാലഘട്ടത്തെയാണ് ഇദ്ദാ (Iddat) എന്ന് പറയുന്നത്. വിവാഹ മോചിതയായ സ്ത്രീ ഗർഭിണിയാണെങ്കിൽ അവരുടെ ഇദ്ദാ കാലയളവ് പ്രസവം വരേയാണ്. ഇപ്രകാരം നിശ്ചയിച്ചിരിക്കുന്നത് വിവാഹ മോചിതയായ സ്ത്രീ ഗർഭിണിയാണോ എന്ന് തിട്ടപ്പെടുത്തുന്നതിനും ആണെങ്കിൽ പ്രസവം വരെ അവരെ സംരക്ഷിക്കുന്നതിനും കൂടിയാണ്.

## മുസ്ലീം സ്ത്രീക്ക് വിവാഹമോചനം ലഭിക്കാൻ വേണ്ട കാരണങ്ങൾ

- ഭർത്താവിനെ ക്രിമിനൽകോടതി ഏഴോ അതിലധികം വർഷത്തേക്കോ ജയിൽവാസത്തിന് ശിക്ഷിച്ചിട്ടുണ്ടായിരിക്കുക.
- ന്യായമായ കാരണങ്ങളില്ലാതെ ഭർത്താവ് മൂന്ന് വർഷമോ അതിൽ കൂടുതലോ കാലം ഭാര്യയുമായി ദാമ്പത്യബന്ധംപുലർത്തുവാൻ വിസമ്മതിക്കുകയോ ദാമ്പത്യജീവിതത്തിലെ തന്റെ കടമകൾ നിറവേറ്റുന്നതിൽ പരാജയപ്പെടുകയോ ചെയ്യുക.
- നാലു വർഷങ്ങളായി ഭർത്താവിനെപ്പറ്റി യാതൊരു വിവരവും ഇല്ലാതിരിക്കുക.
- വിവാഹസമയത്തും അതിനുശേഷവും തുടർച്ചയായും ഭർത്താവിന് ഷണ്ഡത്വമുണ്ടായിരിക്കുക.
- രണ്ടു വർഷക്കാലമായി ഭർത്താവിൽനിന്നും ചെലവിനു ലഭിക്കാതിരിക്കുക.

- രണ്ടു വർഷക്കാലമായി ഭർത്താവ് ചിത്തഭ്രമമുള്ളവനാവുക. അല്ലെങ്കിൽ ഭർത്താവിന് കുഷ്ഠരോഗമുണ്ടാവുകയോ, തീവ്രമായ ലൈംഗികരോഗം ഉണ്ടാവുകയോ ചെയ്താൽ
- പെൺകുട്ടിക്ക് 15 വയസ്സ് തികയുന്നതിനുമുമ്പ് രക്ഷിതാക്കൾ അവളുടെ വിവാഹം നടത്തിയിട്ടുണ്ടെങ്കിൽ 18 വയസ്സ് തികയുന്നതിനു മുമ്പായി ആ വിവാഹം തിരസ്ക്കരിക്കാനുള്ള അവളുടെ അവകാശം ( Option of puberty) ഉപയോഗപ്പെടുത്താം.
- കുടുംബജീവിതത്തിൽ ഭർത്താവ് ക്രൂരമായി പെരുമാറുക. താഴെ സൂചിപ്പിക്കുന്ന ഭർത്താവിന്റെ പ്രവൃത്തികൾ ക്രൂരതയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

a) ഭർത്താവ് നിത്യവും ദേഹോപദ്രവം ചെയ്യുന്നതുകൊണ്ട് സഹവാസം ദുരിതപൂർണ്ണമാവുക

b) ഭർത്താവ് അപയശസ്സുള്ള സ്ത്രീകളുമായി ഇടപഴകുന്നതു മൂലം ദുഷ്കീർത്തിയുണ്ടാക്കുന്ന ജീവിതം നയിക്കുക.

c) അസാന്മാർഗ്ഗിക ജീവിതം നയിക്കുവാനായി ഭാര്യയെ പ്രേരിപ്പിക്കുക

d) ഭാര്യയുടെ സ്വത്തുക്കൾ നിയമവിരുദ്ധമായി അന്യാധീനപ്പെടുത്തുന്നതും സ്വത്തുക്കളിൽ അവർക്കുള്ള അവകാശങ്ങൾ കൈകാര്യം ചെയ്യുന്നത് തടസ്സപ്പെടുത്തുന്നതും.

e) ഭാര്യയുടെ മതവിശ്വാസത്തിനും ആചാരാനുഷ്ഠാനങ്ങൾക്കും ഭർത്താവ് തടസ്സംനിൽക്കുന്നത്

f) ഒന്നിലധികം ഭാര്യമാരുള്ള മുസ്ലീംപുരുഷൻ ഏതെങ്കിലും ഒരു ഭാര്യയെ പരിപാലിക്കുന്നതിൽ വിവേചനംകാണിക്കുകയും തുല്യപരിഗണന നിഷേധിക്കുകയും ധാർമ്മികനീതിക്കനുസരിച്ച് പരിപാലിക്കാതിരിക്കുകയും ചെയ്യുന്നത്.

മേൽപറഞ്ഞ കാര്യങ്ങൾ ബോധിപ്പിച്ച് ഒരു മുസ്ലീംസ്ത്രീക്ക് കോടതി മുഖേന വിവാഹമോചനം തേടാവുന്നതാണ്.

## മുസ്ലീം വിവാഹമോചിതയുടെ അവകാശ സംരക്ഷണ നിയമം

1986-ലെ വിവാഹമുക്തകളായ മുസ്ലീംവനിതകളുടെ അവകാശ സംരക്ഷണത്തിനുള്ള നിയമപ്രകാരം ഇദ്ദ ആചരിക്കുന്നകാലത്ത് ന്യായയുക്തമായരീതിയിൽ ചെലവ്ലഭിക്കുന്നതിന് വിവാഹമോചിതരായ സ്ത്രീകൾക്ക് അവകാശമുണ്ട്. ഗർഭാവസ്ഥയിലാണ് തലാക്ക്ചൊല്ലിയതെങ്കിൽ കുട്ടിയുടെ ജനനംമുതൽ 2 വർഷക്കാലം സംരക്ഷണച്ചെലവ് നൽകണം. മഹറിന്റെ ഓഹരി നൽകാനുണ്ടെങ്കിൽ അവ നൽകണം. വിവാഹസമയത്തും അതിനുശേഷവും അവർക്ക് ലഭിച്ചിട്ടുള്ള മറ്റ് സ്വത്തുക്കൾക്കും, സമ്മാനങ്ങൾക്കും അർഹതയുണ്ട്. ഇവ കൂടാതെ മറ്റൊരു വിവാഹംവരെയോ, മരണംവരെയൊ ജീവിക്കേണ്ടതിലേക്ക് ജീവനാംശം കണക്കാക്കി നൽകണം.

വേറെ വിവാഹംചെയ്യാതെ കഴിയുന്ന വിവാഹമോചിതയായ മുസ്ലീം സ്ത്രീക്ക് സ്വന്തമായി ചെലവുകഴിയുന്നതിന് മാർഗ്ഗമില്ലെങ്കിൽ സംരക്ഷ ണത്തിനായി ബന്ധുക്കളെ സമീപിക്കാനും അതുമല്ലെങ്കിൽ വഖഫ് ബോർഡിനെ സമീപിക്കുവാനും അവകാശമുണ്ട്.

**കോടതി**

മുസ്ലീംസ്ത്രീകൾ വിവാഹമോചനത്തിനായി അതത് ജില്ലകളിലുള്ള കുടുംബകോടതികളെയാണ് സമീപിക്കേണ്ടത്. മുസ്ലീംവ്യക്തിനിയമപ്ര കാരം പിൽകാല സംരക്ഷണചിലവിനായി സിവിൽകോടതിയെയും സമീ പിക്കാം.

വിവാഹമോചിതയുടെ അവകാശസംരക്ഷണനിയമമനുസരിച്ച് കിട്ടേ ണ്ടുന്ന ആനുകൂല്യങ്ങൾക്ക് ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയെ ആണ് സമീപിക്കേണ്ടത്. ഇസ്ലാമിക നിയമപ്രകാരം ദാമ്പത്യബന്ധം പുനഃസ് ഥാപിക്കാൻ കുടുംബകോടതിയെയും സമീപിക്കാം.

# 3. ക്രിസ്ത്യൻ വിവാഹ നിയമം

**ക്രി**സ്ത്യൻ സമുദായത്തെ സംബന്ധിച്ചിടത്തോളം വിവാഹം ഒരു ആയുഷ്ക്കാലബന്ധമായാണ് വിഭാവനംചെയ്യപ്പെടുന്നത്. പുരോഹിതന്മാ രുടെ നേതൃത്വത്തിൽ നടത്തുന്ന വിവാഹം സ്ത്രീ-പുരുഷന്മാരെ അവ രുടെ ജീവിതപങ്കാളികളായി അന്യോന്യം കൂട്ടിച്ചേർക്കുകയാണ്. ദൈവാ നുഗ്രഹത്തോടെയുള്ള ചടങ്ങായിട്ടാണ് അതിന്റെ സങ്കല്പം.

ഇന്ത്യയിലുള്ള ക്രിസ്ത്യാനികൾക്ക് പൊതുവെ ബാധകമായ നിയ മമാണ് 1872-ലെ ഇന്ത്യൻ ക്രിസ്തീയവിവാഹനിയമം. എന്നാൽ ഇത് തിരുവിതാംകൂർഭാഗത്ത് ബാധകമല്ല. കൊച്ചിയിൽ പ്രത്യേക നിയമം ഇപ്പോഴും നിലവിലിരിക്കുന്നു. (Cochin Christian Civil Marriage Act,1920) തിരുവിതാംകൂർ-കൊച്ചിൻ ഭാഗങ്ങളിൽ പ്രത്യേക നിയമപ്ര കാരമല്ല, മറിച്ച്, ആചാരങ്ങളും അനുഷ്ഠാനങ്ങളുമനുസരിച്ചാണ്, പ്രധാ നമായും വിവാഹചടങ്ങുകൾ നടക്കുന്നത്. ഇന്ത്യൻ ക്രിസ്ത്യൻ വിവാ ഹനിയമമനുസരിച്ചാണ് ക്രിസ്ത്യാനികളുടെ വിവാഹംനടക്കുന്നതെ ങ്കിലും, പ്രത്യേക വിവാഹനിയമപ്രകാരമോ (Special Marriage Act) മറ്റോ വിവാഹം രജിസ്റ്റർചെയ്യുന്നതിന് ഈ നിയമംകൊണ്ട് തടസ്സമില്ല. വിവാഹബന്ധം നിയമപരമായി സാധൂകരിക്കുക, ആ വിവാഹബന്ധത്തി ലുണ്ടാകുന്ന കുട്ടികൾക്ക് നിയമപരമായ അംഗീകാരങ്ങൾ നൽകുക എന്ന താണ് ഉദ്ദേശ്യം.

ഈ നിയമത്തിൽ, വിവാഹം നടത്തിക്കൊടുക്കാൻ നിയോഗിക്കപ്പെ ട്ടവർ പാതിരി (Clergyman) മതശുശ്രൂഷകർ (Minister of Religion) അല്ലെങ്കിൽ വിവാഹറജിസ്ട്രാർ എന്നിവരാണ്.

## നിയമത്തിൻ കീഴിൽ ലൈസൻസ് നൽകപ്പെട്ട മതശുശ്രൂഷകന്മാർ നടത്തുന്ന വിവാഹങ്ങൾ

മതശുശ്രൂഷകൻ വിവാഹശുശ്രൂഷ നടത്തണമെന്ന് എപ്പോഴെങ്കിലും ഉദ്ദേശിച്ചാൽ അത്തരം മതശുശ്രൂഷകന് രേഖാമൂലം വിവരത്തിന് നോട്ടിസ് നൽകേണ്ടതാണ്. നോട്ടീസിൽ വിവാഹത്തിന് ഉദ്ദേശിക്കുന്ന വ്യക്തികളുടെ പേര്, പൂർണ്ണമായ വിലാസം, രണ്ടുപേരുടെയും താമസസ്ഥലം, വിവാഹം നടത്തേണ്ട സമയവും, സ്ഥലവും മറ്റു വിശദവിവരങ്ങളും എഴുതേണ്ടതാണ്.

വിവാഹം പള്ളിയിൽവച്ചാണ് നടത്താനുദ്ദേശിക്കുന്നതെങ്കിൽ, പള്ളിയുടെ ശ്രദ്ധേയമായ ഭാഗങ്ങളിലോ, അല്ലെങ്കിൽ സ്വകാര്യ താമസസ്ഥലത്താണ് നടത്താനുദ്ദേശിക്കുന്നതെങ്കിൽ വിവാഹറജിസ്ട്രാറുടെ ഓഫീസിലോ നോട്ടീസ് പരസ്യപ്പെടുത്തേണ്ടതാണ്. പരസ്യപ്പെടുത്തിക്കഴിഞ്ഞാൽ, നോട്ടീസും പ്രതിജ്ഞാപത്രവും കിട്ടിയതിന് സ്വന്തം കൈപ്പടയിൽ ഒരു സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. ഈ സർട്ടിഫിക്കേറ്റ് നൽകി രണ്ടുമാസത്തിനകം വിവാഹംനടത്തിയിരിക്കണം

## റജിസ്റ്റർ നടപടികൾ

ക്രിസ്ത്യാനികൾതമ്മിലോ, ഏതെങ്കിലും ഒരാൾ ക്രിസ്ത്യാനിയായിക്കൊണ്ടോ നടക്കുന്ന എല്ലാവിവാഹങ്ങളും രജിസ്റ്റർചെയ്യണം. വിവാഹംനടത്തിക്കൊടുക്കുന്ന മതശുശ്രൂഷകൻ, ഇംഗ്ലീഷ്പള്ളിയിലേയോ, റോമൻപള്ളിയിലേയോ, സ്കോട്ടിഷ്പള്ളിയിലേയോ പാതിരിമാരിൽ ആരായിരുന്നാലും അവർ വിവാഹരജിസ്റ്റർ സൂക്ഷിക്കുകയും അവയിൽ നിയമത്തിലെ പട്ടിക അനുശാസിക്കുംപ്രകാരം വിവാഹംനടന്നത് രേഖപ്പെടുത്തുകയും വേണം.

## വിവാഹരജിസ്ട്രാർ

ഒരു വിവാഹരജിസ്ട്രാറുടെ സാന്നിദ്ധ്യത്തിലോ വിവാഹരജിസ്റ്റാറുടെ ശുശ്രൂഷയിലോ വിവാഹംനടത്തണമെന്ന് ഉദ്ദേശിക്കുന്നവരിലൊരാൾ വിവാഹംകഴിക്കാൻ ഉദ്ദേശിക്കുന്നവർ താമസിച്ചിട്ടുള്ള ജില്ലയിലെ ഏതെങ്കിലും ഒരു വിവാഹരജിസ്ട്രാർക്ക് രേഖാമൂലം നോട്ടീസ്കൊടുക്കുകയാണ് തുടക്കത്തിൽ ചെയ്യേണ്ടത്. വിവാഹിതരാകേണ്ട രണ്ടുപേരും താമസിക്കുന്നത് വ്യത്യസ്ത ജില്ലകളിലാണെങ്കിൽ അത്തരം നോട്ടീസ് ഓരോ ജില്ലയിലെയും വിവാഹരജിസ്ട്രാർക്ക് നൽകണം. നോട്ടീസിൽ വിവാഹംചെയ്യാനുദ്ദേശിക്കുന്ന രണ്ടുപേരുടേയും കുടുംബപ്പേരും, പ്രവൃത്തിയും താമസസ്ഥലങ്ങളും വിവാഹംനടത്താൻ ഉദ്ദേശിക്കുന്ന സ്ഥലവും മറ്റും വ്യക്തമാക്കണം. ഇങ്ങനെയൊരു നോട്ടീസ് ലഭിച്ചാലുടനെ വിവാഹരജിസ്ട്രാർ അത് പ്രസിദ്ധീകരിക്കണം. നോട്ടീസിലെ വിവരങ്ങൾ വിവാഹനോട്ടീസ് പുസ്തകത്തിൽ ഉൾപ്പെടുത്തുകയും വിവാഹിതരാകാനുദ്ദേശിക്കുന്നവർ പ്രായപൂർത്തിയാകാത്തവരാണെങ്കിൽ ജില്ലയിലെ മറ്റു വിവാഹരജിസ്ട്രാർമാർക്ക് നോട്ടീസ് പകർപ്പുകൾ പ്രസിദ്ധീകരണത്തിനായി

എത്തിക്കേണ്ടതാണ്. നിയമപരമായ മറ്റു തടസ്സങ്ങൾ ഇല്ലായെ ങ്കിൽ രജി സ്ട്രാർ നൽകുന്ന സർട്ടിഫിക്കറ്റ് ലഭിച്ച് രണ്ടുമാസത്തിനുള്ളിൽ വിവാ ഹം രജിസ്ട്രാറുടെ മുമ്പിൽവെച്ച് രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ നടത്താവുന്നതാണ്.

## വിവാഹമോചനം

ക്രിസ്ത്യൻ സമൂഹത്തിന്റെ നിരന്തരമായ ആവശ്യം പരിഗണിച്ച് വിവാ ഹമോചനത്തിന് കർശനമായ വ്യവസ്ഥകളുള്ള 1869-ലെ ഇന്ത്യൻവിവാഹ മോചനനിയമം 2001-ൽ ഭേദഗതിചെയ്തു. ക്രിസ്ത്യാനികളുടെ വിവാഹമോച നത്തിന് ഉദാരമായ വ്യവസ്ഥകൾചേർത്ത് പരിഷ്കരിച്ചാണ് വിവാഹമോ ചനനിയമം ഉണ്ടാക്കിയത്. ഈ നിയമപ്രകാരം താഴെപറയുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ വിവാഹമോചനത്തിനായി കോടതിയെ സമീപിക്കാം.

- വ്യഭിചാരംചെയ്യുക.
- മതപരിവർത്തനം നടത്തുക.
- വിവാഹമോചന ഹർജി സമർപ്പിക്കുന്നതിന് തൊട്ടുമുമ്പ് കുറഞ്ഞത് രണ്ടുകൊല്ലം തുടർച്ചയായി എതിർകക്ഷിക്ക് ചികിത്സിച്ചാൽ മാറാത്ത മാനസികരോഗമോ ലൈംഗികരോഗമോ ചികിത്സിച്ചാൽ ഭേദമാകാത്ത കുഷ്ഠരോഗമോ ഉണ്ടായിരിക്കുക.
- ഏഴുകൊല്ലമായി എതിർകക്ഷിയെപ്പറ്റി യാതൊരു വിവരവുമില്ലാ തിരിക്കുക.
- ദാമ്പത്യബന്ധം പൂർത്തീകരിക്കാതിരിക്കുക
- രണ്ടോ അതിൽകൂടുതലോ വർഷങ്ങളായി വിവാഹബന്ധം പുനഃ സ്ഥാപിക്കുവാനുള്ള കോടതി ഉത്തരവ് പാലിക്കാതിരിക്കുക.
- മതിയായ കാരണമില്ലാതെ രണ്ടുവർഷം തുടർച്ചയായി എതിർകക്ഷി വേർപിരിഞ്ഞ് ജീവിക്കുക.
- ഒരുമിച്ചുജീവിക്കാൻ ആവാത്തവണ്ണം എതിർകക്ഷി ക്രൂരമായി പെരു മാറുക. കൂടാതെ ബലാൽസംഗം, പ്രകൃതിവിരുദ്ധ ലൈംഗികകുറ്റ കൃത്യങ്ങൾ എന്നിവയ്ക്കു തന്നെ വിധേയയാക്കി എന്നാരോപിച്ച് ഭാര്യയ്ക്ക് ഭർത്താവിനെതിരെ ഹർജി സമർപ്പിക്കാം

## ഉഭയസമ്മതപ്രകാരമുള്ള വിവാഹമോചനം

രണ്ടു വർഷത്തിനുമേൽ ജീവിതപങ്കാളികൾ വേർപിരിഞ്ഞു താമസി ക്കുകയും വിവാഹബന്ധം വേർപ്പെടുത്താൻ രണ്ടുപേരും തീരുമാനമെ ടുക്കുകയും ചെയ്താൽ ഉഭയസമ്മതപ്രകാരമുള്ള വിവാഹമോചനത്തി നായി അവർക്ക് കോടതിയിൽ ഹർജി സമർപ്പിക്കാം.

## അസാധുവാകുന്ന വിവാഹം

താഴെ പറയുന്ന കാരണങ്ങളുടെ അടിസ്ഥാനത്തിൽ വിവാഹബന്ധം അസാധുവാക്കിക്കൊണ്ട് കോടതിക്ക് വിധിപ്രസ്താവിക്കാം.

1) വിവാഹസമയത്തും അസാധുവാക്കാനുള്ള ഹർജി ബോധിപ്പിക്കുമ്പോഴും എതിർകക്ഷിക്ക് ലൈംഗികശേഷി ഇല്ലാതിരിക്കുക. (ലൈംഗികബന്ധം പൂർണ്ണമാക്കാൻ പറ്റാതിരിക്കുക, മനഃപൂർവ്വം ദാമ്പത്യബന്ധത്തിന് തയ്യാറാകാതിരിക്കുക, മാനസികവിഭ്രാന്തിയുണ്ടാവുക, തുടങ്ങിയവ വന്ധ്യത്വമായി കോടതി നിർവചിച്ചിട്ടുണ്ട്.)

2) രക്തബന്ധമുള്ളവർ തമ്മിൽ വിവാഹിതരാകുന്നത്.

3) വിവാഹസമയത്ത് മന്ദബുദ്ധിയോ ചിത്തഭ്രമമുള്ള ആളോ ആയിരിക്കുക.

4) ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുമ്പോൾ ഒരാൾ മറ്റൊരു വിവാഹം നടത്തുക.

5) വിവാഹത്തിനുള്ള സമ്മതം ഇരുകക്ഷികളിലാരോടെങ്കിലും വാങ്ങിയത് ബലം പ്രയോഗിച്ചോ കപടമായോ (വിവാഹസമയത്തുള്ള ഗർഭം ഒളിച്ചുവയ്ക്കുക, അഥവാ വിവാഹംനടന്ന കാലയളവിൽ ആർത്തവം ഉണ്ടായില്ലെന്ന കാര്യം മറച്ചുവയ്ക്കുക) ആയിരിക്കുക.

### കോടതി

ഈ നിയമപ്രകാരമുള്ള പരാതികളും, കേസുകളും നടത്തേണ്ടത് അതത് ജില്ലാ കുടുംബകോടതിയിലാണ്. വ്യക്തികൾ എവിടെയാണ് അവസാനമായി താമസിച്ചത്, ആ പ്രദേശത്തെ കുടുംബ കോടതിയിലും ഹർജി സമർപ്പിക്കാം.

# 4. പ്രത്യേക വിവാഹ നിയമം

## (സ്പെഷ്യൽ മാര്യേജ് ആക്റ്റ്)

ജാതിമത വ്യത്യാസങ്ങളില്ലാതെ എല്ലാ ഇന്ത്യൻ പൗരൻമാർക്കും ഒരുപോലെ ബാധകമായ പ്രത്യേക വിവാഹനിയമം 1954–ൽ നിലവിൽ വന്നു. ഈ നിയമപ്രകാരം സബ്ബ്റജിസ്ട്രാർഓഫീസിലെ നിയമിതനായ സബ്ബ്റജിസ്ട്രാറാണ് വിവാഹഓഫീസർ. ഇന്ത്യൻ പൗരത്വമുള്ള ഏതെങ്കിലും ഒരു പുരുഷനും സ്ത്രീക്കും തമ്മിൽ ഈ നിയമപ്രകാരം വിവാഹിതരാകുന്നതിന് തടസ്സമില്ല.

പ്രത്യേക വിവാഹനിയമപ്രകാരം വിവാഹംചെയ്യുവാൻ ആഗ്രഹിക്കുന്ന വധൂവരന്മാർ ജില്ലയിലെ വിവാഹഓഫീസർക്ക് നിർദ്ദിഷ്ട ഫോറത്തിൽ നോട്ടീസ് നൽകണം. രണ്ടുപേരിൽ ഏതെങ്കിലും ഒരാൾ നോട്ടീസ് തീയതിതൊട്ട് 30 ദിവസംമുമ്പുവരെ താമസിച്ചിരുന്ന ജില്ലയിലെ ഓഫീസർ മുമ്പാകെയാണ് നോട്ടീസ് നൽകേണ്ടത്.

നോട്ടീസ് കൈപ്പറ്റിയ ഉടനെ വിവാഹആഫീസർ നോട്ടീസിലെ വിവരങ്ങൾ വിവാഹറജിസ്റ്ററിൽ രേഖപ്പെടുത്തുകയും പ്രസ്തുത നോട്ടീസുകൾ തന്നെ ആഫീസ് റെക്കാർഡുകളുടെ ഭാഗമായി സൂക്ഷിക്കുകയും വേണം. ഇത് റജിസ്റ്റർഫീസ് നല്കാതെ പരിശോധിക്കുവാൻ ഏതൊരാൾക്കും അവകാശമുണ്ട്.

വിവാഹനോട്ടീസിന്റെ ഒരു പകർപ്പ് ഓഫീസർ കാര്യാലയത്തിന്റെ ഏതെങ്കിലുംഭാഗത്ത് പൊതുജനങ്ങൾക്ക് കാണത്തക്കരീതിയിൽ പരസ്യ മായി പ്രദർശിപ്പിക്കണം. വധൂവരന്മാരിൽ ഒരാൾ വേറെ ജില്ലയിൽ സ്ഥിര താമസമുള്ള ആളാണെങ്കിൽ നോട്ടീസ് സ്വീകരിച്ച ആഫീസർ പ്രസ്തുത ജില്ലയിലെ ആഫീസർക്ക് നോട്ടീസിന്റെ ഒരു കോപ്പി അയച്ചുകൊടുക്കു കയും, ആ ഓഫീസർ അത് തന്റെ കാര്യാലയത്തിൽ പൊതുജനങ്ങൾ കാണത്തക്കരീതിയിൽ പ്രദർശിപ്പിക്കുകയും വേണം.

നോട്ടീസിൽ പറഞ്ഞിട്ടുള്ള വ്യക്തികൾ തമ്മിലുള്ള വിവാഹത്തിന് ആക്ഷേപമുള്ള ഏതൊരാൾക്കും നോട്ടീസ് പരസ്യംചെയ്ത് 30 ദിവസ ത്തിനുള്ളിൽ ഓഫീസർമുമ്പാകെ ആക്ഷേപം ബോധിപ്പിക്കാവുന്നതാണ്. പ്രത്യേക വിവാഹനിയമത്തിന്റെ നിബന്ധനകൾക്കു വിരുദ്ധമായാണ് വിവാഹംനടക്കുന്നതെന്ന് ചൂണ്ടികാണിച്ചുകൊണ്ടായിരിക്കണം ആക്ഷേപംനൽകേണ്ടത്. നിയമദൃഷ്ട്യാ ഈ വിവാഹം നടത്തുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അക്കാര്യം ബോധിപ്പിക്കാം. ഇതിനെ കുറിച്ച് വിവാഹഓഫീസർ അന്വേഷണംനടത്തണം. ആക്ഷേപം ശരിയല്ലെന്നുകണ്ടാൽ നിയമപ്രകാരം വിവാഹംനടത്തികൊടുക്കാം.

## നിബന്ധനകൾ

1. വിവാഹസമയത്ത് പുരുഷന് ജീവിച്ചിരിക്കുന്ന മറ്റൊരു ഭാര്യയോ, സ്ത്രീക്ക് ജീവിച്ചിരിക്കുന്ന മറ്റൊരു ഭർത്താവോ ഉണ്ടായിരിക്കരുത്.
2. വിവാഹത്തിന് സ്വതന്ത്രമായ മനസ്സമ്മതം നിർബന്ധമാണെന്നിരിക്കെ, അതിന് അയോഗ്യതയുള്ള മനോരോഗികൾക്ക് വിവാഹംചെയ്യുന്നതിന് തടസ്സമുണ്ട്.
3. മനസ്സമ്മതം നൽകുവാനുള്ള കഴിവുള്ളവരാണെങ്കിലും വൈവാഹിക കടമകൾ നിറവേറ്റുവാനും കുട്ടികളെ പ്രസവിക്കുവാനും സംരക്ഷി ക്കുവാനും കഴിവില്ലാത്തരീതിയിൽ മനോരോഗിയാണെങ്കിലും വിവാ ഹത്തിന് അയോഗ്യതയുണ്ട്.
4. തുടർച്ചയായുള്ള ചിത്തഭ്രമം അയോഗ്യതയാണ്.
5. വിവാഹസമയത്ത് വരന് 21 വയസ്സും വധുവിന് 18 വയസ്സും പൂർത്തി യായിരിക്കണം. പങ്കാളികൾ നിയമം നിരോധിച്ചിട്ടുള്ള അടുത്ത രക്ത ബന്ധത്തിൽപ്പെട്ടവർ ആവരുത്.

നോട്ടീസ് നൽകിയപ്രകാരം, ഓഫീസർമുമ്പാകെ, മൂന്ന് സാക്ഷിക ളുടെ സാന്നിധ്യത്തിൽ ഓഫീസിലോ, മറ്റേതെങ്കിലും സ്ഥലത്തോവച്ച് വിവാഹംനടത്താവുന്നതാണ്. അതിനുശേഷം വിവാഹഓഫീസർ വിവാഹം റജിസ്റ്റർചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്.

## മറ്റു വിവാഹങ്ങൾ റജിസ്റ്റർചെയ്യുന്നതിന്

പ്രത്യേക വിവാഹനിയമപ്രകാരം പ്രത്യേകം വ്യക്തമാക്കിയിട്ടുള്ള നിബ ന്ധനകൾക്കു വിധേയമായി മറ്റേതെങ്കിലുംതരത്തിൽ നടന്നിട്ടുള്ള

വിവാഹവും റജിസ്റ്റർചെയ്തു കിട്ടാൻ അവകാശമുണ്ട്. അതിനായി:

1. കക്ഷികൾ രണ്ടുപേരും റജിസ്ട്രേഷന് അപേക്ഷിക്കുന്നതിനു മുൻപു തന്നെ വിവാഹിതരായവരും ഭാര്യാഭർത്താക്കന്മാരായി ഒരുമിച്ച് ജീവിക്കുന്നവരുമായിരിക്കണം.
2. രണ്ടുപേരിൽ ഏതൊരാൾക്കും ജീവിച്ചിരിക്കുന്ന മറ്റൊരു ഭാര്യയോ, ജീവിച്ചിരിക്കുന്ന മറ്റൊരു ഭർത്താവോ ഉണ്ടായിരിക്കരുത്.
3. രണ്ടുപേരിൽ ആരുംതന്നെ റജിസ്ട്രേഷൻ സമയത്ത് മന്ദബുദ്ധിയോ, മനോരോഗിയോ ആയിരിക്കരുത്.
4. രജിസ്ട്രേഷൻ സമയത്ത് രണ്ടുപേർക്കും 21 വയസ്സ് പൂർത്തിയായിരിക്കണം.
5. രണ്ടുപേരും പരസ്പരം നിരോധിക്കപ്പെട്ട അടുത്ത രക്തബന്ധത്തിൽപ്പെട്ടവരായിരിക്കരുത്.
6. വിവാഹം രജിസ്റ്റർചെയ്യാനുള്ള അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് തൊട്ടുമുമ്പ് 30 ദിവസത്തിൽ കുറയാത്തകാലം രണ്ടുപേരും ഭാര്യാഭർത്താക്കന്മാരായി വിവാഹഓഫീസറുടെ അധികാരപരിധിയിൽപ്പെട്ട ജില്ലയിൽ താമസിക്കുന്നവരായിരിക്കണം.

## ദാമ്പത്യബന്ധം പുനഃസ്ഥാപിക്കാൻ

പ്രത്യേക വിവാഹനിയമപ്രകാരം വിവാഹിതരായവർക്ക് വിവാഹപങ്കാളിയുമായി ഒരുമിച്ചുതാമസിക്കുവാനും ലൈംഗികബന്ധത്തിൽ ഏർപ്പെടുവാനും നിയമം അവകാശം നൽകുന്നു. വിവാഹപങ്കാളികളിൽ ആരുംതന്നെ മറ്റെയാളുടെ സഹവാസത്തിനുള്ള അവകാശം നിഷേധിക്കരുത്. ന്യായയുക്തമായ യാതൊരു കാരണവുമില്ലാതെ ഭാര്യാഭർത്താക്കൻമാർ വേർപിരിഞ്ഞു കഴിയുകയാണെങ്കിൽ ദാമ്പത്യബന്ധം പുനഃസ്ഥാപിക്കണമെന്നുകാണിച്ച് കക്ഷികൾക്ക് കോടതിയെ സമീപിക്കാം.

## വിവാഹ മോചനം :

നിയമം വ്യക്തമാക്കിയിട്ടുള്ള പ്രത്യേക കാരണങ്ങളാൽ ഭാര്യക്കോ ഭർത്താവിനോ വിവാഹമോചനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കുടുംബകോടതിയിൽ ഹർജിനൽകുവാൻ അവകാശമുണ്ട്.

## കാരണങ്ങൾ :

ഭാര്യയോ, ഭർത്താവോ സ്വമനസ്സാലെ വിവാഹശേഷം മറ്റൊരാളുമായി ലൈംഗികബന്ധത്തിലേർപ്പെടുക, വ്യഭിചാരംനടത്തുക, ഭാര്യാഭർത്താക്കന്മാരിൽ ഒരാൾ മറ്റെയാളുടെ സമ്മതമില്ലാതെയും ആഗ്രഹത്തിനു വിരുദ്ധമായും ന്യായമായ കാരണങ്ങളൊന്നുമില്ലാതെ തുടർച്ചയായി രണ്ടു വർഷക്കാലം ഉപേക്ഷിച്ചുപോവുക. ഇന്ത്യൻ ശിക്ഷാനിയമപ്രകാരമുള്ള ഏതെങ്കിലും കുറ്റകൃത്യത്തിന് ഏഴു വർഷമോ, അതിൽകൂടുതലോ കാലം തടവുശിക്ഷക്കു വിധിക്കപ്പെട്ടയാളാണ് എതിർകക്ഷി എങ്കിലും

വിവാഹമോചനം തേടാം. എതിർകക്ഷിയുടെ ക്രൂരമായ പെരുമാറ്റം, ചികിൽസിച്ചു ഭേദമാക്കാനാകാത്തതും കുടുംബജീവിതം അസാദ്ധ്യമാക്കുന്നതരത്തിലുള്ളതുമായ മാനസികതകരാറുകൾ, പകരുന്നതരത്തിലുള്ള ലൈംഗിക രോഗങ്ങൾ, ചികിൽസിച്ചുഭേദമാക്കാൻപറ്റാത്തതും പകരുന്നതുമായ കുഷ്ഠരോഗം തുടങ്ങിയ പങ്കാളിയുടെ അസുഖം എന്നിവയും വിവാഹമോചനത്തിനുള്ള നിയമപരമായ കാരണങ്ങളാണ്. ഏഴു വർഷമോ അതിൽ കൂടുതലോ കാലമായി ആളെക്കുറിച്ച് വിവരമില്ലാതിരിക്കുന്നതും മറ്റൊരു കാരണമാണ്.

### സ്ത്രീകൾക്ക് പ്രത്യേക കാരണങ്ങൾ.

മേൽപറഞ്ഞ കാരണങ്ങൾകൂടാതെ, ഭാര്യക്ക് താഴെപറയുന്ന കാരണങ്ങളാലും ഭർത്താവിൽനിന്ന് വിവാഹമോചനം നേടാം.

- വിവാഹശേഷം ഭർത്താവ് ബലാൽസംഗം, പ്രകൃതിവിരുദ്ധ ലൈംഗികബന്ധം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി ബോദ്ധ്യപ്പെട്ടാൽ,
- ഭാര്യക്ക് ജീവനാംശം അനുവദിച്ചുകൊണ്ടുള്ള കോടതിനിർദ്ദേശം ലഭിച്ച് ഒരു വർഷത്തിനുള്ളിൽ ദാമ്പത്യം പുനഃസ്ഥാപിക്കാതിരുന്നാൽ,
- ദാമ്പത്യം തകർന്നുവെന്ന് രണ്ടുപേർക്കും ബോദ്ധ്യപ്പെട്ടാൽ, വിവാഹശേഷം ഒരുവർഷമോ അതിൽകൂടുതലോ കാലം വേറിട്ടുതാമസിച്ചുവരുന്ന ദമ്പതികൾക്ക് ഉഭയസമ്മതപ്രകാരമുള്ള വിവാഹമോചന ഹർജി കോടതിയിൽ സമർപ്പിക്കാം.

# 5. ജീവനാംശ നിയമങ്ങൾ

**ജീ**വനാംശം (Maintenance) എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത് സംരക്ഷണം എന്നാണ്. സാമൂഹ്യ സുരക്ഷിതത്വത്തിന് അനിവാര്യമായ ഈ ആശയം വളരെ പുരാതനമാണ്. ഇന്ത്യയിൽ ക്രിമിനൽനടപടിക്രമം 125-ാംവകുപ്പ് എല്ലാമതവിഭാഗങ്ങൾക്കും പൊതുവായിട്ടുള്ളതാണ്. വിവാഹബന്ധംകൊണ്ടുണ്ടാവുന്നതാണ് പുരുഷനെ സംബന്ധിച്ച് ഭാര്യയെയും മക്കളെയും സംരക്ഷിക്കാനുള്ള ഈ ബാധ്യത. വിവാഹമോചനം ചെയ്യപ്പെട്ട ഭാര്യയും ഇതിൽ ഉൾപ്പെടുമെങ്കിലും മതിയായ കാരണങ്ങളില്ലാതെ ഭർത്താവിനെ പിരിഞ്ഞ് ജീവിക്കുന്നവളോ വ്യഭിചാരവുമായി നടക്കുന്നവളോ ആയ ഭാര്യയ്ക്ക് ഭർത്താവിൽനിന്ന് സംരക്ഷണചെലവിന്റെ അവകാശമില്ല. നിയമാനുസൃതമല്ലാതെയുള്ള മക്കൾക്കും ചെലവിനവകാശമുണ്ട്. സ്വയം ഒരു വരുമാനമില്ലാതെ കഷ്ടപ്പെടുന്ന വൃദ്ധരായ മാതാപിതാക്കൾക്കും വരുമാനമുള്ള ആൺമക്കളിൽനിന്നോ, പെൺമക്കളിൽ നിന്നോ അവർ വിവാഹിതരാണെങ്കിലും അല്ലെങ്കിലും ജീവനാംശം ആവശ്യപ്പെടാം.

ജീവനാംശം എന്നതിൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസച്ചെലവ്, വൈദ്യപരിശോധന, മരുന്ന്, ആരോഗ്യപരിപാലന ചെലവുകൾ,

ഇവ ഉൾപ്പെടുന്നു. ജീവിക്കാനുള്ള അടിസ്ഥാനാവശ്യങ്ങളാണ് ഇതിലുൾപ്പെടുന്നത്. ജീവിതകാലംമുഴുവനും ഭർത്താവിൽനിന്ന് ജീവനാംശത്തിന് ഭാര്യക്ക് അവകാശപ്പെടാം. എന്നാൽ ഭർത്താവിന്റെകൂടെ താമസിക്കുവാനും ദാമ്പത്യജീവിതത്തിലെ ചുമതലകൾ നിർവ്വഹിക്കുവാനും തയ്യാറാകണം. മാനസികമോ, ശാരീരികമോ ആയ പീഡനം, വെപ്പാട്ടിയെ വച്ചിരിക്കുക, മറ്റൊരു വിവാഹംകഴിക്കുക തുടങ്ങിയ മതിയായകാരണങ്ങളുണ്ടെങ്കിൽ ജീവനാംശം ആവശ്യപ്പെടുന്നതിന് ഭർത്താവിന്റെകൂടെ താമസിക്കണമെന്നില്ല.

## ഹിന്ദു നിയമം

ഹിന്ദു ദത്തെടുക്കൽ സംരക്ഷണനിയമം (Hindu Adoption and Maintenance Act, 1956) പ്രകാരം സ്ത്രീക്ക് ഭർത്താവിൽനിന്ന് ജീവനാംശം അവകാശപ്പെടാം. സ്വയം ചെലവുനടത്താൻ സ്വത്തോ വരുമാനമോ ഇല്ലാത്ത ഏതൊരു ഹിന്ദുസ്ത്രീക്കും ഭർത്താവിൽനിന്ന് ജീവനാംശം ആവശ്യപ്പെടാം

ജീവിതകാലംമുഴുവൻ ഹിന്ദുഭാര്യക്ക് ഭർത്താവിൽനിന്ന് ജീവനാംശം ലഭിക്കാനുള്ള അർഹത നിയമം അസന്ദിഗ്ദമായി പ്രഖ്യാപിക്കുന്നുണ്ട്. താഴെപറയുന്ന സാഹചര്യങ്ങളിൽ ഭാര്യ ഭർത്താവിൽനിന്ന് വേർപിരിഞ്ഞ് താമസിക്കുകയാണെങ്കിൽപോലും ജീവനാംശം ലഭിക്കാൻ അർഹതയുണ്ട്.

- അകാരണമായും ഭാര്യയുടെ സമ്മതമില്ലാതെയും ഉപേക്ഷിക്കുക, മനഃപൂർവ്വം അവഗണിക്കുക.
- ഭർത്താവിന്റെ ക്രൂരമായ പെരുമാറ്റംമൂലം ഭർത്താവിനോടൊത്തുള്ള ജീവിതം സാധ്യമാകാതെ വരിക. (മാനസികവും, ശാരീരികവുമായ പീഡനം, ഭാര്യയുടെ ആരോഗ്യത്തെ ബാധിക്കുന്ന നടപടികൾ, ഭർത്താവിന്റെയും ബന്ധുക്കളുടേയും മനഃപൂർവ്വമുള്ള നിന്ദിക്കുന്ന പെരുമാറ്റങ്ങൾ, ഭർത്താവ് മനഃപൂർവ്വം സംഭോഗത്തിലേർപ്പെടാതിരിക്കൽ തുടങ്ങിയവ.
- ഭർത്താവിന് മറ്റൊരു ഭാര്യ ഉണ്ടായിരിക്കുകയോ, കഠിനമായ കുഷ്ഠരോഗംബാധിക്കുകയോചെയ്താൽ ഭാര്യക്ക് പ്രത്യേക പാർപ്പിടംതന്നെ ആവശ്യപ്പെടാം.
- ഒരേ വീട്ടിൽ വെപ്പാട്ടി ഉണ്ടായിരിക്കുകയോ വെപ്പാട്ടിയുമായി സ്ഥിരമായി മറ്റെവിടെയെങ്കിലും താമസിക്കുകയോ ചെയ്യുക.
- ഭർത്താവ് ഹിന്ദുമതം ഉപേക്ഷിക്കുക.
- ഭർതൃഗൃഹത്തിലല്ലാതെയുള്ള താമസത്തെ ന്യായീകരിക്കാൻ സാധിക്കുന്ന കാരണങ്ങൾ ഉണ്ടായിരിക്കുക.

## മകന്റെ ഭാര്യക്ക് ജീവനാംശം

ഈ നിയമപ്രകാരം മരിച്ചുപോയ മകന്റെ ഭാര്യയെ അച്ഛൻ ജീവനാംശംനൽകി സംരക്ഷിക്കണമെന്ന് നിബന്ധനയുണ്ട്. ഭർത്താവ് മരി

ച്ചാൽ ഭർത്താവിന്റെ അച്ഛന് വരുമാനമുണ്ടെന്നും വിധവയ്ക്ക് സ്വയം സംരക്ഷണത്തിന് വകയൊന്നുമില്ലെന്നും വരികയാണെങ്കിൽ ഭർത്താവിന്റെ അച്ഛനിൽനിന്ന് (മകന്റെ വിധവയ്ക്ക്) ജീവനാംശം അവകാശപ്പെടാവുന്നതാണ്.

ഹിന്ദുവിവാഹനിയമപ്രകാരം ദാമ്പത്യബന്ധങ്ങളിലുണ്ടാവുന്ന എന്തെങ്കിലും പ്രശ്നങ്ങളിൽ കോടതികളിൽ നിലനിൽക്കുന്ന കേസുകൾ നടത്തുന്നതിനായുംമറ്റും, നീതി ഉറപ്പുവരുത്താനായി കോടതിയിലുണ്ടാവുന്ന ചെലവുകൾനൽകാൻ എതിർകക്ഷിക്കെതിരെ വിധി പുറപ്പെടുവിക്കാൻ കോടതിക്ക് അധികാരമുണ്ട്. ഈ നിയമപ്രകാരം സംരക്ഷണച്ചെലവ് ലഭിക്കുന്നതിന് സിവിൽകോടതിയെയാണ് സമീപിക്കേണ്ടത്.

## കുട്ടികൾക്കുള്ള ജീവനാംശം

നിയമപരമായോ അല്ലാതെയോ ഉള്ള എല്ലാമക്കളെയും ( Legitimate and illegitimate children) തന്റെ ജീവിതകാലയളവിൽ ചെലവിന് കൊടുത്ത് സംരക്ഷിക്കേണ്ട ബാധ്യത ഒരു ഹിന്ദുവിനുണ്ട്. അതുപോലെ തന്നെ പ്രായപൂർത്തിയാകാത്ത നിയമപരമായോ അല്ലാതെയുള്ളതോ ആയ മക്കൾക്കും അവരുടെ മാതാപിതാക്കളിൽനിന്ന് ജീവനാംശം അവകാശപ്പെടാം.

വിവാഹംകഴിഞ്ഞിട്ടില്ലാത്ത പ്രായപൂർത്തിയായ മകൾക്കും മാതാപിതാക്കളോട് ജീവനാംശം അവകാശപ്പെടാം.

മരിച്ചുപോയ ഒരു ഹിന്ദുവിന്റെ അവകാശികൾക്ക് മരിച്ചയാളുടെ ഭാര്യയെ സംരക്ഷിക്കേണ്ട ബാധ്യതയുണ്ട്.

ഹിന്ദു ദത്തെടുക്കൽ ജീവനാംശ നിയമപ്രകാരം വൃദ്ധരും നിരാലംബരുമായ മാതാപിതാക്കളെയും രണ്ടാനമ്മയേയും സംരക്ഷിക്കേണ്ടതുണ്ട്.

## മുസ്ലീം നിയമം

മുസ്ലീം വ്യക്തിനിയമമനുസരിച്ച് ഭാര്യയെ സംരക്ഷിക്കേണ്ട ബാധ്യത ഭർത്താവിനാണ്. ഭർത്താവിൽനിന്നും ജീവനാംശം അവകാശപ്പെടാം. എത്രതന്നെ ധനികയും വരുമാനമുള്ളവളുമാണ് ഭാര്യ എന്നാലും കഴിവില്ലാത്ത, ആരോഗ്യമില്ലാത്ത, പണമില്ലാത്ത ഭർത്താവിനെ സംരക്ഷിക്കേണ്ട ബാധ്യത അവൾക്കില്ല. എന്നാൽ എത്രമാത്രം ധനികയാണെങ്കിലും ഭാര്യക്ക് ജീവിതചെലവ് നൽകാൻ ഭർത്താവിന് ബാധ്യതയുണ്ട്. പ്രായപൂർത്തിയെത്തിയ ദാമ്പത്യബന്ധത്തിലെ നിബന്ധനകൾ പാലിക്കുന്ന അനുസരണക്കേടോ കാപട്യമോ ഇല്ലാത്ത ഒരു മുസ്ലീംഭാര്യക്ക്, ഭർത്താവ് എത്രതന്നെ നിരാലംബനാണെങ്കിലും സംരക്ഷണവും ചെലവും നൽകേണ്ടത് നിയമപരമായ കടമയാണ്.

ദാമ്പത്യബന്ധത്തിലേർപ്പെടാൻ പ്രായപൂർത്തിയാകാത്തവളോ, ഭർത്താവുമായി ബന്ധപ്പെടാൻ അകാരണമായി താൽപര്യക്കുറവ് കാണിക്കുന്നവളോ, അനുസരണക്കേട് കാണിക്കുന്നവളോ, അകാരണമായി ഭർതൃ

വീട് ഉപേക്ഷിക്കുന്നവളോ, പരപുരുഷബന്ധമുള്ളവളോ ആണെങ്കിൽ ഭർത്താവിൽനിന്നും ജീവനാംശംലഭിക്കാൻ ഭാര്യക്ക് അർഹതയില്ല.

ഭർത്താവിന്റെ ഭാഗത്തുനിന്നും നിരുത്തരവാദിത്വപരമായ നടപടികൾ (മോശമായ പെരുമാറ്റം, രണ്ടാംവിവാഹം) വല്ലതും ഉണ്ടാവുകയാണെങ്കിൽ ആ സമയത്ത് ഭാര്യക്ക് പ്രത്യേക ജീവനാംശം നൽകുമെന്ന് ഭർത്താവും, ഭാര്യയും അവരുടെ രക്ഷിതാക്കളും തമ്മിൽ ഒരു കരാറിലെത്താവുന്നതാണ്. എന്നാൽ കരാറിൽ ഭാര്യയ്ക്ക് ജീവനാംശത്തിനവകാശമില്ല എന്ന് നിബന്ധനവയ്ക്കുന്നത് നിയമവിരുദ്ധമാണ്.

ഭർത്താവ് രണ്ടാംഭാര്യയെ ആദ്യഭാര്യയുടെ അടുത്തേക്ക് കൊണ്ടുവരുന്നതും മാനസികപീഡനങ്ങൾക്ക് വഴിവെക്കുമെങ്കിൽ ഭാര്യക്ക് പ്രത്യേക പാർപ്പിടം ആവശ്യപ്പെടാം. ഭർത്താവ് അവളെ പ്രത്യേക വസതിയിൽ പാർപ്പിച്ച് സംരക്ഷിക്കാൻ നിയമപരമായി ബാധ്യസ്ഥനാണ്.

## മുസ്ലീം സ്ത്രീ (വിവാഹ മോചന സംരക്ഷണാവകാശം) നിയമം

പാർലമെന്റ് പാസ്സാക്കിയ ഈ നിയമം തലാക്കുകൊണ്ട് വിഷമങ്ങളനുഭവിക്കുന്ന മുസ്ലീംസ്ത്രീക്ക് വലിയൊരനുഗ്രഹമാണ്. വിവാഹ സമയത്തോ അതിനോടനുബന്ധിച്ചോ അതിനുശേഷമോ ലഭിച്ച വസ്തുവഹകൾ ഇദ്ദാത്ത് കാലയളവിലേക്കുള്ള ചെലവുകൾ, ഭാവിസംരക്ഷണത്തിലേക്കായി മൊത്തമായ തുക, ബാക്കി കിട്ടാനുള്ള മഹർ എന്നിവ യാണ് പ്രസ്തുത നിയമത്തിലെ 3-ാം വകുപ്പുപ്രകാരം വിവാഹമോചിതയായ മുസ്ലീംസ്ത്രീക്ക് മുൻഭർത്താവിൽ നിന്നും ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ.

മൊഴിചൊല്ലപ്പെടുമ്പോൾ ഭാര്യ ഗർഭിണിയോ, അതല്ലെങ്കിൽ രണ്ടു വയസ്സിൽതാഴെ പ്രായമുള്ള കുട്ടിയുടെ അമ്മയോ ആണെങ്കിൽ കുട്ടിക്ക് 2 വയസ്സ്വരെ മുലയൂട്ടുന്നതിന്നായി പ്രത്യേക ആനുകൂല്യം മൊഴിചൊല്ലപ്പെട്ട ഭാര്യക്ക് നൽകുവാൻ മുൻഭർത്താവിന് ബാധ്യതയുണ്ടെന്ന് ഈ നിയമം അനുശാസിക്കുന്നു.

പരസ്പരധാരണയിലോ, ഭർത്താവിന്റെ ഇഷ്ടത്തിനോ, മുസ്ലീം വിവാഹമോചന നിയമപ്രകാരമോ, മൊഴിചൊല്ലപ്പെട്ട ഭാര്യക്കും ഈ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുവാൻ അർഹതയുണ്ടെന്ന് വിവിധ കോടതികൾ വിധിക്കുകയുണ്ടായി. ഭർത്താവിന്റെ സാമ്പത്തികസ്ഥിതി, ഇരുവരും ഒരുമിച്ച് ജീവിക്കുമ്പോഴുണ്ടായിരുന്ന ജീവിതനിലവാരം, കുടുംബമഹിമ എന്നിവ അടിസ്ഥാനമാക്കിയാണ് വകുപ്പ് 3-ലെ ആനുകൂല്യങ്ങൾ കോടതി നിശ്ചയിക്കുന്നത്. ആദ്യ വിവാഹമോചനത്തിനുശേഷം രണ്ടാംവിവാഹംകഴിച്ച സ്ത്രീക്ക് ഈ നിയമപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുമെങ്കിലും ഭാവിസംരക്ഷണ ചെലവിന് അവർക്ക് അർഹതയുണ്ടായിരിക്കുകയില്ല.

വിവാഹമോചിതയായ സ്ത്രീ ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റ്കോടതി മുമ്പാകെ ഈ നിയമമനുസരിച്ച് ഹർജിനൽകിയാൽ എതിർകക്ഷിക്ക് നോട്ടീസയക്കുകയും ഇരുവിഭാഗത്തിന്റെയും വാദങ്ങൾ കേട്ടശേഷം

തെളിവുകളുടെ അടിസ്ഥാനത്തിൽ തുക നിശ്ചയിക്കുകയും ചെയ്യും. തുക നൽകുവാൻ ഭർത്താവ് തയ്യാറാകാത്തപക്ഷം ജയിൽശിക്ഷ അനുഭവിക്കേണ്ടതുമാണ്. അങ്ങനെ ഭർത്താവിൽനിന്നും ജീവനാംശം ലഭിക്കാത്ത ഒരു സ്ത്രീക്ക്, അവരുടെ ഏറ്റവുംഅടുത്ത ബന്ധുക്കളിൽനിന്ന് ചെലവിനുനൽകുവാൻ കോടതിയോട് അപേക്ഷിക്കാവുന്നതാണ്. കുടുംബാംഗങ്ങളും നിരാലംബരാണെങ്കിൽ സംസ്ഥാന വഖഫ് ബോർഡ് ആ സ്ത്രീയുടെ സംരക്ഷണം ഏറ്റെടുക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. ഒരുതരത്തിലും ഒരു സ്ത്രീയും സംരക്ഷിക്കപ്പെടാതെപോവരുതെന്നതാണ് ഈ നിയമത്തിന്റെ താല്പര്യം.

തലാക്ക്ചൊല്ലപ്പെട്ട സ്ത്രീക്ക് ഏതുസമയത്തും ഈ നിയമപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയേയോ അല്ലെങ്കിൽ അതിന് അധികാരപ്പെടുത്തിയ കോടതിയേയോ സമീപിക്കാവുന്നതാണ്. പ്രത്യേക കാലപരിധി നിഷ്ക്കർഷിച്ചിട്ടില്ല.

## മക്കളുടെ ജീവനാംശം

ശിശുക്കളെ ചെലവുചെയ്തുകൊണ്ട് സംരക്ഷിക്കേണ്ടത് പിതാവാണ്. വിവാഹംകഴിയുന്നതുവരെ പെൺമക്കളെയും, പ്രായപൂർത്തിയാകുന്നതുവരെ ആൺമക്കളെയും സംരക്ഷിക്കേണ്ട ബാധ്യത പിതാവിനുതന്നെയാണ്. കൂടാതെ വിധവയോ വിവാഹമോചിതയോ ആയ മകളെയും കുഞ്ഞിനെയും സംരക്ഷിക്കേണ്ടതും പിതാവിന്റെ കടമയാണ്. എന്നാൽ തന്റെകൂടെ ജീവിക്കാൻ പ്രത്യേക കാരണമൊന്നുംകൂടാതെ വിസമ്മതിക്കുന്ന പ്രായപൂർത്തിയാകാത്ത മകനെയും അവിവാഹിതയായ മകളെയും സംരക്ഷിക്കാൻ പിതാവിന് ബാധ്യതയില്ല.

## മാതാപിതാക്കളുടെ സംരക്ഷണം

സാമ്പത്തിക, ലിംഗഭേദമെന്യേ നിർദ്ധനരും നിരാലംബരുമായ മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് മക്കളുടെ കടമയാണ്. മാതാപിതാക്കൾക്ക് കുറച്ചൊക്കെ സമ്പാദിക്കാൻ സാധിക്കും എന്നതുകൊണ്ടുമാത്രം മക്കളുടെ ബാധ്യത ഇല്ലതാവുന്നില്ല.

## ക്രിസ്ത്യൻ നിയമം

ക്രിസ്ത്യാനികൾക്ക് പ്രത്യേകമായി ജീവനാംശനിയമമില്ല. പക്ഷെ, അവർക്കും കിമിനൽനടപടിക്രമത്തിലെ 125-ാം വകുപ്പ് ബാധകമാണെന്ന് മുൻപ് സൂചിപ്പിച്ചുവല്ലോ.

## നടപടിക്രമങ്ങൾ

ക്രിമിനൽനടപടിക്രമം വകുപ്പ് 125 പ്രകാരം ഒരു ഹർജി കൊടുക്കേണ്ടത് കുടുംബകോടതികളുള്ള പ്രദേശങ്ങളിൽ കുടുംബകോടതിയിലും അല്ലാത്തപക്ഷം ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ്കോടതിയിലും ആണ്. വ്യക്തിനിയമങ്ങളനുസരിച്ചുള്ള ഹർജികളുടെ നടപടിക്രമവും ഇതുതന്നെ. എന്നാൽ മുസ്ലീംസ്ത്രീ (വിവാഹമോചന സംരക്ഷണനിയമം)1986 പ്രകാരം ഒന്നാംക്ലാസ് മജിസ്ട്രേറ്റ്കോടതിയിലാണ് ഹർജി സമർപ്പിക്കേണ്ടത്.

## കുടുംബ കോടതി

ഒരു പ്രത്യേക പ്രദേശത്തേക്കുവേണ്ടി, കുടുംബകോടതി നിയമമനുസരിച്ച് സ്ഥാപിക്കപ്പെട്ടതാണ് കുടുംബകോടതി. ജില്ലാജഡ്ജിയുടെ റാങ്കുള്ള ജുഡീഷ്യൽ ഓഫീസർ ആയിരിക്കും കുടുംബകോടതിയുടെ അദ്ധ്യക്ഷൻ. വൈവാഹികതർക്കങ്ങളിലുള്ള എല്ലാകേസുകളും ഈ കോടതിയുടെ പരിധിയിൽവരും (മുസ്ലീം വിവാഹമോചിത സ്ത്രീകളുടെ അവകാശങ്ങൾ ഒഴികെ) ഒരു വ്യക്തിക്ക് നേരിട്ട് കുടുംബകോടതിയിൽ ഹർജി നല്കാം. കോടതിയുടെ നിർദ്ദേശപ്രകാരംമാത്രമേ കുടുംബകോടതിയിൽ വക്കീലന്മാർ ഹാജരാവാൻപാടുള്ളൂ. ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അതേഅധികാരത്തോടെയാണ് ഇത്തരം കേസിൽ കുടുംബകോടതിയുടെ ഉത്തരവുകൾ.

ഒരു പ്രാവശ്യം ഉത്തരവായ ചെലവിന്റെ തുക കാലാനുസൃതമായി അപേക്ഷയുടെ അടിസ്ഥാനത്തിൽ, പരിസ്ഥിതികൾ പരിഗണിച്ച് മാറ്റം വരുത്താൻ കോടതിക്ക് അധികാരമുണ്ട്. ഒരു പ്രാവശ്യം പുറപ്പെടുവിച്ച ഉത്തരവ് മറ്റൊരു ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ നിലവിലുണ്ടായിരിക്കുന്നതാണ്. വേറിട്ടു താമസിക്കുന്ന ചെലവ് ലഭിക്കുവാനായി ഹർജി നൽകിയ ഭാര്യക്ക് അനുകൂലമായ വിധി ലഭിച്ചാൽ, ഭർത്താവിനോടൊപ്പം വീണ്ടും താമസം ആരംഭിച്ചാൽ നേരത്തെ പുറപ്പെടുവിക്കുന്ന വിധി സ്വയം ദുർബലമാവുകയില്ല.

125-ാം വകുപ്പുപ്രകാരം ഒന്നാംക്ലാസ് മജിസ്ട്രേറ്റ് പുറപ്പെടുവിക്കുന്ന ഒരു ഉത്തരവിനുമേൽ അപ്പീലില്ല. എന്നാൽ ആ ഉത്തരവിൽ അതൃപ്തിയുള്ള കക്ഷിക്ക് സെഷൻസ്കോടതിയിലോ, ഹൈക്കോടതിയിലോ റിവിഷൻ ഹർജി കൊടുക്കാം അതുപോലെത്തന്നെ കുടുംബകോടതിയിൽ നിന്നുള്ള ഉത്തരവിനുമേലെയും റിവിഷൻഹർജി കൊടുക്കാം, അപ്പീലില്ല. പിണങ്ങിപ്പിരിഞ്ഞ ദമ്പതികളെ രമ്യതയിലാക്കാൻ കൗൺസിലിങ്ങ് സംവിധാനവും കുടുംബകോടതിയിൽ ഉണ്ട്. കൗൺസിലിങ്ങിനുശേഷമേ കേസുകളിൽ തെളിവെടുക്കാൻ കോടതിക്കുകഴിയൂ.

## നടപ്പിലാക്കൽ

വിധിയുടെ പകർപ്പ് ഹർജിക്കാരന് കോടതിയിൽനിന്ന് സൗജന്യമായി ലഭിക്കും. 125-ാംവകുപ്പ് പ്രകാരം ഒരാൾക്ക് അനുകൂലമായി വിധി ആയാൽ അത് നടപ്പിലാക്കിക്കിട്ടുന്നതിനായി കോടതിയെ സമീപിക്കാം. എതിർകക്ഷി വിസമ്മതിക്കുകയാണെങ്കിൽ അയാളുടെ സ്വത്ത് കണ്ടുകെട്ടുന്നതിനും, എതിർകക്ഷിയെ ജയിലിലടയ്ക്കുവാനും അതിന് വാറണ്ട് പുറപ്പെടുവിക്കാനും അധികാരമുണ്ട്. 125-ാം വകുപ്പ് പ്രകാരം അനുവദിച്ചുകിട്ടുന്ന തുക ഒരു വർഷത്തിനകംതന്നെ കോടതിമുഖാന്തിരം ആവശ്യപ്പെട്ടില്ലായെങ്കിൽ പ്രസ്തുത കാലയളവിലേക്കുള്ള തുക ഹർജിക്കാരിക്ക് നഷ്ടംവരാനിടയാകും.

ഇങ്ങനെ 125-ാംവകുപ്പ് പ്രകാരം അപേക്ഷ സമർപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ വൈകുകയാണെങ്കിൽ, കേസ്നടക്കുന്നതിനിടയിൽ

താല്ക്കാലികമായി ഹർജിക്കാരിക്ക് ചെലവിനുനൽകുന്നതിനായി കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. താൻ പാപ്പരാണെന്ന് എതിർകക്ഷിയുടെ വാദംകൊണ്ട് ജീവനാംശംകൊടുക്കേണ്ട ബാധ്യതയിൽ നിന്ന് കോടതി അയാൾക്ക് ഇളവുനൽകില്ല. 500 രൂപയിൽകവിയാത്ത തുക നൽകണമെന്ന നിബന്ധന ഭേദഗതിചെയ്തതോടെ ജീവനാംശതുക എത്രയെന്ന് വിധിക്കാൻ കോടതിക്ക് അധികാരമുണ്ട്. കക്ഷിയുടെ ധനസ്ഥിതിയും ജീവിതനിലവാരവുംമറ്റും പരിഗണിച്ച് ഒരു തുക ചിലവിന്നൽകാൻ കോടതിക്ക് ഉത്തരവിടാം.

# 6. വിവാഹസംബന്ധമായ കുറ്റകൃത്യങ്ങൾ

**നി**യമപരമായി വിവാഹംകഴിക്കാതെ ഒരു സ്ത്രീയെ ഭാര്യയാണെന്നു പറഞ്ഞ് വിശ്വസിപ്പിച്ച് കൂടെതാമസിപ്പിച്ച് ലൈംഗിക ബന്ധത്തിലേർപ്പെടുന്നത് പുരുഷൻമാർക്ക് പത്തുവർഷംവരെ തടവും പിഴയും ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

ഭർത്താവോ, ഭാര്യയോ ജീവിച്ചിരിക്കേ മറ്റൊരു വിവാഹംകഴിക്കുന്നത് 7 വർഷംവരെ തടവ് ലഭിക്കാവുന്ന കുറ്റകൃത്യമാണ്. പക്ഷേ ഇതു മുസ്ലീം പുരുഷൻമാർക്ക് ബാധകമല്ല. ആദ്യവിവാഹം മറച്ചുവെച്ചുകൊണ്ട്, രണ്ടാംവിവാഹം കഴിക്കുന്നതു പത്തുവർഷംവരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

നിയമസാധുത ഇല്ലെന്നറിഞ്ഞുകൊണ്ടു തന്നെ വഞ്ചിക്കണമെന്ന ഉദ്ദേശ്യത്തോടെ സത്യവിരുദ്ധമായി വിവാഹംചെയ്യുന്നത് 7 വർഷം തടവും പിഴയും ലഭിക്കുന്ന കുറ്റകൃത്യമാണ്.

ഒരു സ്ത്രീയുമായി അവർ മറ്റൊരാളുടെ ഭാര്യയാണെന്നറിഞ്ഞുകൊണ്ടുതന്നെ ലൈംഗികബന്ധത്തിലേർപ്പെടുന്നത് 5 വർഷം തടവോ, പിഴയോ രണ്ടുംകൂടിയോ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

വിവാഹിതരായ സ്ത്രീയെ അവരുടെ ഭർത്താവിൽനിന്ന് അകറ്റിനിർത്തി അവിഹിതവേഴ്ചനടത്തണമെന്ന ഉദ്ദേശ്യത്തോടെ തടഞ്ഞുവെക്കുന്നതും ഇന്ത്യൻ ശിക്ഷാനിയമം 498 പ്രകാരം രണ്ടുവർഷംവരെ തടവോ പിഴയോ രണ്ടുംകൂടിയോ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

ഒരു സ്ത്രീയോട് ഭർത്താവോ ഭർത്താവിന്റെ ബന്ധുക്കളൊ ക്രൂരതയോടെ പെരുമാറുന്നത് ശിക്ഷാർഹമാണ്. ആത്മഹത്യയിലേക്ക് നയിക്കാവുന്നതരത്തിൽ നടത്തുന്ന പീഡനവും, നിയമവിരുദ്ധമായി പണമോ സ്വത്തുവകയോ ആവശ്യപ്പെട്ടുകൊണ്ട് നടത്തുന്ന ഉപദ്രവവും ക്രൂരതയായി കണക്കാക്കപ്പെടും. ഇന്ത്യൻ ശിക്ഷാനിയമപ്രകാരം ഇത്തരം കുറ്റകൃത്യത്തിന് കേസെടുക്കാം.

## സ്ത്രീധന മരണം.

വിവാഹിതയായി ഏഴു വർഷത്തിനകം സ്ത്രീധനവുമായി ബന്

ധപ്പെട്ടോ സ്ത്രീധനം ആവശ്യപ്പെട്ടുകൊണ്ടോ ഭർത്താവിന്റെയൊ ഭർത്താവിന്റെ ബന്ധുക്കളുടെയോ പീഡനമോ, ക്രൂരമായ പെരുമാറ്റമോമൂലമോ ഒരു സ്ത്രീ തീപൊള്ളലേറ്റോ മറ്റേതെങ്കിലുംതരത്തിൽ ശരീരത്തിൽ മുറിവേറ്റോ അതുമല്ലെങ്കിൽ അസാധാരണ സാഹചര്യത്തിലോ മരണപ്പെട്ടാൽ ഭർത്താവിനും ടിയാന്റെ ബന്ധുക്കൾക്കുമെതിരെ സ്ത്രീധനമരണമെന്ന കുറ്റത്തിന് കേസെടുക്കാവുന്നതാണ്. ഇത് ഇന്ത്യൻ ശിക്ഷാനിയമം 304 ബി വകുപ്പുപ്രകാരം ഏഴു വർഷത്തിൽ കുറയാതെയും, ജീവപര്യന്തം വരെയോ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

ഇന്ത്യൻ ശിക്ഷാനിയമം 306-ാംവകുപ്പുപ്രകാരം ഒരു വ്യക്തിയെ ആത്മഹത്യക്ക് നയിക്കുന്നത് പത്തു വർഷംവരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്.

## ഗർഭം അലസിപ്പിക്കൽ തുടങ്ങിയ കുറ്റങ്ങൾ

ഉത്തമവിശ്വാസത്തോടുകൂടി ഗർഭിണിയായ സ്ത്രീയുടെ ജീവൻ രക്ഷിക്കുവാൻവേണ്ടിയല്ലാതെ സ്വേച്ഛയാ ഗർഭം അലസിപ്പിക്കുന്ന ഒരാൾക്കും മൂന്നു വർഷത്തോളം ആകാവുന്ന വെറുംതടവിനോ കഠിനതടവിനോ ശിക്ഷിക്കപ്പെടാവുന്നതും അതിനുപുറമെ അയാൾക്കു പിഴശിക്ഷയും നൽകപ്പെടാവുന്നതാണ്. ആ സ്ത്രീ ജീവനുള്ള ഗർഭസ്ഥശിശുവിനോടുകൂടിയവളാണെങ്കിൽ തടവുശിക്ഷ ഏഴു വർഷത്തോളം ആകാവുന്നതും അതിനുപുറമേ പിഴശിക്ഷകൂടി ഉണ്ടാകാവുന്നതുമാണ്. തന്റെ ഗർഭം സ്വയം അലസിപ്പിക്കുന്ന സ്ത്രീയും ഇപ്രകാരമുള്ള ശിക്ഷയ്ക്ക് അർഹയായിരിക്കുന്നതാണ്. ഇക്കാര്യങ്ങൾ വ്യവസ്ഥചെയ്തിട്ടുള്ളത് 312-ാം വകുപ്പിലാണ്.

മേൽപ്പറഞ്ഞപ്രകാരം ഗർഭം അലസിപ്പിക്കുന്നത് സ്ത്രീയുടെ സമ്മതം കൂടാതെയാണെങ്കിൽ അതു ചെയ്യുന്ന ഏതൊരാളും ജീവപര്യന്തം തടവുശിക്ഷയ്ക്കോ പത്തുവർഷംവരെ വെറുംതടവിനോ കഠിനതടവിനോ ശിക്ഷിക്കപ്പെടാവുന്നതും അതിനുപുറമെ പിഴശിക്ഷയും ഉണ്ടാകും എന്ന് 313-ാംവകുപ്പിൽ പറയുന്നു.

ഗർഭം അലസിപ്പിക്കണമെന്ന ഉദ്ദേശ്യത്താടുകൂടി സ്ത്രീയുടെ മരണം സംഭവിക്കുന്ന ഏതെങ്കിലും പ്രവൃത്തിചെയ്യുന്ന ഏതൊരാളും പത്തു വർഷംവരെയാകാവുന്ന വെറുംതടവിനോ കഠിനതടവിനോ ശിക്ഷിക്കപ്പെടാവുന്നവയാണ്. പ്രസ്തുത പ്രവൃത്തി സ്ത്രീയുടെ സമ്മതംകൂടാതെയാണെങ്കിലും മേൽപ്പറഞ്ഞ ശിക്ഷ ലഭിക്കാം. താൻചെയ്യുന്ന പ്രവൃത്തി മരണത്തിനിടയാക്കിയേക്കാമെന്ന് പ്രവൃത്തിചെയ്യുന്ന ആളിന് അറിയില്ലെങ്കിൽപോലും ആ പ്രവൃത്തി കുറ്റകരവും ശിക്ഷാർഹവുമായിരിക്കും 314 -ാംവകുപ്പിലാണ് മേൽപ്പറഞ്ഞ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കപ്പെട്ടിട്ടുള്ളത്.

ഏതെങ്കിലും ശിശുവിന്റെ ജനനത്തിനുമുമ്പ്, ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതുവഴി അതു ജീവനോടെ പിറക്കുന്നതു തടയണമെന്നോ ജനിച്ചശേഷം മരിക്കാനിടയാകണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടി ആ പ്രവൃത്തിചെയ്യുകയും അതിന്റെ ഫലമായി ശിശു ജീവനോടെ പിറക്കു

ന്നതു തടയുകയോ ജനിച്ചശേഷം മരിക്കാനിടയാക്കുകയോ ചെയ്യുന്ന ഏതൊരാളും, ആ പ്രവൃത്തിചെയ്തത് ഉത്തമവിശ്വാസപൂർവം മാതാവിന്റെ ജീവൻ രക്ഷിക്കുവാൻവേണ്ടി അല്ലാത്തപക്ഷം, പത്തുവർഷംവരെയാകാവുന്ന വെറുംതടവിനോ കഠിനതടവിനോ പിഴശിക്ഷയ്ക്കോ അല്ലെങ്കിൽ രണ്ടുംകൂടിയ ശിക്ഷയ്ക്ക് വിധിക്കപ്പെടാവുന്നതാണ് എന്ന് 315-ാം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്നു.

കുറ്റകരമായ നരഹത്യയായി കണക്കാക്കപ്പെടുവാൻ സാധ്യതയുള്ള പരിതഃസ്ഥിതിയിൽ ചെയ്ത ഏതെങ്കിലും പ്രവൃത്തിമൂലം ചലനമുള്ള ഗർഭസ്ഥശിശുവിന് മരണംസംഭവിപ്പിക്കുന്ന ഏതൊരാളും പത്തുവർഷത്തോളമാകാവുന്ന വെറുംതടവിനോ കഠിനതടവിനോ ശിക്ഷിക്കപ്പെടാവുന്നതുമാണ് എന്ന് 316-ാംവകുപ്പിൽ പറയുന്നു.

ഒരു ശിശുവിന്റെ ദേഹം, ആ ശിശു മരിച്ചത് പിറക്കുന്നതിനുമുമ്പോ പിറക്കുന്നതിനുശേഷമോ പിറന്നുകൊണ്ടിരിക്കുമ്പോഴോ ആയാലും രഹസ്യമായി കൈയൊഴിയുകവഴി, ആ ശിശുവിന്റെ ജനനം മനഃപൂർവ്വം ഒളിച്ചുവയ്ക്കുകയോ ഒളിച്ചുവയ്ക്കാൻ ശ്രമിക്കുകയോചെയ്യുന്ന ഏതൊരാളും രണ്ടുവർഷംവരെയാകാവുന്ന വെറുംതടവിനോ കഠിനതടവിനോ പിഴയ്ക്കോ തടവും പിഴയുംചേർന്ന ശിക്ഷയ്ക്കോ അർഹനായിരിക്കും എന്ന് 318-ാം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്നു.

പന്ത്രണ്ടുവയസ്സിൽതാഴെ പ്രായമുള്ള കുട്ടിയെ അതിന്റെ പിതാവോ സംരക്ഷണച്ചുമതലയുള്ള ആളോ അതിനെ പൂർണ്ണമായും ഉപേക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി എവിടെയെങ്കിലും കൈവിട്ടിട്ട്പോകുന്ന പക്ഷം അവൾക്ക്/അയാൾക്ക് ഏഴുവർഷംവരെയാകാവുന്ന വെറും തടവോ കഠിനതടവോ പിഴശിക്ഷയോ ലഭിക്കാം. തടവും പിഴയും കൂടിച്ചേർന്ന ശിക്ഷയും ലഭിക്കാവുന്നതാണ്. അപ്രകാരം അരക്ഷിതമായ അവസ്ഥയിൽ വിട്ടിട്ട്പോകുന്നതിന്റെ ഫലമായി കുട്ടി മരിച്ചുപോയാൽ കൊലപാതകക്കുറ്റത്തിനോ കുറ്റകരമായ നരഹത്യക്കോ വിചാരണചെയ്യപ്പെടാവുന്നതാണ്. 317-ാം വകുപ്പിലാണ് ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കപ്പെട്ടത്. 1984-ൽ ഈ നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ കർശനമാക്കിക്കൊണ്ട് ഭേദഗതിചെയ്തു.

## സ്ത്രീധന നിരോധന നിയമം

സ്ത്രീധനസമ്പ്രദായമെന്ന സാമൂഹ്യവിപത്തിന് അറുതിവരുത്തുവാൻ 1961-ൽ സ്ത്രീധനനിരോധനനിയമം (The Dowry Prohibition Act 1961) നിലവിൽവന്നു. ആത്യന്തികമായി സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും തടയുക എന്ന ഉദ്ദേശ്യമുള്ള ഈ നിയമത്തിലെ വകുപ്പുകൾക്ക് പ്രായോഗിക രൂപംനൽകിയ കേന്ദ്രസർക്കാർ 1985-ൽ സ്ത്രീധന നിരോധനനിയമത്തിന്റെ പരിധിയിൽ ചട്ടങ്ങളും നിർമ്മിക്കുകയുണ്ടായി. (The Dowry Prohibition (Maintenance of lists of presents to the bride and bride groom Rules, 1985.)

## സ്ത്രീധനം – നിർവചനം

വിവാഹബന്ധത്തിലെ ഒരുപക്ഷം മറുപക്ഷത്തിനോ വിവാഹിതരാകുന്ന വ്യക്തികളുടെ മാതാപിതാക്കളോ മറ്റുവ്യക്തികളോ വിവാഹിതരാകുന്നവർക്കോ മറ്റുവ്യക്തികൾക്കോ വിവാഹസമയത്തോ അതിനു മുൻപോ പിൻപോ വിവാഹാനുബന്ധിയായി നൽകപ്പെടുന്ന സ്വത്തോ (Property) വിലമതിക്കുന്ന പത്രങ്ങളോ, (valuable security) നേരിട്ടോ പരോക്ഷമായോ നല്കുന്നതിനെയാണ് സ്ത്രീധനം എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്.

മുസ്ലീം വ്യക്തിനിയമത്തിന്റെ പരിധിയിൽവരുന്ന മഹർ അഥവാ ഡവർ ഈ നിർവചനത്തിൽ ഉൾപ്പെടുന്നില്ല

വിവാഹം കാരണമായി സമയപരിധിയില്ലാതെ കൈമാറ്റംചെയ്യപ്പെടുന്ന പണമോ സ്വത്തോ മൂല്യവത്തായ വസ്തുക്കളോ ഈ നിർവചനത്തിന്റെ പരിധിയിൽവരുന്നതാണ്. എന്നാൽ, ഈ നിർവ്വചനം തുടർന്നുവരുന്ന വകുപ്പിലെ നിശ്ചയങ്ങൾ കൂട്ടിച്ചേർത്ത് വായിച്ചെങ്കിലേ പൂർണമാകൂ.

## നിയമത്തിലെ ശിക്ഷകൾ

സ്ത്രീധനം വാങ്ങുന്നതും നല്കുന്നതും, വാങ്ങുവാനും നല്കുവാനും പ്രേരിപ്പിക്കുന്നതും സ്ത്രീധനം ആവശ്യപ്പെടുന്നതും നിയമത്തിൽ കുറ്റകരമാണ്.

ഒരു നിശ്ചിത തുകയോ ആഭരണങ്ങളോ ഭൂസ്വത്തോ കൊടുക്കാമെന്നുള്ള വാഗ്ദാനമാണ് ഒരാളെ വിവാഹത്തിന് സമ്മതിപ്പിക്കുന്നതെങ്കിൽ അത് സ്ത്രീധനമാണ്.

## സ്ത്രീധനം

സ്ത്രീധനം കൊടുക്കുന്നത് നിയമവിരുദ്ധമാണെങ്കിലും തനിക്കുള്ള അവകാശം സംരക്ഷിക്കപ്പെടുന്നു. സ്ത്രീധനമായി വാങ്ങിയ സ്വത്തുക്കൾ 3 മാസത്തിനകം വധുവിന് നൽകിയില്ലെങ്കിൽ ശിക്ഷാർഹമായ കുറ്റമാണ് വിവാഹിതനാകുന്ന സർക്കാർ ഉദ്യോഗസ്ഥൻ സ്ത്രീധനം വാങ്ങിയിച്ചില്ലെന്ന സത്യവാങ്മൂലം തന്റെ പിതാവ്, ഭാര്യ, ഭാര്യാപിതാവ് എന്നിവരുടെ സാക്ഷ്യപത്രങ്ങൾക്കൊപ്പം മേലുദ്യോഗസ്ഥന് സമർപ്പിക്കണം എന്നനുശാസിക്കുന്ന പുതിയ ചട്ടങ്ങൾ രൂപപ്പെടുത്തിക്കൊണ്ട് സംസ്ഥാനസർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. സ്ത്രീധനംകൊടുക്കുന്നതും വാങ്ങുന്നതും അതിന് പ്രേരിപ്പിക്കുന്നതും കുറ്റകരമാണ് അഞ്ചുവർഷത്തിൽ കുറയാത്ത തടവും പതിനയ്യായിരംരൂപയിൽ കുറയാത്തതോ സ്ത്രീധനത്തിന്റെ മൂല്യമോ ഏതാണോ കൂടുതൽ അത്രയും തുക പിഴയിനത്തിലും ശിക്ഷ വിധിക്കാം.
2. നേരിട്ടോ പരോക്ഷമായോ, വധുവിന്റെയോ വരന്റെയോ മാതാപിതാക്കളോടോ ബന്ധുക്കളോടോ രക്ഷാകർത്താവിനോടോ സ്ത്രീധനം

ആവശ്യപ്പെടുന്നത് ശിക്ഷാർഹമാണ്. ഈ കുറ്റകൃത്യത്തിന് 6 മാസ ത്തിൽ കുറയാത്തതും രണ്ട്വർഷംവരെ നീളാവുന്നതുമായ തടവും, പതിനായിരം രൂപവരെ പിഴയും വിധിക്കാവുന്നതാണ്.

ഈ രണ്ടവസരത്തിലും ഏറ്റവുംകുറഞ്ഞ ശിക്ഷ എത്രയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽപോലും മതിയായ കാരണങ്ങൾ വിധി ന്യായത്തിൽ ചേർത്ത് തടവുശിക്ഷ ഇളവുചെയ്യാൻ അതാത് കോട തികൾക്ക് അധികാരമുണ്ട്. മറ്റ് സാഹചര്യങ്ങളെല്ലാംകൂടി കണക്കി ലെടുക്കുമ്പോൾ ഈ നിയമത്തിന്റെ ആനുകൂല്യം ഉപയോഗിച്ച് നിശ്ച യിച്ചിട്ടുള്ള ഏറ്റവും കുറവ് തടവുശിക്ഷാസമയത്തേക്കാൾ കുറഞ്ഞ ശിക്ഷ വിധിക്കാൻ കോടതിക്ക് അധികാരമുണ്ടായിരിക്കും.

വിവാഹസമയത്ത് വധുവിനോ വരനോ നല്കപ്പെടുന്ന സമ്മാനങ്ങളെ സ്ത്രീധനത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്നാൽ ഇനി പറയുന്ന നിശ്ചയങ്ങൾ പാലിക്കപ്പെട്ടാൽമാത്രമേ ഈ ഒഴിവുലഭിക്കൂ.

1. സമ്മാനങ്ങൾ അവകാശമായി ആവശ്യപ്പെട്ടതാകരുത് (Demand)
2. സ്ത്രീധനനിരോധനനിയമത്തിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾ പ്രകാരം സമ്മാനങ്ങൾ ചേർക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ലിസ്റ്റ് സൂക്ഷിച്ചിരിക്കണം.
3. വധുവിനുവേണ്ടിയോ, വധുവിനോടു ബന്ധമുള്ള ആരെങ്കിലുമോ കീഴ്നടപ്പനുസരിച്ചുള്ള (customary) നല്കപ്പെടേണ്ട സമ്മാനങ്ങളുടെ ശ്രേണിയിൽപ്പെടേണ്ടതായിരിക്കണം.
4. ഇത്തരം സമ്മാനത്തിന്റെ മൂല്യം, കൊടുക്കുന്ന ആളുടേയോ ആർക്കു വേണ്ടിയാണോ കൊടുക്കപ്പെടേണ്ടത് അവരുടെയോ, സാമ്പത്തിക സാഹചര്യത്തിന് ആനുപാതികമല്ലാത്ത തരത്തിലാകരുത്.

# ഭാഗം – രണ്ട്

# ക്രിമിനൽ നിയമങ്ങൾ

# 1. ഒരു ക്രിമിനൽകേസ് രജിസ്റ്റർ ചെയ്യുന്നതും ചാർജ്ജ് ചെയ്യുന്നതും എങ്ങിനെ

**പോ**ലീസ് ഒരു കേസ് രജിസ്റ്റർ ചെയ്താൽ അത് അന്വേഷിച്ച് ചാർജ്ജ് കോടതിയിൽ ഹാജരാക്കി വിചാരണയ്ക്ക് സജ്ജമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ക്രിമിനൽ നടപടി നിയമത്തിൽ പന്ത്രണ്ടാം അദ്ധ്യായത്തിൽ പ്രതി പാദിച്ചിരിയ്ക്കുന്നു. സ്വകാര്യ അന്യായങ്ങൾക്കും പോലീസ് ചാർജ്ജ് ചെയ്യുന്ന കേസുകൾക്കും വെവ്വേറെ നടപടി ക്രമങ്ങളാണ് നിശ്ചയിച്ചിരി ക്കുന്നത്. ഒരു കേസ് ചാർജ്ജുചെയ്ത് വിചാരണക്കെത്തുന്നതുവരെ വളരെ സങ്കീർണ്ണവും നിശ്ചിതവുമായ ചില നടപടിക്രമങ്ങൾ പാലിയ്ക്കേണ്ടതുണ്ട്.

## എഫ്.ഐ.ആർ

ഇത് ഒരു കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ആദ്യനടപടിയാണ്. എഫ്. ഐ.ആർ എന്നുള്ളത് ആദ്യമായി രേഖപ്പെടുത്തുന്ന അല്ലെങ്കിൽ ആദ്യ മായി ലഭിയ്ക്കുന്ന വിവരത്തിന്റെ റിപ്പോർട്ട് എന്നു പറയുന്നതിന്റെ ചുരു ക്കപ്പേരാണ്.

പോലീസിന് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാവുന്നതും (Cognizable) അപ്രകാരം രജിസ്റ്റർ ചെയ്യാൻ നിവൃത്തിയില്ലാത്തതും (Non-Cognizable) എന്നു രണ്ടുവിധമായി കേസുകളെ തരം തിരിച്ചിരിയ്ക്കുന്നു. കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാവുന്ന കേസുകളും അല്ലാത്തവയും ഏതൊ ക്കെയെന്ന് ക്രിമിനൽ നടപടി നിയമത്തിന്റെ അനുബന്ധമായി ചേർത്തി ട്ടുള്ള പട്ടിക യിൽ പ്രത്യേകം വിവരിക്കുന്നുണ്ട്.

പോലീസിനു രജിസ്റ്റർ ചെയ്യാവുന്ന ഒരു കുറ്റകൃത്യം നടന്നതായി രേഖാമൂലമായോ അല്ലാതെയോ ഒരു പോലീസ് സ്റ്റേഷനിൽ വിവരം ലഭിയ്ക്കുകയാണെങ്കിൽ ആ സമയം സ്റ്റേഷൻ ചാർജ്ജിലിരിയ്ക്കുന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അതപ്പോൾതന്നെ രേഖപ്പെടുത്തുകയും, അങ്ങനെ രേഖപ്പെടുത്തിയ വിവരങ്ങൾ അയാളെ വായിച്ചു കേൾപ്പിച്ച് ബോദ്ധ്യപ്പെടുത്തി ഒപ്പുടുവിച്ചു വാങ്ങിക്കുകയും വേണം. അതിന്റെ പകർ പ്പ് വിവരം നല്കിയ ആൾക്ക് സൗജന്യമായി കൊടുക്കുകയും വേണം. ഇതാണ് ആ കേസിന്റെ എഫ്.ഐ.ആർ എന്ന രേഖ. ഇങ്ങിനെ രേഖപ്പെടുത്തുന്നതിന്റെ വിവരം രജിസ്റ്ററിൽ ചേർത്തിരിയ്ക്കണം എന്നും അതേതുടർന്ന് കേസ് രജിസ്റ്റർ ചെയ്തിരിക്കണം എന്നുള്ളതും പോലീസ് ഉദ്യോഗസ്ഥന്റെ കടമയാണ്. ഒരു ടെലഫോൺ മെസ്സേജ്, കമ്പിവാർത്ത ഇവയും സാഹചര്യങ്ങളനുസരിച്ച് F.I.R ആയി പരിഗണിച്ച് രേഖപ്പെടു

ത്താമെന്നും നിയമം അനുശാസിക്കുന്നു. കുറ്റകൃത്യം ചെയ്തവരുടെ പേരും മേൽവിലാസവും ഇല്ലെങ്കിൽപോലും കേസ് രജിസ്റ്റർ ചെയ്തിരിക്കണം. സാഹചര്യങ്ങളനുസരിച്ച് F.I.R രേഖപ്പെടുത്തുന്നതിന് വിവരം നൽകുന്നയാളിന് സംഭവത്തെപ്പറ്റി നേരിട്ടുള്ള അറിവ് ഉണ്ടായിരിയ്ക്കണമെന്നില്ല.

ഒരു കേസ് രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ഉടൻതന്നെ കേസിന്റെ അന്വേഷണം തുടങ്ങേണ്ടതാണ്. സംഭവസ്ഥലം സന്ദർശിച്ച് വേണ്ട അന്വേഷണങ്ങൾ നടത്തുകയും തുടർന്ന് കുറ്റവാളിയെ അറസ്റ്റു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

എന്നാൽ പോലീസിന് കേസ് എടുത്ത് അന്വേഷണം നടത്തുന്നതിന് അധികാരമില്ലാത്ത കുറ്റകൃത്യമാണ് സ്റ്റേഷനിൽ റിപ്പോർട്ടു ചെയ്യപ്പെടുന്നതെങ്കിൽ ആ വിവരം രേഖപ്പെടുത്തിയശേഷം മജിസ്ട്രേട്ടിന്റെ രേഖാമൂലമുള്ള അനുവാദം വാങ്ങിക്കഴിഞ്ഞ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താം. അപ്രകാരം അന്വേഷണം ഏറ്റെടുക്കുന്നില്ലായെങ്കിൽ ആ വിവരം ഉടൻതന്നെ കുറ്റകൃത്യത്തെപ്പറ്റി സ്റ്റേഷനിൽ വിവരം നൽകുന്നയാളിനെ രേഖാമൂലം അറിയിച്ചിരിക്കണം. എന്നുമാത്രമല്ല, മേലധികാരിയെ ആ വിവരം അറിയിക്കുകയും വേണം. അങ്ങിനെ കേസെടുക്കാതെയിരുന്നാൽ മേലുദ്യോഗസ്ഥനും ആ വിവരം കോടതിയെ ധരിപ്പിച്ചിരിക്കണം. കോടതിക്ക് ആ വിവരത്തെപ്പറ്റി സ്വയം അന്വേഷിക്കുകയോ തന്റെ കീഴിലുള്ള മറ്റൊരു ജുഡീഷ്യൽ മജിസ്ട്രേട്ടിനെകൊണ്ട് അന്വേഷിപ്പിക്കുകയോ ചെയ്യാം.

ഒരു പോലീസ് സ്റ്റേഷനിൽ ലഭിയ്ക്കുന്ന കുറ്റകൃത്യ വിവരത്തെപ്പറ്റി നടപടികൾ സ്വീകരിയ്ക്കുന്നതിന് പോലീസധികാരി തയ്യാറായില്ലെങ്കിൽ കുറ്റകൃത്യത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തി കേസ് അന്വേഷണം തുടരുന്നതിന് പോലീസുദ്യോഗസ്ഥനോട് ആവശ്യപ്പെടുന്നതിന്. മജിസ്ട്രേട്ടിന് അധികാരം ഉണ്ട്.

## കേസന്വേഷണം

കേസ് രേഖാമൂലം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം കേസിന്റെ അന്വേഷണം ഏറ്റെടുത്ത് നടത്തുന്നതിനും മറ്റും പോലീസ് ഉദ്യോഗസ്ഥന് അധികാരമുണ്ട്. ഈ കേസിലെ സംഭവത്തെപ്പറ്റി അറിയാമെന്നും അറിയാൻ സാദ്ധ്യതയുണ്ടെന്നും കാണുന്ന ആരേയും കേസന്വേഷണത്തിനുവേണ്ടി നോട്ടീസയച്ചു വരുത്തി ചോദ്യം ചെയ്ത് തെളിവു ശേഖരിക്കുന്നതിന്  അന്വേഷണോദ്യോഗസ്ഥന് അധികാരം ഉണ്ട്. അങ്ങിനെ പോലീസ് ആവശ്യപ്പെട്ടാൽ സ്റ്റേഷനിൽ ഹാജരായി തെളിവുനൽകാൻ തയ്യാറാകാത്തവരുടെ പേരിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും അന്വേഷണോദ്യോഗസ്ഥന് അധികാരമുണ്ട്. എന്നാൽ സ്ത്രീകളെയും, പതിനഞ്ചു വയസ്സിൽ താഴെ മാത്രം പ്രായമുള്ള കുട്ടികളേയും അപ്രകാരം നോട്ടീസയച്ചു വരുത്താൻ പാടില്ല. അങ്ങിനെ

ചെയ്താൽ അത് നിയമലംഘനമായി കണക്കാക്കണമെന്ന് നന്ദിനി സത്പതിയുടെ കേസിൽ സുപ്രീം കോടതി വിധിച്ചിട്ടുണ്ട്.

ഇപ്രകാരം ഹാജരാകുന്ന ആളിനോടു കേസിലെ സംഭവത്തെപ്പറ്റി ചോദിച്ച് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥന് അധികാരമുണ്ട്.

161-ാം വകുപ്പ് അനുസരിച്ച് പോലീസ് ഉദ്യോഗസ്ഥൻ രേഖപ്പെടുത്തുന്ന സ്റ്റേറ്റുമെന്റിൽ സാക്ഷിയെക്കൊണ്ട് ഒപ്പിടുവിക്കാൻ പാടില്ല. ആ സാക്ഷിയെ വിസ്തരിക്കുമ്പോൾ അയാൾ ആ സ്റ്റേറ്റുമെന്റിനു വിരുദ്ധമായി കോടതിയിൽ മൊഴിനൽകുകയാണെങ്കിൽ ആ മൊഴിഭാഗം അയാളുടെ ശ്രദ്ധയിൽപ്പെടുത്തി അയാളെ എതിർക്കുന്നതിന് മാത്രമേ അതു പയോഗിക്കാവൂ. പോലീസിനു കൊടുത്തിരിക്കുന്ന മൊഴിയിൽ എന്തുപറഞ്ഞിരുന്നാലും അതു കോടതി സ്വീകാര്യമായ തെളിവായി അംഗീകരിയ്ക്കുകയില്ലെന്നു മാത്രമല്ല ആ കാരണംകൊണ്ടുതന്നെ അയാൾ പരസ്പരവിരുദ്ധമായി സ്റ്റേറ്റുമെന്റു നൽകുന്നു എന്ന് വരുത്തിതീർക്കുന്നതിനും അയാളുടെ സ്റ്റേറ്റ്മെന്റ് നിരാകരിക്കുന്നതിനും സാധിക്കും.

ഇപ്രകാരം പോലീസുദ്യോഗസ്ഥൻ മൊഴി രേഖപ്പെടുത്തുന്നതിന് യാതൊരു പ്രലോഭനങ്ങളും സ്വാധീനവും പ്രയോഗിക്കുവാൻ പാടില്ല.

കേസന്വേഷണത്തിനിടെ ഒരു പ്രതി കുറ്റസമ്മതമൊഴി നൽകുകയാണെങ്കിൽ അതു രേഖപ്പെടുത്തുന്നതിന് 164-ാം വകുപ്പനുസരിച്ചു മജിസ്ട്രേട്ടിനെ സമീപിക്കാവുന്നതാണ്. ഒരു ഡോക്ടറുടെ അടുത്തോ ഉത്തരവാദപ്പെട്ട ഒരാളുടെ അടുത്തോ കൊടുക്കുന്ന കുറ്റസമ്മതമൊഴിയും പ്രസ്ക്തമായ തെളിവായി കണക്കാക്കും. മജിസ്ട്രേട്ടാണ് അപ്രകാരം മൊഴി രേഖപ്പെടുത്തുന്നതെങ്കിൽ മൊഴി നൽകുന്നതിനുമുമ്പ് വീണ്ടുവിചാരത്തിന് അയാൾക്ക് അവസരം നൽകുകയും, ആ സ്റ്റേറ്റുമെന്റിന്റെ നിയമസാധുത അയാളെ ബാദ്ധ്യപ്പെടുത്തുകയും, അപ്രകാരം ഒരു സ്റ്റേറ്റുമെന്റ് സ്വമേധയാ നൽകുന്നതാണോ എന്ന് ബോദ്ധ്യം വരുത്തുകയും വേണം.

കേസന്വേഷണവേളയിൽ സ്റ്റേറ്റുമെന്റ് രേഖപ്പെടുത്തുന്നതിനും തെളിവ് കണ്ടെടുക്കുന്നതിനും വേണ്ടി ശോധനചെയ്ത് (Search) തെളിവ് കണ്ടെടുക്കുന്നതിനും അന്വേഷണ ഉദ്യോഗസ്ഥന് അധികാരമുണ്ട്. അതിനുവേണ്ടി സെർച്ച് വാറണ്ട് കോടതിയിൽ നിന്നും വാങ്ങുന്നതിനും അന്വേഷണോദ്യോഗസ്ഥന് നടപടി സ്വീകരിക്കാം. അപ്രകാരം നടപടി സ്വീകരിക്കുന്നത് കാലതാമസം വരുന്നതാണെങ്കിൽ തെളിവു നശിപ്പിക്കാതെയിരിക്കുന്നതിലേക്കായി ഒരു മെമ്മോ തയ്യറാക്കി കോടതിക്ക് അയച്ച ശേഷം തെരച്ചിൽ നടത്താവുന്നതാണ്.

കേസന്വേഷണത്തിനുവേണ്ടി ഭാരതത്തിനു വെളിയിൽ പോകുന്നതിനും കോടതിയുടെ അനുമതി വാങ്ങാവുന്നതാണ്.

അന്വേഷണത്തിനിടെ ഒരു കുറ്റവാളിയെ അറസ്റ്റു ചെയ്താൽ ഇരുപത്തിനാലു മണിക്കൂറിനകം അയാളെ കോടതിയിൽ ഹാജരാക്കിയിരി

ക്കണം. അറസ്റ്റിനെ സംബന്ധിച്ച് സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിരിക്കണം. ജാമ്യം കൊടുക്കാവുന്ന കേസല്ലെങ്കിൽ പ്രതിക്ക് 14 ദിവസത്തേക്ക് കോടതി റിമാന്റ് അനുവദിക്കും. അതിനിടെ കേസന്വേഷണത്തിനായി അയാളെ കോടതി അനുവാദത്തോടെ പോലീസ് കസ്റ്റഡിയിൽ വാങ്ങാവുന്നതാണ്.

അപ്രകാരം റിമാന്റു ചെയ്യുന്നയാളിന്റെ പേരിലുള്ള കുറ്റം പത്തുകൊല്ലത്തിൽ കൂടുതലോ ജീവപര്യന്തമോ ശിക്ഷ ലഭിക്കാവുന്ന ഒന്നാണെങ്കിൽ തൊണ്ണൂറു ദിവസത്തിനകം ചാർജ്ജു ഹാജരാക്കിയിട്ടില്ലെങ്കിൽ കോടതിയിൽ നിന്നും അയാളെ സ്വന്തം ജാമ്യത്തിൽ വിട്ടയക്കണം.

ഇപ്രകാരം നടത്തുന്ന അന്വേഷണത്തിൽ ഒരാളുടെ മേൽ ചാർജ്ജു കൊടുക്കത്തക്ക കുറ്റം വെളിവായിട്ടില്ലെങ്കിൽ ആവശ്യപ്പെടുമ്പോൾ കോടതിയിൽ ഹാജരാകാമെന്നുള്ള വ്യവസ്ഥയിൽ അയാളെ വിട്ടയയ്ക്കേണ്ടതാണ്.

കോടതിയിൽ ഹാജരാക്കുന്ന ചാർജ്ജിൽ പ്രതിയുടെ മേൽവിലാസം, കുറ്റത്തിന്റെ സ്വഭാവം, സാക്ഷികളുടെ മേൽവിലാസവും വിവരങ്ങളും എന്നിവ അടങ്ങിയിരിക്കണം. അതുകൂടാതെ എല്ലാ റിക്കാർഡുകളുടെയും പകർപ്പുകളും പ്രതിക്ക് നൽകുന്നതിന് വേണ്ടി ഹാജരാക്കുകയും വേണം.

174-ാം വകുപ്പനുസരിച്ച് ഒരു മരണം ആത്മഹത്യയാണെങ്കിൽ അതിനുള്ള നടപടികൾ പോലീസ് സ്വീകരിക്കുകയും വിശദവിവരങ്ങൾ രേഖപ്പെടുത്തി പ്രേതവിചാരണയും തെളിവെടുപ്പും നടത്തുകയും ചെയ്തിരിക്കണം. ആത്മഹത്യയോ ദുരൂഹമരണമൊ ആണെങ്കിൽ അതേപ്പറ്റി തെളിവെടുക്കുന്നതിനുള്ള അധികാരം ഡിസ്ട്രിക്റ്റ് (എക്സിക്യൂട്ടീവ്) മജിസ്ട്രേട്ടിനാണ്.

സ്വകാര്യ അന്യായം ഫയലിൽ സ്വീകരിക്കുന്നതിനും വിചാരണ ചെയ്യുന്നതിനും ഉള്ള നടപടികൾ വ്യത്യസ്ഥമാണ്.

# 2. അറസ്റ്റ്, ജാമ്യം

**ദൈ**നംദിനം കേട്ടും കണ്ടും പരിചയിച്ച ഒരു പദമാണ് അറസ്റ്റ്. പോലീസിനുപോലും പലപ്പോഴും നിയമവിധേയമായ അറസ്റ്റിനുശേഷമുള്ള നടപടികൾ ശരിയായ വിധത്തിൽ അറിയില്ല എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അറസ്റ്റ് എന്നാൽ കൈവിലങ്ങണിയിക്കൽ എന്നല്ല അർത്ഥം. അറസ്റ്റു ചെയ്യപ്പെടേണ്ടയാളിന്റെ ദേഹത്ത് സ്പർശിച്ച് "താങ്കൾ അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നു" എന്ന് അറസ്റ്റു ചെയ്യുന്ന പോലീസുദ്യോഗസ്ഥൻ പറഞ്ഞാൽ അത് നിയമാനുസൃതമായ അറസ്റ്റാണ്. അറസ്റ്റു ചെയ്യപ്പെട്ടയാൾ ഓടി രക്ഷപ്പെടുവാൻ സാധ്യതയുണ്ടെങ്കിലോ മറ്റു സുരക്ഷാ കാരണങ്ങളാലോ മാത്രമേ കൈവിലങ്ങ് അണിയിക്കാൻ പാടുള്ളൂ. അറസ്റ്റും കസ്റ്റഡിയും തെറ്റിദ്ധരിപ്പിക്കാവുന്ന സമാനതകളുള്ള

പദങ്ങളാണ്. ഇത് പലപ്പോഴും മാറിയും മറിച്ചും ഉപയോഗിച്ചു വരുന്നു. എന്നാൽ ഒരാളെ കസ്റ്റഡിയിലെടുത്താൽ മാത്രം അയാൾ അറസ്റ്റിലാവു കയില്ല. കസ്റ്റഡിയിലെടുത്ത ആളിനെ പലപ്പോഴും ദിവസങ്ങളോളം അങ്ങനെ തന്നെ സൂക്ഷിച്ചതിനുശേഷമാവും പോലീസ് അറസ്റ്റിലുൾ പ്പെടുത്തുക. ഇത് നിയമവിധേയമല്ല ഇത്തരത്തിൽ നിയമവിധേയമല്ലാത്ത കസ്റ്റഡി സൂക്ഷിപ്പുകൾ കൂടുതൽ വ്യാപകമാകുന്നതായി ബോധ്യപ്പെട്ട തുകൊണ്ടാണ് നമ്മുടെ പരമോന്നത നീതിപീഠം 1997-ൽ അറസ്റ്റിനെ സംബന്ധിച്ച ചില കർശന നിർദ്ദേശങ്ങൾ ഒരു വിധിയുടെ രൂപത്തിൽ നൽകിയിട്ടുള്ളത്. ആ മാർഗ്ഗനിർദ്ദേശങ്ങൾ ഈ അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്.

അറസ്റ്റിനുള്ള അധികാരം നൽകിയിരിക്കുന്നത് ക്രിമിനൽ നടപടി നിയമത്തിലാണ്. ക്രിമിനൽ നടപടി നിയമം അഞ്ചാം അദ്ധ്യായത്തിൽ 41 മുതൽ അറുപതുവരെയുള്ള വകുപ്പുകൾ അറസ്റ്റിനെപ്പറ്റി പ്രതിപാ ദിക്കുന്നു. പോലീസിന് കേസ് രജിസ്റ്റർ ചെയ്യാവുന്ന വിധത്തിലുള്ള കുറ്റം ചെയ്ത (Cognizable offence) ഒരാളെയോ അപ്രകാരമുള്ള കുറ്റം ചെയ്തിരിക്കാനിടയുണ്ടെന്ന് ന്യായമായി സംശയിക്കാവുന്ന ഒരാളെയോ പോലീസുദ്യോഗസ്ഥന് അറസ്റ്റു ചെയ്യാവുന്നതാണെന്നും അതിന് കോട തിയുടെ വാറന്റിന്റെ ആവശ്യമില്ലെന്നും ക്രി.ന.നി 41-ാം വകുപ്പിൽ പറയുന്നു. അതുപോലെതന്നെ ഭവനഭേദനത്തിന് ഉപയോഗിക്കാവുന്ന ആയുധസാമഗ്രികൾ കൈവശത്തിൽ കാണപ്പെടുന്ന ഒരാളെയും സ്ഥിരം കുറ്റവാളിയായ ഒരാളെയും കോടതിയുടെ വാറണ്ടു കൂടാതെതന്നെ പോലീസിന് അറസ്റ്റുചെയ്യാവുന്നതാണ്. സായുധസേനയിൽനിന്ന് ഒളിച്ച് പോന്ന ഒരാളെയും, കവർച്ചമുതൽ കൈവശം സൂക്ഷിച്ചിരിക്കുന്ന ആളെ യും, അറസ്റ്റു ചെയ്യുന്നതിന് വാറണ്ടിന്റെ ആവശ്യമില്ല. ഒരു പോലീ സുദ്യോഗസ്ഥൻ ഡ്യൂട്ടിയിലാണെങ്കിൽ അയാൾ നിയമാനുസൃതമായി പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവിനെയും അനുസരിക്കാതെ ഇരിക്കുന്നവ രെയോ, ധിക്കരിയ്ക്കുന്നവരെയോ അറസ്റ്റുചെയ്യാവുന്നതാണ് എന്ന് ക്രിമിനൽ നടപടി നിയമത്തിലും പോലീസ് ആക്റ്റിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സ്ഥിരം കുറ്റവാളിയായ ഒരാളെ പോലീസ് ഉദ്യോഗസ്ഥന് വാറ ണ്ടില്ലാതെ അറസ്റ്റു ചെയ്യുകയോ, അയാളെ അറസ്റ്റു ചെയ്യുന്നതിന് സാധാരണക്കാരനായ പൗരനോട് നിർദ്ദേശിക്കുകയോ ചെയ്യാവു ന്നതാണ്. ഡ്യൂട്ടിയിലുള്ള ഒരു പോലീസുദ്യോഗസ്ഥൻ സംശയാസ് പദമായി കാണപ്പെടുന്ന ഒരാളോട് പേരും മേൽവിലാസവും ആവശ്യ പ്പെട്ടാൽ, അത് തെറ്റായി പറയുകയോ, പറയാൻ വിമുഖത കാട്ടു കയോ ചെയ്താൽ അയാളെ പോലീസുദ്യോഗസ്ഥന് അറസ്റ്റു ചെയ്യാ വുന്നതാണ്. ശരിയായ വിവരങ്ങൾ 24 മണിക്കൂറിനകം കിട്ടുന്നില്ലാ യെങ്കിൽകൂടി അയാളെ 24 മണിക്കൂറിനകം മജിസ്ട്രേറ്റു മുമ്പാകെ ഹാജരാക്കേണ്ടതാണ്.

## സാധാരണ പൗരന് അറസ്റ്റുചെയ്യാം!

കുറ്റവാളിയായ ഒരാളെ പോലീസുദ്യോഗസ്ഥന് അറസ്റ്റുചെയ്യാം എന്നതുപോലെ അങ്ങനെയുള്ള ഒരാളെ അറസ്റ്റുചെയ്യുന്നതിനുള്ള അധികാരം ഒരു സാധാരണ പൗരനും നിയമം അനുവദിച്ചു തരുന്നുണ്ട്. ഒരു പ്രഖ്യാപിത കുറ്റവാളിയെയും (Proclaimed offender) കുറ്റകൃത്യത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഒരാളെയും ഏതൊരു സാധാരണ പൗരനും നിയമവിധേയമായി അറസ്റ്റുചെയ്യാവുന്നതാണ്. അപ്രകാരം അറസ്റ്റു ചെയ്താൽ ഉടൻതന്നെ ആ കുറ്റവാളിയെ ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ ഹാജരാക്കേണ്ടതാണ്. എന്നാൽ അയാൾ ഒരു കുറ്റകൃത്യത്തിലും ഉൾപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാവുന്നപക്ഷം ഉടൻതന്നെ അയാളെ വിട്ടയയ്ക്കേണ്ടതാണ്. മേൽപറഞ്ഞ രണ്ടു സാഹചര്യങ്ങളിൽ ഒരു സാധാരണപൗരൻ പോലീസ് ഉദ്യോഗസ്ഥന് തുല്യനാവുന്നു എന്നുള്ളതാണ് ക്രിമിനൽ നടപടിനിയമം 43-ാം വകുപ്പുകൊണ്ടുള്ള നേട്ടം. ഇപ്രകാരം അറസ്റ്റുചെയ്യപ്പെട്ടയാളെ പോലീസ് വീണ്ടും അറസ്റ്റ് (Re-arrest) ചെയ്യേണ്ടതുണ്ട്.

ഒരു മജിസ്ട്രേട്ടിന്റെ മുമ്പിൽവച്ച് ഒരു കുറ്റകത്യം ചെയ്യുന്നയാളെ അദ്ദേഹത്തിനു തന്നെ അറസ്റ്റു ചെയ്യുകയോ മറ്റൊരാളോട് ആ കുറ്റവാളിയെ അറസ്റ്റുചെയ്യുന്നതിന് ഉത്തരവു കൊടുക്കുകയോ ചെയ്യാവുന്നതാണ്.

അറസ്റ്റു ചെയ്യപ്പെടേണ്ടയാൾ അറസ്റ്റിനു കീഴ്പ്പെടുന്നില്ലായെങ്കിൽ എന്തുചെയ്യണമെന്നും നിയമം പറയുന്നുണ്ട്. അങ്ങനെയാണെങ്കിൽ അയാളുടെ ദേഹത്തുതൊട്ടോ ബന്ധനത്തിലാക്കിയോ അറസ്റ്റുചെയ്യേണ്ടതാണ്. ആവശ്യം വേണ്ടുന്നതായ ബലപ്രയോഗത്തെപ്പറ്റി ഇവിടെയാണ് സൂചനയുള്ളത്. അറസ്റ്റിനു കീഴ്വഴങ്ങാത്തയാളിനെ രക്ഷപ്പെടുവാനനുവദിക്കാതെ അറസ്റ്റു നടപ്പിലാക്കുന്നതിന് ആവശ്യം വേണ്ടതായ ബലപ്രയോഗം നടത്താവുന്നതാണ്.

## അറസ്റ്റ്ചെയ്യുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ

പോലീസ് കസ്റ്റഡിയിൽവെച്ചുള്ള പീഡനം തടയുന്നതിനായി അനുവർത്തിക്കേണ്ടതായ ചില നിർദേശങ്ങൾ ഡി.കെ.ബാസു എന്ന ആൾ പശ്ചിമബംഗാൾസർക്കാരിനെതിരെകൊടുത്ത കേസിൽ സുപ്രീംകോടതി നൽകുകയുണ്ടായി. അവ താഴെപ്പറയുംപ്രകാരമാണ്

1. അറസ്റ്റോ ചോദ്യംചെയ്യലോ നടത്തുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ അവരെ തിരിച്ചറിയത്തക്കവിധത്തിലുള്ള തിരിച്ചറിയൽ ചിഹ്നങ്ങളും പേരും ഉദ്യോഗപ്പേരുമുള്ള ടാഗും ധരിച്ചിരിക്കണം. അറസ്റ്റുചെയ്യപ്പെട്ടിട്ടുള്ള ആളിനെ ചോദ്യംചെയ്യുന്നതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥൻമാരുടേയും വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കണം.

2. അറസ്റ്റുനടത്തുന്ന പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റുനടത്തുന്ന സമയത്ത് ഒരു മെമ്മോ തയ്യാറാക്കേണ്ടതും ആ മെമ്മോ അറസ്റ്റുചെയ്യപ്പെട്ട ആളിന്റെ കുടുംബത്തിലെ ഒരു അംഗമോ അറസ്റ്റുനടന്ന സ്ഥലത്തെ ബഹുമാന്യനായ ഒരു വ്യക്തിയോ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്.

3. അറസ്റ്റുചെയ്യപ്പെടുകയോ തടഞ്ഞുവയ്ക്കപ്പെടുകയോ ചെയ്യുകയും പോലീസ്സ്റ്റേഷനിലോ ചോദ്യംചെയ്യൽകേന്ദ്രത്തിലോ ലോക്കപ്പിലോ കസ്റ്റഡിയിലായിരിക്കുകയുംചെയ്യുന്ന ആളിന് താൻ അപ്രകാരം അറസ്റ്റുചെയ്യപ്പെടുകയും തടഞ്ഞുവയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നതായി തന്റെ ഒരു സുഹൃത്തിനേയോ ബന്ധുവിനെയോ താൻ അറിയുന്നതോ തന്നിൽ താൽപ്പര്യമുള്ളതോ ആയ മറ്റൊരാളിനെയോ അറിയിക്കുവാൻ അവകാശമുണ്ട്. (എന്നാൽ മേൽപ്പറഞ്ഞ മെമ്മോ സാക്ഷ്യപ്പെടുത്തിയത് അത്തരം ഒരു സുഹൃത്തോ ബന്ധുവോ ആണെങ്കിൽ ഈ വ്യവസ്ഥ ബാധകമല്ല.)

4. അറസ്റ്റുചെയ്യപ്പെട്ട ആളിന്റെ സുഹൃത്തോ അടുത്തബന്ധുവോ ആ ജില്ലയ്ക്കോ പട്ടണത്തിനോ വെളിയിലാണെങ്കിൽ അറസ്റ്റുചെയ്ത സമയം, തീയതി, കസ്റ്റഡിയിൽവച്ചിരിക്കുന്ന ഇടം എന്നിവ അറസ്റ്റ് നടന്ന് 8 മണിക്കൂറിനും 12 മണിക്കൂറിനും ഇടയിൽ ജില്ലയിലെ നിയമസഹായസംഘടനയിലൂടെയും ബന്ധപ്പെട്ട പ്രദേശത്തെ പോലീസ്സ്റ്റേഷൻ മുഖേനയും വിഞ്ജാപനംചെയ്യിക്കേണ്ടതാണ്.

5. അറസ്റ്റുചെയ്യപ്പെട്ട ആളെ തന്റെ അറസ്റ്റിനെയോ തടഞ്ഞുവയ്ക്കലിനേയോപറ്റി മേൽപറഞ്ഞപ്രകാരം അറിയിക്കുവാനുള്ള അവകാശത്തെപ്പറ്റി ബോധവാനാക്കേണ്ടതാണ്.

6. തടങ്കലിൽവച്ചിട്ടുള്ള സ്ഥലത്ത് ഒരു ഡയറിയിൽ അറസ്റ്റിനെപ്പറ്റിയുള്ള ഒരു കുറിപ്പ് രേഖപ്പെടുത്തേണ്ടതും അതിൽ മേൽപ്പറഞ്ഞപ്രകാരം വിവരം അറിയിക്കപ്പെട്ട അടുത്ത സുഹൃത്തിന്റേയോ ബന്ധുവിന്റേയോ പേരും അറസ്റ്റ്ചെയ്യപ്പെട്ട ആളെ കസ്റ്റഡിയിൽവച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരും മറ്റുവിവരങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്.

7. അറസ്റ്റ്ചെയ്യപ്പെടുന്ന ആൾ ആവശ്യപ്പെടുന്നപക്ഷം ആ സമയത്ത് അയാളുടെയോ അവളുടെയോ ശരീരത്തിലുള്ള ചെറുതും വലുതുമായ ക്ഷതങ്ങളും മുറിവുകളുംമറ്റും പരിശോധിച്ച് രേഖപ്പെടുത്തേണ്ടതാണ്. ഈ പരിശോധനാമെമ്മോയിൽ അറസ്റ്റുചെയ്യപ്പെട്ട ആളും പരിശോധന നടത്തിയ പോലീസ്ഉദ്യോഗസ്ഥനും ഒപ്പുവെയ്ക്കേണ്ടതാണ്. ഇതിന്റെ പകർപ്പ് അറസ്റ്റ്ചെയ്യപ്പെട്ട ആൾക്കും അറസ്റ്റുനടത്തിയ പോലീസ് ഉദ്യോഗസ്ഥനും നൽകേണ്ടതാണ്.

8. അറസ്റ്റുചെയ്യപ്പെട്ട ആളെ, അയാളെ കസ്റ്റഡിയിൽവച്ചിരിക്കുന്ന കാലയളവിൽ ഓരോ 48 മണിക്കൂറിലും സംസ്ഥാനസർക്കാരിന്റെ

ആരോഗ്യവകുപ്പ് ഡയറക്ടർ അംഗീകരിച്ച ഡോക്ടർമാരുടെ പാന ലിൽപ്പെട്ട ഒരു ഡോക്ടർ പരിശോധിക്കേണ്ടതാണ്.

9. മേൽപ്പറഞ്ഞ അറസ്റ്റു സംബന്ധിച്ച മെമ്മോ ഉൾപ്പെടെയുള്ള എല്ലാ രേഖകളുടെയും പകർപ്പ് തൽപ്രദേശത്ത് ആധികാരികതയുള്ള മജി സ്ട്രേറ്റിന് അദ്ദേഹത്തിന്റെ രേഖകളിൽ ഉൾക്കൊള്ളിക്കുന്നതിനായി അയച്ചുകൊടുക്കേണ്ടതാണ്.

10. ചോദ്യംചെയ്യൽസമയത്ത് തന്റെ അഭിഭാഷകനെ കാണുവാൻ അറ സ്റ്റുചെയ്യപ്പെട്ട ആളെ അനുവദിക്കേണ്ടതാണ്. എന്നാൽ ചോദ്യംചെ യ്യുന്ന സമയം മുഴുവൻ ഇപ്രകാരം അനുവദിക്കണമെന്നില്ല.

11. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാനതലസ്ഥാനത്തും ഓരോ പോലീസ് കൺട്രോൾറൂമുകൾ ഏർപ്പെടുത്തേണ്ടതും ഒരു അറസ്റ്റുന ടന്നു 12 മണിക്കുറിനുള്ളിൽ അതിനെ സംബന്ധിച്ച വിവരം അറസ്റ്റുനട ത്തുന്ന ഉദ്യോഗസ്ഥൻ കൺട്രോൾറൂമിൽ അറിയിക്കേണ്ടതും അവിടെ അത് പ്രത്യക്ഷമായി കാണത്തക്കവിധം ഒരു നോട്ടീസ്ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. സ്ത്രീകളെ അറസ്റ്റുചെയ്യുമ്പോൾ സാ ധാരണഗതിയിൽ വനിതാപോലീസ് ഉണ്ടായിരിക്കണമെന്ന് പോലീ സിന് നിർദ്ദേശമുണ്ടെങ്കിലും കുറ്റവാളി രക്ഷപ്പെടാനുള്ള സാധ്യത തുടങ്ങിയ പ്രത്യേക സാഹചര്യങ്ങളിൽ പുരുഷനായ പോലീസു ദ്യോഗസ്ഥനും സ്ത്രീയെ അറസ്റ്റുചെയ്യാം. അത്തരം സന്ദർഭങ്ങളിൽ പ്രത്യേക സാഹചര്യങ്ങൾ എന്തായിരുന്നുവെന്ന് ആ പോലീസുദ്യോ ഗസ്ഥൻ രേഖപ്പെടുത്തണം. സ്ത്രീയുടെ മാന്യത പാലിച്ചുകൊണ്ടു വേണം ആ സന്ദർഭങ്ങളിൽപ്പോലും പോലീസ് അറസ്റ്റുചെയ്യേണ്ടത്.

## ജാമ്യം

അറസ്റ്റു ചെയ്തു കഴിഞ്ഞ ഒരാളെ 24 മണിക്കൂറിനകം കോടതി മുമ്പാകെ ഹാജരക്കാണ്ടതാണ് എന്ന് നേരത്തെ പറഞ്ഞുവല്ലോ. കേസു കൾ സാധാരണ ജാമ്യം കിട്ടാവുന്നതും അല്ലാത്തതുമായ രണ്ടുവിധത്തി ലാണ് എടുക്കാറുള്ളത്. (Bailable and non bailable) ജാമ്യം ലഭിക്കാ വുന്ന വിധത്തിലുള്ള കേസുകളിൽ പ്രതിയെ അഥവാ അറസ്റ്റു ചെയ്യപ്പെ ട്ടയാളിനെ പോലീസിനു തന്നെ ജാമ്യത്തിൽ വിടാവുന്നതാണ്. ജാമ്യം ലഭിക്കാവുന്ന കുറ്റത്തിന് അറസ്റ്റുചെയ്യപ്പെട്ടയാൾ ജാമ്യം എടുക്കുന്നതിന് തയ്യാറെങ്കിൽ അയാൾക്ക് ജാമ്യം ഒരു അവകാശമാണ്.

ജാമ്യം ലഭിക്കാനവകാശമില്ലാത്ത കേസുകളിൽ ചില നിബന്ധന കൾക്കു വിധേയമായി ചില പ്രത്യേക കേസുകളിൽ മജിസ്ട്രേട്ടിനുതന്നെ ജാമ്യമനുവദിക്കാവുന്നതാണ്. ഏതുതരം കേസുകൾക്കും ജാമ്യം അനു വദിക്കുന്നതിന് സെഷൻസ് കോടതികൾക്കും ഹൈക്കോടതികൾക്കും അധികാരമുണ്ട്. സാധാരണഗതിയിൽ ജാമ്യമനുവദിക്കാനാവാത്ത കേസു കളിൽ മജിസ്ട്രേട്ട് ജാമ്യമനുവദിക്കാറില്ല. അങ്ങനെവരുമ്പോൾ സെഷൻസ് കോടതിക്കോ, സെഷൻസ്കോടതി അനുവദിച്ചില്ലായെങ്കിൽ

ഹൈക്കോടതി മുമ്പാകെയോ ജാമ്യപേക്ഷ കൊടുക്കാവുന്നതാണ്. ഈ കോടതികൾക്ക് സാഹചര്യങ്ങൾ പരിഗണിച്ച് ജാമ്യമനുവദിക്കുകയോ നിഷേധിക്കുകയോ ചെയ്യാവുന്നതാണ്.

## മുൻകൂർജാമ്യം എന്നാൽ

മുൻകൂർജാമ്യം അറസ്റ്റിൽ നിന്നുള്ള മുക്തിയല്ല. മുൻകൂർ ജാമ്യം കോടതി അനുവദിച്ചാൽ പ്രതിയെ അറസ്റ്റു രേഖപ്പെടുത്തി ജാമ്യത്തിൽ വിടണമെന്നാണ് നിയമം. അതായത് കേസിൽ നിന്നും തലയൂരുന്നതിനുള്ള ഒരു ഉപാധിയല്ല മുൻകൂർ ജാമ്യം. എല്ലാ സാഹചര്യത്തിലും മുൻകൂർ ജാമ്യം അനുവദനീയവുമല്ല. മയക്കുമരുന്ന് നിയമത്തിനോ, പോട്ട നിയമത്തിനോ, പട്ടികജാതി/വർഗ്ഗ പീഡനനിയമത്തിനോ മുൻകൂർജാമ്യമില്ല. ഇപ്പോൾ അബ്കാരി കേസുകളിലും മുൻകൂർ ജാമ്യം അനുവദിക്കാറില്ല.

മുൻകൂർ ജാമ്യം ലഭിക്കുന്നതിന് ഹൈക്കോടതിയെയോ സെഷൻസ് കോടതിയെയോ സമീപിക്കാവുന്നതാണ്.

മുൻകൂർ ജാമ്യത്തിനുള്ള അപേക്ഷ കേസിന്റെ വിചാരണയ്ക്ക് അധികാരമുള്ള കോടതിയിൽത്തന്നെ ഫയൽ ചെയ്യണമെന്നില്ല എന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. ഏതു സ്ഥലത്തുവച്ച് അറസ്റ്റു ചെയ്യാനിടയുണ്ടോ, അവിടുത്തെ കോടതിയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ജാമ്യം അനുവദിച്ചത് തെറ്റായിട്ടാണെങ്കിൽ മേൽക്കോടതിക്ക് ആ ഉത്തരവു പരിശോധിച്ച് റദ്ദുചെയ്യാൻ അധികാരമുണ്ട്.

## ജാമ്യം എടുക്കുന്നത് എങ്ങനെ?

ക്രിമിനൽ കേസുകളിൽ ജാമ്യം കൊടുക്കാവുന്ന കേസുകളും ജാമ്യം കൊടുക്കുവനാവാത്ത കേസുകളും ഉണ്ടെന്ന് നേരത്തെ പറഞ്ഞല്ലോ. അവയിൽ ജാമ്യം നൽകാവുന്ന കേസുകളിൽ പോലീസ് സ്റ്റേഷനിൽ നിന്നു തന്നെ ജാമ്യം നൽകാവുന്നതാണ് എന്നും അറിഞ്ഞുകഴിഞ്ഞു. മറ്റുള്ള കേസുകളിൽ ജാമ്യം അനുവദിക്കുന്നതിനുള്ള അധികാരം കോടതികൾക്കാണ്. മജിസ്ട്രേട്ടുകോടതിയിൽ നിന്നും ജാമ്യം ലഭിച്ചില്ലായെങ്കിൽ ജില്ലാകോടതിയിലോ അതുമല്ലങ്കിൽ ഹൈക്കോടതിയിലോ ജാമ്യാപേക്ഷ നൽകാവുന്നതാണ്. അബ്കാരി നിയമപ്രകാരമുള്ള കുറ്റത്തിന് പുതുക്കിയ നിയമപ്രകാരം ജാമ്യം നിയന്ത്രിതമാണ്. മയക്കുമരുന്നു സംബന്ധിച്ച കുറ്റങ്ങൾക്കും ഇതേ പോലെതന്നെയാണ് ജാമ്യത്തിന്റെ അവസ്ഥ. ടാഡ നിയമം നിലവിലുണ്ടായിരുന്നപ്പോൾ ജാമ്യം ലഭിക്കുന്നത് എളുപ്പമായിരുന്നില്ല. ഇപ്പോൾ നിലവിൽവന്ന പോട്ട (ഭീകര വിരുദ്ധ നിയമം) നിയമമനുസരിച്ചും ജാമ്യം ലഭിക്കുക എളുപ്പമല്ല. പൊതുമുതൽ നശിപ്പിക്കുന്നതു സംബന്ധിച്ച കുറ്റകൃത്യങ്ങളിൽ പബ്ലിക് പ്രൊസിക്യൂട്ടറുടെ വാദംകൂടി കേട്ടശേഷമേ കോടതി ജാമ്യം അനുവദിക്കുകയുള്ളൂ.

1977-ലെ സുപ്രീം കോടതി വിധിപ്രകാരം അറസ്റ്റുചെയ്യപ്പെട്ട വ്യക്തി നിയമത്തിന്റെ പിടിയിൽനിന്നും കുതറി രക്ഷപ്പെടുന്ന അവസ്ഥയില്ലായെ

ങ്കിൽ ജാമ്യം അനുവിദിക്കണെമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ജാമ്യം നൽകാവുന്ന വിധത്തിലുള്ള കേസുകളിൽ ജാമ്യത്തിനുള്ള വ്യവസ്ഥകൾ തയ്യാറാണെങ്കിൽ ജാമ്യം ആ വ്യക്തിയുടെ അവകാശമാണ് എന്ന് കോടതികൾ പലതവണ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ജാമ്യം നൽകാവുന്ന കുറ്റങ്ങളിൽ ക്രിമിനൽ നടപടി നിയമം 436-ാം വകുപ്പുപ്രകാരവും ജാമ്യാഹർതയില്ലാത്ത കേസുകളിൽ 437-ാം വകുപ്പനുസരിച്ചുമാണ് ജാമ്യമനുവദിക്കുന്നത്. എന്നാൽ ജീവപര്യന്തം തടവുശിക്ഷയോ വധശിക്ഷയോ വിധിക്കാവുന്ന വിധത്തിലുള്ള കുറ്റങ്ങൾക്ക് ഈ വകുപ്പുപ്രകാരം ജാമ്യം അനുവദിച്ചുകൂടാ. അതിന് ക്രിമിനൽ നടപടി നിയമം 439-ാം വകുപ്പാണ് ഉപയോഗിക്കേണ്ടത്. ജാമ്യം നൽകുന്നതിന് ചില വ്യവസ്ഥകൾ കോടതിക്ക് നിർദ്ദേശിക്കാവുന്നതാണ്.

അറസ്റ്റുചെയ്യപ്പെട്ട ആൾക്ക് ജാമ്യം നൽകുന്നത് സ്വന്തജാമ്യത്തിലും മറ്റു രണ്ടുപേരുടെ ജാമ്യത്തിലും ആയിരിക്കും. ജാമ്യം അനുവദിക്കുന്നത് ജാമ്യമില്ലാത്ത വകുപ്പുകളിൽപ്പെട്ട കുറ്റകൃത്യത്തിനാണെങ്കിൽ, പ്രതി കോടതിയിൽ ഹാജരാകുന്നതിൽ വീഴ്ചവരുത്താതെ ഇരിക്കുന്നതിനുവേണ്ടിയാണ് നിബന്ധനകൾ ഏർപ്പെടുത്തുന്നത്. ജാമ്യവ്യവസ്ഥ ലംഘിച്ചാൽ ജാമ്യം അസ്ഥിരപ്പെടുത്തിയശേഷം ജാമ്യത്തുക മുഴുവനായോ, ഭാഗികമായോ കണ്ടുകെട്ടുന്നതാണ്.

## കോടതി ക്രമം

മജിസ്ട്രേട്ടു കോടതികളാണ് ക്രിമിനൽ നിയമത്തിലെ അടിസ്ഥാന കോടതികൾ. സബ്ഡിവിഷണൽ മജിസ്ട്രേട്ട് (RDO), ജില്ലാ മജിസ്ട്രേട്ട് (കള്ക്ടർ) തുടങ്ങിയവരൊക്കെ ഉണ്ടെങ്കിലും ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ടാണ് അടിസ്ഥാനതലത്തിലുള്ള ക്രിമിനൽ കോടതിയായി കരുതപ്പെടുന്നത്. എല്ലാ പോലീസ് കേസുകളും റിപ്പോർട്ടുകളും ആദ്യം ഫയൽ ചെയ്യപ്പെടുന്നത് മജിസ്ട്രേട്ടുകോടതിയിലാണ്. മജിസ്ട്രേട്ടിനു വിചാരണ ചെയ്യുവാനാവാത്ത ക്രിമിനൽ കേസുകൾ മജിസ്ട്രേട്ടു കോടതിയിൽ നിന്ന് സെഷൻസ് കോടതിയിലേക്ക് അയ്ക്കുകയാണ് ചെയ്യേണ്ടത്. ഇപ്രകാരം സെഷൻസ് വിചാരണയ്ക്കുവേണ്ടി കേസുകൾ അയ്ക്കുന്നതിന് കമ്മിറ്റൽ പ്രൊസീഡിംഗ്സ് (Committal Proceedings) എന്നാണു പറയുക. ഇങ്ങനെ കമ്മിറ്റ് ചെയ്യപ്പെടുന്ന ലഭിക്കുന്ന കേസിൽ തുടർ നടപടികൾ സെഷൻസ് കോടതികളാണ് നടത്തുന്നത്.

ഒന്നാംക്ലാസ് മജിസ്ട്രേട്ടു കോടതികൾക്കു തൊട്ടുമുകളിലാണ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ സ്ഥാനം. മറ്റു ജുഡീഷ്യൽ മജിസ്ട്രേട്ടു കോടതികളുടെ മേൽനോട്ടം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ അധികാരത്തിൽ വരുന്നു.

ഇവകൂടാതെ സെഷൻസ് കോടതികളാണ് ഉള്ളത്. ജില്ലാ തലത്തിൽ ഒരു സെഷൻസ് കോടതിയുണ്ടാവും. സിവിൽ കേസുകളിലെ ജില്ലാ കോടതിയുടെ സ്ഥാനം തന്നെയാണ് ക്രിമിനൽ കേസുകളിൽ സെഷൻസ്

കോടതിക്കുള്ളത്. സെഷൻസ് കോടതിക്ക് അഡീഷണൽ സെഷൻസ് കോടതികളും അഡീഷണൽ അസിസ്റ്റന്റ് സെഷൻസ് കോടതികളും ഉണ്ടാവും. ഈ കോടതികളിൽ മജിസ്ട്രേട്ടിന് വിചാരണ ചെയ്യാനാകാത്തതും ശിക്ഷ വിധിക്കുവാനാവാത്തതുമായ കേസുകൾ വിചാരണയ്ക്കു വരുന്നു.

സെഷൻസ് കോടതികൾക്കു മുകളിലുള്ള അപ്പീൽ കോടതി ഹൈക്കോടതിയാണ്. ഹൈക്കോടതിയ്ക്കു മുകളിൽ സുപ്രീംകോടതിയുമുണ്ട്.

സബ്ഡിവിഷണൽ മജസ്ട്രേട്ട് (RDO), ജില്ലാ മജിസ്ട്രേട്ട് (കളക്ടർ) തുടങ്ങിയ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാരുടെ കോടതികൾ പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള ക്രിമിനൽ നിയമാധികാരങ്ങളാണ് ഉപയോഗിക്കാറുള്ളത്. മുഖ്യധാരാ ക്രിമിനൽ കോടതികളുമായി അല്പം വേറിട്ടു നിൽക്കുന്ന മട്ടിലാണ് ഇവയുടെ പ്രവർത്തനമെങ്കിലും എല്ലാ കാര്യങ്ങളിലും ഒരു ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെയോ അതിലും അല്പം താഴെയോ ആയ അധികാരങ്ങൾ ഈ കോടതികൾക്കുണ്ട്.

കുറ്റവിചാരണ ഏതുകോടതിയിൽ ആണു നടക്കേണ്ടത് എന്ന് ക്രിമിനൽ നടപടി നിയമം അനുശാസിക്കുന്നുണ്ട്. ഓരോ കോടതികൾക്കും വിധിക്കാവുന്ന ശിക്ഷകളും മറ്റും അടിസ്ഥാനപ്പെടുത്തിയാണ് കുറ്റകൃത്യം ഏതുകോടതിയിൽ വിചാരണ നടത്തും എന്നു നിശ്ചയിക്കുന്നത്. ചാർജ്ജു ചെയ്തിട്ടുള്ള കുറ്റങ്ങൾക്ക് വിധിക്കാവുന്ന പരമാവധി ശിക്ഷയാണ് ഇതിന്റെ മാനദണ്ഡം. മജിസ്ട്രേട്ടു കോടതികളിൽ മൂന്നുവർഷംവരെ തടവും മറ്റു കോടതികളിൽ അതിനു മുകളിലുള്ള ശിക്ഷകളുമാണ് വിധിക്കാവുന്നതായി നിശ്ചയിച്ചിരിക്കുന്നത്. ഒരു കേസ് ഏതു കോടതിയിലാണ് വിസ്തരിക്കേണ്ടത് എന്ന് ക്രിമിനൽ നടപടി നിയമത്തിന്റെ ഒന്നാം ഷെഡ്യൂളിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

# 3. ക്രിമിനൽ കേസുകളുടെ വിചാരണ

ക്രിമിനൽ കോടതികളിൽ കേസു ഫയൽ ചെയ്യുന്നതും ഫയൽ ചെയ്ത കേസ്സുകൾ വിചാരണക്കെടുക്കുന്നതും മറ്റും എങ്ങനെയാണെന്നുള്ളത് സാമാന്യ ജനങ്ങൾക്ക് ഇന്നും അജ്ഞാതമാണ്. മജിസ്ട്രേട്ടുകോടതിയിലും സെഷൻസുകോടതിയിലുമൊക്കെ ഹാജരാകുന്ന കക്ഷികളും സാക്ഷികളും, കോടതി നടപടികൾ തങ്ങൾക്ക് അപ്രാപ്യമാണെന്നുള്ള ധാരണയാലോ എന്തോ, ദൂരെനിന്ന് നോക്കികാണുക മാത്രമെ ചെയ്യാറുള്ളൂ.

മജിസ്ട്രേറ്റ് കോടതിയിൽ കേസ്സു ഫയൽ ചെയ്യുന്നത് രണ്ടുവിധത്തിലാണ്. ഒരു കുറ്റകൃത്യം നടന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിലും ഒരുപോലീസ് റിപ്പോർട്ട് (ചാർജ്) ലഭിക്കുമ്പോഴും മജിസ്ട്രേട്ടുകോടതിക്ക് കേസ്സ്ഫയലിൽ സ്വീകരിക്കാവുന്നതാണെന്ന് ക്രമിനൽ നടപടി നിയമം 190-ാം വകുപ്പ് വിവക്ഷിച്ചിരിക്കുന്നു.

സ്വകാര്യവ്യക്തികൾ ഫയൽചെയ്യുന്ന പരാതികൾ (അന്യായം), ആവലാതിക്കാരന്റെ മൊഴി കോടതി രേഖപ്പെടുത്തിയശേഷം, ഫയലിൽ സ്വീകരിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ മൊഴി രേഖപ്പെടുത്തുന്ന അവസരത്തിൽ മജിസ്ട്രേട്ടിന് ആവലാതി സംഗതിയെപ്പറ്റി പൂർണ്ണബോദ്ധ്യം വന്നിട്ടില്ലെങ്കിൽ സാക്ഷികളെ ഹാജരാക്കി മൊഴിരേഖപ്പെടുത്തിയതിനു ശേഷമൊ ഹർജി പോലീസ്സിലേക്കയച്ച് അതിലടങ്ങിയ വിവരങ്ങളെപ്പറ്റി പോലീസ് റിപ്പോർട്ട് വരുത്തിയതിനു ശേഷമൊ ഫയലിൽ സ്വീകരിച്ചാൽ മതി. ഈ പരിഗണനകൾക്കുശേഷം കേസ്സു ഫയലിൽ സ്വീകരിക്കുന്നതിന് മതിയായ കാരണങ്ങളില്ലെങ്കിൽ തള്ളിക്കളയുന്നതിന് മജിസ്ട്രേട്ടിനധികാരമുണ്ട്.

ഒരു സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ പേരിൽ, അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റുദ്യോഗസ്ഥന്റെ പേരിൽ അയാളുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തെ സംബന്ധിച്ചോ അതിനിടയ്ക്കുള്ള ചെയ്തികളെ സംബന്ധിച്ചോ ആണ് സ്വകാര്യ വ്യക്തിയുടെ അന്യായം എങ്കിൽ, അയാളെ നിയമിക്കുന്നതിനും അയാളുടെ പേരിൽ ശിക്ഷണനടപടി സ്വീകരിക്കുന്നതിനും അധികാരമുള്ള മേലുദ്യോഗസ്ഥന്റെയോ, ഗവൺമെന്റിന്റെയോ മുൻകൂട്ടിയുള്ള അനുവാദം (Sanction) ഉണ്ടെങ്കിൽ മാത്രമേ ഫയലിൽ സ്വീകരിയ്ക്കുന്നതിന് കോടതിക്കധികാരമുള്ളൂ.

കേസ്സ് ഫയലിൽ സ്വീകരിച്ചതിനുശേഷം പ്രതി ഹാജരാകുന്നതിന് കോടതിയിൽ നിന്നും സമൻസ് അയക്കണം. സമൻസു കിട്ടിയശേഷം പ്രതി കോടതിയിൽ ഹാജരാകുന്നതോടെയാണ് കേസ്സിന്റെ വിചാരണ തുടങ്ങുന്നത്. കേസു വിചാരണചെയ്യുന്നതിന് പ്രത്യേക നിബന്ധനകളുണ്ട്.

എല്ലാ ക്രിമിനൽ കേസുകളും വാറന്റ് കേസ്സുകൾ, സമൻസുകേസ്സുകൾ എന്ന് വേർതിരിച്ചിരിക്കുന്നു. രണ്ടുകൊല്ലത്തിനു മുകളിൽ ശിക്ഷ വരുന്നതായ, ജീവപര്യന്തതടവോ വധശിക്ഷയോ വരെ വിധിക്കാവുന്ന കേസ്സുകളെല്ലാം വാറന്റ് കേസ്സുകൾ എന്ന വിഭാഗത്തിലും, മറ്റുള്ളവയെ സമൻസുകേസുകൾ എന്ന വിഭാഗത്തിലും പെടുത്തിയിരിക്കുന്നു. വാറന്റു കേസ്സുകളിൽതന്നെ പോലീസ് ചാർജ്ജുചെയ്ത കേസ്സുകൾക്കും സ്വാകാര്യ അന്യായപ്രകാരമുള്ള കേസ്സുകൾക്കും വിഭിന്ന നടപടിക്രമങ്ങളാണ് സ്വീകരിയ്ക്കേണ്ടത്.

സ്വകാര്യ അന്യായം ഫയലിൽ സ്വീകരിച്ചശേഷം പ്രതി ഹാജരാകുമ്പോൾ സമൻസുകേസ്സുകളുടെ വിഭാഗത്തിൽപെടുന്നതാണെങ്കിൽ പ്രതി കുറ്റം സമ്മതിക്കുകയാണോ നിഷേധിക്കുകയാണോ ചെയ്യുന്നതെന്ന് മജിസ്ട്രേട്ട് ചോദിക്കണം. പ്രതി കുറ്റം സമ്മതിക്കുകയാണെങ്കിൽ അപ്പോൾതന്നെ ശിക്ഷിക്കാം. നിഷേധിക്കുകയാണെങ്കിൽ തെളിവു ഹാജരാക്കുന്നതിന് അന്യായക്കാരനോട് ആവശ്യപ്പെട്ട്, വിചാരണ നടപടി സ്വീകരിച്ച്, വാദിഭാഗം ഹാജരാക്കുന്ന സാക്ഷികളെ വിസ്തരിച്ച്, ഇരുഭാഗത്തെയും വാദം കേട്ടതിനുശേഷം പ്രതി കുറ്റക്കാരനാണെന്നു കണ്ടാൽ ശിക്ഷിക്കുകയും കുറ്റംതെളിഞ്ഞിട്ടില്ലെങ്കിൽ പ്രതിയെ വെറുതെവിടുകയും ചെയ്യണം. ഇത്തരം സമൻസുകേസുകളിൽ നേരിട്ടു ഹാജരാകാതെതന്നെ അഭിഭാഷകൻ മുഖാന്തിരം ഹാജരായി വിചാരണയെ അഭിമുഖീകരിക്കുന്നതിന് പ്രതിക്കവകാശമുണ്ട്.

കുറ്റപത്രം കൊടുക്കുന്നതിന് മതിയായ തെളിവില്ലെങ്കിൽ പ്രതിയെ വിട്ടയക്കേണ്ടതാണ്. കുറ്റപത്രം കൊടുക്കുമ്പോൾ കുറ്റംചെയ്ത രീതി, സ്ഥലം, തീയതി ഇവ വിശദമായി പ്രതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നി രിക്കണമെന്നാണു നിയമം.

കുറ്റപത്രം നൽകുമ്പോൾ പ്രതി കുറ്റം നിഷേധിക്കുകയാണെങ്കിൽ പ്രതിക്കെതിരെ തെളിവു ഹാജരാക്കുന്നതിന് പ്രോസിക്യൂഷൻ ഭാഗ ത്തിന് അവസരം കൊടുക്കണം. അഥവാ പ്രതി കുറ്റം സമ്മതിക്കുക യാണെങ്കിൽ ആയതു സ്വമേധയാ ചെയ്യുന്നതാണോയെന്ന് ബോദ്ധ്യം വരുത്തിയശേഷം പ്രതിയെ ശിക്ഷിക്കാവുന്നതാണ്. പ്രോസിക്യൂഷൻ ഭാഗത്തുനിന്ന് ഹാജരാക്കുന്ന തെളിവുകൾ രേഖപ്പെടുത്തിയശേഷം തനിയ്ക്കെതിരായി ഹാജരാക്കിയിരിക്കുന്ന തെളിവുകളെപ്പറ്റി വിശദീ കരണം നൽകുന്നതിന് സാക്ഷിമൊഴിയുടെ പ്രസക്തഭാഗങ്ങൾ പ്രതിയുടെ ശ്രദ്ധയിൽപ്പെടുത്തണം. പ്രതിയെചോദ്യം ചെയ്തതിനു ശേഷം പ്രതിഭാഗത്തേക്ക് തെളിവു ഹാജരാക്കുന്നതിന് അവസരം നൽകിയിരിക്കണം.

## സെഷൻസ് കേസ്സുകളുടെ വിചാരണ

മജിസ്ട്രേട്ടു കോടതിയിൽ ഫയൽ ചെയ്യപ്പെടുന്ന കേസ്സുകളിൽ സെഷൻസ്സുകോടതിമാത്രം വിചാരണചെയ്യേണ്ട കേസ്സുകൾ മജിസ്ട്രേ ട്ടുകോടതിയിൽ നിന്നും സെഷൻസുകോടതിയിലേക്ക് കമ്മിറ്റുചെയ്ത് അവിടെവേണം വിചാരണ തുടരേണ്ടത് എന്ന് നിയമം അനുശാസിക്കു ന്നു. കൊലക്കുറ്റം, കൊലക്കുറ്റത്തോടുകൂടിയ ഭവനഭേദനം, കവർച്ച, രാജ്യ ദ്രോഹകുറ്റം, ബലാൽസംഗം, അബ്കാരിനിയമം അനുസരിച്ചുള്ള കേസ്സു കൾ, പട്ടികജാതി പട്ടികവർഗ്ഗ പീഡനം സംബന്ധിച്ച കേസ്സുകൾ, സ്ത്രീധ ന
മരണം (Dowry Death), വധശ്രമം തുടങ്ങി വളരെയേറെ കേസ്സുകൾ സെഷൻസുകോടതിയിൽ മാത്രം വിചാരണ ചെയ്യപ്പെടേണ്ടവയാണ്.

സെഷൻസുകേസ്സുകളിൽ വിചാരണ വരുമ്പോൾ എന്തിനെപ്പറ്റിയാണ് കേസ് എന്ന് കോടതിക്ക് രൂപം കിട്ടുന്നതിനുവേണ്ടി കേസ്സുരേഖകളെ പ്പറ്റി പ്രോസിക്യൂട്ടർ കോടതിയെ ബോദ്ധ്യപ്പെടുത്തണം. എല്ലാ സെ ഷൻസു കേസ്സുകളും ഗവൺമെന്റിനുവേണ്ടി ഹാജരായി നടത്തുന്നതി നുള്ള ചുമതല പബ്ലിക് പ്രോസിക്യൂട്ടർക്കാണ്. അതിനുശേഷം രേഖ കൾ പരിശോധിച്ച് പ്രതിയുടെ പേരിൽ കുറ്റപത്രം നൽകേണ്ടതാണ്. എന്നാൽ അതിനുമുൻപ് രേഖകളനുസരിച്ച് വിചാരണ ചെയ്യത്തക്ക ഒരു കുറ്റവും ഇല്ലെന്നു കണ്ടാൽ കോടതിക്ക് കുറ്റാരോപിതനെ വെറുതെ വി ട്ടയ്ക്കാവുന്നതാണ്. കുറ്റപത്രം കൊടുക്കുന്ന കേസ്സുകളിൽ പ്രതി കുറ്റം നിഷേധിച്ചതിനുശേഷം വിചാരണതീയതി പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ കുറ്റപത്രം വായിച്ചുകേൾപ്പിക്കുമ്പോൾ പ്രതി കുറ്റം സമ്മതി യ്ക്കുകയാണെങ്കിൽ ആ കുറ്റസമ്മതം സ്വീകരിക്കുകയോ നിരാകരിക്കു കയോ ചെയ്യുന്നതിനുള്ള അധികാരം കോടതിയിൽ നിക്ഷിപ്തമാണ്.

# 4. റാഗിങ്ങ് നിരോധന നിയമം

## (ദി കേരള പ്രൊഹിബിബിഷൻ ഓഫ് റാഗിങ്ങ് ആക്ട് 1998 )

1. റാഗിങ്ങ് തടയുന്നതിനു വേണ്ടി കേരളത്തിൽ നിലവിലുള്ള മേൽ പറഞ്ഞ നിയമം ഒരു ദ്വിതല സംവിധാനമാണ് ഉണ്ടാക്കിയിരിക്കുന്നത്.സംവിധാനത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവനിൽ ചില ചുമതലകൾ നിക്ഷിപ്തമാണ്. അദ്ദേഹം തനിക്ക് ലഭിച്ച റാഗിങ്ങ് സംബന്ധമായ പരാതിയിൻമേൽ നടത്തുന്ന അന്വേഷണം വളരെ പ്രധാനപ്പെട്ടതാണ്.അന്വേഷണത്തിൽ പരാതി കഴമ്പുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടാൽ പരാതി പോലീസിന് കൈമാറുകയും ബാക്കി അന്വേഷണത്തിനും തുടർന്നുള്ള കോടതി നടപടികൾക്കും പോലീസാണ് ചുമതല വഹിക്കുന്നത്.

2. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് മാനസികമോ ശാരീരികമോ ആയ ഉപദ്രവം ഉണ്ടാക്കുകയോ ആ വിദ്യാർത്ഥിയിൽ ഭീതിയോ ജാള്യതയോ,വേവലാതിയോ,നാണക്കേടോ ഉണ്ടാക്കുന്ന രീതിയിൽ പെരുമാറിയാൽ അയാളെ റാഗ് ചെയ്തതായി പറയാം.ഒരു വിദ്യാർത്ഥിയെ കളിയാക്കുക,ആക്ഷേപിക്കുക,അയാളെ പരിഹാസപാത്രമാക്കുന്ന രീതിയിലുള്ള തമാശകൾ കാണിക്കുക,അയാൾ സാധാരണഗതിയിൽ ചെയ്യാത്ത കാര്യങ്ങൾ ചെയ്യാൻ ആവശ്യപ്പെടുക മുതലായവ എല്ലാം റാഗിങ്ങിന്റെ നിർവചനത്തിൽ വരുന്ന പ്രവർത്തികളാണ്.റാഗിങ്ങ് വിദ്യാഭ്യാസ സ്ഥാപനത്തിനുള്ളിൽ വച്ചോ,പുറത്ത്വച്ചോ എവിടെവച്ച് നടന്നാലും നിയമവിരുദ്ധമായ നടപടിയാണ്.

3. റാഗിങ്ങ് നടത്തുന്ന വ്യക്തിക്ക് രണ്ട് കൊല്ലം വരെ തടവുശിക്ഷയും പതിനായിരം രൂപവരെ പിഴയും ലഭിക്കാവുന്നതാണ്.കൂടാതെ ആ വിദ്യാർത്ഥിയെ അയാൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസസ്ഥാപനത്തിൽ നിന്നും ഡിസ്മിസ് ചെയ്യുന്നതും അയാൾക്ക് മറ്റേതൊരു സ്ഥാപനത്തിലും അടുത്ത മൂന്ന് കൊല്ലത്തേക്ക് പ്രവേശനം ലഭിക്കാത്തതുമാണ്.

4. ഏതെങ്കിലും ഒരു വിദ്യാർത്ഥിയോ,രക്ഷകർത്താവോ,മാതാപിതാക്കളോ,അദ്ധ്യാപകരോ, റാഗിങ്ങ് സംബന്ധിച്ച് രേഖാമൂലം പരാതി ഉന്നയിച്ചാൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവൻ ആ പരാതിയിൻമേൽ പരാതി ലഭിച്ച് ഏഴ് ദിവസത്തിനകം അന്വേഷണം നടത്തേണ്ടതാണ്.പരാതിയിൽ പറഞ്ഞ കാര്യങ്ങളിൽ കഴമ്പുണ്ടെങ്കിൽ കുറ്റാരോപിതനായ വിദ്യാർത്ഥിയെ സസ്പെന്റ് ചെയ്യുകയും റാഗിങ്ങ് സംബന്ധിച്ചുള്ള പരാതി പോലീസിന് കൈമാറുകയും ചെയ്യണം.പരാതിയിൽ കഴമ്പില്ലെങ്കിൽ പരാതി ഉന്നയിച്ച വിദ്യാർത്ഥിയെ രേഖാമൂലം അക്കാര്യം അറിയിക്കേണ്ടതുമാണ്.മേൽപറഞ്ഞ രീതിയിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തലവൻ പ്രവർത്തിച്ചില്ലെങ്കിൽ അദ്ദേഹം റാഗിങ്ങിന് പ്രേരകമായരീതിയിൽ

പ്രവർത്തിച്ചതായി ഗണിച്ചുകൊണ്ട് റാഗിങ്ങ് നടത്തിയ വ്യക്തിക്ക് നൽകാവുന്ന തടവുശിക്ഷയ്ക്കും പിഴയ്ക്കും അർഹനാകുന്നതാണ്.

5. കേരള റാഗിങ്ങ് നിരോധന നിയമം കൂടാതെ റാഗിങ്ങ് തടയുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി Viswa Jagrati Mission Vs. Central Government എന്ന കേസിന്റെ വിധിന്യായത്തിൽ ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.റാഗിങ്ങ് ഉണ്ടായതിനു ശേഷം അച്ചടക്ക നടപടി എടുക്കുന്നതിനേക്കാൾ റാഗിങ്ങിന് എതിരായുള്ള വികാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിരന്തരമായ കർമ്മ പരിപാടികളിലൂടെ വളർത്തിയെടുക്കണമെന്നാണ് സുപ്രീം കോടതി നിർദ്ദേശിച്ചിരിക്കുന്നത്. കൂടാതെ റാഗിങ്ങ് തടയുന്ന കാര്യത്തിൽ നിഷ്ക്രിയമായ സ്ഥാപനങ്ങളുടെ അഫീലിയേഷൻ റദ്ദ് ചെയ്യുകയും സാമ്പത്തിക സഹായം നിർത്തലാക്കുന്നതിനെപ്പറ്റിയും സുപ്രീം കോടതി നിർദ്ദേശങ്ങളിൽ പരാമർശമുണ്ട്.

റാഗിങ്ങ് സംബന്ധമായ നിയമസഹായത്തിന് ലീഗൽ സർവീസസ് അതോറിറ്റിക്കും യു.ജി.സിക്കും ഹെൽപ്ലൈൻ ലഭ്യമാണ്.

**വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

കേരളാ സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി

നിയമസഹായ ഭവൻ, ഹൈക്കോർട്ട് കോമ്പൗണ്ട്,

എറണാകുളം, കൊച്ചി - 682031.

ടെലി/ഫാക്സ് : 0484 - 2396717

ഇ-മെയിൽ : kelsakerala@gmail.com , website : www.kelsa.nic.in

**കെൽസയുടെ 24 മണിക്കൂർ ഹെൽപ്ലൈൻ - 9846 700 100**

**യു.ജി.സി യുടെ 24 മണിക്കൂർ ഹെൽപ്ലൈൻ - 1800 180 5522**

ഇ-മെയിൽ: helpline@antiragging.net

# 5. ഭ്രൂണ പരിശോധന നിയന്ത്രണ നിയമം

ഭ്രൂണ പരിശോധനയും ഗർഭസ്ഥശിശുവിന്റെ ലിംഗപരിശോധനയും ഒട്ടേറെ നൈതിക സാമൂഹികപ്രശ്നങ്ങൾ സൃഷ്ടിച്ചു. സാങ്കേതികവിദ്യകൾ ദുരുപയോഗപ്പെടുത്തി ഗർഭാവസ്ഥയിലുള്ള ശിശുവിന്റെ ലിംഗനിർണ്ണയവും തുടർന്ന് പെൺഭ്രൂണഹത്യയും ബന്ധപ്പെട്ട കൃത്യങ്ങളും തടയാനാണ് 1994 ൽ ഇത്തരം ഒരു പ്രത്യേക നിയമത്തിന് രൂപംനൽകിയത്.

ഗർഭസ്ഥശിശു പരിശോധനാനടപടികൾ എന്നാൽ ഗർഭാശയ ശാസ്ത്ര-പ്രസവസംബന്ധമായ മേഖലകളിലെ ആരോഗ്യശാസ്ത്രസാങ്കേതികവിദ്യയും, അൾട്രാസോണോഗ്രഫി, ഫൊയിറ്റോസ്കോപ്പി, രക്തസാമ്പിൾ, അമ്നിയോട്ടിക് സാമ്പിളുകൾ, ക്രോണി വില്ലി, മാംസകലകൾ മുതലായവ അടങ്ങുന്നവയാണ്.

ഗർഭസ്ഥശിശുവിന്റെ ജനിതകവൈകല്യങ്ങൾ, ക്രോമസോം വ്യതിയാനങ്ങൾ, ശാരീരിക അസ്വാഭാവികതകൾ, ഹീമോഗ്ലോബിൻ കുറവ്, ലൈംഗികരോഗങ്ങൾ മുതലായവ തിരിച്ചറിയാൻ ഭ്രൂണപരിശോധനയും ശാസ്ത്രീയമാർഗ്ഗങ്ങളും ഉപയോഗിക്കുന്നതിന് നിയമം തടസ്സമല്ല.

ജനിതക കൗൺസലിംഗ് സെന്റർ, ജനിതക ക്ലിനിക്ക്, ജനിതക ലാബോറട്ടറികൾ തുടങ്ങിയ സ്ഥാപനങ്ങളുടെമേൽ നിയന്ത്രണങ്ങളുണ്ട്. അതുപ്രകാരം ഈ നിയമത്തിൻകീഴിൽ രജിസ്റ്റർചെയ്യപ്പെടാത്ത ഒരു സ്ഥാപനത്തിനും ഭ്രൂണപരിശോധന സംബന്ധിച്ച സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പ്രവർത്തിക്കുവാൻപാടില്ല. (അത്തരം സ്ഥാപനങ്ങളിൽ ഈ നിയമം നിർവചിക്കുന്ന നിശ്ചിത യോഗ്യതകളുള്ളവരെ മാത്രമേ നിയമിക്കുവാൻ പാടുള്ളൂ.) ഏതൊരു ഗൈനക്കോളജിസ്റ്റും പ്രസവാനുബന്ധ രോഗവിദഗ്ധരും, ശിശുരോഗവിദഗ്ദ്ധരും, രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണറും, നേരിട്ടോ മറ്റേതെങ്കിലും ആൾ മുഖാന്തിരമോ ഈ നിയമത്തിൻകീഴിൽ രജിസ്റ്റർചെയ്യാത്ത സ്ഥാപനങ്ങളിൽ ഭ്രൂണപരിശോധനയോ, ഗർഭസ്ഥശിശുവിന്റെ പരിശോധനയോ നടത്തുവാൻപാടില്ലെന്ന് നിഷ്ക്കർഷിക്കുന്നു.

ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിനു (Indian Medical Council Act, 1956) കീഴിൽ രജിസ്റ്റർചെയ്യപ്പെട്ട ആരോഗ്യപ്രവർത്തകനാണ് രജിസ്റ്റേർഡ് മെഡിക്കൽ പ്രക്ടീഷണർ. അങ്ങിനെ രജിസ്റ്റർചെയ്യപ്പെട്ട പൂർണ്ണമായും യോഗ്യതയുള്ള ഒരു വ്യക്തിക്ക് ഭ്രൂണപരിശോധനാസങ്കേതികത്വം ഉപയോഗിച്ചുള്ള പരിശോധനകൾ നിർവ്വഹിക്കാവുന്നത് താഴെ കൊടുക്കുന്ന സാഹചര്യങ്ങളിൽ മാത്രമാണ്.

- ഗർഭിണിയായ സ്ത്രീക്ക് 35 വയസ്സ് പൂർത്തിയായിരിക്കണം
- ഗർഭിണിയായ സ്ത്രീ മുമ്പ് തുടർച്ചയായി രണ്ടോ, മൂന്നോ അതിൽ അധികമോ ഗർഭഛിദ്രത്തിനു വിധേയയായിട്ടുണ്ടെങ്കിൽ
- ഗർഭിണി ഗൗരവമാർന്ന പ്രത്യാഘാതമുളവാക്കുന്ന രാസപദാർത്ഥങ്ങളോ വികിരണമോ ഉപയോഗിച്ചുള്ള ചികിൽസയ്ക്കോ അണുബാധയ്ക്കോ വിധേയയായിട്ടുണ്ടെങ്കിൽ
- ഗർഭിണിയായ സ്ത്രീയുടെ കുടുംബപരമ്പരയിൽ മനോരോഗത്തിനോ ശാരീരികവൈകല്യത്തിനോ ജനിതകതകരാറുകൾക്കോ ഇടയുണ്ടെങ്കിൽ
- കേന്ദ്ര നിരീക്ഷണസമിതിയുടെ നിർദ്ദേശാനുസരണമുള്ള ഇതര സാഹചര്യങ്ങളിൽ

മേൽപറഞ്ഞ സാഹചര്യങ്ങളിലുള്ള ഒരു സ്ത്രീയെ താഴെപറയുന്ന കാരണങ്ങൾക്കൊണ്ടല്ലാതെ ഭ്രൂണപരിശോധനയോ ഗർഭസ്ഥശിശുപരിശോധനയോ നിർവഹിക്കാൻ പാടില്ല.

1. ക്രോമസോമൽ അസ്വാഭാവികതകൾ
2. ജനിതകഘടനയിലെ തകരാറുകൾ

3. ഹീമോഗ്ലോബിൻ ഘടന

4. ലൈംഗികബന്ധരോഗങ്ങൾ

5. പ്രസവസംബന്ധമായ തകരാറുകൾ

6. ഗർഭാശയ രോഗങ്ങൾ

നിയമപ്രകാരമുള്ള ഭ്രൂണ ലിംഗപരിശോധനകളിലും, വിദഗ്ധർ താഴെ പറയുന്ന നിബന്ധനകൾ പാലിക്കണം ഭ്രൂണലിംഗ പരിശോധനാ വിധികൾക്ക് സ്ത്രീകളെ വിധേയരാക്കരുത്.

- നിർവ്വഹിക്കേണ്ടുന്ന പരിശോധനയുടെ ആവശ്യകത, പരിശോധനാ രീതികൾ, അവയുടെ പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച് ഗർഭിണിയായ സ്ത്രീയെ ബോധ്യപ്പെടുത്തുക.

- ഗർഭിണിയുടെ രേഖാമൂലമുള്ള സമ്മതപത്രവും ഉറപ്പും അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ രേഖപ്പെടുത്തി ഒപ്പ് വാങ്ങുക.

- ഇപ്രകാരം ലഭിക്കുന്ന സമ്മതപത്രത്തിന്റെ പകർപ്പ് വിധേയയാകുന്ന സ്ത്രീക്ക് നൽകുക.

- ഭ്രൂണ-ലിംഗ പരിശോധനകൾ നിർവ്വഹിക്കുന്ന ഏതൊരാളും ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയം ഗർഭിണിയോടോ, ബന്ധുക്കളോടോ വാക്കോ, ചിഹ്നമോ, മറ്റു മാർഗ്ഗമോ ഉപയോഗിച്ച് വെളിപ്പെടുത്തരുത്.

- ഈ നിയമപ്രകാരം ജനിതക പരിശോധനാകേന്ദ്രങ്ങളിലോ, മറ്റു സ്ഥാപനങ്ങളിലോ ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയത്തിനുവേണ്ടി അൾട്രാസോണോഗ്രാഫി ഉൾപ്പടെ മറ്റൊരു ടെസ്റ്റുകളും നടത്താൻ പാടില്ല.

- ഈ നിയമം വ്യവസ്ഥചെയ്യുന്ന ചുമതലകളുടെ നിർവ്വഹണത്തിനായി ഒരു കേന്ദ്രനിരീക്ഷക ബോർഡിന് രൂപംനൽകാൻ കേന്ദ്രസർക്കാരിന് അധികാരമുണ്ട്. ഇതിനുപുറമെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയ തീരുമാനപ്രകാരം പ്രത്യേക അതോറിട്ടിയോ ഉപദേശകസമിതിയോ ഈ നിയമത്തിൻകീഴിൽ രൂപീകരിക്കാവുന്നതാണ്.

ജനിതകപരിശോധനാസംബന്ധിയായി ഏതൊരുവിധ പരസ്യവും പ്രസിദ്ധപ്പെടുത്തുകയോ പ്രസിദ്ധീകരിക്കാനിടയാക്കുകയോ ചെയ്യരുത്. ഭ്രൂണഹത്യ, ഗർഭസ്ഥശിശുലിംഗപരിശോധന മുതലായവയ്ക്കുള്ള സൗകര്യങ്ങൾ സംബന്ധിച്ച പരസ്യവും നൽകാൻപാടില്ല. വ്യക്തിയോ സംഘടനയോ സ്ഥാപനമോ ഇത്തരം പരസ്യപ്രസിദ്ധീകരണമോ പ്രചാരണമോ ചെയ്യാൻപാടില്ല. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ പരമാവധി 3 വർഷംവരെ തടവിനോ, 10,000 രൂപവരെ പിഴശിക്ഷയ്ക്കോ വിധിക്കാവുന്നതാണ്. അച്ചടിച്ച നോട്ടീസോ സർക്കുലറോ ലേബൽ, റാപ്പർ മുതലായവയോ മറ്റേതെങ്കിലും രേഖയോ ഉൾപ്പെടെ ദൃശ്യ-ശ്രാവ്യ സാധ്യതകളുപയോഗിക്കുന്ന ഏതൊരു പരസ്യവും ഈ വിശദീകരണത്തിൽ പെടും. കുറ്റകരമായരീതിയിൽ ഗർഭസ്ഥശിശുവിന്റെ ഭ്രൂണപരിശോധനാസൗകര്യം ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്ന ഏതൊരു വ്യക്തിക്കും

3 വർഷംവരെ തടവുശിക്ഷയോ 10,000 രൂപവരെ പിഴശിക്ഷയോ വിധിക്കാവുന്നതാണ്.

ഈ നിയമം നിർവചിക്കുന്ന ജനിതകശാസ്ത്ര സ്ഥാപനത്തിന്റെ ഉടമയോ ഉദ്യോഗസ്ഥനോ ഈ നിയമം ലംഘിച്ചതായി തെളിഞ്ഞാൽ 3 വർഷംവരെ തടവിനോ പതിനായിരം രൂപവരെ പിഴയ്ക്കോ ശിക്ഷിക്കപ്പെടാവുന്നതാണ്. കുറ്റം ആവർത്തിക്കപ്പെട്ടതായി തെളിഞ്ഞാൽ 5 വർഷംവരെ തടവോ 50,000 രൂപവരെ പിഴയോ വിധിക്കാവുന്നതാണ്.

ഇന്ത്യൻ തെളിവുനിയമവ്യവസ്ഥപ്രകാരം ഈ നിയമമനുസരിച്ച് മറിച്ച് തെളിയിക്കപ്പെടാത്തിടത്തോളം, ഭ്രൂണപരിശോധനയ്ക്ക് വിധേയയാക്കപ്പെടുന്ന ഗർഭവതിയായൊരു സ്ത്രീയെ പ്രസ്തുത കൃത്യത്തിന് പ്രേരിപ്പിച്ചതായോ നിർബന്ധിച്ചതായോ പരിഗണിച്ച് അവരുടെ ഭർത്താവിനെതിരെയും ബന്ധുക്കൾക്കെതിരെയും വിചാരണയാരംഭിക്കുന്നതാണ്.

# ഭാഗം – മൂന്ന്

# മറ്റുനിയമങ്ങൾ

# 1. ഉപഭോക്തൃ സംരക്ഷണ നിയമം.

ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായും, അവരുടെ താല്പര്യങ്ങൾ ന്യായമായി പരിഗണിക്കുന്നതിനുംവേണ്ടി ഉപഭോക്തൃ തർക്കപരിഹാര ഏജൻസികൾ സ്ഥാപിക്കുകയും അവയുടെ നടപടികൾ ക്രമീകരിക്കുകയും ചെയ്തിരിക്കുന്നത് 1986-ലെ ഉപഭോക്തൃ സംരക്ഷണനിയമത്തിലൂടെയാണ്.

ഉപഭോക്തൃസംരക്ഷണനിയമപ്രകാരം പ്രതിഫലംനൽകി സാധനമോ സേവനമോ കൈപറ്റുന്ന ഏതൊരാളും ഉപഭോക്താവാണ്.

സാധനം വിലയ്ക്കുവാങ്ങുമ്പോൾതന്നെ പ്രതിഫലം (വില) നൽകുകയോ, പ്രതിഫലംനൽകാമെന്ന് വാഗ്ദാനംചെയ്ത് സാധനങ്ങൾ വാങ്ങുകയോ, പ്രതിഫലം ഭാഗികമായി നൽകി സാധനങ്ങൾ വാങ്ങുകയോ,അല്ലെങ്കിൽ പ്രതിഫലം ഭാഗികമായി നൽകാമെന്ന വാഗ്ദാനത്തിൽ സാധനങ്ങൾ വാങ്ങുകയോ ചെയ്യുന്നവർ ഉപഭാക്താവാണ്.

പ്രതിഫലംനൽകി മറ്റൊരാളുടെ സേവനം കൂലിക്കെടുക്കുന്ന ഏതൊരാളും ഉപഭോക്താവാണ്. സേവനംനേടുമ്പോൾതന്നെ പ്രതിഫലം നൽകിയോ, അല്ലെങ്കിൽ നൽകാമെന്ന് വാഗ്ദാനംചെയ്തോ, അല്ലെങ്കിൽ പ്രതിഫലം നൽകുവാൻ അവധിക്കുവെക്കുന്ന ഏതെങ്കിലും രീതി പ്രകാരമോ, സേവനം കൂലിക്കെടുക്കുന്നവർ ഉപഭോക്താക്കളാണ്.

സാധനങ്ങൾ വിലയ്ക്കുവാങ്ങിയ ആളുടെ പക്കൽനിന്നും അയാളുടെ സമ്മതപ്രകാരം ആ സാധനം ഉപയോഗിക്കുന്ന മറ്റു വ്യക്തികളും അതുപോലെ സേവനം വിലയ്ക്കുവാങ്ങിയ ആളുടെ പക്കൽനിന്നും അയാളുടെ സമ്മതപ്രകാരം സേവനം പ്രയോജനപ്പെടുത്തുന്ന മറ്റുവ്യക്തികളും അനുഭവഅവകാശക്കാർ എന്നനിലയിൽ ഉപഭോക്താക്കളാണ്.

എന്നാൽ സാധനങ്ങൾ വിലകൊടുത്ത് വാങ്ങുന്നത് ലാഭമുണ്ടാക്കുന്നതിനായി മറിച്ച് വിൽക്കുന്നതിനോ, വാണിജ്യവ്യാപാര ആവശ്യത്തിനോ ആണെങ്കിൽ അപ്രകാരം ക്രയവിക്രയം നടത്തുന്നതിനായി സാധനം വാങ്ങിക്കുന്ന ആൾ ഉപഭോക്താവ് അല്ല.

വാണിജ്യസംബന്ധമായ ആവശ്യങ്ങൾക്കായി വാങ്ങപ്പെടുന്ന ഒരു സാധനത്തിനും ഉപഭോക്തൃസംരക്ഷണനിയമത്തിന്റെ ആനുകൂല്യം ലഭിക്കുകയില്ല. പക്ഷേ സ്വയംതൊഴിൽകണ്ടെത്തുന്നതിനായി വിലകൊടുത്തു വാങ്ങിയ ആൾതന്നെ സ്വന്തം ഉപജീവനമാർഗ്ഗം കണ്ടെത്തുവാനായി ഉപയോഗപ്പെയുത്തുന്നത് വാണിജ്യാവശ്യമായി കണക്കാക്കുകയില്ല. വാണി

ജ്യപരമായ ആവശ്യങ്ങളെ ഉപഭോക്തൃസംരക്ഷണനിയമത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചില്ലെങ്കിലും, ഉപജീവനത്തിനായുള്ള വ്യാപാരത്തെ ഈ നിയമം സംരക്ഷിക്കുന്നു എന്നർത്ഥം.

പ്രതിഫലം നൽകി കൈപ്പറ്റുന്ന സാധനങ്ങൾക്ക് എന്തെങ്കിലും ന്യൂനതകൾ ഉണ്ടെന്ന് മനസ്സിലാകുമ്പോഴും സേവനങ്ങൾക്ക് എന്തെങ്കിലും പോരായ്മയുണ്ടെന്ന് മനസ്സിലാകുമ്പോഴുമാണ് ഉപഭോക്തൃ തർക്കങ്ങൾ ഉണ്ടാവുന്നതാണ്.

സാധനങ്ങളിലെ ന്യൂനത, അതായത് അളവ്, ഗുണം, നിലവാരം, ശുദ്ധി എന്നിവയിലെ ന്യൂനതകൾ-ഉത്പാദകരും വ്യാപാരികളും ഉപഭോക്താവിനെ കബളിപ്പിക്കുന്നതടക്കമുള്ളവ ഇതിലുൾപെടും. ഒരാൾ നിയമപ്രകാരമോ, കരാർപ്രകാരമോ പാലിച്ചിരിക്കേണ്ട സേവനത്തിലെ ഗുണത്തിലും സ്വഭാവത്തിലും പ്രവർത്തനരീതിയിലുമുള്ള ഏതെങ്കിലും ദോഷമോ അപൂർണ്ണതയോ കുറവോ അപര്യാപ്തതയോ ആണ് സേവനത്തിലെ പോരായ്മ.

അന്യായ വ്യാപാരസമ്പ്രദായത്തെ സംബന്ധിച്ചോ, പരിമിതപ്പെടുത്തിയ വ്യാപാരസമ്പ്രദായത്തെച്ചൊല്ലിയോ ആവാം തർക്കം. സാധാരണ പരസ്യങ്ങളിൽ പറയുന്ന ഗുണനിലവാരം ഇല്ലാതിരുന്നാലും, അളവിലും മറ്റും മായംചേർത്താലും ഗുണഭോക്താവിനു പരാതിപ്പെടാം. ഗുണനിലവാരം ഉറപ്പുവരുത്തുവാനും കൃത്യമായ വിലയ്ക്ക് വസ്തുക്കൾ ലഭ്യമാക്കാനും വിലയിലും അളവിലുമുള്ള വഞ്ചന തടയുകയുമാണ് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ഒരു ഉപഭോക്താവിന് നഷ്ടംസംഭവിക്കുകയോ സേവനം യഥാവിധി ലഭ്യമാകാതിരിക്കുകയോ ചെയ്താൽ അയാൾക്ക്, സംഭവം നടന്ന് ഒരു വർഷത്തിനകം പരാതി ബോധിപ്പിക്കാം. 20ലക്ഷം രൂപയിൽ കവിയാത്ത തർക്കങ്ങൾക്ക് ജില്ലാഫോറത്തിലാണ് പരാതികൊടുക്കേണ്ടത്. ജില്ലാ തർക്കപരിഹാരഫോറത്തിനുപുറമെ സംസ്ഥാന ഉപഭോക്തൃക്വമ്മീഷനും ദേശീയകമ്മീഷനും നിലവിലുണ്ട്. വിധി നടപ്പിലാക്കുന്നതിനും വിധി അനുസരിക്കാൻ വിസമ്മതിക്കുന്ന എതിർകക്ഷിയെ ജയിലടക്കുന്നതിനും ഫോറത്തിന് അധികാരമുണ്ട്.

ഉപഭോക്തൃസംരക്ഷണനിയമത്തിൽ, സേവനമേഖലയിൽ, ബാങ്കിങ്, ഫൈനാൻസിങ്, ഇൻഷ്വറൻസ്, ഗതാഗതം, സംസ്ക്കരണം, വൈദ്യുതിയുടെയും അതുപോലെയുള്ള ഊർജ്ജങ്ങളുടെ വിതരണം, ബോർഡിംങ്, ലോഡ്ജിംഗ്, ഭവനനിർമ്മാണം, വിനോദം, വാർത്തകൾ ശേഖരിക്കൽ തുടങ്ങിയ വിഭാഗങ്ങൾ സേവന സൗകര്യങ്ങളാണ്.

വിലകൊടുത്ത് സാധനമോ സേവനമോ വാങ്ങുന്നയാളാണ് ഉപഭോക്താവ്. സൗജന്യ സേവനംപോലെയാണ് സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുത്തുക.

ആതുരസേവനത്തിലെ അനാസ്ഥയാകെതിരെ ഉപഭോക്ത സംരക്ഷണ

നിയമപ്രകാരം നഷ്ടപരിഹാരത്തിനായി ഉപഭോക്താക്കൾ വേദികളെ സമീപിക്കാവുന്നതാണ്. ഡോക്ടറുടെ അശ്രദ്ധമൂലം രോഗിക്ക് എന്തെങ്കിലും നഷ്ടപരിഹാരം വിധിക്കാൻ ഫോറത്തിന് അധികാരമുണ്ട്. എന്നാൽ സർക്കാർ ആശുപത്രിയിലേതുപോലുള്ള സൗജന്യ ചികിത്സയാണെങ്കിൽ നഷ്ടപരിഹാരം ലഭിക്കുകയില്ല.

## പരാതികൊടുക്കേണ്ടത് എങ്ങനെ ?

പരാതി സമർപ്പിക്കാൻ നിയതമായ മാതൃക നിയമത്തിലില്ല. പരാതിക്കാരന്റെ വിലാസവും എതിർകക്ഷിയുടെ പേരും വിലാസവും പരാതിയിൽ രേഖപ്പെടുത്തണം. ബില്ലുണ്ടെങ്കിൽ അതും പരാതിക്കൊപ്പം ഹാജരാക്കണം. സാധനങ്ങളോ സേവനങ്ങളോ പണംനൽകി വാങ്ങിയെങ്കിൽ അതിന്റെ വിശദാംശങ്ങൾ എഴുതണം. എതിർകക്ഷിയുടെ സേവനത്തിലെ അപാകത പരാതിക്കാരൻ വ്യക്തമാക്കണം. പരാതിക്കാരൻ ആവശ്യപ്പെടുന്ന നിവർത്തികൾ എന്തൊക്കെയാണെന്ന് എഴുതണം.

## നടപടിക്രമങ്ങൾ

ലളിതമായ നടപടിക്രമം. സിവിൽകോടതിപോലെ വിശദമായ തെളിവെടുപ്പോ വിസ്താരമോ ഇല്ല.

ഉപഭോക്തൃസംരക്ഷണ(ഭേദഗതി)ചട്ടം 2004 പ്രകാരം ജില്ലാഫോറത്തിൽ പരാതി സമർപ്പിക്കുന്നതിന് ഒരു ലക്ഷംവരെ പരിധിവരുന്ന വ്യവഹാരത്തിന് 100 രൂപയും ഒരു ലക്ഷത്തിനു മുകളിൽ അഞ്ച് ലക്ഷത്തിന് താഴെവരെയുള്ള വ്യവഹാരങ്ങൾക്ക് 200 രൂപയും അഞ്ച് ലക്ഷം രൂപമുതൽ പത്ത് ലക്ഷത്തിൽതാഴെവരെയുള്ള കേസുകൾക്ക് 400 രൂപയും പത്ത് ലക്ഷത്തിന് മുകളിൽ ഇരുപതു ലക്ഷം രൂപവരെയുള്ള കേസുകൾക്ക് 500 രൂപയും ഫീസ് അതാത് ഫോറത്തിൽ അടക്കേണ്ടതാണ്.

## പരാതി ഏത് ജില്ലാഫോറത്തിൽ സമർപ്പിക്കണം

1) പരാതിക്ക് ആധാരമായ ഇടപാടുകൾ നടന്നത് എവിടെവെച്ചാണോ, ആ സ്ഥലത്തുള്ള ജില്ലാഫോറത്തിൽ പരാതിനൽകാം.

   പരാതിക്ക് കാരണമായ ഇടപാടുകൾ ഭാഗികമായി നടന്നിട്ടുള്ള സ്ഥലത്തെ ജില്ലാഫോറത്തിലും പരാതി സമർപ്പിക്കാം.

2) പരാതിയിൽ പറഞ്ഞിരിക്കുന്ന എതിർകക്ഷികൾ എവിടെയാണോ താമസിക്കുന്നത് ആ സ്ഥലത്തുള്ള ജില്ലാഫോറത്തിൽ പരാതി സമർപ്പിക്കാം.

3) ഒന്നിലധികം എതിർകക്ഷികൾ ഉള്ളപ്പോഴും അവർ വ്യത്യസ്ത ജില്ലാഫോറത്തിന്റെ അധികാരപരിധിയിൽ വരുമ്പോഴും അവരിൽ ഏതെങ്കിലും ഒരാൾ താമസിക്കുകയോ, ബിസിനസ്സ് നടത്തിക്കൊണ്ടിരിക്കുകയോ, ബ്രാഞ്ച് ഓഫീസ് ഉണ്ടായിരിക്കുകയോ, തൊഴിൽചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുന്ന സ്ഥലത്തുള്ള ജില്ലാഫോറത്തിൽ പരാതി സമർപ്പിക്കാം.

## സംസ്ഥാന കമ്മീഷൻ

ഇരുപത് ലക്ഷത്തിലധികവും ഒരുകോടിയിൽ കവിയാത്തതുമായ ഉപഭോക്തൃതർക്കങ്ങൾ സംസ്ഥാനകമ്മീഷന് പരിഗണിക്കാം. ജില്ലാഫോറത്തിന്റെ തീരുമാനങ്ങൾക്കെതിരായ അപ്പീൽ സംസ്ഥാനകമ്മീഷനിലാണ് ഫയൽചെയ്യേണ്ടത്. സംസ്ഥാന ഉപഭോക്തൃകമ്മീഷനിൽ പ്രസിഡന്റും രണ്ടു മെമ്പർമാരും ഉണ്ടായിരിക്കും. പ്രസിഡന്റ് ഒരു ഹൈക്കോടതി ജഡ്ജിയോ അല്ലെങ്കിൽ ജഡ്ജി ആയിരുന്നയാളോ ആയിരിക്കും. രണ്ട് മെമ്പർമാരിൽ ഒരാൾ വനിതയായിരിക്കണം.

## ദേശീയ കമ്മീഷൻ

ദേശിയ ഉപഭോക്തൃകമ്മീഷന്റെ ആസ്ഥാനം ന്യൂഡൽഹിയിലാണ്. ദേശീയകമ്മീഷനിൽ പ്രസിഡന്റും മറ്റു നാല് അംഗങ്ങളും ഉണ്ടായിരിക്കും. നാല് അംഗങ്ങളിൽ ഒരാൾ വനിതയായിരിക്കും. ജില്ലാഫോറത്തിലെ മെമ്പർമാർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾതന്നെയാണ് ദേശീയകമ്മീഷനിലേയും മെമ്പർമാർക്ക് ഉണ്ടായിരിക്കേണ്ടത്.

സംസ്ഥാനകമ്മീഷനുകളുടെ ഉത്തരവുകൾക്ക് എതിരെയുള്ള അപ്പീലുകൾ സമർപ്പിക്കേണ്ടത് ദേശീയകമ്മീഷനിലാണ്. സംസ്ഥാനകമ്മീഷനുകളുടെ വിധികളിലോ സംസ്ഥാനകമ്മീഷനുകളിൽ നിലവിലുള്ള കേസ്സുകളിലോ ഇടപെടുവാൻ ദേശീയകമ്മീഷന് അധികാരമുണ്ട്. ഒരുകോടി രൂപയിലധികംവരുന്ന തർക്കങ്ങൾ ദേശീയകമ്മീഷനിൽ ഉന്നയിക്കാം.

ഉപക്ഭോക്താവിന്റെ പരാതിക്ക് അടിസ്ഥാനമായ സംഭവം നടന്ന് രണ്ട് വർഷത്തിനകം ബന്ധപ്പെട്ട ഫോറത്തിൽ പരാതി സമർപ്പിക്കേണ്ടതാണ്.

# 2. അന്തരീക്ഷ, ജല, പരിസ്ഥിതി മലിനീകരണം

നമ്മൾ ശ്വസിക്കുന്ന വായുവിൽ യന്ത്രസാമഗ്രികളിൽ നിന്നും മറ്റു കാരണങ്ങൾകൊണ്ടും വിഷാംശം കലർന്ന് മനുഷ്യജീവന് അപകടകരമായി തീർന്നിരിക്കുന്നു. അതുപോലെ തന്നെ കുടിക്കാനുപയോഗിക്കുന്ന ശുദ്ധജലം വിഷവും മറ്റുമാലിന്യങ്ങളും കലർന്ന് കാളിന്ദീനദിപോലെ മലീമസമായിരിക്കുന്നു.

ഭാരതത്തിൽ 1981- ൽ വായുവിൽ വിഷാംശം കലർത്തുന്നതിനെയും വായുമലിനമാക്കുന്നതിനെയും തടയുന്നതിനുവേണ്ടി വായുമലിനീകരണ നിരോധന നിയന്ത്രണനിയമവും (The Air Prevention and Control of Pollution Act of 1981), 1974-ലെ ആറാം ആക്ടായ ജലമലിനീകരണ നിയന്ത്രണ നിയമവും (The Water Prevention and Control of Pollutiton Act) നിലവിൽ വന്നു. ഈ നിയമം നിലവിൽ ഉണ്ടായിട്ടും ഫലപ്രദമായി നിയന്ത്രണം സാദ്ധ്യമാകാത്തതുകൊണ്ട് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നുകാണിച്ച് ഒരഭിഭാഷകൻ ഹൈക്കോടതിയെ സമീപിക്കു

കയും അന്ന് കേരള ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റീസ് കെ.റ്റി. തോമസ് ഇതിന്റെ ഗൗരവം കണക്കിലെടുത്ത് ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആ മാർഗ്ഗനിർദ്ദേശങ്ങൾ ശിരസ്സാവഹിച്ച് വേണ്ട നിർദ്ദേശങ്ങൾ ഉടനടി സ്വീകരിച്ചുകൊള്ളാമെന്ന് അന്നത്തെ അഡ്വക്കേറ്റ് ജനറൽ കോടതിയിലുറപ്പ് നൽകുകയും ചെയ്തു. നഗരസഭകളിലും മറ്റും ആരോഗ്യപരിപാലനരംഗം കാര്യക്ഷമമാക്കി കൊതുക്, അന്തരീക്ഷ മലിനീകരണം തുടങ്ങിയവയിൽ നിന്നും മനുഷ്യന് സംരക്ഷണം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പൊതുനിരത്തിലും തീയേറ്ററുകളിലും മറ്റും പരസ്യമായി പുകവലിച്ച് മറ്റുള്ളവർക്ക് ശല്യവും അന്തരീക്ഷം മലീമസവുമാക്കുന്ന രീതി ഇന്നു കുറെ കുറഞ്ഞിട്ടുണ്ടെന്നുള്ളത് ഒരു വാസ്തവമാണ്. അതുപോലെ പുകതുപ്പുന്ന വാഹനങ്ങളുടെ ഉടമകൾ പുകപരിശോധന സർട്ടിഫിക്കേറ്റ് ഹാജരാക്കണമെന്ന് നിർബ്ബന്ധിക്കുന്നുണ്ടെങ്കിൽ അത് എത്രമാത്രം ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

അന്തരീക്ഷമലിനീകരണ നിയമത്തിൽ മലിനീകരണം എന്നാൽ മലിനീകരണവസ്തുക്കൾ കൊണ്ട് മനുഷ്യനോ മറ്റുജീവികൾക്കോ വൃക്ഷലതാദികൾക്കോ കേടുവരുത്തുന്ന പ്രവർത്തിയാണ് എന്നു നിർവചിച്ചിരിക്കുന്നു. മലിനീകരണ വസ്തു എന്നത് വായുവോ വെള്ളമോ മലീമസമാക്കുന്ന ഗ്യാസ് അഥവാ പുക, ദ്രാവകങ്ങൾ, പദാർത്ഥങ്ങൾ, ശബ്ദം എന്നിവയാണ്.

അന്തരീക്ഷ മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും അന്തരീക്ഷ മലിനീകരണ നിയന്ത്രണ ബോർഡുകൾ നിയമമനുസരിച്ച് നിലവിൽവന്നു. ഏതെങ്കിലും സംസ്ഥാനത്ത് ജലമലിനീകരണ നിയന്ത്രണബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആ ബോർഡുകൾക്ക് അന്തരീക്ഷ മലിനീകരണ നിയമനുസരിച്ചുള്ള ബോർഡുകളായി തുടർന്നു പ്രവർത്തിക്കാം. കാരണം അന്തരീക്ഷമലിനീകരണം നിയമം 1981-ൽ നിലവിൽവരുന്നതിനു മുൻപ് ജലമലിനീകരണ നിയന്ത്രണ നിയമം 1974 മുതൽ പ്രവർത്തിച്ചിരുന്നു എന്നുള്ളതുതന്നെ. സംസ്ഥാന ബോർഡുകളിൽ അന്തരീക്ഷ മലിനീകരണ നിയന്ത്രണ സംവിധാനം സംബന്ധിച്ച് പ്രാഗത്ഭ്യമുള്ള ഒരാളെ മുഴുവൻസമയ ചെയർമാനായോ, പാർട്ട്ടൈം ചെയർമാനോയോ നിയമിക്കേണ്ടതാണ്. അതുപോലെ ഈ രംഗത്ത് പ്രാഗത്ഭ്യമുള്ളവരെ ബോർഡിലെ അംഗങ്ങളായും നിയമിക്കേണ്ടതാണ്.

കേന്ദ്രബോർഡുകൾക്ക് മലിനീകരണപ്രവർത്തനം സംബന്ധിച്ചും, മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചും കേന്ദ്ര ഗവൺമെന്റിന് ഉപദേശവും മാർഗ്ഗദർശനവും നൽകുവാനുള്ള ചുമതലയും, വിദഗ്ദ്ധോപദേശങ്ങൾ നൽകുന്നതിനു പുറമേ സംസ്ഥാന ബോർഡുകളുടെ പ്രവർത്തനം നിയന്ത്രിച്ചും പരസ്പരം ബന്ധിപ്പിച്ചും പ്രവർത്തിക്കുന്നതിനുള്ള ചുമതലയുമുണ്ട്.

സംസ്ഥാന ബോർഡുകൾക്ക് 1974-ലെ ജലമലിനീകരണ നിയന്ത്രണ നിയമത്തിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനും അന്ത രീക്ഷ-ജല മലിനീകരണം സംബന്ധിച്ച കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും ഉപദേശം നൽകു കയും ചെയ്യുന്നതിനുമുള്ള അധികാരമുണ്ട്. വായു-ജല മലിനീകരണം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും, അങ്ങനെയുള്ള സ്ഥല ങ്ങൾ സന്ദർശിച്ച് മലിനീകരണത്തിന് കാരണമായ ഉപകരണങ്ങളും മറ്റും വിശദമായി പരിശോധിച്ച് മലനീകരണം തടയുന്നതിനുള്ള നിർദ്ദേശം കൊടുക്കുന്നതിനും, വായുശുചീകരണം മലിനീകരണ നിയന്ത്രണം തുടങ്ങിയവ സംബന്ധിച്ച് കേന്ദ്ര നിയന്ത്രണ ബോർഡു മായി ബന്ധം പുലർത്തി യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനും, വായുമലിനീകരണ നിയന്ത്രണ നിയമം നടപ്പിലാക്കുന്നതിനു വേണ്ടി ആളുകൾക്ക് പരിശീലനം കൊടുക്കുന്നതിനും സംസ്ഥാന ബോർഡു കൾക്കധികാരമുണ്ട്.

ഏതെങ്കിലും മേഖല വായുമലിനീകരണ മേഖലായായി പ്രഖ്യാപിക്കു ന്നതിനും, വ്യവസായ സ്ഥാപനങ്ങളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തു ന്നതിനും, വായുമലിനീകരണ ഉപകരണങ്ങൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനും സംസ്ഥാന ബോർഡുകൾക്കധികാരമുണ്ട്.

അതുപോലെതന്നെ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങളൊ, യൂ ണിറ്റുകളൊ, വ്യക്തികളൊ നിയന്ത്രണ ഉത്തരവു പാലിക്കുന്നില്ലെങ്കിൽ അവ നടപ്പാക്കി കിട്ടുന്നതിനുവേണ്ടി കോടതിയെ സമീപിക്കുന്നതിനും നിവർത്തി തേടുന്നതിനും നിരോധനഉത്തരവു സമ്പാദിക്കുന്നതിനും സംസ്ഥാനബോർഡുകൾക്കധികാരമുണ്ട്.

ഒരു സ്ഥാപനത്തിന്റെ ഉടമ, സംസ്ഥാന ബോർഡിലെ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടാൽ വേണ്ട വിവരങ്ങൾ നൽകുന്നതിന് ബാദ്ധ്യസ്ഥനാണ്. ഒരുപ്രദേശത്ത് അന്തരീക്ഷം മലിനമാകുന്നു എന്നു കണ്ടാൽ അവിടം പരിശോധിച്ച് സാമ്പിളുകൾ ശേഖരിച്ച് നിയമംമൂലം വ്യവസ്ഥ ചെയ്തി ട്ടുള്ള ലാബറട്ടറിക്ക് അയച്ചു കൊടുക്കുന്നതിനും റിപ്പോർട്ടു വരുത്തി യുക്തമായ നടപടി സ്വീകരിക്കുന്നതിനും സംസ്ഥാന ബോർഡുകൾക്ക ധികാരമുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നിർദ്ദേശാനുസ രണം പ്രവർത്തിക്കുന്ന ലാബറട്ടറിയുടെ റിപ്പോർട്ട് അന്തിമമായിരിക്കും. അതോറിട്ടിയുടെ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും സിവിൽകോടതിയിൽ ചോദ്യം ചെയ്യപ്പെടാവുന്നവയല്ല.

## ശിക്ഷാ നടപടികൾ

നിയമത്തിനു വിരുദ്ധമായി പ്രവർത്തിച്ച് കുറ്റം ചെയ്യുന്നവർക്കെതി രായി, സംസ്ഥാന ബോർഡിനും ബോർഡു ചുമതലപ്പെടുത്തുന്ന ഉദ്യോ ഗസ്ഥനും പുറമേ 60 ദിവസത്തെ മുൻകൂട്ടിയുള്ള നോട്ടീസ് നൽകിയതി നുശേഷം ഒരു സ്വകാര്യ വ്യക്തിക്കും പരാതി ബോധിപ്പിക്കാവുന്നതാ

ണ്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്നു എന്നു കണ്ടാൽ ആ ആളിനെ ആറുകൊല്ലം വരെ തടവിനും നിയമലംഘനം നടത്തുന്ന ഓരോ ദിവസത്തിനും 5000 രൂപ പിഴഒടുക്കുന്നതിനും ശിക്ഷിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. എന്നാൽ തടവു ശിക്ഷ യാതൊരു കാരണവശാലും ഒരു കൊല്ലത്തിൽ കുറയുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ജലമലിനീകരണ നിയന്ത്രണ നിയമം

അമിതമായ വിഷപ്രയോഗം കൊണ്ട് മത്സ്യം ചത്തുപൊങ്ങുന്നതും ഫാക്ടറികളിൽ നിന്നും പുറത്തേക്കൊഴുകുന്ന മലിനജലംമൂലം നദികളിൽ സ്നാനം ചെയ്യുന്നതിനുപോലും നിവർത്തിയില്ലാത്ത വിധം വിഷലിപ്തമായിത്തീരുന്നതും തീരദേശവാസികളുടെ കുടിവെള്ളത്തെപ്പോലും മലിനമാക്കുന്നതും അവരുടെ ആരോഗ്യപ്രശ്നങ്ങളെ ബാധിക്കുന്നതുമൊക്കെ ചലനാത്മകമായ വ്യവസായിക വിപ്ലത്തിന്റെ ദുരന്തഫലങ്ങളാണ്. ഇത് കണക്കിലെടുത്താണ് ജലമലിനീകരണം തടയുന്നതിനും ശുദ്ധമായ കുടിനീർ ലഭ്യമാകുന്നതിനുംവേണ്ടിയുള്ള ലക്ഷ്യത്തോടെ 1974-ൽ ജലമലിനീകരണ നിയന്ത്രണ നിയമം പാസ്സാക്കി നടപ്പിൽ വരുത്തിയത്.

കെമിക്കലുകളോ ഏതെങ്കിലും പദാർത്ഥങ്ങളോ ഉപയോഗിച്ചു ജലമോ ജലാശയങ്ങളൊ ജലസ്രോതസുകളൊ മലിനമാക്കുന്നതിനെയാണ് ജലമലിനീകരണം എന്ന് നിർവ്വചിച്ചിരിക്കുന്നത്. ജലസ്രോതസ്സെന്നത് വെള്ളമൊഴുകുന്ന അരുവികൾ, വെള്ളം കൊണ്ടുപോകുന്നതിനുപയോഗിക്കുന്ന പൈപ്പ് മറ്റുപകരണങ്ങൾ ഇവയൊക്കെയാണ്. Stream (അരുവികൾ) എന്നാൽ നദികൾ, വെള്ളമൊഴുകുന്ന ചെറിയ അരുവികൾ, കൃത്രിമ ജലാശയങ്ങൾ കൃത്രിമവും പ്രകൃതിയിലുള്ളതും, അടിയൊഴുക്കുള്ള വെള്ളം, സമുദ്രജലം, ഓരുവെള്ളം ഇവയെല്ലാം ഉൾപ്പെടും.

അന്തരീക്ഷ മലിനീകരണ നിയന്ത്രണ ബോർഡിലേതുപോലെ തന്നെ ജലമലിനീകരണ നിരോധനത്തിനും നിയന്ത്രണത്തിനുമായി കേന്ദ്ര-സംസ്ഥാന ബോർഡുകളുണ്ടായിരിക്കുന്നതാണ്. ഇവയുടെ പ്രവർത്തനവും അധികാരപരിധിയും, പ്രവർത്തനശൈലിയും അന്തരീക്ഷ മലിനീകരണ നിയന്ത്രണബോർഡിന്റേതുപോലെതന്നെയാകയാൽ പ്രത്യേകം വിവരിക്കേണ്ടതില്ല. മലിനീകരണത്തിനു വിധേയമായ ജലത്തിന്റെയും പദാർത്ഥങ്ങളുടെയും ഉറവിടം മുതലായവ പരിശോധിക്കുന്നതിനും സാമ്പിളുകൾ ശേഖരിച്ച് റിപ്പോർട്ടുകൾ വരുത്തി യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനും മലിനീകരണം തടഞ്ഞ് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും മലിനീകരണം തടയുന്നതിനുവേണ്ടി കോടതിയെ സമീപിക്കുന്നതിനും ബോർഡിനധികരമുണ്ട്.

കുറ്റക്കാരെന്നു കണ്ടാൽ ആറുകൊല്ലംവരെ തടവോ, തടവോടുകൂടിയ പിഴയൊ വിധിക്കുന്നതിനും കോടതിയ്ക്കധികാരമുണ്ട്. എന്നാൽ ഈ ശിക്ഷ ഒരു കാരണവശാലും ഒരു വർഷത്തിൽ കുറയുവാൻ പാടില്ല.

കുറ്റം ചെയ്യുന്ന കമ്പനികളുടെ പേരിലും നടപടികൾ സ്വീകരിക്കുന്നതിനും കുറ്റക്കാരുടെ പേരുവിവരം അടങ്ങിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിയമമുണ്ട്.

നിയമം ലംഘിക്കുന്നത് ഗവൺമെന്റിന്റെ ഒരു ഡിപ്പാർട്ടുമെന്റാണെങ്കിൽ നിയമം ലംഘിക്കുന്ന ഒരു വ്യക്തിയെപ്പോലെ തന്നെ ആ ഡിപ്പാർട്ടുമെന്റ് മേലുദ്യോഗസ്ഥൻ കുറ്റക്കാരനാണെന്നു കണ്ട് അയാളുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനും പ്രത്യേകം വ്യവസ്ഥയുണ്ട്.

## പരിസ്ഥിതി സംരക്ഷണ നിയമം

പരിസ്ഥിതി സംരക്ഷണം ഇന്ന് വളരെയേറെ പ്രാധാന്യം കൈവന്ന വാക്കാണ്. അന്തരീക്ഷ മലിനീകരണത്തിന്റെ ഫലമായി ഓസോൺ പാളികളിൽ വിള്ളലുകൾ വീണ് ലോകത്തിന്റെ നിലനില്പു തന്നെ സന്നിഗ്ദ്ധാവസ്ഥയിൽ എത്തിയിരിക്കുന്നു എന്ന കാര്യം 1980കളിൽ തെളിയിക്കപ്പെട്ടു. 1960കളിൽ രാസമാലിന്യങ്ങൾ കലർന്ന മേഘങ്ങളിൽ നിന്നുമുണ്ടാകുന്ന അമ്ലമഴമൂലം വനസമ്പത്തും കൃഷിയും നശിക്കുന്നതിനെതിരേ സ്കാൻഡിനേവിയൻ രാജ്യങ്ങൾ മുറവിളികൂട്ടിയതിനെ തുടർന്ന് ശാസ്ത്രജ്ഞന്മാരും ഭരണാധികാരികളും 1972-ൽ സ്റ്റോക്ക്ഹോമിൽ സമ്മേളിച്ചു. ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ നടന്ന ഈ സമ്മേളനത്തിൽ ഭാരതവും പങ്കെടുത്തു. ഈ സമ്മേളനത്തിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും സാക്ഷാത്കരിക്കുന്നതിനും അന്തരീക്ഷ സന്തുലിതാവസ്ഥ ആരോഗ്യകരമായി നിലനിർത്തുന്നതുനും പരിസ്ഥിതി സംരക്ഷണ നിയമം പാസാക്കി നടപ്പാക്കി.

പരിസ്ഥിതി എന്നാൽ വായു, ജലം, ഭൂമി ഇവയുമായി പരസ്പര ബന്ധമുള്ളതും, സമസ്ത ജീവജാലങ്ങളും, സചേതനവും അചേതനവുമായ സൂക്ഷ്മകോശങ്ങളും അടങ്ങുന്നത് എന്നാണ് നിർവചിച്ചിരിക്കുന്നത്.

പരിസ്ഥിതി മലിനീകരണം എന്നാൽ വാതകവും ഖരവസ്തുക്കളും ദ്രവരൂപത്തിലുള്ള വസ്തുക്കളും എല്ലാം മലിനപ്പെടുത്തി നശിപ്പിക്കുന്ന അന്തരീക്ഷ മലിനീകരണം എന്ന് അർത്ഥം കൊടുത്തിരിക്കുന്നു. പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്ന ഏതുവിധ പ്രവർത്തിയും പരിസ്ഥിതി മലിനീകരണമാണ്. ഇങ്ങനെ മലിനീകരണനമുണ്ടാക്കുന്ന ഏതൊരു വസ്തുവും അപകടകരമായ വസ്തു (Hazardous substance) ആണ് എന്നു നിർവചിച്ചിരിക്കുന്നു.

ഈ നിയമത്തിനനുസൃതമായി പരിസ്ഥിതി സംരക്ഷണത്തിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ച് ഭൗമാന്തരീക്ഷത്തെയും സമസ്ത ജീവജാലങ്ങളെയും നിലനിർത്തുന്നതിനുള്ള ബാദ്ധ്യത കേന്ദ്ര ഗവർമെന്റിനാണ്. ഇതിലേക്കായി ദേശവ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക, മലിനീകരണ നിയന്ത്രണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ട നടപടികൾ സ്വീകരിക്കുക, ഫാക്ടറികളിൽനിന്നും മറ്റും പുറത്തേക്കു വരുന്ന മാലിന്യങ്ങൾ തടയുകയും

നിയന്ത്രിക്കുകയും ചെയ്യുക, അതിലേക്കുള്ള ഗവേഷണങ്ങൾ നടത്തുക, ഈ ലക്ഷ്യപ്രാപ്തിക്കു വേണ്ട നിയമനിർമ്മാണം നടത്തുക എന്നിവയൊക്കെ കേന്ദ്ര-സംസ്ഥാന ഗവർമെന്റുകളുടെ ഉത്തരവാദിത്തമാണ്. ഇതിനായി നിയമിക്കുന്ന ഉദ്യോഗസ്ഥർക്ക് എവിടെയും പരിശോധന നടത്തുന്നതിനും യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനും അധികാരമുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനായുള്ള നിർദ്ദേശങ്ങൾ നടപ്പാക്കാതെയിരിക്കുകയോ ലംഘിക്കുകയോ ചെയ്താൽ അഞ്ചു വർഷം വരെ തടവോ പിഴയോ രണ്ടും കൂടെയോ ശിക്ഷ വിധിക്കാം. കുറ്റം ആവർത്തിച്ചാൽ ആവർത്തിക്കുന്ന ഓരോ ദിവസത്തിനും അയ്യായിരം രൂപ വരെ പിഴയിടാവുന്നതാണ്. പരിസ്ഥിതി സംരക്ഷണത്തോടൊപ്പം തന്നെ രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾകൂടി നടക്കേണ്ടത് അനിവാര്യമാകയാൽ സുസ്ഥിരവികസനം (Sustainable Development) എന്ന തത്വം 1980 കളിൽ രൂപപ്പെട്ടു. തലമുറകൾ തമ്മിലുള്ള പാരിസ്ഥിതിക തുല്യത (intergenerational equity) വിവക്ഷിക്കുന്നതാണ് ഈ തത്വം.

വായു-ജല-അന്തരീക്ഷ മലിനീകരണം മനുഷ്യജീവന്റെ നിലനില്പിനെപ്പോലും ബാധിക്കുന്ന ഭീകരവും ഭയാനകവുമായ ഒരവസ്ഥയിലെത്തിച്ചേർന്നിരിക്കുകയാണ്. പരിസ്ഥിതി സന്തുലിതാവസ്ഥയെ തകിടം മറിച്ച് മനുഷ്യരാശിയെതന്നെ ഉന്മൂലനം ചെയ്യുവാനിടയുള്ള ഭയാനകമായ ഈ കുറ്റങ്ങൾക്ക് നിസ്സാരമായ ശിക്ഷയാണ് വിധിച്ചിരിക്കുന്നത് എന്നുള്ളത് വേദനാജനകമാണ്. ഒരു വ്യക്തിയെ കൊലപ്പെടുത്തുന്ന ഒരാളിന് വധശിക്ഷയാണ് വിധിച്ചിട്ടുള്ളത്. എന്നാൽ ഒരു വ്യക്തിയെ മാത്രമല്ല, സമൂഹത്തെയാകെ മരണത്തിലേക്കു തള്ളിവിടുന്ന, അല്ലെങ്കിൽ മരണതുല്യമായ യാതനയും വേദനയും അനുഭവിക്കുന്നതിന് കാരണമാകുന്നവർക്ക് അവരർഹിക്കുന്ന രീതിയിൽ ശിക്ഷ നൽകുന്നതിനും (Polluter Pays Principle) ലഭിക്കുന്നതിനും വേണ്ടി നിയമം കൂടുതൽ കർക്കശ്ശമാക്കേണ്ടിയിരിക്കുന്നു. പരിസ്ഥിതി സംബന്ധിച്ച വിപത്തുകൾ മുൻകൂട്ടി കണ്ട് അവയ്ക്കെതിരെയും നടപടികൾ സ്വീകരിക്കേണ്ടതാണ് (Precautionary Principle).

# 3. ആരോഗ്യ സംരക്ഷണം

**ഇ**ന്ത്യൻ ഭരണഘടന ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണകൂടത്തോട് അനുശാസിക്കുന്നു.

അനുഛേദം 21 പ്രകാരം ഭരണഘടന വ്യക്തിക്ക് ജീവിക്കാനുള്ള ഭരണഘടനാ അവകാശവും, സ്വാതന്ത്ര്യവും നൽകുന്നു എന്നത്കൊണ്ട് അർത്ഥമാക്കുന്നത് ആരോഗ്യകരമായ സാഹചര്യങ്ങളിൽ ജീവിക്കാനുള്ള അവകാശത്തെകൂടിയാണ്. അതുകൊണ്ടുതന്നെ ഭരണകൂടത്തിന്റെ പ്രാഥമികബാധ്യതയാണ് വ്യക്തിയുടെ ആരോഗ്യസംരക്ഷണം. ആരോഗ്യസംരക്ഷണത്തിനായി ആശുപത്രികളും, ആരോഗ്യകേന്ദ്രങ്ങളും

സ്ഥാപിക്കുകയും ജനങ്ങൾക്കാവശ്യമായ വൈദ്യസഹായമെത്തിച്ചു കൊടുക്കുകയുംചെയ്യാൻ ഗവൺമെന്റിന് ബാധ്യതയുണ്ട്

ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ ഭരണനയങ്ങൾ രൂപീകരിക്കുമ്പോൾ വ്യക്തിയുടെ ആരോഗ്യരക്ഷയ്ക്ക് ഊന്നൽ കൊടുക്കണം എന്ന് നിർദ്ദേശിക്കുന്നു. സാമ്പത്തികബാധ്യതമൂലം ബാലവേലയും അതുവഴിയുള്ള അനാരോഗ്യവും ഉണ്ടാകരുത്. നയരൂപീകരണത്തിൽ കുട്ടികളുടെ ആരോഗ്യപരമായ വളർച്ചയ്ക്കും, കൗമാരപ്രായക്കാരുടെയും, അമ്മമാരുടെയും ആരോഗ്യരക്ഷയ്ക്കും പ്രത്യേക ഊന്നൽനൽകുവാൻ സർക്കാരിന് ബാധ്യതയുണ്ട്. തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നതിനും, മെച്ചപ്പെട്ട തൊഴിൽസാഹചര്യങ്ങളിൽ പണിയെടുക്കുവാനും ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ടരീതിയിൽ നിയമനിർമ്മാണം നടത്തുവാനും ഭരണഘടന ഭരണകൂടത്തോട് നിർദ്ദേശിക്കുന്നു.

മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയവ നിർമാർജനംചെയ്യാനും പൊതുജനാരോഗ്യം മെച്ചപ്പെടുത്താനും ഭരണകൂടം ശ്രമിക്കണമെന്ന് നിർദ്ദേശക തത്വങ്ങളിൽ പറയുന്നുണ്ട്.

ഭരണഘടനയുടെ മൗലികകടമകളിൽ പരിസ്ഥിതിസംരക്ഷണത്തിന്റെ ഭാഗമായി വനം, കായൽ, നദികൾ, വന്യമൃഗങ്ങൾ എന്നിവയുടെ സംരക്ഷണം ഉൾപെടുത്തിയിട്ടുണ്ട്. ശാസ്ത്രീയ ഉന്നതിയും, മാനവികതയും, പരിഷ്കാരവും, വ്യക്തിവികസനവും, കൂട്ടായപ്രയത്നവും മൂലം രാജ്യത്തെ ഉയരത്തിലേക്കെത്തിക്കുക എന്നത് ഓരോ പൗരന്റെയും ബാധ്യതയാണ്.

വൈദ്യരംഗത്ത് ഡോക്ടറുടെ അഥവാ ഭിഷഗ്വരന്റെ സേവനം വളരെ വിലപ്പെട്ടതാണ്. രോഗികളും ഡോക്ടർമാരും തമ്മിലുള്ള ബന്ധം മനുഷ്യത്വത്തിലും പരസ്പരവിശ്വാസത്തിലും അധിഷ്ഠിതമായിരിക്കണം എന്നത് ഏറ്റവും പ്രധാനമാണ്.

## ഡോക്ടർക്ക് രോഗിയോടുള്ള കടമകൾ

- തന്നെ സമീപിക്കുന്ന രോഗിയുടെ അല്ലെങ്കിൽ അപകടത്തിൽപ്പെട്ടയാളുടെ ജീവൻരക്ഷിക്കുന്നതിനായി തന്റെ സേവനം ഉപയോഗപ്പെടുത്തുകയാണ്, ഡോക്ടറുടെ പ്രാഥമിക കർത്തവ്യം.

- ഏതൊരാൾക്കും വൈദ്യസഹായം നൽകുന്നതിൽനിന്ന് ഡോക്ടർമാരെ ഒരു നിയമത്തിനോ, ഭരണകൂടത്തിനോ തടസ്സപ്പെടുത്താൻ അവകാശമില്ല.

- ഒരുരോഗി തന്നെ സമീപിച്ചാൽ തന്റെ സേവനംമാത്രംകൊണ്ട് ആ രോഗിയെ സംരക്ഷിക്കാൻ കഴിയില്ലായെന്ന് ബോധ്യമായാൽ ആവശ്യമായ വിദഗ്ധരുടെ സേവനം എത്രയുംനേരത്തെ ലഭ്യമാക്കുന്നതിനുവേണ്ടി സഹായമൊരുക്കുക എന്നതും ഡോക്ടറുടെ ബാധ്യതയാണ്.

- ഒരു രോഗിയുടെ സ്വകാര്യത സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ ഡോക്ടർ അത് മറ്റാരുടേയും മുമ്പിൽ വെളിപ്പെടുത്തേണ്ടതില്ല. പക്ഷേ ആ സ്വകാര്യത സൂക്ഷിക്കുന്നതുകൊണ്ട് സമൂഹത്തിന് മൊത്തം അപകടമുണ്ടാവാൻ സാധ്യതയുണ്ടായാൽ രോഗിയുടെ സ്വകാര്യതയ്ക്കുള്ള അവകാശം നഷ്ടപ്പെടും.

- ഒരു രോഗിയെ പരിശോധിക്കാൻതുടങ്ങുമ്പോൾ രോഗത്തിന്റെ സ്വഭാവവും അയാൾക്ക് നൽകുന്ന ചികിത്സാരീതികളും, മറ്റുവല്ല രീതികളും ഉണ്ടെങ്കിൽ അവയെല്ലാം രോഗിയെ ബോധ്യപ്പെടുത്താൻ ശ്രമിക്കുവാൻ ഡോക്ടർക്ക് ബാധ്യതയുണ്ട്.

- അത്യാഹിതംസംഭവിച്ചാൽ രോഗിക്കാവശ്യമായ ചികിത്സ മറ്റെല്ലാം മാറ്റിവച്ച്, അടിയന്തിരമായി നൽകാൻ ഡോക്ടർക്ക് ബാധ്യതയുണ്ട്. രോഗിയുടെ ആരോഗ്യത്തിനാണ് പ്രാഥമികപരിഗണന നൽകേണ്ടത്. ഏതു സാഹചര്യത്തിലും രോഗിയുടെ ജീവൻ സംരക്ഷിക്കുക എന്നുള്ളതാണ് ഡോക്ടറുടെ ബാധ്യത.

ഒരു രോഗിക്ക് ആവശ്യമായ വൈദ്യസഹായം എത്രയുംപെട്ടെന്ന് നൽകുവാൻ ഡോക്ടർക്ക് ബാധ്യതയുണ്ട്. ഒരത്യാഹിതംസംഭവിച്ചാൽ വ്യക്തികളുടെ ജീവൻ രക്ഷിക്കുന്നതിനായിരിക്കണം മുഖ്യപ്രധാന്യം നൽകേണ്ടത്. ധാർമ്മികമായ ഈ ബാധ്യത ഡോക്ടർക്കുമാത്രമല്ല, പോലീസ്ഓഫീസർക്കും, ഒരു സാധാരണക്കാരനുപോലും ബാധകമാണ്.

സാധാരണയായി ഒരു അപകടംസംഭവിച്ചാൽ അതല്ലെങ്കിൽ ഒരത്യാഹിതത്തിലോ, സംഘട്ടനത്തിലോ പരിക്കുപറ്റിയാൽ, അതുമല്ലെങ്കിൽ ലൈംഗികമായി പീഡിപ്പിക്കപ്പെട്ടാൽ പെൺകുട്ടിയേയോ, ആൺകുട്ടിയേയോ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിപ്പെട്ടാൽ ഡോക്ടർമാർ ഇവരെ സംബന്ധിക്കുന്ന വിവരങ്ങൾ വിശദമായി രേഖപെടുത്തേണ്ടതാണ്. മുറിവിന്റെ ആഴം, വ്യാപ്തി, പരിശോധനാസമയം, ആരാണ് രോഗിയെ കൊണ്ടുവന്നത്, പരിക്കിന്റെ സ്വഭാവം എന്നിവയും പ്രത്യേകം പ്രത്യേകമായി രേഖപ്പെടുത്തുന്നത് കേസിന്റെ വിചാരണയിൽ തെളിവായി ഹാജരാക്കുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ ബന്ധപ്പെട്ട പോലീസ് ഓഫീസറെ അറിയിക്കാനും ഡോക്ടർക്ക് ബാധ്യതയുണ്ട്

ബലാൽസംഗത്തിനിരയായ സ്ത്രീയേയോ കുട്ടിയേയോ പരിശോധിക്കാൻ ഡോക്ടർക്ക് പ്രത്യേക ബാധ്യതയുണ്ട്. ഇങ്ങനെയുള്ളവരെ പരിശോധിക്കേണ്ടത് ഒന്നുകിൽ ഒരു സ്ത്രീഡോക്ടറോ, ഒരു സ്ത്രീഡോക്ടറുടെ മേൽനോട്ടത്തിലൊ, ഏതെങ്കിലുമൊരു സ്ത്രീയുടെ സാന്നിധ്യത്തിലോ മാത്രമായിരിക്കണം. ഗവൺമെന്റ് ഡോക്ടർമാർ ഇത്തരം കേസുകൾവന്നാൽ പരിശോധിക്കാൻ വൈമനസ്യംകാണിക്കുന്ന പ്രവണതയെ, ഈയടുത്തകാലത്ത് സുപ്രീംകോടതി നിശിതമായി വിമർശിക്കുകയും, ഭരണകൂടത്തോട് ഈ സാഹചര്യത്തിനെതിരെ നടപടികളെടുക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

# 4. ചെക്ക് സംബന്ധമായ നിയമങ്ങൾ

സാമ്പത്തിക ഇടപാടുകളിൽ ചിലപ്പോഴെങ്കിലും വഞ്ചനകൾ നടക്കാറുണ്ട് . സാധാരണ സാമ്പത്തിക ഇടപാടിൽ ചെക്കിൽ ഒപ്പിട്ട് നൽകിയാൽ ചെക്കിന്റെ ഉടമ അതിൽ എഴുതിയ പണം നൽകാൻ ബാധ്യസ്ഥനാണ്.

ചെക്ക് ബാങ്കിൽ നൽകിയാൽ അക്കൗണ്ടിൽ പണമില്ലെന്ന് പറഞ്ഞ് ഇക്കാര്യം സൂചിപ്പിക്കുന്ന മെമ്മോസഹിതം ചെക്ക് തിരിച്ചുതന്നാൽ മെമ്മോ ലഭിച്ച് 30 ദിവസത്തിനകം ചെക്ക് പണമില്ലെന്ന കാരണത്താൽ മടങ്ങിയ വിവരംകാണിച്ച് ചെക്ക് തന്നയാൾക്ക് നോട്ടീസ് അയക്കേണ്ടതാണ്. നോട്ടീസ് കൈപ്പറ്റുകയോ കൈപ്പറ്റാതെ തിരിച്ചുവരികയോ ചെയ്താൽ അന്നേതീയതി മുതൽ 15 ദിവസത്തിനുശേഷം തുടങ്ങുന്ന 30 ദിവസത്തിനകം അതായത് 45 ദിവസത്തിനുള്ളിൽ പണംതരാനുള്ളയാളെ പ്രോസിക്യൂട്ട്ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിമുമ്പാകെ പരാതി ബോധിപ്പിക്കേണ്ടതാണ്.

ആരുടെ പേരിലാണോ ചെക്ക് നൽകിയത് അയാളുടെ ബാങ്ക് അക്കൗണ്ട് ഉള്ള ബാങ്കിന്റെ പരിധിയിൽവരുന്ന ഒന്നാംക്ലാസ് മജിസ്ട്രേട്ട്കോടതി മുമ്പാകെയാണ് അന്യായം ബോധിപ്പിക്കേണ്ടത്. പണമിടപാടുകളിൽ ജാമ്യക്കാരൻ എന്നനിലയിലോ, പണത്തിന്റെ ഉറപ്പിനുവേണ്ടി എന്ന നിലയിലോ ചെക്കുകൾ നൽകിയാലും ചെക്ക് നൽകുന്നയാളിന് നിയമപ്രകാരം ബാധ്യതയുണ്ടായിരിക്കും. തുക എഴുതാതെ ബ്ലാങ്ക്ചെക്ക് ഒപ്പിട്ടുകൊടുത്തതായിരുന്നുവെന്ന വാദം നിഷ്ഫലമാണ്.

പരമാവധി രണ്ടുവർഷംവരെ തടവും പിഴയും രണ്ടുംകൂടിയോ ലഭിക്കാവുന്ന കുറ്റകൃത്യമാണ് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് 138-ാം വകുപ്പുപ്രകാരമുള്ള ഈ കുറ്റകൃത്യം. ഈ കുറ്റം വിചാരണവേളയിൽ ഒത്തുതീർപ്പാക്കാവുന്നതാണ്.

# 5. ബാലനീതി (ശ്രദ്ധയും പരിചരണവും) നിയമം,2015

ഒരു രാഷ്ട്രത്തിന്റെ ഭാവി കുട്ടികളിലാണ്. കുട്ടികളെ സംരക്ഷിക്കുകയും അവരുടെ സർവതോന്മുഖമായ വികാസം ഉറപ്പുവരുത്തുകയും ചെയ്യാനുള്ള ബാധ്യത സമൂഹത്തിനുണ്ട്. നമ്മുടെ ഭരണഘടനയിലെ അനുച്ഛേദങ്ങൾ കുട്ടികളുടെ കാര്യത്തിൽ ഭരണകൂടത്തിനുള്ള ഉത്തരവാദത്തിന് അടിവരയിടുന്നു. അന്താരാഷ്ട്ര കൺവെൻഷനുകളും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ രാഷ്ട്രങ്ങൾക്ക് ബാധ്യതയുണ്ടെന്ന് പ്രഖ്യാപിച്ചു. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ പാർലമെന്റ് 2000-ത്തിൽ ബാലനീതിനിയമം പാസാക്കിയത്. 1986-ലെ ബാലനീതിനിയമത്തെ നാം സമഗ്രമായി പൊളിച്ചെഴുതി. 2015ൽ ബാലനീതി (ശ്രദ്ധയും പരിചരണവും) നിയമം നിലവിൽ വന്നു.

ബാലനീതി ബോർഡുകൾ സ്ഥാപിക്കാനും വഴിതെറ്റിപ്പോകുന്ന കുട്ടി

കൾക്കായി നിരീക്ഷണനിലയങ്ങൾ സ്ഥാപിക്കാനും ബാലക്ഷേമസമിതികൾ രൂപവൽക്കരിക്കാനും നിയമം വ്യവസ്ഥചെയ്യുന്നു. കുട്ടികൾ കുറ്റം ചെയ്താൽ അവരെ സാധാരണ പോലീസ് അറസ്റ്റുചെയ്ത് സാധാരണ കോടതിയിൽ വിചാരണചെയ്തുകൂടാ. അവർക്കുവേണ്ടി പ്രത്യേക പോലീസ് ഉണ്ടാവണം. അവരെ വിചാരണചെയ്യേണ്ടത് ബാലനീതി ബോർഡാണ്. അവരെ നിയമം കുട്ടിക്കുറ്റവാളികൾ എന്നുപോലുമല്ല വിശേഷിപ്പിക്കുന്നത്. നിയമവുമായി സംഘർഷത്തിലുള്ള കുട്ടി (Child in confict with law) എന്നുമാത്രമാണ്. അറസ്റ്റുചെയ്യപ്പെട്ടാൽ, അതെത്ര വലിയകുറ്റമായാലും കുട്ടികൾ ജാമ്യത്തിനർഹരാണ്. ആ വിവരം രക്ഷിതാക്കളെ അറിയിക്കണം. കൗൺസലിംഗ്, സാമൂഹികസേവനം, നല്ലനടപ്പ്, പ്രത്യേകഭവനത്തിലെ താമസം, സുരക്ഷിതമായിടത്ത് പാർപ്പിക്കൽ തുടങ്ങിയവയ്ക്ക് ഉത്തരവിട്ടുകൊണ്ടാണ് വഴിതെറ്റുന്ന കുട്ടികളെ കൈകാര്യം ചെയ്യേണ്ടത്. 2015-ലെ നിയമപ്രകാരം കടുത്ത കുറ്റകൃത്യത്തിലേർപ്പെടുന്ന 16-18 വയസ്സുള്ള കുട്ടികളെ മുതിർന്നവരായി കണക്കാക്കി വിചാരണ നടത്തുന്നതാണ്.

കുറ്റംചെയ്തതോ പീഡനത്തിന് ഇരയായതോ ആയ കുട്ടികളുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്ന മാധ്യമങ്ങൾ കുറ്റംചെയ്തതായി പരിഗണിക്കപ്പെടും. അതിന് 1000 രൂപവരെ പിഴ ശിക്ഷയാകാം എന്നും നിയമം പറയുന്നു.

കുട്ടികളോട് ക്രൂരതകാണിക്കുന്നതിനെതിരെയും അവരെ സംരക്ഷിക്കാതിരിക്കുന്നതിനും അവരെ യാചകവൃത്തിക്കുപയോഗിക്കുന്നതിനെതിരെയും അവർക്ക് മയക്കുമരുന്നുംമറ്റും നൽകുന്നതിനെതിരെയും അവരെക്കൊണ്ട് ജോലിചെയ്യിക്കുന്നതിനെതിരെയും നിയമത്തിൽ വ്യവസ്ഥകളുണ്ട്. ദത്തെടുക്കൽ പ്രക്രിയ സുഗമമാക്കുവാൻ സെൻട്രൽ അഡോപ്ഷൻ റിസോർസ് ഏജൻസിക്ക് (CARA) പ്രത്യേക അധികാരങ്ങൾ നൽകിയിട്ടുണ്ട്.

# 6. ദേശീയവനിതാ കമ്മീഷൻ

**സ്ത്രീ**കൾക്കെതിരെ വർദ്ധിച്ചുവരുന്ന മനുഷ്യാവകാശ ധ്വംസനങ്ങളും ആക്രമണങ്ങളും തടയാനായും, സ്ത്രീകളുടെ പ്രശ്നങ്ങളിൽ പരമാവധി നീതി ഉറപ്പുവരുത്തുന്നതിനായും ഇന്ത്യൻ പാർലമെന്റ് 1990 ൽ പാസ്സാക്കിയതാണ് ദേശീയവനിതാകമ്മീഷൻ നിയമം.

## വനിതാകമ്മീഷന്റെ കടമകൾ

- ഭരണഘടനയിലും മറ്റുനിയമങ്ങളിലും സ്ത്രീകളുടെ സംരക്ഷണത്തിനായി പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളെക്കുറിച്ച് പരിശോധിച്ച് അന്വേഷണംനടത്തുക.
- സ്ത്രീകളുടെ സംരക്ഷണത്തിനായി നടത്തുന്ന ഇത്തരം അന്വേഷണ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും സർക്കാറിന് സമർപ്പിക്കുക.

- സ്ത്രീസംരക്ഷണത്തിനായി ഭരണഘടനയിലെയും ബന്ധപ്പെട്ട നിയമങ്ങളിലെയും വകുപ്പുകൾ കാലാകാലങ്ങളിൽ പുനഃപരിശോധന നടത്തുകയും ഏതെങ്കിലും പഴുതുകളോ കുറവുകളോ ഉണ്ടെങ്കിൽ അവ മാറ്റാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഭേദഗതികൾ വരുത്തുവാൻ ആവശ്യപ്പെടുക.
- സ്ത്രീകളുടെ അവകാശലംഘനം, അവരുടെ സംരക്ഷണം, സമത്വം, വികസനം എന്നിവ ഉറപ്പുവരുത്തുന്ന നിയമങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുക ഇവയെസംബന്ധിച്ച പരാതികൾ പരിശോധിക്കുകയും, സ്വമേധയാ കണക്കിലെടുക്കുകയും ചെയ്യുക.
- സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങളെയും വിവേചനത്തെയും അവയിൽനിന്നുണ്ടാകുന്ന പ്രത്യേക പ്രശ്നങ്ങളെയും സാഹചര്യങ്ങളെയുംകുറിച്ച് പഠനങ്ങളോ അന്വേഷണങ്ങളോ നടത്തുക; പരിഹാരങ്ങൾ നിർദ്ദേശിക്കുക.
- വിവിധ മേഖലകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പു വരുത്താനുള്ള ഗവേഷണങ്ങൾ നടത്തിക്കുകയും അവരുടെ ഉന്നമനത്തിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുക.
- സ്ത്രീകളുടെ സാമൂഹീക സാമ്പത്തീക ഉന്നമനത്തിനായുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കെടുത്ത് ഉപദേശങ്ങൾ നല്കുക.
- സ്ത്രീകളുടെ ഉന്നമനപ്രവർത്തനങ്ങളുടെ വളർച്ചയെക്കുറിച്ച് വിലയിരുത്തുക.
- സ്ത്രീകളെ പാർപ്പിക്കുന്ന ഭവനങ്ങൾ, ജയിൽ, സ്ഥാപനങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
- സ്ത്രീ സമൂഹത്തിന്റെ പ്രശ്നങ്ങളിൽ കേസ് നടത്തിക്കാനുള്ള ധന സഹായ മാർഗ്ഗങ്ങൾ കണ്ടെത്തുക.
- സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ചും കഷ്ടപ്പാടുകളെക്കുറിച്ചും സർക്കാരിന് കാലാകാലങ്ങളിൽ റിപ്പോർട്ട് നല്കുക.

അന്വേഷണത്തിന്റെ ഭാഗമായി കമ്മീഷന് കേസ് നടത്തുമ്പോഴുള്ള സിവിൽ കോടതിയുടെ അതെ അധികാരം ഉണ്ട്., പ്രത്യേകിച്ചും

- ഇന്ത്യയുടെ ഏതുഭാഗത്തുനിന്നും ഒരു വ്യക്തിയെയും സമൻസ് അയച്ച് വിളിപ്പിക്കാനും, സത്യം ചെയ്യിപ്പിച്ച് മൊഴിയെടുക്കാനും
- ഏതെങ്കിലും രേഖകൾ കണ്ടെത്താനും ഹാജരാക്കുവാനും സത്യവാങ്മൂലം വഴി തെളിവ് സ്വീകരിക്കാനും .
- പൊതുരേഖകളോ പകർപ്പോ കോടതികളിൽ നിന്നോ മറ്റേതെങ്കിലും ഓഫീസുകളിൽ നിന്നോ ആവശ്യപ്പെടാനും.
- രേഖകൾ പരിശോധിക്കുന്നതിനോ വ്യക്തികളെ വിസ്തരിക്കുന്നതിനോ കമ്മീഷൻ നിയമിക്കുവാനും അധികാരം ഉണ്ട്.

## കേരള വനിതാ കമ്മീഷൻ

സംസ്ഥാന തലത്തിലും വനിതാകമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. അദ്ധ്യക്ഷയും രണ്ട് മെമ്പർമാരും ചേർന്ന ഈ സംസ്ഥാനകമ്മീഷനും ദേശീയ കമ്മീഷനുള്ള അതേ അധികാരമുണ്ട്. 1990 ലെ കേരള വനിതാ കമ്മീഷൻ നിയമപ്രകാരമാണ് ഇത് നിലവിൽവന്നത്.

# 7. മനുഷ്യാവകാശ കമ്മീഷൻ

ഭരണഘടനയിലോ അന്താരാഷ്ട്ര പ്രഖ്യാപനങ്ങളിലോ ഉറപ്പു നൽകുന്നതും വ്യക്തിയുടെ ജീവനും, സ്വാതന്ത്ര്യത്തിനും, സമത്വത്തിനും, അന്തസ്സിനും ഉള്ളതും മാനുഷികവുമായ ഏതൊരവകാശത്തെയും മനുഷ്യാവകാശം എന്നു വിളിക്കാം. ഇന്ത്യയിൽ ഇത്തരം അവകാശങ്ങളുടെ പരിരക്ഷ മുൻനിർത്തി രൂപം നൽകിയിട്ടുള്ള സ്ഥാപനമാണ് ദേശീയമനുഷ്യാവകാശ കമ്മീഷൻ. 1993-ൽ നിലവിൽ വന്ന മനുഷ്യാവകാശ സംരക്ഷണ നിയമം അനുശാസിക്കുന്ന അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുകയാണ് കമ്മീഷന്റെ ചുമതല.

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ രൂപീകരണം നടത്തുന്നത് കേന്ദ്രഗവൺമെന്റാണ്. ഓരോ സംസ്ഥാനങ്ങളിലും സംസ്ഥാനമനുഷ്യാവകാശകമ്മീഷനും പ്രവർത്തിക്കുന്നുണ്ട്.

ദേശീയ കമ്മീഷനിൽ ചെയർമാൻ ഇന്ത്യൻ ചീഫ് ജസ്ററിസ് പദവി വഹിച്ചിരുന്നയാൾ ആയിരിക്കണം. ചെയർമാന് പുറമെ മറ്റ് നാലംഗങ്ങൾ കൂടെ കമ്മീഷനിൽ ഉൾപ്പെടുന്നു.

## കമ്മീഷന്റെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും

മനുഷ്യാവകാശ ലംഘനം സംബന്ധിച്ചോ അത്തരം സംഭവം ഒഴിവാക്കുന്നതിലെ ഉപേക്ഷ സംബന്ധിച്ചോ പ്രസ്തുത കൃത്യത്തിന് വിധേയനായ വ്യക്തിയോ വിഭാഗമോ നൽകുന്ന പരാതിയിൻമേലോ, അത് സംബന്ധമായി ലഭിക്കുന്ന വിവരത്തിൻമേൽ നേരിട്ടോ അന്വേഷണം നടത്തുക.

- മനുഷ്യാവകാശ ലംഘനം സംബന്ധിച്ച കോടതി നടപടികളിൽ കക്ഷിചേരുക.
- ജയിലുകൾ, സംരക്ഷണാലയങ്ങൾ, പുനരധിവാസകേന്ദ്രങ്ങൾ, ചികിത്സാലയങ്ങൾ മുതലായവ സന്ദർശിക്കുകയും പരിഷ്കരണ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അവിടങ്ങളിലെ അന്തേവാസികളുടെ ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക.
- ഭരണഘടനാപരവും നിയമപരവുമായി നിലവിലുള്ള മനുഷ്യാവകാശ പരിരക്ഷാസംവിധാനങ്ങളുടെ നിർവ്വഹണവും ഫലപ്രാപ്തിയും വിലയിരുത്തി യുക്തമായ നിർദ്ദേശങ്ങൾ ലഭ്യമാക്കുക.
- മനുഷ്യാവകാശ ധ്വംസനങ്ങൾ, അതിക്രമങ്ങൾ, ഭീകരപ്രവർത്തന

ങ്ങൾ മുതലായവ സംബന്ധിച്ച് നിരീക്ഷണംനടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുക .

- മനുഷ്യാവകാശം സംബന്ധിച്ച അന്തർദ്ദേശീയ കരാറുകൾ, പ്രഖ്യാപനങ്ങൾ മുതലായവ വിശകലനംചെയ്ത് പ്രായോഗികനടപടികൾ നിർദ്ദേശിക്കുക.
- മനുഷ്യാവകാശം സംബന്ധിച്ച ഗവേഷണപഠനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഏറ്റെടുക്കുകയും ചെയ്യുക

കമ്മീഷന്റെ നടപടിക്രമങ്ങൾക്ക് 1908ലെ സിവിൽനടപടി നിയമം അനുശാസിക്കുന്നതും ഒരു സിവിൽകോടതിക്കുള്ളതുമായ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കും. കക്ഷികളെയും സാക്ഷികളെയും വിളിച്ചുവരുത്തുക, പ്രതിജ്ഞചൊല്ലി മൊഴിയെടുക്കുക, രേഖകൾ ആവശ്യപ്പെടുകയും പരിശോധിക്കുകയും ചെയ്യുക, നേരിട്ടോ പ്രതിനിധികൾ മുഖേനയോ തെളിവെടുക്കുക. ഇതരകോടതികളിൽനിന്നോ ഓഫീസുകളിൽ നിന്നോ പൊതുരേഖകൾ ആവശ്യപ്പെടുക എന്നിവ കമ്മീഷന്റെ അധികാരപരിധിയിൽ വരുന്നതാണ്.

## സംസ്ഥാന കമ്മീഷൻ

ഹൈക്കോടതിയിൽ ചീഫ്ജസ്റ്റീസ്പദവി വഹിച്ചിരുന്നയാളായിരിക്കണം സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാൻ. കേരളത്തിലെ കമ്മീഷന് നിലവിൽ ചെയർമാനെക്കൂടാതെ രണ്ടംഗങ്ങൾകൂടെയുണ്ട്. അതു നാലുവരെയാകാം. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അതേ അധികാരങ്ങൾതന്നെയാണ് സംസ്ഥാന കമ്മീഷനുകൾക്കും ഉള്ളത്.

മനുഷ്യാവകാശധ്വംസനങ്ങൾ നടക്കുമ്പോൾ അവയെ സംബന്ധിച്ച പരാതി, ധ്വംസനങ്ങൾക്ക് ഇരയായ വ്യക്തിക്കോ അയാൾക്കുവേണ്ടി മറ്റാർക്കെങ്കിലുമോ പരാതി സൗജന്യമായി നല്കാം. പരാതിക്ക് പ്രത്യേക രൂപം നിഷ്കർഷിക്കുന്നില്ല. പരാതിയുടെ അടിസ്ഥാനത്തിൽ മനുഷ്യാവകാശം ലംഘിക്കപ്പെട്ടതായി കമ്മീഷന് ബോധ്യപ്പെട്ടാൽ നഷ്ടപരിഹാരം നല്കുന്നതിനായി കമ്മീഷന് ഭരണകൂടത്തോട് ശുപാർശചെയ്യാം

വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ, ജോലിസ്ഥലങ്ങൾ തുടങ്ങിയവയിലൊക്കെ നടത്തുന്ന മനുഷ്യാവകാശലംഘനങ്ങളെ പരിശോധിച്ച് അന്വേഷണംനടത്താൻ കമ്മീഷന് അധികാരമുണ്ട്.

മനുഷ്യാവകാശലംഘനകേസുകൾ പരിശോധിക്കാൻ പ്രത്യേക ജില്ലാതലകോടതികൾ നിയുക്തമാക്കാൻ സംസ്ഥാനസർക്കാരിന് ഈ നിയമം അധികാരംനല്കുന്നു.

# 8. വിവരാവകാശ നിയമം

രാജസ്ഥാനിലെ നിരക്ഷരരായ ഗ്രാമീണ സ്ത്രീ തൊഴിലാളികൾ സംഘടിതമായി നടത്തിയ പോരാട്ടമാണ് വിവരാവകാശത്തെക്കുറിച്ചുള്ള

ദേശീയ സംവാദത്തിന് തുടക്കം കുറിച്ചത്.

വിവരാവകാശം എന്നത് ഭരണഘടനയുടെ 21-ാം അനുഛേദപ്രകാരമുള്ള ജീവിക്കാനുള്ള അവകാശത്തിൽ ഉൾപ്പെടുന്നതാണെന്ന് സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുണ്ട്. ഭരണഘടനയുടെ 19-ാം അനുഛേദം ആശയപ്രകാശന സ്വാതന്ത്ര്യം പൗരന് നൽകുന്നുണ്ട്. ഈ മൗലികാവകാശം ഫലപ്രദമായി ഉപയോഗിക്കണമെങ്കിൽ യഥാർത്ഥ വിവരങ്ങൾ അറിയണം. അതിനാൽ അറിയാനുള്ള അവകാശം 19-ാം അനുഛേദത്തിൽ അന്തർലീനമാണ്.

## വിവരാവകാശ നിയമത്തിന്റെ ചരിത്രം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിലാണ് ബ്രിട്ടീഷുകാർ തങ്ങളുടെ താൽപര്യ സംരക്ഷണാർത്ഥം ഔദ്യോഗിക രഹസ്യ നിയമം നിർമിച്ചത്. 1923-ൽ സ്വാതന്ത്ര്യസമരത്തെ അടിച്ചൊതുക്കാൻ ഉപയോഗിച്ച ഈ നിയമം സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും നിലനിന്നു. രാജ്യസുരക്ഷയെ ഹനിക്കാത്ത സർക്കാർ വിവരങ്ങൾ പോലും ഔദ്യോഗിക രഹസ്യനിയമത്തിന്റെ മറയിൽ ജനങ്ങൾക്ക് നിഷേധിക്കപ്പെട്ടു. 1997ൽ ഗോവ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലും പിന്നീട് രാജസ്ഥാൻ, മഹാരാഷ്ട്ര, കർണ്ണാടക, ഡൽഹി, ജമ്മുകാശ്മീർ, ആസ്സാം, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും നിയമം പ്രാബല്യത്തിൽ വന്നു. വിവര സ്വാതന്ത്ര്യ നിയമം 2002 ഇന്ത്യൻ പാർലമെന്റ് പാസ്സാക്കുകയും രാഷ്ട്രപതി അതിൽ ഒപ്പുവയ്ക്കുകയും ചെയ്തുവെങ്കിലും ഔദ്യോഗിക വിജ്ഞാപനം ചെയ്യാതിരുന്നതിനാൽ നിയമം രാജ്യത്ത് നടപ്പായില്ല. തുടർന്ന് 2005ൽ സർക്കാർ വിവരാവകാശനിയമം നടപ്പിലാക്കി.

ഈ നിയമം കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്കു മാത്രമല്ല സംസ്ഥാന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ്. ജമ്മുകാശ്മീർ ഒഴികെ ഇന്ത്യ മുഴുവൻ ഈ നിയമത്തിന് പ്രാബല്യമുണ്ട്.

വിവരം എന്നാൽ രേഖകൾ, പ്രമാണങ്ങൾ, പത്രക്കുറിപ്പുകൾ, അറിയിപ്പുകൾ, ഉദ്യോഗസ്ഥരുടെ യാത്രാരേഖ, കരാറുകൾ, മാതൃകകൾ, പകർപ്പുകൾ എന്നിങ്ങനെ ഏതു വസ്തുതകളും ഉൾപ്പെടുന്നു. സർക്കാർ ഓഫീസുകളിലും പൊതുസ്ഥാപനങ്ങളിലും കയറിച്ചെന്ന് രേഖകളും പ്രമാണങ്ങളും പരിശോധിക്കാനും വസ്തുതകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭിക്കുവാനും വിവരാവകാശനിയമം പൗരന് അവകാശം നൽകുന്നു. എന്ത് ആവശ്യത്തിനാണ് വിവരം ചോദിക്കുന്നത് എന്ന് വ്യക്തമാക്കേണ്ടതില്ല. ഉദാഹരണത്തിന്, പൊതുമരാമത്ത് വിഭാഗം എക്സിക്യുട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ പോയി നിങ്ങളുടെ നാട്ടിൽ നിർമ്മിക്കുന്ന ഒരു പാലത്തിന് ഉപയോഗിക്കുന്ന വസ്തുക്കളുടെ സാമ്പിളുകളും കരാറിന്റെ പകർപ്പും സാക്ഷ്യപ്പെടുത്തി വാങ്ങാം. നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്ന സാമഗ്രികൾ നിശ്ചിത അനുപാതത്തിലുള്ളതാണോയെന്ന് നിങ്ങൾക്കു പരിശോധിക്കാം. ക്രമക്കേട് കണ്ടെത്തിയാൽ ബന്ധപ്പെട്ട

ഉദ്യോഗസ്ഥനോ, കോൺട്രാക്ടറോ ഇതിനു സമാധാനം പറയേണ്ടി വരും. ഉദ്യോഗസ്ഥൻ ഔദ്യോഗിക വാഹനം ദുരുപയോഗിച്ചോയെന്നറിയാൻ ലോഗ്ബുക്കുകൾ പരിശോധിക്കാം.

## ഒഴിവാക്കപ്പെട്ടവ

പരമാവധി വിവരങ്ങൾ നൽകുകയും വളരെ കുറച്ചു വിവരങ്ങൾ മാത്രം വെളിവാക്കാതിരിക്കുകയും ചെയ്യുന്ന സമീപനമാണ് നിയമത്തിൽ സ്വീകരിച്ചിരിക്കുന്നത്. വിവരങ്ങൾ അറിയുവാനുള്ള പൗരന്റെ അവകാശം പോലെതന്നെ പ്രധാനമാണ് രാഷ്ട്രത്തിന്റെ സുരക്ഷയും. അതിനാൽ രാജ്യസുരക്ഷയേയും അഖണ്ഡതയെയും ബാധിക്കുന്ന വിവരങ്ങൾ ലഭിക്കാൻ പൗരന് അവകാശമില്ല. വിദേശരാജ്യങ്ങളുമായുള്ള ബന്ധങ്ങളെ ബാധിക്കുന്ന വിവരങ്ങൾ, കുറ്റകൃത്യങ്ങളിലേയ്ക്കു നയിക്കപ്പെടാവുന്ന വിവരങ്ങൾ, കോടതി ഉത്തരവു മുഖേന നിരോധിക്കപ്പെട്ട വിവരങ്ങൾ, കോടതിയലക്ഷ്യത്തിനു കാരണമായേക്കാവുന്ന കാര്യങ്ങൾ, വ്യാപാര രഹസ്യങ്ങൾ, പാർലമെന്റിന്റെയോ നിയമസഭയുടെയോ സവിശേഷ അവകാശത്തെ ഹനിക്കുന്ന വിവരങ്ങൾ, കുറ്റാന്വേഷണം സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ ലഭിക്കാൻ പൗരന് അവകാശമില്ല. പൊതുതാൽപ്പര്യമില്ലാത്തതും തികച്ചും വ്യക്തിപരവും ഒരാളുടെ സ്വകാര്യതയെ ഹനിക്കുന്നതുമായ വിവരവും നിയമപരിധിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. വിവരങ്ങൾ ലഭിക്കാനായി അപേക്ഷ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കാണ് നൽകേണ്ടത്. ഇതിനായി ഇൻഫർമേഷൻ ഓഫീസറെ ഓരോ സർക്കാർ ഓഫീസിലും ചുമതലപ്പെടുത്തിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ് അപേക്ഷകരെങ്കിൽ ഫീസ് നൽകുന്നതിൽനിന്നും അവരെ ഒഴിവാക്കിയിരിക്കുന്നു. നിരക്ഷരനാണ് അപേക്ഷകനെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അയാളെ സഹായിക്കാൻ ബാദ്ധ്യസ്ഥനാണ്. അപേക്ഷകന്റെ ആവശ്യം ചോദിച്ചറിഞ്ഞ് ഉദ്യോഗസ്ഥൻ തന്നെ അപേക്ഷ തയ്യാറാക്കി അയാളെ വായിച്ചു കേൾപ്പിച്ചശേഷം അപേക്ഷയിൽ ഒപ്പുവയ്ക്കേണ്ടതുമാണ്.

അപേക്ഷ കിട്ടിയാൽ കഴിയുന്നതും വേഗത്തിൽ പരമാവധി 30 ദിവസത്തിനകം ഓഫീസർ വിവരം രേഖാമൂലം അപേക്ഷകനു നൽകണം. അപേക്ഷ നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണവും രേഖാമൂലം നൽകണം. മറ്റേതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നാണ് വിവരം ലഭ്യമാക്കേണ്ടത്. എങ്കിൽ അപേക്ഷ പ്രസ്തുത വകുപ്പിലേയ്ക്ക് 5 ദിവസത്തിനകം കൈമാറുകയും അക്കാര്യം അപേക്ഷകനെ രേഖാമൂലം അറിയിക്കുകയും വേണം. ഒരു വ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെയോ ബന്ധപ്പെട്ട വിവരമാണെങ്കിൽ 48 മണിക്കൂറിനകം വിവരം നൽകിയിരിക്കണം. ഉദാഹരണമായി ഒരാളെ പോലീസ് പിടിച്ചുകൊണ്ടുപോയാൽ അയാളുടെ അറസ്റ്റ് സംബന്ധിച്ച വിവരങ്ങൾ 48 മണിക്കൂറിനകം അപേക്ഷകന് നൽകിയിരിക്കണം.

## അപ്പീൽ

ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനം പ്രതികൂലമാണെങ്കിൽ അപ്പീൽ ബോധിപ്പിക്കാം. 30 ദിവസത്തിനകം അപേക്ഷയിൽ തീരുമാനം എടുക്കാതിരിക്കുകയോ അപേക്ഷ നിരസിക്കുകയോ തെറ്റിദ്ധരിപ്പിക്കുകയോ അപൂർണ്ണമായ വിവരങ്ങൾ നൽകുകയോ ചെയ്താൽ അപ്പീലിലൂടെ പരിഹാരം തേടാവുന്നതാണ്. എന്നിട്ടും പരിഹാരം ലഭിച്ചില്ലെങ്കിൽ ഇൻഫർമേഷൻ കമ്മീഷനെ സമീപിക്കാം. ശരിയായ വിവരം നൽകുന്നതുവരെ ദിവസം ഒന്നിന് 250 രൂപ വീതം പരമാവധി 25,000 രൂപ വരെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് പിഴശിക്ഷ വിധിക്കാൻ കമ്മീഷന് അധികാരമുണ്ട്. മാത്രമല്ല, വകുപ്പുതല ശിക്ഷണ നടപടികളും ഉണ്ടാകാം.

## നിങ്ങൾ ചെയ്യേണ്ടത്

നിങ്ങളുടെ സമീപത്തുള്ള സർക്കാർ ഓഫീസുകളിൽ പോയി അവിടെ വിവരാവകാശ നിയമപ്രകാരമുള്ള ഇൻഫർമേഷൻ ഓഫീസറെ നിയമിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കുക. അപ്രകാരം ചെയ്തിട്ടില്ലെങ്കിൽ നിങ്ങളുടെ അദ്ധ്യാപകന്റെ സഹായത്തോടെ തലസ്ഥാനത്തുള്ള വിവരാവകാശ കമ്മീഷനെ ഇക്കാര്യം അറിയിക്കുക.

## കേരള സംസ്ഥാന ഇൻഫർമേഷൻ കമ്മീഷന്റെ വിലാസം

സെക്രട്ടറി

കേരള സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ

തിരുവനന്തപുരം - 696 039

ഫോൺ: 0471 - 2320920

ഫാക്സ്: 0471 - 2330920

# 9. പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്ന നിയമം

**( ദി പ്രിവെൻഷൻ ഓഫ് ഡാമേജ് റ്റു പബ്ലിക് പ്രോപ്പർട്ടി ആക്റ്റ് 1984 )**

1. സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും മറവിൽ വ്യാപകമായി പൊതുമുതൽ നശീകരണം പലപ്പോഴും നടക്കാറുണ്ട്.ഇത്തരം നശീകരണ പ്രവർത്തനങ്ങൾ മൂലം നികുതിദായകന്റെ പണം കൊണ്ട് ഉണ്ടാക്കിയെടുത്തതും പൊതുനന്മക്കായി ഉപയോഗിക്കാവുന്നതും ആയ ആസ്തികളാണ് ് നശിക്കുന്നത്.നശിപ്പിക്കപ്പെട്ട ആസ്തികൾ പുന:സൃഷ്ടിക്കാനോ നന്നാക്കാനോ ഭീമമായ തുകകൾ വേണം.വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന തുകകൾ അങ്ങനെ

ഉണ്ടായിരുന്ന ആസ്തികൾ പുന:സൃഷ്ടിക്കാനോ നന്നാക്കാനോ വഴി മാറി ചിലവിടേണ്ടിവരുമ്പോൾ നഷ്ടം പൊതുജനത്തിനുതന്നെയാണ്.

2. പൊതുമുതൽ നശീകരണം ആണ് സർക്കാരിനോടുള്ള പ്രതിഷേധം രേഖപ്പെടുത്താനുള്ള മാർഗ്ഗം എന്ന വിശ്വാസത്തിന്റെ അടിസ്ഥാന ത്തിലാണ് അപ്രകാരമുള്ള പ്രവർത്തികളിൽ ആളുകൾ സാധാരണ യായി ഏർപ്പെടുന്നത്.ഇത്തരം പ്രവർത്തികളുടെ തിക്തഫലം പൗര ന്മാർ തന്നെയാണ് അനുഭവിക്കേണ്ടി വരുന്നത് എന്നതിനാൽ അത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നവർക്ക് മാതൃകാപരമായ ശിക്ഷ നൽകി അവ തടയേണ്ട ആവശ്യകത ഉടലെടുത്തു.

3. 1984 ലെ നിയമപ്രകാരം പൊതുമുതലിന്റെ നിർവചനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളുടെയും സർക്കാർ കോർപ്പറേഷനുകളുടെയും സർക്കാർ കമ്പനി കളുടെയും കൈവശത്തിലോ അധീനതയിലോ ഉള്ള സ്ഥാവരജംഗ മവസ്തുക്കൾ എല്ലാം ഉൾപ്പെടും.ജലം,വൈദ്യുതി,ഊർജ്ജം എന്നി വയുടെ ഉൽപ്പാദനത്തിനും,വിതരണത്തിനും ആവശ്യമായ കെട്ടിട ങ്ങൾ, വ്യവസായശാലകൾ,ഖനികൾ,പൊതുഗതാഗത സംവിധാന ത്തിന്റെ ഭാഗമായ ആസ്തികൾ,എണ്ണ ഉല്പാദനശാലകൾ എന്നിവ യെല്ലാം പൊതുമുതലായാണ് പരിഗണിക്കപ്പെടുന്നത്.

4. പൊതുമുതൽ നശീകരണം ഏതുരീതിയിൽ നടത്തി എന്നതിന്റെ അടിസ്ഥാനത്തിൽ അത്തരം പ്രവർത്തികളെ രണ്ടായി തരം തിരിച്ചി ട്ടുണ്ട്.അഗ്നിയോ,സ്ഫോടകവസ്തുക്കളോ ഉപയോഗിച്ച് പൊതുമുതൽ നശിപ്പിക്കുന്നതിനുള്ള ശിക്ഷ ഒരു കൊല്ലത്തിനും പത്തു കൊല്ല ത്തിനും ഇടയിലുള്ള കഠിനതടവാണ്.മിനിമം ശിക്ഷ ഒരു കൊല്ലം കഠിനതടവാണെങ്കിൽ പോലും കോടതിക്ക് തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ അതിലും ലഘുവായ ശിക്ഷ നൽകാനും അധികാരമു ണ്ട്. അഗ്നിയും, സ്ഫോടകവസ്തുക്കളും ഉപയോഗിക്കാതെ നട ത്തുന്ന പൊതുമുതൽ നശീകരണത്തിന് സാധാരണഗതിയിൽ അഞ്ചു കൊല്ലം വരെയുള്ള തടവുശിക്ഷയും പിഴയും ലഭിക്കാവുന്നതാണ്. എന്നാൽ നശീകരണ പ്രവർത്തനം ജലം,വൈദ്യുതി,ഊർജ്ജം എന്നി വയുടെ ഉൽപ്പാദനത്തിനും,വിതരണത്തിനും ആവശ്യമായ കെട്ടിട ങ്ങൾ,വ്യവസായശാലകൾ,ഖനികൾ,പൊതുഗതാഗത സംവിധാന ത്തിന്റെ ഭാഗമായ ആസ്തികൾ,എണ്ണ ഉല്പാദനശാലകൾ എന്നിവ ക്കെതിരാണെങ്കിൽ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളു കൾക്കു ആറ് മാസം മുതൽ അഞ്ചു കൊല്ലം വരെയുള്ള കഠിന തടവു ശിക്ഷ ലഭിക്കുന്നതാണ്. മിനിമം ശിക്ഷ ആറ് മാസം കഠിന തടവാണെങ്കിൽ പോലും കോടതിക്ക് തക്കതായ കാരണങ്ങൾ ഉണ്ടെ ങ്കിലും അതിലും ലഘുവായ ശിക്ഷ നൽകാനും അധികാരമുണ്ട്. ഏതു തരത്തിലുള്ള നശീകരണപ്രവർത്തനം ആയാലും തടവു ശിക്ഷയോടൊപ്പം പിഴചുമത്താനും കോടതിക്ക് അധികാരമുണ്ട്.

5. പൊതുമുതൽ നാശം സംബന്ധിച്ചുള്ള കേസ് പ്രതികൾക്ക് ജാമ്യം ലഭിക്കാവുന്ന കേസുകളുടെ ഗണത്തിൽപ്പെട്ടതാണ്.എന്നാൽ നശീകരണം സംബന്ധമായ കേസ് ജാമ്യം നൽകുന്നതിന് മുമ്പ് പ്രോസിക്യൂട്ടർക്ക് ജാമ്യം നൽകുന്നതിനെ എതിർക്കാനുള്ള അവസരം നൽകേണ്ടതാണെന്ന് നിയമത്തിൽ അനുശാസിച്ചിട്ടുണ്ട്.

6. പൊതുമുതൽ നശിപ്പിക്കുന്നത് തടയുന്നതോടൊപ്പം, പൊതുമുതൽ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തവും പൗരധർമ്മം എന്ന നിലയിൽ നാം ഓർക്കേണ്ടതാണ്.

# 10. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ജിവനാംശത്തിനും ക്ഷേമത്തിനുമായുള്ള നിയമം, 2007

'വാർദ്ധക്യം' ഇന്ന് സമൂഹത്തിലെ പ്രധാന വെല്ലുവിളികളിലൊന്നാണ്.വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ബഹുമാനത്തിനും ഊന്നൽ നൽകുന്ന പരമ്പരാഗത മൂല്യങ്ങളും നിയമങ്ങളും ആർഷഭാരത പൈതൃകമാണ്.എന്നാൽ അണുകുടുംബങ്ങളുടെ ആവിർഭാവത്തോടെ കൂട്ടുകുടുംബങ്ങൾക്കുണ്ടായ തകർച്ചയും അപ്രത്യക്ഷമാകലും ഈ മുല്യവ്യവസ്ഥിതിയിൽ ഉലച്ചിലുണ്ടാക്കി.നിരവധി വയോജനങ്ങൾ ഇന്ന് ആരും സംരക്ഷിക്കാനില്ലാതെ ശാരീരികവും വൈകാരികവും സാമ്പത്തികവുമായ ക്ലേശങ്ങൾ മൂലം അവരുടെ ജീവിത സായാഹ്നത്തിൽ കടുത്ത ഏകാന്തതയിലും ദുരിതത്തിലുമാണ്.

ഈ സാമൂഹ്യപ്രശ്നം പരിഹരിക്കാനും മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ജീവനാംശവും ക്ഷേമവും ഭരണഘടനാപരമായ അവകാശങ്ങളും ഉറപ്പുവരുത്താനുമായി രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്, മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ജീവനാംശത്തിനും ക്ഷേമത്തിനുമായുള്ള നിയമം 2007 (The Maintenance and Welfare of Parents and Senior Citizens Act 2007). 1973 – ലെ ക്രിമിനൽ നടപടി നിയമപ്രകാരം മാതാപിതാക്കൾക്കും മുതിർന്നവർക്കും മക്കളിൽനിന്ന് ജീവനാംശം ലഭിക്കുമെങ്കിലും അതിലും കുറഞ്ഞ സമയദൈർഘ്യത്തിലും സാമ്പത്തിക ചിലവിലും നടപ്പാക്കാവുന്ന വ്യവസ്ഥകളാണ് പുതിയ നിയമത്തിലുള്ളത്.സ്വന്തമായി വരുമാനമോ സമ്പാദ്യമോ ഇല്ലാത്തതും അറുപത് വയസ്സിന് മുകളിലുള്ള അപ്പൂപ്പനും അമ്മൂമ്മയുമൊക്കെയായ മുതിർന്ന പൗരൻമാർക്കും മാതാപിതാക്കൾക്കും അറുപത് വയസ്സിന് മുതിർന്നവരല്ലെങ്കിൽപ്പോലും ആവശ്യമായ പരിരക്ഷയും മികച്ച ചികിത്സാ സൗകര്യങ്ങൾ നൽകാനും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും അതിലേക്കായി ജില്ലകൾതോറും വൃദ്ധജന

സദനങ്ങൾ സ്ഥാപിക്കാനുമാണ് ഈ നിയമം ലക്ഷ്യം വയ്ക്കുന്നത്. മുതിർന്ന പൗരൻമാരെയും മാതാപിതാക്കളെയും സംരക്ഷിക്കാനുള്ള ബാദ്ധ്യത അനന്തരാവകാശികൾ എന്ന നിലയിൽ അവരുടെ മക്കൾക്കുള്ളതാണ്.മാതാപിതാക്കൾ എന്ന നിർവചനത്തിൽ രണ്ടാനച്ഛനും രണ്ടാനമ്മയും അല്ലെങ്കിൽ ദത്തെടുത്തിട്ടുള്ള മാതാപിതാക്കളും ഉൾപ്പെടുന്നുണ്ട്.സന്താനങ്ങളില്ലാത്ത ഒരു വ്യക്തിയെ സംബന്ധിച്ച് ആ ബാദ്ധ്യത അവരുടെ സ്വത്തിന്റെ അനന്തരാവകാശിയായ ബന്ധുവിന്റെതാണ്. അനന്തരാവകാശികളായ മക്കളും ബന്ധുക്കളും ഒന്നിലധികമാവുമ്പോൾ ബാദ്ധ്യത തുല്യമായിരിക്കും.സാധാരണ ജീവിതചിലവു പോലും മക്കളോ ബന്ധുക്കളോ നൽകുന്നില്ലെങ്കിൽ മുതിർന്നവർക്കോ മാതാപിതാക്കൾക്കോ മെയിന്റനൻസ് ട്രൈബ്യൂണലിൽ ജീവനാംശത്തിനായി പരാതി നൽകാം.നേരിട്ട് പരാതി നൽകാൻ അവർക്ക് കഴിയിലെങ്കിൽ അവർ അധികാരപ്പെടുത്തുന്ന ഒരു വ്യക്തിക്കോ അല്ലെങ്കിൽ സംഘടനയ്ക്കോ മെയിന്റനൻസ് ഓഫീസർക്കോ അവർക്ക്‌വേണ്ടി ട്രൈബ്യൂണലിൽ പരാതി നല്കാം.ട്രൈബ്യൂണലിന് സ്വമേധയായും നടപടിയെടുക്കാവുന്നതുമാണ്. പരാതി ലഭിച്ചാൽ മക്കൾക്ക് അല്ലെങ്കിൽ ബന്ധുക്കൾക്ക് ട്രൈബ്യൂണൽ നോട്ടീസ് കൊടുക്കുകയും അവരുടെ ഭാഗം വിശദീകരിക്കാൻ അവസരം നൽകുകയും ചെയ്യും.ഈ നടപടിക്രമങ്ങൾക്കിടയിൽ തന്നെ ഒരു ഇടക്കാല ജീവനാംശം നൽകാൻ ട്രൈബ്യൂണലിന് മക്കളോടോ ബന്ധുക്കളോടോ ആവശ്യപ്പെടാം.ജീവനാംശം ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതി മക്കൾ അല്ലെങ്കിൽ ബന്ധുക്കൾ ആർക്കെതിരെയാണോ അവർ താമസിക്കുന്നതോ അല്ലെങ്കിൽ അവസാനം താമസിച്ചിരുന്നതോ ആയ ജില്ലയിലുള്ള മെയിന്റനൻസ് ട്രൈബ്യൂണലിലാണ് സമർപ്പിക്കേണ്ടത്.ഈ പരാതി പ്രകാരം ബന്ധപ്പെട്ടവരോട് ഹാജരാകാൻ നിർദ്ദേശിച്ചുകൊണ്ട് നോട്ടീസയക്കുന്ന ട്രൈബ്യൂണലിന് ഈ കാര്യത്തിൽ 1973- ലെ ക്രിമിനൽ നടപടി നിയമ പ്രകാരം ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിനുള്ള എല്ലാ അധികാരങ്ങളും ഉണ്ട്.ജീവനാംശം നൽകേണ്ട മക്കളോ ബന്ധുക്കളോ ഇന്ത്യയ്ക്ക് പുറത്താണെങ്കിൽ കേന്ദ്രസർക്കാർ ഔദ്യോഗിക വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന അതോറിറ്റി വഴി സമൻസ് അയക്കുന്നതാണ്. സമൻസ് ലഭിക്കുന്ന മക്കളോ ബന്ധുക്കളോ ട്രൈബ്യൂണലിൽ മന:പൂർവ്വം ഹാജരാകാതിരുന്നാൽ അവരെ കൂടാതെ ട്രൈബ്യൂണലിന് വാദം കേട്ട് തീർപ്പുകൽപ്പിക്കാം.സ്വയം സംരക്ഷിക്കാൻ പ്രാപ്തിയില്ലാത്ത ഒരാളെ സംരക്ഷിക്കുന്നതിന് മക്കളോ ബന്ധുക്കളോ വിസമ്മതം പ്രകടിപ്പിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നുവെന്ന് വ്യക്തമായാൽ ട്രൈബ്യൂണൽ തന്നെ അയാളുടെ സംരക്ഷണത്തിലേക്കായി പതിനായിരം രൂപയിൽ കൂടാത്ത ഒരു തുക നിശ്ചയിക്കുകയും അത് മാസം തോറും നൽകാൻ ഉത്തരവിടുന്നതുമാണ്.ഇങ്ങനെയുള്ള ഉത്തരവ് വസ്തുതാപരമായ തെറ്റുമൂലമോ തെറ്റിദ്ധരിക്കപ്പെട്ടതു മൂലമോ ആണെന്ന് തെളിഞ്ഞാൽ ഇതിൽ മാറ്റം വരുത്താനും ട്രൈബ്യൂണലിന് കഴിയും.

മക്കളോ ബന്ധുക്കളോ മതിയായ കാരണങ്ങളില്ലാതെ ട്രൈബ്യൂണൽ ഉത്തരവിന് എതിരായി ജീവനാംശം കൊടുത്തില്ലെങ്കിൽ ട്രൈബ്യൂണൽ വാറണ്ട് പുറപ്പെടുവിക്കുകയും ഉത്തരവ് ലംഘനത്തിനും തുകയും കുടിശികയുള്ള മാസങ്ങളിലെ ജീവനാംശവും നടപടിക്രമങ്ങളുടെ ചിലവും ഈടാക്കും.മുഴുവൻ പണവും ഈടാക്കാനില്ലെങ്കിൽ ആ പണം അടക്കുന്നത് വരെയോ അല്ലെങ്കിൽ ഒരു മാസം വരെയോ തടവുശിക്ഷയ്ക്കും വിധിക്കാവുന്നതാണ്. എന്നാൽ ജീവനാംശ തുക മുടക്കം വരുത്തി മൂന്നുമാസത്തിനുള്ളിൽ കുടിശിക ഈടാക്കുന്നതിനുള്ള പരാതി ട്രൈബ്യൂണലിൽ സമർപ്പിക്കേണ്ടതുണ്ട്. ട്രൈബ്യൂണലിന്റെ ഉത്തരവിൽ അറുപത് ദിവസങ്ങൾക്കുള്ളിൽ അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ നൽകാവുന്നതാണ്. എന്നാൽ ഈ കാലയളവിലും ജീവനാംശം നൽകേണ്ടതാണ്. ട്രൈബ്യൂണലിലോ അപ്പലേറ്റ് ട്രൈബ്യൂണലിലോ പരാതിക്കാരെ പ്രതിനിധീകരിക്കാൻ അഭിഭാഷകർക്ക് അവകാശമില്ല.നിയമത്തിന്റെ 18-ാം വകുപ്പു പ്രകാരം സർക്കാർ നിയോഗിച്ചിട്ടുള്ള ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസറോ അതിന് തുല്യ പദവിയുള്ളയാളോ പരാതിക്കാരന്റെ താൽപര്യപ്രകാരം മാത്രം പരാതിക്കാരനെ പ്രതിനിധീകരിച്ച് ട്രൈബ്യൂണലിലോ അപ്പലേറ്റ് ട്രൈബ്യൂണലിലോ ഹാജരാകാവുന്നതാണ്.

# 11. പൊതുസ്ഥലങ്ങളിലെ പുകവലി ശിക്ഷാർഹമാണ്

**പു**കവലിയും പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗവും അതിഗുരുതരമായ ആഘാതമാണ് മനുഷ്യശരീരത്തിന് ഏൽപ്പിക്കുന്നത്.പൊതു സ്ഥലങ്ങളിലുള്ള പുകവലി ഒരു വ്യക്തിയുടെ ആരോഗ്യത്തെമാത്രമല്ല സഹജീവിയുടെ കൂടി ആരോഗ്യത്തെ ഹനിക്കുന്നതാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.അതിനാൽ ഇതു സംബന്ധിച്ച് ഒരു അവബോധം ഉയർന്ന് വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിരിക്കുന്നു.

പൊതുസ്ഥലങ്ങളിലെ പുകവലിയും പ്രായപൂർത്തിയാകാത്തവരുടെ പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗവും നിയമം മൂലം നിരോധിച്ചിരിക്കുന്ന രാജ്യമാണ് നമ്മുടേത്. 2003-ലെ സിഗരറ്റിന്റെയും മറ്റു പുകയില ഉൽപ്പന്നങ്ങളുടെയും പരസ്യം ചെയ്യൽ നിരോധനവും വ്യാപാരവും മറ്റും നിയന്ത്രിക്കൽ നിയമത്തിലെ നാലാം വകുപ്പ് പ്രകാരം പൊതുസ്ഥലങ്ങളിലെ പുകവലി നിരോധിച്ചിട്ടുണ്ട്. നിയമത്തിലെ ആറാം വകുപ്പ് പ്രകാരം പ്രായപൂർത്തിയാകാത്തവർക്ക് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതും ,വിൽപ്പന പരസ്യം ചെയ്യുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 150 മീറ്റർ ചുറ്റളവിൽ അത്തരം ഉൽപ്പന്നങ്ങളുടെ വിൽപ്പനയും പരസ്യം ചെയ്യലും ശിക്ഷാർഹമായ കുറ്റമാണ്.

മുരളിദേവ്റ കേസിലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയും രാമകൃഷ്ണൻ കേസിലെ ബഹുമാനപ്പെട്ട കേരളാഹൈക്കോടതി വിധിയും പൊതുസ്ഥലങ്ങളിലെ പുകവലി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്ന പൊതുശല്യമായിട്ടാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

2008 ഒക്ടോബർ 2-ാം തിയതി ഗാന്ധിജയന്തി ദിനത്തിൽ നടപ്പിൽ വന്ന പൊതുസ്ഥലങ്ങളിലെ പുകവലി നിരോധിക്കൽ ചട്ടങ്ങൾ 2003-ലെ പുകയില ഉൽപ്പന്നങ്ങളെ സംബന്ധിച്ചുള്ള കേന്ദ്രനിയമത്തിന്റെ വകുപ്പുകൾ ഫലപ്രദമായി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.

പൊതുജനങ്ങൾക്ക് പ്രവേശനം സാധ്യമായ ഏതു സ്ഥലവും പൊതു സ്ഥലം എന്നതിന്റെ നിർവ്വചനത്തിൽ വരും. ഓഡിറ്റോറിയം,ആശുപത്രി, റെയിൽവെ വിശ്രമകേന്ദ്രങ്ങൾ, വിനോദകേന്ദ്രങ്ങൾ, ഹോട്ടലുകളും പൊതുഭക്ഷ്യകേന്ദ്രങ്ങളും, പൊതു ഓഫീസുകൾ, കോടതികെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ, ബസ്, ട്രെയിൻ തുടങ്ങി പൊതുഗതാഗതമാർഗ്ഗങ്ങൾ,ജോലിസ്ഥലങ്ങൾ,വ്യാപാരസമുച്ചയങ്ങൾ, സിനിമാഹാളുകൾ തുടങ്ങിയവ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദനീയമായ പൊതുസ്ഥലങ്ങളാണ്.എന്നാൽ നിയമത്തിൽ അനുശാസിക്കുന്ന തരത്തിൽ ചിട്ടപ്പെടുത്തിയ പുകവലി അനുവദനീയമായ സ്ഥലങ്ങളും പൊതുജനസാന്നിദ്ധ്യമില്ലാത്ത തുറസ്സായ സ്ഥലങ്ങളും പുകവലി നിരോധിത സ്ഥലങ്ങളായി കണക്കാക്കപ്പെടുന്നില്ല.

പൊതുസ്ഥലങ്ങളുടെയോ പൊതുസ്ഥാപനങ്ങളുടെയോ നടത്തിപ്പുകാരും ചുമതലപ്പെട്ടവരും ഇത്തരത്തിൽ പുകവലി നിരോധനം ഉറപ്പുവരുത്താൻ ബാദ്ധ്യസ്ഥരാണ്.കൂടാതെ പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിത ബോർഡുകൾ സ്ഥാപിക്കുവാനും ഇവർക്ക് ബാദ്ധ്യതയുണ്ട്.

നിയമത്തിൽ പുകവലി അനുവദനീയമായ സ്ഥലങ്ങൾ (smoking area) എങ്ങനെ സജ്ജീകരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. പുകവലി അനുവദനീയസ്ഥലങ്ങൾ (smoking area) എന്ന് ഇംഗ്ലീഷിലും പ്രാദേശികഭാഷയിലും രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ച് നാലു ഭാഗത്തും ഭിത്തി പണിത് വേർതിരിച്ച ഇത്തരം സ്ഥലങ്ങളിൽ സാധാരണയായി അടഞ്ഞുകിടക്കുന്ന സ്വയം നിയന്ത്രിത വാതിലും വായുസഞ്ചാരം പ്രാപ്യമാക്കുന്ന സാങ്കേതിക സംവിധാനങ്ങളും ഏർപ്പെടുത്താൻ നിയമം നിഷ്കർഷിക്കുന്നു.പൊതുസ്ഥലങ്ങളിലെ പുകവലിയും നിയമവിരുദ്ധമായ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പനയും 200 രൂപ വരെ പിഴശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

പൊതുസ്ഥലങ്ങളിലെ പുകവലി കണ്ടെത്തി പിഴ ചുമത്താൻ താഴെ പറയുന്ന ഉദ്യോഗസ്ഥൻമാരെ അവരുടെ അധികാര പരിധിയിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര-സംസ്ഥാന നികുതി വകുപ്പുകളിലെയും ആരോഗ്യം,ഗതാഗതം എന്നീ വകുപ്പുകളിലെയും ഇൻസ്പെക്ടർ പദവിയിലോ അതിനുമുകളിലോ ഉള്ള ഉദ്യോഗസ്ഥൻമാർ അവരുടെ പരിധിയിലുള്ളപൊതു സ്ഥലങ്ങളിൽ.
2. റെയിൽവെസ്റ്റേഷനുകളിലും പരിധിയിലും ബന്ധപ്പെട്ട സ്റ്റേഷൻമാസ്റ്റർ, അസിസ്റ്റന്റ് സ്റ്റേഷൻമാസ്റ്റർ,സ്റ്റേഷൻ ചുമതലയുള്ള മറ്റ് ഉദ്യോഗസ്ഥൻമാർ.
3. കേന്ദ്ര-സംസ്ഥാന സർക്കാർ സർവീസിലെ ഗസറ്റഡ് പദവിയോ,അതിനുമുകളിലോ ഉള്ള ഉദ്യോഗസ്ഥർ,തുല്യപദവിയിൽ സ്വയംഭരണ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർ, ബന്ധപ്പെട്ട സർക്കാർ, സ്വയംഭരണ / പൊതുമേഖലാസ്ഥാപനങ്ങളുടെ പരിധിയിൽ.
4. സർക്കാർ-സ്വകാര്യആശുപത്രികളിൽ അതിന്റെ ഡയറക്ടർ/ മെഡിക്കൽ സൂപ്രണ്ട് അല്ലെങ്കിൽ ആശുപത്രി ഭരണാധികാരി.
5. പോസ്റ്റ് ഓഫീസുകളിൽ പോസ്റ്റ് മാസ്റ്ററോ അതിനുമുകളിലോ ഉള്ള ഉദ്യോഗസ്ഥൻമാർ.
6. സ്വകാര്യസ്ഥാപനങ്ങളിലും മറ്റ് ജോലിസ്ഥലങ്ങളിലും അവിടുത്തെ സ്ഥാപനമേധാവി/ഉന്നതാധികാരി അല്ലെങ്കിൽ മാനേജർ (മനുഷ്യവിഭവം).
7. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ അല്ലെങ്കിൽ അദ്ധ്യാപകർ.

8. ഗ്രന്ഥശാലകളിലും വായനശാലകളിലും ലൈബ്രേറിയൻ/അസി സ്റ്റന്റ് ലൈബ്രേറിയൻ/ഭരണചുമതലയുള്ള മറ്റ് ജീവനക്കാർ.

9. വിമാനത്താവളങ്ങളിലും വിമാനങ്ങളിലും വിമാനത്താവള മാനേ ജർ/എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യാ ഉദ്യോഗസ്ഥർ, വിമാ നക്കമ്പനികളുടെയും വിമാനത്താവളങ്ങളിലേയും ഉദ്യോഗസ്ഥർ, കൂടാതെ പൊതുജനാരോഗ്യം അല്ലെങ്കിൽ ആരോഗ്യസേവനവകു പ്പുകളിലെ ഡയറക്ടർമാർ, കേന്ദ്ര-സംസ്ഥാന സർക്കാരിൽ ഭര ണചുമതലയുള്ള ഉദ്യോഗസ്ഥർ, പുകയില വിരുദ്ധസെല്ലിന്റെ ജില്ലാ സംസ്ഥാനതലത്തിലുള്ള നോഡൽ ഓഫീസർമാർ എന്നി വർ പ്രത്യേക അധികാരപരിധികളില്ലാതെ എല്ലാ പൊതുസ്ഥല ങ്ങളിലും അധികാരപരിധിയുള്ളതും പുകവലി നിരോധന നടപ ടികൾക്കും പിഴചുമത്തുന്നതിനും ചുമതലപ്പെട്ടവരുമാണ്.

ഇത്തരത്തിലുള്ള ഉദ്യോഗസ്ഥൻമാരോട് നിസ്സഹകരിക്കുന്നവരേയും സ്വന്തം പേരോ മേൽവിലാസമോ വെളിപ്പെടുത്തുവാൻ വിസ്സമ്മതിക്കു ന്നവരേയും തടഞ്ഞുവച്ച് ഉടനടി അടുത്തുള്ള മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി നിയമനടപടികൾക്ക് വിധേയമാക്കാനും ഈ ഉദ്യോഗ സ്ഥൻമാർക്ക് അധികാരമുണ്ട്.

# 12. വിവരസാങ്കേതിക നിയമം, 2000
## (IT Act, 2000)

വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം സുരക്ഷിതവും ഭദ്രവും ആക്കുവാനും നിയന്ത്രിക്കുവാനും വേണ്ടി ഇന്ത്യൻ പാർലമെന്റിൽ 2000 -ൽ നടപ്പാക്കിയ നിയമമാണ് വിവരസാങ്കേതിക നിയമം 2000(IT Act 2000)

സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് കർശനമായ നിയ മനടപടികളും ശിക്ഷയും ഉറപ്പാക്കുന്ന നിയമങ്ങൾ ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമത്തിലെ IX-ാം അദ്ധ്യായത്തിലും XI-ാം അദ്ധ്യായ ത്തിലും വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ പ്രകാരം കുറ്റം ചെയ്യുന്നവർക്ക് 3 വർഷം വരെ കഠിനതടവും 2 ലക്ഷം രൂപ വരെ പിഴയും അതുമല്ലെങ്കിൽ ഇവയിൽ ഏതെങ്കിലും ഒന്ന് ശിക്ഷ വിധിക്കാം എന്ന് പറയുന്നുണ്ട്.

മറ്റൊരാളുടെ കമ്പ്യൂട്ടർ സംവിധാനത്തിലേയ്ക്കോ ഫയലിലേയ്ക്കോ പ്രോഗ്രാം വഴി അതിക്രമിച്ചു കയറി അത് തനിയെ മറ്റു ഫയലുകളി ലേയ്ക്കോ ശൃംഖലയിലുള്ള മറ്റു കമ്പ്യൂട്ടറുകളിലേയ്ക്കോ പ്രവേശിക്കു കയും അതിലുള്ള വിവരങ്ങൾ നശിപ്പിക്കുകയോ മാറ്റി മറിക്കുകയോ ചെയ്യുന്നത് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതു പ്രകാരം 3 വർഷം വരെ കഠിനതടവോ 2 ലക്ഷം രൂപ പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ ശിക്ഷ വിധിക്കാവുന്ന കുറ്റമാകുന്നു.

അശ്ലീലം കലർന്ന ഉള്ളടക്കം ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് 3 വർഷം വരെ

തടവും 5 ലക്ഷം രൂപ വരെ പിഴയും ശിക്ഷ വിധിക്കാവുന്ന കുറ്റകൃത്യ മാണ്. കുറ്റവാളി ഇത്തരത്തിലുള്ള കുറ്റകൃത്യത്തിലേർപ്പെടുന്നത് ആദ്യത്തെ തവണയാണെങ്കിൽ മേൽപ്പറഞ്ഞ ശിക്ഷയും തുടർന്നും പ്രസ്തുത കുറ്റകൃത്യം ആവർത്തിക്കുകയാണെങ്കിൽ 5 വർഷംവരെ തടവും 10 ലക്ഷം രൂപ വരെ പിഴയും എന്ന നിലയിലേക്ക് ശിക്ഷയുടെ പരിധി വർദ്ധിക്കുന്നതുമാണ്.

IT നിയപ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുണ്ടെന്ന് ഒരു പോലീസ് ഉദ്യോ ഗസ്ഥനോ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോ ഗസ്ഥനോ ന്യായമായ സംശയം തോന്നുന്ന പക്ഷം പ്രസ്തുത ഉദ്യോഗ സ്ഥന് പൊതുസ്ഥലങ്ങളിൽ പ്രവേശിച്ച് കുറ്റവാളികൾക്കായി തിരച്ചിൽ നടത്തുന്നതിനും വാറന്റില്ലാതെ കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.

രാജ്യത്തിന്റെ സുരക്ഷയും സാമ്പത്തിക ഭദ്രതയും പൊതുസംവിധാ നങ്ങളും ഉറപ്പുവരുത്തുന്ന ഈ നിയമത്തിലെ 70-ാം വകുപ്പിൽപ്പറയുന്ന സുരക്ഷാസംവിധാനങ്ങൾക്ക് ക്ഷതം സംഭവിക്കുന്ന രീതിയിലുള്ള സൈബർ അതിക്രമങ്ങളും സൈബർ ഭീകരാക്രമണങ്ങളും നടത്തി സമൂഹത്തിൽ ജനങ്ങൾക്ക് മരണമോ മരണത്തിനു കാരണമായേക്കാ വുന്ന തരത്തിലുള്ള മാരകമായ മുറിവുകളോ, അടിയന്തിര സർവ്വീസുകൾ നശിപ്പിച്ച് ജനജീവിതം തന്നെ ദുഃസ്സഹമാക്കുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങളോ ചെയ്യുന്നവർക്ക് ജീവപര്യന്തം ശിക്ഷ ഉറപ്പാക്കുന്ന നിയമങ്ങളും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു എന്നത് എടുത്തു പറയേണ്ടതാണ്.

## വിവര വിനിമയ സാങ്കേതിക വിദ്യകളുടെ സുരക്ഷിതമായ ഉപയോഗം

കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഇ-മെയിൽ, മൊബൈൽ ഫോൺ, ഫോൺ ക്യാമറ, ചാറ്റിങ്ങ് ഇവയൊക്കെ ഇന്ന് നമ്മുടെ ദൈനംദിനജീവിതത്തി ന്റെയും സംഭാഷണങ്ങളുടെയും ഭാഗമാണ്. വിവര-വിനിമയ രംഗത്തു ണ്ടായ ഈ കുതിച്ചുചാട്ടം ലോകത്തെ തന്നെ ഒരു ഗ്രാമമാക്കി മാറ്റിക്കൊ ണ്ടിരിക്കുകയാണ്. ഭരണം, വിദ്യാഭ്യാസം, സാമ്പത്തിക രംഗം, ആരോഗ്യം തുടങ്ങിയ ഒട്ടേറെ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾ നമുക്ക് കാണാ നാവും. എന്നാൽ എല്ലാ കാര്യങ്ങളുടേതുംപോലെ ഈ നവസാങ്കേതിക വിദ്യകളും നമ്മുടെ ജീവിതങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ തെറ്റായി ഉപയോഗിക്കപ്പെടുന്നു. മനുഷ്യബന്ധങ്ങളിൽ നവസാങ്കേതിക വിദ്യകൾ മാറ്റംകൊണ്ടുവന്നിട്ടുണ്ടെന്ന് പറയുമ്പോഴും ഇവയുടെ തെറ്റായ ഉപയോഗം കൊണ്ട് സ്വകാര്യതയിൽ കടന്നുകയറ്റം ഉണ്ടാവുകയും സുരക്ഷിതത്വം നഷ്ടമാവുകയും ചെയ്യുന്നതായി നമുക്ക് കാണാം.

## സൈബർ കുറ്റകൃത്യങ്ങൾ

വിവര വിനിമയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചോ അവയെ ലക്ഷ്യംവച്ചോ നടത്തുന്ന കുറ്റകൃത്യങ്ങളെയാണ് സൈബർ കുറ്റകൃത്യ ങ്ങൾ എന്നു പറയുന്നത്. കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഡിജിറ്റൽ ക്യാമറകൾ തുടങ്ങിയവയാണ് സൈബർ കുറ്റകൃത്യങ്ങളിലെ ഉപകര ണങ്ങൾ.

ഇന്റർനെറ്റും, മൊബൈൽ ഫോണുമൊക്കെ പല കുറ്റകൃത്യ ങ്ങൾക്കായും ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ പോലുള്ള നൂതനസാങ്കേതിക ഉപകരണങ്ങളുടെ ഒരു പ്രത്യേകത, ചെറിയ ഇടത്തിൽ ധാരാളം വിവരം ശേഖരിച്ചു വയ്ക്കാൻ കഴിയും എന്നതാണ്. അങ്ങനെ ശേഖരിച്ചുവച്ചിരി ക്കുന്ന വിവരങ്ങൾ ചോർത്തിയെടുക്കാനും സാധിക്കുന്നു.

വിവരസാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നവരിൽ സ്ത്രീകളും കുട്ടികളും പ്രായമായവരും ഉണ്ടാകും. ഇവയുടെ സങ്കീർണ്ണതകൾ വ്യക്ത മായി മനസ്സിലാക്കാത്ത ധാരാളം പേർ ഇവരിൽ ഉണ്ടാകും. അതുകൊ ണ്ടുതന്നെ, സൈബർ കുറ്റകൃത്യങ്ങൾക്ക് പെട്ടെന്ന് ഇരകളാകുന്നത് കൂടു തലും ഈ വിഭാഗത്തിൽ പെടുന്നവരായിരിക്കും. സൈബർ ലോകത്ത് വ്യക്തിപരമായ വിവരങ്ങൾ എളുപ്പം ലഭ്യമാണ്. ഓർക്കുട്ട്, ഫെയ്സ്ബുക്ക് തുടങ്ങിയ സാമൂഹിക ശൃംഖലകൾ വഴി ഇത്തരം വ്യക്തിപരമായ വിവ രങ്ങളും ഫോട്ടോകളും ആർക്കും ലഭ്യമാകും. ഇവയും സൈബർ കുറ്റ കൃത്യങ്ങൾക്ക് വളമാകുന്നു.

## പ്രധാനപ്പെട്ട ചില സൈബർ കുറ്റകൃത്യങ്ങൾ

സൈബർ കുറ്റകൃത്യങ്ങളെ പല രീതികളിൽ തരംതിരിക്കാറുണ്ട്.

1. വ്യക്തികൾക്കെതിരായുള്ള കുറ്റങ്ങൾ(സൈബർ അതിക്രമം).
2. സാമ്പത്തിക കുറ്റങ്ങൾ (ക്രെഡിറ്റ് കാർഡ് വിവര മോഷണം മുതലായവ).
3. ഭരണകൂടത്തിനെതിരെ (സൈബർ ഭീകരാക്രമണം, നിയമപരമല്ലാത്ത പ്രവൃത്തികൾ).

## ഇന്റർനെറ്റ്/മൊബൈൽ ഫോൺ ഇവ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കമ്പ്യൂട്ടർ നെറ്റ്‌വർക്കിൽ കഴിയുന്നതും അപരിചിതരുമായി ചാറ്റ് ചെയ്യുന്നതും മെയിലുകൾക്ക് മറുപടി നൽകുന്നതും ഒഴിവാക്കുക. ഈ ആളുകൾ ആരൊക്കെയാണെന്ന് നമുക്കറിയില്ല. സ്ത്രീയുടെ പേരിൽ മെയിൽ അയയ്ക്കുന്നത് പുരുഷനാകാം. പുരുഷന്റെ പേരിൽ സ്ത്രീയുമാകാം. ഓൺ ലൈനിൽ ഒരാൾക്ക് എങ്ങിനെ വേണമെങ്കിലും സ്വയം അവതരിപ്പിക്കാം.

ചാറ്റിങ്ങിലൂടെ പരിചയപ്പെടുന്നവരോട് നിങ്ങളുടെ പേര്, അഡ്രസ്സ്, സ്കൂളിന്റെ പേര്, ഫോൺ നമ്പർ തുടങ്ങിയ വ്യക്തിപരമായ വിവരങ്ങൾ ഒരു കാരണവശാലും വെളിപ്പെടുത്തരുത്.

യാതൊരു കാരണവശാലും നിങ്ങളുടെ ഫോട്ടോ അയക്കുകയോ മുതിർന്നവരെ അറിയിക്കാതെ ആരെയെങ്കിലും നേരിൽ കാണാൻ ശ്രമിക്കുകയോ അരുത്.

വൃത്തികെട്ടതും അശ്ലീലം നിറഞ്ഞതുമായ സന്ദേശങ്ങൾ, ഭീഷണിപ്പെടുത്തുന്ന സന്ദേശങ്ങൾ തുടങ്ങി നിങ്ങൾക്ക് പ്രയാസം ഉണ്ടാക്കുന്ന അനാവശ്യമെന്ന് തോന്നുന്ന ഒരു സന്ദേശങ്ങൾക്കും മറുപടി അയയ്ക്കരുത്. ഇവ ആവർത്തിച്ചാൽ മുതിർന്നവരുടെ ശ്രദ്ധയിൽപ്പെടുത്തുക.

മൊബൈൽ ക്യാമറ ഉപയോഗിച്ച് അനുവാദം കൂടാതെ ആരുടെയും ഫോട്ടോ എടുക്കാൻ പാടില്ല. അതു മറ്റൊരാളുടെ സ്വകാര്യതയുടെ ലംഘനമാണ്.

അശ്ലീല ചിത്രങ്ങൾ, വാചകങ്ങൾ തുടങ്ങിയവ മെസ്സേജ് ആയി അയയ്ക്കരുത്.

അശ്ലീല സന്ദേശങ്ങൾ/ ഫോട്ടോകൾ മുതലായവ അയയ്ക്കുന്നത് IT നിയമപ്രകാരം ശിക്ഷാർഹമാണ്. 3 വർഷം വരെ തടവും 5 ലക്ഷം രൂപ വരെ പിഴയും ശിക്ഷയായി ലഭിക്കാം.

അപരിചിതരുടെ മെസ്സേജുകൾക്ക് (sms/mms) മറുപടി അയയ്ക്കാതിരിക്കുക.

ചാറ്റ് ചെയ്യുമ്പോൾ ലഭിച്ചതോ ആരുടെയെങ്കിലും പ്രൊഫൈലുകളിൽ കാണുന്നതോ ആയ അപരിചിതരുടെ നമ്പറുകളിൽ വിളിക്കരുത്.

കോപ്പിറൈറ്റ് ഉള്ള കമ്പ്യൂട്ടർ പ്രോഗ്രാമുകൾ (സോഫ്റ്റ് വെയറുകൾ)മോഷ്ടിക്കരുത്. ഇന്റർനെറ്റിൽ കയറി അവ പകർത്താൻ ശ്രമിക്കുന്നത് മോഷ്ടിക്കുന്നതിന് തുല്യമാണ്.

ഇന്റർനെറ്റിൽ ഉള്ള ലേഖനങ്ങളും മറ്റും പകർത്തി അവ നിങ്ങൾ രചിച്ചതെന്ന രീതിയിൽ ഉപയോഗിക്കരുത്. ഒരു പുസ്തകത്തിലെയോ മാസികയിലെയോ ലേഖനത്തിന്റെ ഉടമസ്ഥത( authorship) നിങ്ങൾ കൈവശപ്പെടുത്തുന്നതുപോലെയാണത്. നിങ്ങൾ കണ്ടുപിടിക്കപ്പെടാം. നിങ്ങളുടെ അദ്ധ്യാപകർക്കും മറ്റു വിദ്യാർത്ഥികൾക്കും അതേ ലേഖനം ഇന്റർനെറ്റിൽ ലഭ്യമാണെന്നോർക്കുക.

ഇൻർനെറ്റിൽ നിന്നും പ്രോഗ്രാമുകൾ ഡൗൺലോഡ് ചെയ്യുന്നതിനു മുമ്പ് അവയിൽ വൈറസ് ഉണ്ടോ എന്ന് പരിശോധിക്കുക. ചില പ്രോഗ്രാമുകളിൽ നിങ്ങളുടെ കംപ്യൂട്ടറിനെ നശിപ്പിക്കാൻ ശേഷിയുള്ള വൈറസുകൾ ഉണ്ടാകാം.

## ഉത്തരവാദിത്തങ്ങൾ

ഇത്തരം ആശയവിനിമയോപാധികൾ ഉപയോഗിക്കുമ്പോൾ നമുക്കും ചില ഉത്തരവാദിത്തങ്ങളുണ്ടെന്ന് ഓർക്കുക.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം കർശനമായി നിരോധിച്ചിട്ടുണ്ടെന്നുള്ള വസ്തുത നിങ്ങൾക്കറിയാമല്ലോ.

ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് നിങ്ങളുടെ നന്മയ്ക്കാണെന്ന കാര്യം വിസ്മരിക്കരുത്.

ആശുപത്രികൾ, മീറ്റിംഗ് ഹാളുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ മൊബൈൽ ഫോൺ കഴിയുന്നതും ഉപയോഗിക്കാതിരിക്കുക. അത്യാവശ്യമെങ്കിൽ സൈലന്റ് മോഡിൽ മാത്രമിടുക. സംസാരിക്കാനുണ്ടെങ്കിൽ മറ്റാരെയും ശല്യപ്പെടുത്താതെ പുറത്തിറങ്ങി സംസാരിക്കുക.

നിങ്ങൾക്കാരുടെയെങ്കിലും ഫോട്ടോ എടുക്കണമെങ്കിൽ അനുവാദം വാങ്ങി മാത്രം അപ്രകാരം ചെയ്യുക.

മൊബൈൽഫോണിന് ബ്ലൂടൂത്ത് ഉണ്ടെങ്കിൽ അത് ഓപ്പൺ ആക്കി വയ്ക്കരുത്. ഫോണിലെ വിവരങ്ങൾ ചോർത്തപ്പെടാനും അശ്ലീല/ അനാവശ്യ സന്ദേശങ്ങളും ചിത്രങ്ങളും ലഭിച്ചേക്കാനും സാധ്യതയുണ്ട്.

കമ്പനികൾ അധികാരപ്പെടുത്തിയിട്ടുള്ള സർവ്വീസ് സെന്ററുകളിൽ മാത്രമേ ഫോൺ സർവ്വീസിങ്ങിന് നൽകാവൂ. അല്ലെങ്കിൽ അതിലെ വിവരങ്ങൾ ചോർത്തി ദുരുപയോഗപ്പെടുത്തിയേക്കാം.

# 13. നിയമ സേവന അതോറിറ്റി നിയമം

നിയമത്തിന്റെ മുമ്പിലെ തുല്യതയും നിയമത്തിന്റെ തുല്യപരിരക്ഷയും പൗരന്മാരുടെ മൗലിക അവകാശമാണ്. ഭരണകൂടത്തിന്റെയും പൗരന്മാരുടെയും ബന്ധത്തിൽ എല്ലാമേഖലകളിലും തുല്ല്യ നിയമപരിരക്ഷയും, തുല്ല്യ സമീപനങ്ങളും നിർബന്ധമാണ്. നീതി ലഭ്യമാകുന്നതിൽ(access to justice)നിന്ന് ഏതൊരു കാരണംകൊണ്ടായാലും ഒരു വ്യക്തി പിന്തള്ളപ്പെട്ടുപോകരുത്. എന്നിരിക്കിലും സാമ്പത്തികവും സാമൂഹ്യവും വിദ്യാഭ്യാസപരവും വ്യക്തിഗതവുമായ കാരണങ്ങളാൽ ന്യായാസനങ്ങളെ സമീപിക്കുവാനും നീതിന്യായ അവകാശം സ്ഥാപിച്ചെടുക്കുവാനും പലർക്കും കഴിയാറില്ല. ഇത് പരിഹരിക്കുവാനാണ് ഇന്ത്യൻ പാർലമെന്റ് 1987ൽ നിയമസേവന അഥോറിറ്റി നിയമം(Legal Services Authorities Act) കൊണ്ടുവന്നത്.

നിയമ സേവന അഥോറിറ്റി നിയമം നടപ്പിലാക്കുന്നതിനായി വിവിധ അഥോറിറ്റികളെ നിയമിക്കാൻ നിയമം അനുശാസിക്കുന്നു. കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അഥോറിറ്റി പ്രവർത്തിക്കുന്നു. സുപ്രീംകോടതി നിയമസേവനസമിതി, ഹൈക്കോടതി നിയമസേവനസമിതി, താലൂക്ക് നിയമസേവനസമിതി എന്നിങ്ങനെ വിവിധ സമിതികളും നിലവിൽവന്നിട്ടുണ്ട്. ജില്ലാഅതോറിറ്റിയും താലൂക്ക് കമ്മിറ്റികളും പ്രവർത്തിക്കുന്നത് അതത് ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിലെ കോടതികളുമായി ചേർന്നാണ്. സംസ്ഥാനത്തെ നിയമ സേവനപ്രക്രിയകൾ നടപ്പിലാക്കുന്നത് സംസ്ഥാന നിയമസേവന അതോറിറ്റിയുടെ നേതൃത്വത്തിലാണ്.

ഈ നിയമത്തിന്റെ 12-ാം വകുപ്പുപ്രകാരം താഴെ പറയുന്ന വിഭാഗങ്ങൾക്ക് സൗജന്യ നിയമസഹായവും നിയമസേവനവും ലഭിക്കുന്നതാണ്.

1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക്
2. യാചകവൃത്തി, പെൺവാണിഭം, അടിമവേല, മുതലായവയ്ക്കായി അനധികൃത കൈമാറ്റത്തിന് വിധേയരാകുന്നവർക്ക്.
3. സ്ത്രീകൾക്കും കുട്ടികൾക്കും.
4. വികലാംഗക്ഷേമ നിയമപരിധിയിൽപ്പെട്ടവർക്ക്.
5. പ്രകൃതിദുരന്തം, സാമുദായികകലാപം, മതവർഗ്ഗീയ കലാപം, ഭൂകമ്പം, വ്യാവസായിക ദുരന്തം, മുതലായവയ്ക്ക് ഇരയായവർക്ക്.
6. വ്യാവസായിക തൊഴിലാളികൾക്ക്.
7. പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ ജുവനൈൽ ഹോമുകളിലെ അന്തേവാസികൾ, മാനസികരോഗ ചികിത്സാലയങ്ങൾ, അനാഥാലയങ്ങൾ എന്നിവടങ്ങളിലെ അന്തേവാസികൾ മുതലായവർക്ക്.

ജില്ലാനിയമസേവന അഥോറിട്ടികൾ അതാത് പ്രദേശങ്ങളിൽ കഴിവുറ്റ വക്കീലൻമാരുടെ പാനൽ നിശ്ചയിച്ചിട്ടുണ്ട്. അവരിലൂടെയാണ് ജില്ലാകോടതികൾ വരെയുള്ള കീഴ്ക്കോടതികളിൽ ആവശ്യമായ സൗജന്യ നിയമസേവനം എത്തിക്കുന്നത്. ഹൈക്കോടതികളിലും സുപ്രീംകോടതിയിലും കേസ് നടത്താൻ ആവശ്യമായ സൗജന്യ നിയമനടപടികൾക്ക് അർഹതപ്പെട്ടവർ അതതു സമിതി മുമ്പാകെ അപേക്ഷകൾ സമർപ്പിച്ചാൽ മതി. ഉയർന്ന വാർഷിക കുടുംബവരുമാനം 3,00,000/- രൂപയിൽ കുറവുള്ളവർക്ക് സൗജന്യ നിയമസേവനത്തിനർഹതയുണ്ട്. സുപ്രീം കോടതിയിൽ സൗജന്യ നിയമസഹായം ലഭിക്കാൻ 125000 രൂപയ്ക്കു താഴെ വാർഷിക വരുമാനമുള്ളവരായിരിക്കണം.

## നിയമ സാക്ഷരത

സൗജന്യ നിയമസേവനങ്ങൾക്കും സഹായങ്ങൾക്കുംപുറമെ നിയമസേവന അഥോറിറ്റികൾ നിയമസാക്ഷരതാക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. ഹൈസ്കൂളിലും കോളേജുകളിലും, ഗ്രാമങ്ങൾതോറും ഇത്തരം ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. കേരള സംസ്ഥാന നിയമസേവന അഥോറിട്ടി അഥവാ KeLSA (Kerala State Legal Services Authority) സംസ്ഥാനത്തിനകത്ത് 9-ാംക്ലാസ്സ് വിദ്യാർത്ഥികൾക്ക് നിയമസാക്ഷരതാ പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ട്. സർവ്വകലാശാലകളിലെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സ്ത്രീശാക്തീകരണം നിയമബോധനത്തിലൂടെ എന്ന ലക്ഷ്യം വച്ചുകൊണ്ട് കേരളത്തിലെ കുടുംബശ്രീമിഷനിലെ അംഗങ്ങളായ സ്ത്രീകൾക്കും നിയമസാക്ഷരതാ ക്ലാസുകൾ നടത്തുന്നുണ്ട്.

നിയമാവബോധം വളർത്തുന്നതുവഴി ഓരോരുത്തരെയും അവകാശങ്ങളെയും കടമകളെയുംകുറിച്ച് ബോധവാന്മാരാക്കാനും തർക്കങ്ങൾ രമ്യമായി പരിഹരിക്കാനും അതുവഴി വ്യവഹാരങ്ങൾ കുറയ്ക്കാനും കഴിയും.

## സംസ്ഥാന നിയമ സേവന അഥോറിറ്റി

സംസ്ഥാനങ്ങളിലെ നിയമസഹായ സേവനപ്രവർത്തനങ്ങൾക്ക് നേതൃത്വംനല്കി നടപ്പാക്കാനായി അതത്സംസ്ഥാനങ്ങളിൽ നിയമ സേവന അഥോറിറ്റിക്ക് രൂപംനല്കാൻ സംസ്ഥാനസർക്കാരുകൾക്ക് അധികാരമുണ്ട്.

സംസ്ഥാന അഥോറിട്ടിയുടെ ചുമതലകൾ

1. കേന്ദ്ര അഥോറിട്ടി നിയമസേവന സഹായമേഖലയിൽ രൂപംനൽകുന്ന നയപരിപാടികൾ നടപ്പാക്കുക.
2. അർഹരായവർക്ക് നിയമസഹായവും നിയമസേവനവും ലഭ്യമാക്കുക. ഹൈക്കോടതിയിലുൾപ്പെടെ നിലവിലുള്ള തർക്കങ്ങൾ പരിഹരിക്കാനായി ലോക്അദാലാത്തുകൾ സംഘടിപ്പിക്കുക.
3. കേന്ദ്ര അഥോറിട്ടിയുമായി ആലോചിച്ച് മറ്റ് കൃത്യങ്ങൾ നിർവ്വഹിക്കുകയും ചട്ടവ്യവസ്ഥകൾ രൂപപ്പെടുത്തുകയും ചെയ്യുക.
4. സംസ്ഥാനത്ത് നിയമസേവന സഹായപ്രവർത്തനം നടത്തുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിക്കുകയും ഉദ്ഗ്രഥിത പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക.

## ജില്ലാ നിയമ സേവന അഥോറിറ്റി

ഹൈക്കോടതി ചീഫ്ജസ്റ്റീസുമായി കൂടിയാലോചിച്ച് ജില്ലാടിസ്ഥാനത്തിലുള്ള നിയമസേവന അഥോറിട്ടികൾക്ക് രൂപംനൽകാനുള്ള അധികാരം സംസ്ഥാനസർക്കാരിനുണ്ട്.

## ലോക് അദാലത്ത്

കോടതികളിലൂടെ എല്ലായ്പ്പോഴും എല്ലാതരം കേസുകളും പരിപൂർണ്ണമായും തീർപ്പുകല്പിക്കപ്പെടുക സാധ്യമല്ല. ഒരു വ്യവഹാരമോ, ക്രിമിനൽകേസോ തുടർന്നുപോവുന്നത് വർഷങ്ങളോളമാണ്. അതിന്റെ പ്രധാന കാരണം ജനസംഖ്യാവർദ്ധനവും കോടതികളുടെ എണ്ണക്കുറവും മറ്റും ആണ്. നിയമസാക്ഷരതയ്ക്കും നിയമസഹായത്തിനുംപുറമേ വിവിധതലങ്ങളിൽ നീതിന്യായ തർക്കങ്ങൾ പരിഹരിക്കാനായി ഏർപ്പെടുത്തുന്ന ലോക്അദാലത്തുകളാണ് നിയമസേവന അഥോറിട്ടിയുടെ സവിശേഷമായ പ്രവർത്തന മേഖല.

ലോക് അദാലത്തിന്റെ പരിധിയിൽ താഴെപ്പറയുന്നവ വരുന്നുണ്ട്:-

1 ഏതെങ്കിലും കോടതിയിൽ നിലവിലുള്ള തർക്കങ്ങൾ

2. ഏതെങ്കിലും കോടതിയുടെ പരിധിയിൽവരാവുന്ന തർക്കങ്ങൾ

3. നിലവിലുള്ള നിയമപ്രകാരം കോമ്പൗണ്ട്ചെയ്യാവുന്ന ക്രിമിനൽ കുറ്റകൃത്യങ്ങൾ

അദാലത്തിന്റെ പരിഗണനയിൽ സാധാരണയായി ഒരു കേസ് എത്തുന്നത് തർക്കത്തിൽപ്പെട്ട ഏതെങ്കിലും കക്ഷിയുടെയോ അല്ലെങ്കിൽ

ഇരുകക്ഷികളുടെയും സംയുക്ത അപേക്ഷയിൻമേലോ അതുമല്ലെങ്കിൽ കോടതി സ്വമേധയാ തീരുമാനിച്ചപ്രകാരമോ ആണ്.

ലോക് അദാലത്തിന്റ നടപടിക്രമം വളരെ ലളിതമാണ്. അപേക്ഷ ലഭിച്ചാൽ തർക്കക്കക്ഷികൾക്ക് സ്വീകാര്യവും സംയോജിതവും രമ്യ വുമായ പരിഹാരത്തിന് അദാലത്ത് ശ്രമം നടത്തും. സാമാന്യനീതി യുടെയും നീതിപൂർവ്വകമായ സമത്വത്തിന്റെയും വിവേചന ബുദ്ധിയു ടെയും അടിസ്ഥാനത്തിലാണ് പരസ്പര ധാരണയിലൂടെ ഒരു തീരുമാ നത്തിൽ എത്തിച്ചേരുക. ലോക് അദാലത്തിന്റെ തീർപ്പ് പ്രഖ്യാപിക്ക പ്പെട്ടുകഴിഞ്ഞാൽ ആ തീർപ്പിന് ഒരു സിവിൽ കോടതി വിധിയുടെ മൂല്യവും നിർവ്വഹണ ക്ഷമതയും ലഭ്യമാകും. കോടതികളിൽ നിലവി ലുള്ള കേസുകൾ ലോക് അദാലത്തിലൂടെ ഒത്തുതീർന്നാൽ അടച്ചിട്ടു ള്ള കോർട്ട് ഫീസ് തിരികെകിട്ടും.

സാക്ഷികളെയും ഹരജിക്കാരെയും വിളിച്ചുവരുത്തുവാനും സാന്നിദ്ധ്യം ഉറപ്പാക്കാനും കോടതികൾക്ക് തെളിവുകൾ ശേഖ രിക്കുവാനും അധികാരമുള്ളതുപോലെ ലോക് അദാലത്തിനും ഇത്തരം അധികാരങ്ങളുണ്ട്.

## പെർമനന്റ് ലോക് അദാലത്ത്

പൊതുജനോപയോഗ സേവന മേഖലകളായ (1) ട്രാൻസ്പോർട്ട് സർവ്വീസ് (വായു, കര, ജലം എന്നിവ മുഖേനയുള്ള സഞ്ചാരവും ചരക്ക് കടത്തും), (2) പോസ്റ്റൽ, ടെലഗ്രാഫ്, ടെലിഫോൺ സർവ്വീസ്, (3) വൈദ്യു തി, വെളിച്ചം, വെള്ളം എന്നിവയുടെ വിതരണം, (4) പൊതുജനാരോഗ്യ സംരക്ഷണവും ശുചീകരണവും, (5) ആശുപത്രികൾ, ഡിസ്പൻസറി കൾ ഇവയുടെ സേവനം, (6) ഇൻഷുറൻസ് സേവനം എന്നിവയുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനായി 1987-ലെ ലീഗൽ സർവ്വീ സസ് അതോറിറ്റീസ് ആക്ട്, 2002-ലെ ലീഗൽ സർവ്വീസസ് അതോറി റ്റീസ് അമന്റ്മെന്റ് ആക്ട് എന്നിവ പ്രകാരം സ്ഥാപിതമായ സംവിധാന മാണ് പെർമനന്റ് ലോക് അദാലത്ത് (പി. എൽ. എ.). ഒരു കോടി രൂപ യിൽ താഴെ മതിപ്പുതുക വരുന്ന സേവനങ്ങളെ സംബന്ധിച്ചുള്ള തർക്ക ങ്ങൾ, മറ്റേതെങ്കിലും കോടതിയുടെ പരിഗണനയ്ക്ക് വരുന്നതിനുമുൻപ് പെർമനന്റ് ലോക് അദാലത്തിൽ സമർപ്പിക്കാം. പി.എൽ.എ.യിൽ പരാതി സമർപ്പിച്ചാൽ ആ തർക്കവുമായി ബന്ധപ്പെട്ട കക്ഷികൾ മറ്റേതെങ്കിലും കോടതിയിൽ പ്രസ്തുത തർക്കം ഉന്നയിക്കാൻ പാടില്ല. വിദ്യാഭ്യാസവും, റിയൽ എസ്റ്റേറ്റും, പൊതുജനോപയോഗ സേവനമേഖലയിൽ ഉൾപ്പെ ടുത്തി കേന്ദ്രസർക്കാർ 2014ൽ വിജ്ഞാപനം പുറപ്പെടുവിച്ചു.

പി.എൽ.എ.യിൽ ലഭിക്കുന്ന പരാതികളിൽ, അനുരഞ്ജനം സാദ്ധ്യ മാകുന്ന തർക്കങ്ങൾ ഉഭയകക്ഷി സമ്മതപ്രകാരം തീർപ്പുകൽപ്പിക്കു കയോ അനുരഞ്ജനം സാദ്ധ്യമല്ലാതെ വരുന്ന തർക്കങ്ങളിൽ കൂടുതൽ

തെളിവുകൾ ശേഖരിച്ച് തീർപ്പുകൽപ്പിക്കുകയോ ചെയ്യുന്നു. പി.എൽ.എ. പുറപ്പെടുവിക്കുന്ന തീർപ്പുകൾ 'അവാർഡ്' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇപ്രകാരം പാസ്സാക്കുന്ന അവാർഡുകൾ അന്തിമവും എല്ലാ കക്ഷികൾക്കും ബാധകവും കോടതി വിധി എന്ന പോലെ നടപ്പാക്കേണ്ടതും മറ്റ് കോടതികളിൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

കേരളത്തിൽ, നിലവിൽ രണ്ട് മേഖലകളിൽ പി.എൽ.എ.യുടെ സേവനം ലഭ്യമാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകൾ അധികാരപരിധിയായി തിരുവനന്തപുരം ആസ്ഥാനമായി 2006 മുതൽ പി.എൽ.എ. പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകൾ അധികാരപരിധിയായിട്ടുള്ള എറണാകുളം മേഖലയിൽ 2011-ൽ പി.എൽ.എ.സ്ഥാപിതമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയോടു ചേർന്നുള്ള കെട്ടിട സമുച്ചയത്തിലാണ് എറണാകുളം മേഖലയിലെ പി.എൽ.എ. പ്രവർത്തിക്കുന്നത്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ജനങ്ങൾക്ക് പി.എൽ.എ യുടെ സേവനം ലഭ്യമാക്കുന്നതിനായി കോഴിക്കോട് ആസ്ഥാനമായി പി. എൽ. എ. സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

# 14. നിയമ പരിഹാരമാർഗ്ഗങ്ങൾ

**ഓ**രോ നിയമപ്രശ്നങ്ങൾക്കും ഓരോ പരിഹാരമാർഗ്ഗങ്ങൾ ഉണ്ട്. നിയമപരമായ ഒരു അവകാശം നിഷേധിക്കുകയാണെങ്കിൽ അതിനൊരു നിയമാനുസൃത പരിഹാരവുമുണ്ട്. സ്വാതന്ത്ര്യസമൂഹത്തിന്റെ നീതിന്യായവ്യവസ്ഥ ഈ തത്വത്തിലാണ് അധിഷ്ഠിതമായിട്ടുള്ളത്. ഇങ്ങനെ നിയമ അവകാശം നഷ്ടപ്പെട്ടവർക്ക് പരിഹാരം ലഭ്യമാക്കുന്നതിനാണ് നമ്മുടെ നാട്ടിൽ സിവിൽ-ക്രിമിനൽ കോടതികൾക്കുപുറമെ വ്യവസായ തർക്ക ട്രിബ്യൂണലുകളും ലാന്റ് ട്രിബ്യൂണലുകളും മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലുകളും വാടകനിയന്ത്രണ കോടതികളുംമറ്റും സ്ഥാപിച്ചിട്ടുള്ളത്.

## സിവിൽ കോടതികൾ

സിവിൽതർക്ക പരിഹാരങ്ങൾക്കായി സമീപിക്കാവുന്ന ഏറ്റവും താഴെക്കിടയിലുള്ള കോടതികളാണ് മുൻസിഫ്കോടതികൾ. ഒരു ലക്ഷം രൂപയിൽകവിയാത്ത തർക്കങ്ങൾ മുൻസിഫ്കോടതിയിൽ വരുന്നു. തൊട്ടു മുകളിലായി സബ്-കോടതികളും അതിനുമുകളിലായി ജില്ലാ കോടതികളും ഹൈക്കോടതിയും നിലകൊള്ളുന്നു.

മുൻസിഫ്കോടതികളുടെ തീർപ്പുകളിന്മേലുള്ള അപ്പീലുകളും ഒരു ലക്ഷം രൂപയ്ക്കുമുകളിലുള്ള സാമ്പത്തികപ്രശ്നങ്ങളും സബ്കോടതിയാണ് പരിഗണിക്കുന്നത്.

## ക്രിമിനൽ കോടതികൾ

ക്രിമിനൽസ്വഭാവമുള്ള കേസുകൾ പരിഗണനയ്ക്കുവരുന്നത് ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് കോടതിയുടെ മുൻപാകെയാണ്. ജാമ്യംലഭിക്കാത്ത കുറ്റകൃത്യങ്ങൾക്ക് ജാമ്യം അനുവദിക്കാനുള്ള അധികാരവും മജിസ്ട്രേട്ടിനുണ്ട്. മൂന്നുവർഷംവരെ തടവും 5000 രൂപവരെ പിഴയും മാത്രമേ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിന് അധികാരമുള്ളൂ. അതിനു തൊട്ടുമുകളിലാണ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി. (സി.ജെ.എം കോടതി) ആ കോടതിക്ക് പരമാവധി 7 വർഷത്തിനുതാഴെയുള്ള തടവുശിക്ഷയും അതിരുകളില്ലാതെ പിഴയും വിധിക്കുവാൻ അധികാരമുണ്ട്. മജിസ്ട്രേട്ട് കോടതികളുടെ ഭരണപരമായ നിയന്ത്രണം സി.ജെ.എം. കോടതിക്കാണ്. ഇതിനുപുറമെ അസിസ്റ്റന്റ് സെഷൻസ് കോടതിയും സെഷൻസ് കോടതിയും നിലവിലുണ്ട്. മജിസ്ട്രേട്ട് കോടതികളിൽനിന്നുള്ള അപ്പീലും സെഷൻസ് ജഡ്ജിക്കു മാത്രമായി വിചാരണനടത്തുവാൻ അധികാരപ്പെട്ട കേസുകളും ഇവരുടെ പരിഗണനയ്ക്കു വരുന്നു. ഇത്തരം കേസുകളിൽ ജാമ്യം അനുവദിക്കുന്നതും സെഷൻസ് ജഡ്ജിതന്നെ.

## കുടുംബകോടതി

1984ലെ കുടുംബകോടതി നിയമപ്രകാരം നിലവിൽവന്ന കുടുംബകോടതികളിൽ വിവാഹസംബന്ധമായ എല്ലാ കേസുകളും പരിഗണനയ്ക്കു വരുന്നു. അവയ്ക്കുപുറമെ വിവാഹസംബന്ധമായി ഉയർന്നുവരുന്ന സ്വത്തുതർക്കങ്ങളും ഈ കോടതിയുടെ അധികാരപരിധിയിൽ വരുന്നുണ്ട്. കേസ് പരിഗണനയ്ക്കുവന്നാൽ ഇരുകൂട്ടരെയും വിളിച്ച് കൗൺസിലർമാരുടെ സഹായത്തോടെ ഒത്തുതീർപ്പിൽ എത്തിക്കുവാൻ ശ്രമിക്കും.

വിവാഹസംബന്ധമായ കേസുകളിൽ മുസ്ലീംവിവാഹമോചിത സ്ത്രീസംരക്ഷണ നിയമപ്രകാരമുള്ള കേസുകൾ തീർപ്പുകല്പിക്കുന്നതിന് കുടുംബകോടതികൾക്ക് അധികാരമില്ല. കുടുംബകോടതി നിലവിലില്ലാത്ത ജില്ലകളിൽ നിയമം അനുശാസിക്കുന്നരീതിയിൽ ബന്ധപ്പെട്ട കോടതിയിൽ കേസുകൾ ഫയൽചെയ്യേണ്ടതാണ്.

## ട്രിബ്യൂണലുകൾ

കോടതികൾക്കുപുറമെ വ്യത്യസ്ത നിയമപ്രകാരം വാഹനാപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ, വ്യവസായ-തൊഴിൽതർക്ക ട്രിബ്യൂണലുകൾ, ഉപഭോക്തൃ തർക്ക പരിഹാര ഫോറം, ലാന്റ് ട്രിബ്യൂണലുകൾ തുടങ്ങിയവ നിലവിലുണ്ട്.

## ഹൈക്കോടതി

സിവിൽകേസുകളിൽ തർക്കസംഗതി രണ്ടുലക്ഷം രൂപയ്ക്കുമേൽ വിലപിടിപ്പുള്ളതാണെങ്കിൽ സബ്കോടതിയുടെ വിധിയിന്മേൽ ഹൈക്കോടതിയിലാണ് അപ്പീൽ നൽകേണ്ടത്. പ്രാധാന്യമേറിയ നിയമപ്രശ്നങ്ങളുൾക്കൊള്ളുന്ന ചില കേസുകളിൽ രണ്ടാം അപ്പീലുകളും

ഹൈക്കോടതിക്ക് കൈകാര്യംചെയ്യാം. ക്രിമിനൽ കേസുകളിൽ നിയമാനുസരണമുള്ള ഏതു ശിക്ഷ വിധിക്കാനുള്ള അധികാരവും ഹൈക്കോടതിക്കുണ്ട്. 7 വർഷത്തിലേറെ ജയിൽശിക്ഷ വിധിക്കുന്ന അസിസ്റ്റന്റ് സെഷൻസ് കോടതി വിധിയിന്മേലും, സെഷൻസ് കോടതിയുടെ ശിക്ഷാവിധിയിന്മേലും അപ്പീലധികാരം ഹൈക്കോടതിക്കാണ്. മൗലികാവകാശലംഘനം, നിയമാനുസരണമായ മറ്റുപരിഹാരമാർഗ്ഗങ്ങളില്ലാത്ത അവസ്ഥ എന്നീ സന്ദർഭങ്ങളിൽ റിട്ടുഹർജികളും, സാധാരണ കോടതികളല്ലാത്ത ട്രൈബ്യൂണലുകളുടെ വിധിയിന്മേൽ ഭരണഘടനയുടെ 227-ാം ചട്ടമനുസരിച്ചുള്ള ഹർജികളും ഹൈക്കോടതി പരിഗണിക്കുന്നു.

## സുപ്രീംകോടതി

നമ്മുടെ രാജ്യത്തെ പരമോന്നത നീതിപീഠമാണ് സുപ്രീംകോടതി. ഹൈക്കോടതികളിൽനിന്നുള്ള അപ്പീലുകളും റിട്ട് ഹർജികളും സുപ്രീം കോടതി പരിഗണിക്കുന്നു. സുപ്രധാനമായ ഭരണഘടനാപ്രശ്നങ്ങളിലും മൗലികാവകാശ പ്രശ്നങ്ങളിലും മറ്റെല്ലാ നിയമപരമായ കാര്യങ്ങളിലും സുപ്രീംകോടതിയുടെ തീർപ്പ് അന്തിമമാണ്.

നിയമപരമായി പരിഹാരം ലഭിക്കുന്നതിനായി മേൽ സൂചിപ്പിച്ച കോടതികൾക്കും ട്രിബ്യൂണലുകൾക്കുംപുറമെ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി ജില്ലാ ലീഗൽ സർവ്വീസസ് അതോറിട്ടി, ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റി, സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിട്ടി എന്നിവയെയും സമീപിക്കാവുന്നതാണ്.

# 15. സേവനാവകാശ നിയമം

**കു**ട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി മാതാപിതാക്കൾ സർക്കാരോഫീസുകളിൽ കയറിയിറങ്ങുന്നത് നിങ്ങളിൽ ചിലരെങ്കിലും കണ്ടിരിക്കും. വരുമാനസർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കാനായി ഉദ്യോഗസ്ഥർക്ക് 'കൈമടക്ക്' നൽകിയ സംഭവങ്ങളും നിങ്ങൾ കേട്ടിരിക്കും. സർക്കാരോഫീസുകളിലെ ചുവപ്പുനാടയും, കെടുകാര്യസ്ഥതയും അഴിമതിയും അവസാനിപ്പിക്കാൻ പാർലമെന്റ് 2005-ൽ വിവരാവകാശ നിയമം നിർമ്മിച്ചു. ഈ നിയമത്തിന്റെ ചുവടുപിടിച്ചാണ് കേരള നിയമസഭ സേവനാവകാശ നിയമം പാസ്സാക്കിയത്. 2012 നവംബർ 1 മുതൽ ഈ നിയമം സംസ്ഥാനത്ത് നടപ്പിലായതോടെ സേവനം പൗരന്റെ അവകാശമാക്കിക്കൊണ്ടുള്ള നിയമം നിർമ്മിച്ച 13-ാമത്തെ സംസ്ഥാനമായി കേരളം മാറി. സേവനാവകാശം ഇന്ത്യയിൽ ആദ്യമായി പാസ്സാക്കിയ സംസ്ഥാനം മധ്യപ്രദേശ് ആണ്. 2010-ൽ

## പൗരാവകാശരേഖ

പൗരനും സർക്കാരും തമ്മിലുള്ള ഉടമ്പടിയാണ് പരാവകാശ രേഖ

(Citizen Charter) സർക്കാർ സേവനങ്ങൾ സമയബന്ധിതമായി നൽകുക എന്നത് സർക്കാരുദ്യോഗസ്ഥന്റെ ചുമതലയാണ്. ഗുണനിലവാരമുള്ള സേവനം സമയബന്ധിതമായി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് 1991-ൽ ബ്രിട്ടനിൽ സിറ്റിസൺ ചാർട്ടർ പ്രോഗ്രാം ആവിഷ്കരിച്ചത്. 1997-ൽ ഈ പരിഷ്കാരം ഇന്ത്യയും സ്വീകരിച്ചു.

കേരളത്തിലെ എല്ലാ സർക്കാർ വകുപ്പുകളും ഏജൻസികളും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണമെന്ന് 1999 ഡിസംബർ 21ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പൗരാവകാശ രേഖയിൽ വിളംബരം ചെയ്ത ഒരു സേവനം സമയപരിധിക്കകം അപേക്ഷകന് നൽകാൻ കഴിഞ്ഞില്ലെങ്കിൽ അത് വാഗ്ദത്ത ലംഘനമായി കണക്കാക്കും. എന്നാൽ വാഗ്ദാനം ലംഘിച്ച ഉദ്യോഗസ്ഥനെ ശിക്ഷിക്കാൻ കഴിയുമായിരുന്നില്ല. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തിക്കൊണ്ട് സേവനത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെ ശിക്ഷിക്കാൻ കൂടിയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് സേവനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയത്. സേവനാവകാശ നിയമപ്രകാരം അപേക്ഷ നൽകേണ്ടത് അതാത് ഓഫീസിൽ തന്നെയാണ്. ഉദാഹരണത്തിന് വരുമാന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ വില്ലേജ് ഓഫീസിലാണ് നൽകേണ്ടത്. വില്ലേജ് ഓഫീസറാണ് ഡസിഗ്നേറ്റ് ഓഫീസർ. അദ്ദേഹം അപേക്ഷ സ്വീകരിച്ച ഉടനെ രസീത് അപേക്ഷകന് നൽകണം. ആറ് ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകണം. വില്ലേജ് ഓഫീസറുടെ ഒന്നാം അപ്പീൽ അധികാരി തഹസിൽദാരാണ്. രണ്ടാം അപ്പീൽ അധികാരി ആർ.ഡി.ഒ. നിശ്ചിത ദിവസത്തിനകം സേവനം ലഭിച്ചില്ലെങ്കിലാണ് അപ്പീൽ.

അതിയായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരിക്ക് ബോദ്ധ്യപ്പെട്ടാൽ 500/- രൂപ മുതൽ 5000/- രൂപ വരെ പിഴ ചുമത്താം. ന്യായമായ കാരണമില്ലാതെ ഉദ്യോഗസ്ഥൻ വിവരം നിഷേധിച്ചാലും ഈ ശിക്ഷ ലഭിക്കും. സേവനം നൽകുന്നതിൽ ഉദ്യോഗസ്ഥൻ കാലതാമസം വരുത്തുകയാണെങ്കിൽ സേവനം വൈകിക്കുന്ന ഓരോ ദിവസത്തിനും 250/- രൂപ നിരക്കിൽ പരമാവധി 5000/- രൂപ വരെ പിഴ ചുമത്താൻ കഴിയും. ഇതേ വീഴ്ച ഒന്നാം അപ്പീൽ അധികാരിയാണ് വരുത്തുന്നതെങ്കിലും 500/- രൂപ മുതൽ 5000/- വരെ പിഴ ചുമത്താം.

സേവനത്തിനായുള്ള അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥനോ ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരിക്ക് ബോദ്ധ്യമായാൽ സർവ്വീസ് ചട്ടപ്രകാരം അച്ചടക്ക് നടപടിക്ക് ശുപാർശ ചെയ്യാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ എന്നിവ സേവന അവകാശ ഉദ്യോഗസ്ഥൻ, അപ്പീൽ അധികാരികൾ

എന്നിവർ ആരൊക്കെയെന്ന് ആറുമാസത്തിനകം വിജ്ഞാപനം ചെയ്യണം. സേവനത്തിന്റെ സമയപരിധിയും വകുപ്പുകൾ വിജ്ഞാപനം ചെയ്യണം. (ഇതു പ്രകാരം നിരവധി വകുപ്പുകൾ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്) ആവശ്യപ്പെട്ട സേവനം നൽകാൻ നിർവ്വാഹമില്ലെങ്കിൽ ഇക്കാര്യം രേഖാമൂലം നിശ്ചിത സമയത്തിനം തന്നെ ഉദ്യോഗസ്ഥൻ അപേക്ഷകനെ അറിയിക്കണം.

അപേക്ഷ നിരസിക്കപ്പെട്ടാൽ ഒന്നാം അപ്പീലധികാരി മുമ്പാകെ 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കണം. യഥാസമയം അപ്പീൽ സമർപ്പിക്കാതിരുന്നതിന് തക്കതായ കാരണങ്ങളുണ്ടെങ്കിൽ അപ്പീൽ അധികാരിക്ക് ബോദ്ധ്യമായാലും അപേക്ഷ പരിഗണിക്കാം.

ന്യായമായ കാരണമില്ലാതെയാണ് ഉദ്യോഗസ്ഥൻ സമയപരിധിക്കുള്ളിൽ സേവനം നൽകാതിരുന്നതെന്ന് ബോദ്ധ്യമായാൽ ശിക്ഷ വിധിക്കാൻ രണ്ടാം അപ്പീൽ അധികാരിക്കും കഴിയും. അപ്പീൽ അധികാരിയുടെ നിർദ്ദേശം ഉദ്യോഗസ്ഥൻ നടപ്പിലാക്കാതിരുന്നാൽ ഒന്നാം അപ്പീൽ സമർപ്പിക്കാതെ തന്നെ നേരിട്ട് രണ്ടാം അപ്പീൽ അധികാരിയെ അപേക്ഷകന് സമീപിക്കാം. ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ ഒന്നാം അപ്പീൽ അധികാരിയോ സേവന അവകാശ നിയമപ്രകാരമുള്ള ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യമായാൽ വകുപ്പുതല ശിക്ഷാ നടപടികൾക്ക് ശുപാർശ ചെയ്യാനും അധികാരമുണ്ട്.

## സേവനാവകാശ നിയമത്തിന്റെ സവിശേഷതകൾ

1. സമൂഹത്തിന്റെ സുസ്ഥിരമായ വികാസത്തിന് അനിവാര്യമാണ് കാര്യക്ഷമമായ ഭരണം. സുതാര്യതയും പ്രതിബദ്ധതയും പ്രതികരണ സ്വഭാവവും ജനാധിപത്യത്തിന്റെ അവശ്യ ഘടകങ്ങളാണ്.
2. ഭരണരംഗത്തെ സുതാര്യതയാണ് വിവരാവകാശ നിയമത്തിന്റെ ലക്ഷ്യമെങ്കിൽ ഉദ്യോഗസ്ഥരുടെ പ്രതിബദ്ധതയും പ്രതികരണ വുമാണ് സേവനാവകാശ നിയമം ഉറപ്പുവരുത്തേണ്ടത്.
3. ഫലപ്രദവും സമയബന്ധിതവുമായ സേവനം പൗരന് ഉറപ്പുനൽകുന്നു.
4. അപേക്ഷ നിരസിച്ചാൽ അതിനുള്ള കാരണം എഴുതി നൽകണം. അക്കാര്യം അപേക്ഷകനെ അറിയിച്ചിരിക്കണം.
5. അപേക്ഷയ്ക്ക് രസീത് നൽകിയിരിക്കണം ഏതെങ്കിലും രേഖ അപേക്ഷകൻ ഹാജരാക്കേണ്ടതുണ്ടെങ്കിൽ അക്കാര്യവും വ്യക്തമാക്കിയിരിക്കണം.
6. വിവരം നൽകേണ്ട സമയപരിധിയിൽ നിന്നു പൊതുഅവധി ദിവസങ്ങൾ ഒഴിവാക്കിയിരിക്കുന്നു.
7. എന്തെല്ലാം സേവനങ്ങൾ എത്ര ദിവസത്തിനുള്ളിൽ ലഭ്യമാ

ക്കുമെന്നും അത് ലഭ്യമാക്കുന്ന ഉദ്യോഗസ്ഥരുടെ വിശദാംശങ്ങളും വ്യക്തമാക്കുന്ന ബോർഡ് ഓഫീസിൽ പ്രദർശിപ്പിക്കണം.

8. 30 ദിവസത്തിനുള്ളിൽ ഒന്നാം അപ്പീൽ.

9. അപ്പീലുകൾ ഫയൽ ചെയ്യുന്നതിന് ഫീസില്ല.

10. 60 ദിവസത്തിനകം രണ്ടാം അപ്പീൽ.

11. രേഖ ലഭ്യമാക്കേണ്ട സമയപരിധിതന്നെയാണ് രണ്ടാം അപ്പീലുകൾ തീർപ്പുകൽപ്പിക്കേണ്ടത്.

12. അപ്പീൽ അധികാരികൾക്ക് സിവിൽ കേടതിയുടെ അധികാരമുണ്ട്.

# 16. ക്രിമിനൽ നിയമ ഭേദഗതികൾ

## 2013-ലെ ഭേദഗതികൾ

ഇന്ത്യൻ ശിക്ഷാനിയമ ഭേദഗതികൾ (IPC)

1) സ്വയം പ്രതിരോധം (Private defence) ഏതെല്ലാം സാഹചര്യങ്ങളിൽ അവകാശമായി ഉന്നയിക്കാം എന്നു പ്രഖ്യാപിക്കുന്ന Indian Penal Code-ലെ നൂറാം വകുപ്പിലാണ് ആദ്യ ഭേദഗതി. ആസിഡ് ഉപയോഗിച്ചുള്ള ആക്രമണത്തെ ഇതിലെ ഏഴാം സാഹചര്യമായി ഭേദഗതി മുഖേന പുതിയതായി ഉൾപ്പെടുത്തിയിരിക്കുന്നു. ആസിഡ് ഒഴിച്ച് ദാരുണമായ ക്ഷതമേൽപ്പിക്കപ്പെടുമെന്ന സാഹചര്യത്തിൽ സ്വയം പ്രതിരോധാവകാശം ഉന്നയിക്കാമെന്ന് ഇത് അനുശാസിക്കുന്നു.

2) സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ ജീവനക്കാരുടെ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് 166-ാം വകുപ്പിലാണ് അടുത്ത ഭേദഗതി. ഇതിലെ 166-A അനുസരിച്ച് ഒരു അന്വേഷണത്തിന്റെ ഭാഗമായി നിയമപരമായി വിലക്കപ്പെട്ട ഒരു സ്ഥലത്ത് പ്രവേശിക്കുകയോ പ്രസ്തുത അന്വേഷണം നടത്തുന്നതു സംബന്ധിച്ച് നിയമവിലക്കുകൾക്കെതിരെ പ്രവർത്തിക്കുകയോ, വകുപ്പ് 326A, 326B, 354, 354B, 370, 370A, 376, 376A, 376B, 376C, 376D, 376E, 509 വകുപ്പുകൾ പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്താൻ വിസമ്മതിക്കുകയോ ചെയ്ത പബ്ലിക് ഓഫീസർക്ക് 6 മാസം മുതൽ 2 വർഷം വരെ കഠിന തടവും പിഴയും ശിക്ഷ ലഭിക്കും എന്നതാണ് ഭേദഗതി.

3) ബലാൽസംഗ കേസുകളിൽ ഇരയുടെ വ്യക്തിത്വം പുറത്തുവിടുന്ന മാധ്യമങ്ങൾക്കുള്ള ശിക്ഷയെ സംബന്ധിച്ച വകുപ്പിന്റെ പരിധിക്കുള്ളിൽ Section 376Eകൂടി ഉൾപ്പെടുത്തുന്നതാണ് അടുത്ത ഭേദഗതി. 376E ആവർത്തിച്ച് ബലാൽസംഗ കുറ്റങ്ങൾ നടത്തുന്നതിനെക്കുറിച്ചാണ്.

4) ദാരുണമായ ക്ഷതങ്ങളെ സംബന്ധിച്ച 326 IPC വകുപ്പിനു ശേഷം 326 A, 326 B എന്നിവ കൂട്ടിച്ചേർത്താണ് അടുത്ത ഭേദഗതി. ആസിഡ്

ഉപയോഗിച്ച് ദാരുണമായ ക്ഷതങ്ങളേൽപ്പിക്കുന്ന കുറ്റത്തിന് പത്തുവർഷത്തിൽ കുറയാത്ത തടവും പിഴയും ശിക്ഷ ഈ ഭേദഗതി പ്രഖ്യാപിക്കുന്നു. പിഴ ഇരയുടെ ചികിത്സാ ചെലവിന് പര്യാപ്തമാണെന്നും ഉറപ്പുവരുത്തണമെന്നും പിഴ ഇരയ്ക്കു നേരിട്ടു നൽകണമെന്നും ഈ വകുപ്പ് പറയുന്നു. ദാരുണമായ ക്ഷതമേൽപ്പിക്കണമെന്ന് ഉദ്ദേശ്യത്തോടെ ആസിഡ് എറിയുന്ന കുറ്റത്തിനും അഞ്ചുവർഷത്തിൽ കുറയാത്തതും ഏഴുവർഷത്തിൽ കൂടാത്തതുമായ തടവും പിഴയും ഭേദഗതി നിർദ്ദേശിക്കുന്നു.

5) സ്ത്രീയുടെ ചാരിത്ര്യത്തെ നശിപ്പിക്കണമെന്ന് ഉദ്ദേശ്യത്തോടെ നടത്തുന്ന കയ്യേറ്റം സംബന്ധിച്ച 354 IPCയിലാണ് അടുത്ത ഭേദഗതി. ഇതിന്റെ ശിക്ഷ രണ്ടുവർഷത്തിൽനിന്ന് അഞ്ചുവർഷം തടവും പിഴയുമായി വർദ്ധിപ്പിച്ചിരിക്കുന്നു. കൂടാതെ 354 A, B, C, D എന്നീ വകുപ്പുകൾ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തു. ഇതനുസരിച്ച് പുരുഷന്റെ താഴെ പറയുന്നവയിൽ ഏതെങ്കിലും പ്രവർത്തി പീഢനമാകുന്നു.

(1) സ്ത്രീയോട് അവരുടെ ഇഷ്ടത്തിനെതിരായി ശാരീരികമായി തൊടുകയോ, ലൈംഗിക ചെയ്തികൾ നടത്തുകയോ ചെയ്യുക;

(2) ലൈംഗിക കാര്യങ്ങൾ ചെയ്യുവാൻ അവളോടാവശ്യപ്പെടുക;

(3) അവളുടെ താല്പര്യത്തിനെതിരായി അശ്ലീലസാഹിത്യം കാണിക്കുക;

(4) ലൈംഗിക ചുവയുള്ള സംഭാഷണങ്ങൾ നടത്തുക;

(1) മുതൽ (3) വരെയുള്ള ലൈംഗിക പീഢനങ്ങൾക്ക് മൂന്നുവർഷം വരെ കഠിന തടവും പിഴയും (4)-ാം പീഢനത്തിന് ഒരു വർഷം വരെ തടവും പിഴയും ശിക്ഷ.

354 B വകുപ്പു പ്രകാരം ഒരു പുരുഷൻ കുറ്റകരമായ സമ്മർദ്ദം ചെലുത്തി സ്ത്രീയെ വിവസ്ത്രയാക്കുവാൻ ശ്രമിച്ചാൽ മൂന്നു മുതൽ ഏഴ് വർഷം വരെ തടവും പിഴയും ശിക്ഷ നിഷ്കർഷിക്കുന്നു.

354 Cഒളിഞ്ഞുനോട്ടം. സ്ത്രീയുടെ രഹസ്യകാര്യങ്ങളെ ഒളിഞ്ഞു നോക്കുകയോ ഫോട്ടോയെടുക്കുകയോ ചെയ്യുന്ന പുരുഷന് ആദ്യതവണ ഒരു വർഷത്തിൽ കുറയാത്ത മൂന്നുവർഷം വരെയുള്ള തടവും പിഴയും ശിക്ഷ ലഭിക്കാവുന്നതുമാകുന്നു. ഇപ്രകാരം ചെയ്യുന്നതിന് സ്ത്രീയുടെ സമ്മതം വാങ്ങിയിട്ടുണ്ടെങ്കിൽ പോലും മൂന്നാമതൊരാളെ അതു കാണുന്നതിന് അവർ സമ്മതിച്ചിട്ടില്ലെങ്കിൽ അപ്രകാരം കാണിക്കുന്നതും ഈ വകുപ്പിനു കീഴിൽ ശിക്ഷാർഹമാണ്.

354 D സ്ത്രീയുടെ ഇഷ്ടത്തിന് വിരുദ്ധമായി അവളെ പിന്തുടരുകയും അവളുമായി ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത്, അല്ലെങ്കിൽ അവളെ ഇമെയിൽ, ഇന്റർനെറ്റ്, മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങൾ മുഖേന പിന്തുടരുന്നത് എന്നിവ കുറ്റകരമാക്കി. ആദ്യതവണ

മൂന്നു വർഷം വരെ തടവും പിഴയും ആവർത്തിച്ചാൽ അഞ്ചു വർഷം വരെ തടവും പിഴയും ശിക്ഷ ലഭിക്കാം. എന്നാൽ ഈ ചെയ്തി ഏതെങ്കിലും കുറ്റം തടയുന്നതിനോ കണ്ടുപിടിക്കുന്നതിനോ ആയിരുന്നുവെന്നും ഏതെങ്കിലും നിയമം അനുശാസിക്കുന്ന രീതിയിൽ പിന്തുടർന്നുവെന്നും പ്രത്യേക സാഹചര്യത്തിൽ ഈ പിന്തുടരൽ പ്രായോഗികവും നീതിയുക്തവുമായിരുന്നുവെന്നും തെളിയിക്കാനായാൽ കുറ്റവാളിക്ക് രക്ഷപെടാം.

(6) മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട 370 IPC വകുപ്പിലാണ് അടുത്ത ഭേദഗതി. ചൂഷണം, നിയമനം, കടത്തൽ, അഭയം നൽകൽ, സ്വീകരിക്കൽ എന്നീ ഉദ്ദേശ്യങ്ങളോടെ ഭീഷണി, ബലം, ചതി, വഞ്ചന, അധികാര ദുർവിനിയോഗം പണം നൽകൽ എന്നിവ ഉപയോഗിച്ച് മനുഷ്യരെ കടത്തിയാൽ 7 മുതൽ 10 വർഷം വരെ തടവും പിഴയും ചുമത്താവുന്ന കുറ്റമാണ്. എന്നാൽ ഒന്നിൽ കൂടുതൽ ആളുകളെ കടത്തുന്നത് പത്തുവർഷം മുതൽ ജീവപര്യന്തം കഠിനതടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്. കടത്തുന്നത് മൈനറിനെയാണെങ്കിൽ ശിക്ഷ പത്തുവർഷം മുതൽ ജീവപര്യന്തം വരെയും, പിഴയും, ഒന്നിൽ കൂടുതൽ മൈനറാണെങ്കിൽ പതിനാലു വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെയുമുള്ള കഠിനതടവും പിഴയുമാകുന്നു. ഈ കുറ്റം ആവർത്തിച്ചാൽ ജീവപര്യന്തംവരെ തടവും പിഴയും ലഭിക്കും. പൊതുസേവകനോ പോലീസ് ഓഫീസറോ ഈ കുറ്റം ചെയ്താൽ മേൽപറഞ്ഞ ജീവിതാന്ത്യം വരെ തടവും പിഴയും ശിക്ഷ. കടത്തിയ മൈനറിനെ ലൈംഗിക ചൂഷണത്തിനു വിധേയമാക്കിയാൽ അഞ്ചുമുതൽ ഏഴുവർഷം വരെ കഠിനതടവും പിഴയും ശിക്ഷ ലഭിക്കും. കടത്തിയ വ്യക്തിയെ ലൈംഗിക ചൂഷണത്തിന് വിധേയമാക്കിയാൽ മൂന്നു മുതൽ അഞ്ചുവർഷം വരെ കഠിനതടവും പിഴയും ശിക്ഷ.

(7) ബലാൽസംഗവുമായി ബന്ധപ്പെട്ട 375, 376 IPC വകുപ്പുകളിലാണ് അടുത്ത ഭേദഗതി. ഒരു പുരുഷൻ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഒരു സ്ത്രീയെ ബലാൽസംഗം ചെയ്തതായി പറയാം.

(A) അവന്റെ ലിംഗം ഏതെങ്കിലും അളവിൽ അവളുടെ യോനി, വായ, മൂത്രനാളി, മലദ്വാരം എന്നിവയിൽ പ്രവേശിക്കുമ്പോൾ അല്ലെങ്കിൽ അവളെ കൊണ്ട് അപ്രകാരം അവനോടോ മറ്റൊരാളോടോ ചെയ്യിപ്പിക്കുമ്പോൾ

(B) അവന്റെ ലിംഗം അല്ലാതെ മറ്റേതെങ്കിലും ശരീരഭാഗമോ വസ്തുവോ അവളുടെ മേൽപ്പറഞ്ഞ അവയവങ്ങളിൽ ഏതെങ്കിലും അളവിൽ പ്രവേശിപ്പിക്കുമ്പോഴോ, അല്ലെങ്കിൽ അവളെക്കൊണ്ടോ അപ്രകാരം അവനോടോ മറ്റൊരാളോടോ ചെയ്യിപ്പിക്കുമ്പോൾ

(C) അവളുടെ ശരീരത്തിന്റെ ഏതെങ്കിലുമൊരു ഭാഗം കൃത്രിമമായി രൂപപ്പെടുത്തി അതിലേയ്ക്കോ, യോനി, മൂത്രനാളി, മലദ്വാരം അല്ലെങ്കിൽ

മറ്റേതെങ്കിലും ശരീരഭാഗത്തേക്കോ പ്രവേശിപ്പിക്കുകയോ അവളെക്കൊണ്ട് അവനോടോ മറ്റൊരാളോടോ അപ്രകാരം ചെയ്യിക്കുമ്പോൾ.

(D) അവന്റെ വായ, അവളുടെ യോനി, മലദ്വാരം, മൂത്രനാളി എന്നിവയിൽ ചെലുത്തുകയോ അവളെക്കൊണ്ട് അപ്രകാരം അവനോടോ മറ്റൊരാളോടോ ചെയ്യിക്കുമ്പോൾ മേൽപ്രകാരം ചെയ്യുന്നത്.

അവളുടെ സമ്മതത്തിനു വിരുദ്ധമാകുമ്പോഴോ, അവളുടെ സമ്മതമില്ലാതെയോ മരണഭയം മൂലമോ ദേഹോപദ്രവഭയം മൂലമോ അല്ലെങ്കിൽ അവൾക്കു താല്പര്യമുള്ള വ്യക്തിവഴിയോ അവളുടെ സമ്മതം വാങ്ങിയിട്ടോ, അവൻ അവളുടെ ഭർത്താവല്ലാതായിരിക്കുകയും എന്നാൽ അവളെ താൻ അവളുടെ ഭർത്താവാണെന്നു തെറ്റിദ്ധരിപ്പിച്ചോ സമ്മതം വങ്ങിയിട്ടോ, സ്ഥിര ബുദ്ധിയില്ലാതെയോ, മദ്യമോ മയക്കുമരുന്നോ നൽകി കാര്യഗൗരവം ബോധ്യപ്പെടുത്താതെ അവളിൽ നിന്നും സമ്മതത്തോടെയോ അല്ലാതെയോ അവൾക്കു സമ്മതം അറിയിക്കാൻ കഴിയാത്ത സാഹചര്യത്തിലോ ആണെങ്കിൽ ബലാൽസംഗം എന്ന കുറ്റം അയാൾ ചെയ്തതായും അതിനു ഏഴുവർഷം മുതൽ ജീവപര്യന്തം വരെ കഠിനതടവും പിഴയും ശിക്ഷ ലഭിക്കാവുന്നതുമാകുന്നു.

ഈ കൃത്യം ചെയ്യുമ്പോൾ സ്ത്രീ ശാരീരികമായി എതിർത്തിരുന്നില്ല എന്നതുകൊണ്ടുമാത്രം അവളുടെ സമ്മതം ക്രിയയ്ക്കുണ്ടായിരുന്നു എന്നു സ്ഥാപിക്കാൻ കഴിയുകയുമില്ല. യോനി എന്നത് യോനിക്കു പുറമെയുള്ള Labia Majore എന്ന ഭാഗവും ഉൾപ്പെടുന്നതാകുന്നു. ഇപ്രകാരം ചെയ്യുന്നതു വൈദ്യപരിശോധനയുടെ ഭാഗമായിട്ടാണെങ്കിൽ കുറ്റമാകുന്നില്ല. ഭർത്താവ് ഭാര്യയോട് ഈ ക്രിയ ചെയ്യുമ്പോൾ ഭാര്യയ്ക്ക് 15 വയസ്സിൽ കൂടുതലുണ്ടെങ്കിൽ അതും കുറ്റമാകുന്നില്ല.

376(2) വകുപ്പനുസരിച്ച് ഒരു പോലീസ് ഓഫീസർ, ഒരു പബ്ലിക്ക് സെർവന്റ്, ഒരു സായുധ സേനാംഗം എന്നിവരോ ഒരു ആശുപത്രി മാനേജ്മെന്റോ ജീവനക്കാരോ, ജയിൽ, റിമാന്റ് ഹൗസ് എന്നിവയിലെ അധികാരികളോ ജീവനക്കാരോ ബന്ധുവോ, രക്ഷകർത്താവോ, ടീച്ചറോ, വിശ്വാസവും അധികാരവും ഉള്ളയാളോ ഒരു സ്ത്രീയെ ബലാൽസംഗം ചെയ്താൽ അതിന്റെ ഗൗരവം കൂടുതലായതിനാൽ ശിക്ഷ 10 വർഷം മുതൽ ജീവിതാവസാനം വരെ കഠിന തടവും പിഴയുമായിരിക്കും. ഇതേ ശിക്ഷ ഒരു ഗർഭിണിയോ 16 വയസ്സിൽ താഴെയുള്ളവളെയോ, സമ്മതം നൽകാൻ ശേഷിയില്ലാത്തവളെയോ കീഴ്പ്പെടുത്തിയോ മാനസിക ശാരീരിക വൈകല്യമുള്ളവളെയോ വർഗ്ഗീയ ലഹളയിലോ ബലാൽസംഗം ചെയ്യുന്നവർക്കും ലഭിക്കും. സ്ത്രീയെ ശാരീരികമായി ക്ഷതമേൽപ്പിക്കുകയോ അംഗവൈകല്യം വരുത്തുകയോ ജീവനു ഭീഷണിയാകത്തക്ക രീതിയിലോ ബലാൽസംഗം ചെയ്താലും ഇതേ ശിക്ഷ ലഭിക്കും.

376 A വകുപ്പനുസരിച്ച് ബലാൽസംഗത്തിനിടയിൽ സ്ത്രീയെ അക്രമിച്ച് വധിക്കുകയോ, ജീവച്ഛവമാക്കുകയോ ചെയ്താൽ 20 വർഷം മുതൽ ജീവിതാന്ത്യം വരെ കഠിനതടവോ വധശിക്ഷയോ ലഭിക്കാവുന്നതാണ്.

376 B പ്രകാരം കോടതി വിധി അനുസരിച്ചോ അല്ലാതെയോ വേർപിരിഞ്ഞു കഴിയുന്ന ഭാര്യയുമായി സംഭോഗം നടത്തിയാൽ രണ്ടു മുതൽ ഏഴു വർഷം വരെ തടവും പിഴയും ശിക്ഷ ലഭിക്കാം. സംഭോഗം എന്നാൽ 375-ാം വകുപ്പിലെ (a) to (b) വിഭാഗങ്ങളിൽ ഉൾപ്പെടും.

376 C തന്റെ അധികാരം ദുർവിനിയോഗം ചെയ്തു ഒരു പബ്ലിക് സെർവന്റ് അല്ലെങ്കിൽ മറ്റു അധികാര സ്ഥാനത്തുള്ളയാൾ തന്റെ ഓഫീസിലുള്ളതോ പരിസരത്തുള്ളതോ ആയ സ്ത്രീയുമായി സംഭോഗത്തിലേർപ്പെട്ടാൽ അത് 5 മുതൽ 10 വർഷം വരെ കഠിന തടവും പിഴയും ലഭിക്കാവുന്ന ശിക്ഷയാണ്.

376 D കൂട്ടബലാൽസംഗം: ഒന്നിൽ കൂടുതൽ ആളുകൾ പൊതു ഉദ്ദേശ്യത്തോടെ ഒരു സ്ത്രീയെ ബലാൽസംഗം ചെയ്താൽ 20 വർഷം മുതൽ ജീവിതാന്തം വരെ കഠിന തടവും പിഴയും ശിക്ഷ ലഭിക്കാം. ഇതിലെ പിഴ ഇരയുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും വിനിയോഗിക്കണം.

376 E ആവർത്തിച്ച് ബലാൽസംഗ കുറ്റം ചെയ്യുന്നവർക്ക് മരണം വരെ കഠിനതടവോ വധശിക്ഷയോ  പിഴയും ശിക്ഷ ലഭിക്കും.

(8) സ്ത്രീയെ വാക്കുകൊണ്ടോ ആംഗ്യം കൊണ്ടോ അപമാനിക്കുന്നവരെ സംബന്ധിച്ച 509 IPC യിൽ ഭേദഗതിവഴി ശിക്ഷ മൂന്നുവർഷം വരെ തടവും പിഴയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## ക്രിമിനൽ നടപടിക്രമങ്ങളിലെ ഭേദഗതികൾ

1) 26-ാം വകുപ്പിൽ കോടതികളുടെ വിചാരണാധികാരം വിവരിച്ചിട്ടുള്ളതിനാൽ പുതുതായി രൂപീകരിച്ച ബലാൽസംഗം സംബന്ധിച്ച 376, 376 A, 376 B, 376 C, 376 D, 376 E IPC എന്നിവ കൂടി ഉൾപ്പെടുത്തി.

2) 54 A വകുപ്പിന്റെ ഭേദഗതിപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടവനെ തിരിച്ചറിയുന്ന വ്യക്തി ശാരീരികമോ മാനസികമോ ആയി വൈകല്യമുള്ളവരോ ആണെങ്കിൽ പ്രസ്തുത തിരിച്ചറിയൽ മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ വേണമെന്നും അയാൾക്ക് തികച്ചും സൗകര്യപ്രദമായ രീതിയിൽ തിരിച്ചറിയിൽ നടത്തണമെന്നും ഇത് വീഡിയോയിൽ ചിത്രീകരിച്ചിരിക്കണമെന്നും അനുശാസിക്കുന്നു.

3) സ്ത്രീകൾക്കെതിരെ 326A, 326B, 354, 354 A, 354B, 354C, 354D, 376, 376A, 376B, 376C, 376C, 376D, 376E, 509 IPC അനുസരിച്ച് കുറ്റങ്ങൾ നടന്നതായോ ശ്രമിച്ചതായോ റിപ്പോർട്ടാൽ പ്രസ്തുത വിവരം വനിതാ പോലീസ് ഓഫീസർ റിക്കാർഡ് ചെയ്യണമെന്നും പ്രസ്തുത

കേസിലെ ഇര ശാരീരികമായും മാനസികമായും വൈകല്യമുള്ള യാളെങ്കിൽ വിവരം ഇരയുടെ വസതിയിലെത്തിയോ അല്ലെങ്കിൽ ഇരയ്ക്കു സൗകര്യപ്രദമായ സ്ഥലത്തെത്തിയോ വ്യാഖ്യാതാവിന്റെയോ പ്രത്യേക പഠിതാവിന്റെയോ സാന്നിദ്ധ്യത്തിൽ വീഡിയോഗ്രാഫ് ചെയ്ത് റിക്കാർഡ് ചെയ്യണമെന്നും അപ്രകാരമുള്ള ഇരയുടെ സ്റ്റേറ്റ്മെന്റ് എത്രയും വേഗം മജിസ്ട്രേറ്റ് മുമ്പാകെ എടുക്കണമെന്നും വകുപ്പ് 154-ന്റെ ഭേദഗതി അനുശാസിക്കുന്നു.

4) പോലീസ് ഓഫീസർ മുമ്പാകെ സാക്ഷികളെ ഹാജരാക്കുവാൻ അനുശാസിക്കുന്ന 160-ാം വകുപ്പിന്റെ PROVISO ഭേദഗതി ചെയ്ത് പതിനഞ്ചു വയസ്സിൽ താഴെയോ 65 വയസ്സിന് മുകളിലോ പ്രായമുള്ള ആണുങ്ങളേയും വനിതകളേയും മാനസികവും ശാരീരികവുമായ വൈകല്യമുള്ളവരെയും ഇപ്രകാരം ഹാജരാകുന്നതിൽ നിന്നൊഴി വാക്കിയിട്ടുണ്ട്.

5) കുറ്റമേറ്റു പറയുന്നതും സ്റ്റേറ്റുമെന്റുകൾ മജിസ്ട്രേറ്റ് രേഖപ്പെടുത്തു ന്നതുമായ 164-ാം വകുപ്പ് ഭേദഗതി ചെയ്ത് IPC 354, 354 A, 354B, 354C, 354D, 375 (1) and (2) 376A, 376B, 376 C, 376 D, 376 E, 509 എന്നീ വകുപ്പുകളിൽ കുറ്റം ചെയ്തുവെന്നു പോലീസിന് നോട്ടീസ് കിട്ടിയാ ലുടൻ ഇരയുടെ സ്റ്റേറ്റ്മെന്റ് മജിസ്ട്രേറ്റ് രേഖപ്പെടുത്തണമെന്നും ഇര മാനസികമോ ശാരീരികമോ ആയി വൈകല്യമുള്ളയാളാണെങ്കിൽ വ്യാഖ്യാതാവ്, പ്രത്യേക ടീച്ചർ എന്നിവരുടെ സാന്നിദ്ധ്യത്തിലും വീഡിയോഗ്രാഫ് ചെയ്ത് വേണം പ്രസ്തുത രേഖപ്പെടുത്തൽ നടത്തുവാനെന്നും അനുശാസിക്കുന്നു.

6) പൊതുസേവകനെതിരെ ക്രിമിനൽ നടപടി സ്വീകരിക്കാൻ അനുമതിപത്രം ആവശ്യമാണെന്നു 197-ാം വകുപ്പ് ഭേദഗതി വരുത്തി IPC 166 A, 166 B, 354, 354 A, 354 B, 354 C, 354 D, 370, 375, 376 P, 376 A, 376, C, 376 D, 509 എന്നീ വകുപ്പുകളിൽ കീഴിൽ കുറ്റം ചെയ്ത പൊതുസേവകനെതിരെ ക്രിമിനൽ നടപടിയെടുക്കാൻ യാതൊരുവിധ അനുമതിയും ആവശ്യമില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്.

7) ഭാര്യ ഭർത്താവിനെതിരെ നൽകിയ പരാതിയിൻമേൽ സ്ഥാപിച്ച കുറ്റമൊഴികെയുള്ള സാഹചര്യങ്ങളിൽ ഭർത്താവിനെതിരെ വിവാഹ ബന്ധം നിലനിൽക്കുമ്പോൾ 376 B പ്രകാരമുള്ള കുറ്റത്തിന്റെ വിചാരണാധികാരം വിനിയോഗിക്കുവാൻ കോടതികൾക്ക് സാധ്യമാവു കയില്ല എന്ന് വകുപ്പ് 198 ബിയുടെ ഭേദഗതി അനുശാസിക്കുന്നു.

8) പ്രതിയുടേതോ വക്കീലിന്റെയോ സാന്നിദ്ധ്യത്തിലെ തെളിവെടു ക്കാവൂ എന്ന 273-ാം വകുപ്പിൽ ഭേദഗതി വരുത്തി ബലാൽസംഗത്തിനോ മറ്റു ലൈംഗിക കുറ്റങ്ങൾക്കോ വിധേയമായ 18 വയസ്സിൽ താഴെയുള്ള പെൺകുട്ടിയുടെ തെളിവെടുക്കുമ്പോൾ അവളെ ഒരിക്കലും പ്രതിയുമായി അഭിമുഖത്തിൽ വരാതിരിക്കണമെന്നും എന്നാൽ എതിർ വിസ്താര

ത്തിനുള്ള അവസരം നിലനിർത്തണമെന്നും അനുശാസിക്കുന്നു.

9) 309-ാം വകുപ്പ് ഭേദഗതി ചെയ്ത് 376, 376 A, 376 B, 376 C, 376 D എന്നീ വകുപ്പുകളിൽ കീഴിലുള്ള കുറ്റങ്ങൾ ചാർജ്ജ് ഷീറ്റ് നൽകി രണ്ടു മാസത്തിനുള്ളിൽ വിചാരണ പൂർത്തീകരിക്കണമെന്ന് അനുശാസിക്കുന്നു. ബലാൽസംഗ കേസിൽ അടിയന്തിരമായി കോടതി നടപടികൾ പൂർത്തീകരിച്ച് ഇരയ്ക്ക് നീതിവേഗത്തിലാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

10) ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് 357-ാം വകുപ്പ് ഭേദഗതി ചെയ്ത് IPC 326A, 376, 376 A, 376 B, 376 C, 376 D, 376 E വകുപ്പുകളിലെ കുറ്റങ്ങളിലുൾപ്പെട്ട ഇരകൾക്ക് സൗജന്യ വൈദ്യ സഹായം എല്ലാ ആശുപത്രികളും നല്കണമെന്ന് നിഷ്കർഷിക്കുകയും 326A, 376 D വകുപ്പുകൾ പ്രകാരം പിഴയടയ്ക്കുന്നത് ഇരയ്ക്കു നൽകണമെന്നും ഈ തുക 357 A പ്രകാരമുള്ള നഷ്ടപരിഹാരത്തിനു പുറമെയായിരിക്കണമെന്നും അനുശാസിക്കുന്നു.

## ഇന്ത്യൻ തെളിവു നിയമത്തിലെ ഭേദഗതികൾ

1. കുറ്റവാളിയുടെ മുൻസ്വഭാവം ക്രിമിനൽ കേസുകളിൽ പ്രസക്തമാണ്. 53-ാം വകുപ്പിലേക്ക് 53A ആയി പുതിയ വകുപ്പ് ചേർക്കുകയും അതനുസരിച്ച് IPC 354, 354 A, 354 B, 354 C, 354 D, 376, 376 A, 376 B, 376 C, 376 D വകുപ്പുകളിലെ കുറ്റങ്ങളോ കുറ്റം ചെയ്യുവാനുള്ള ശ്രമമോ സംബന്ധിച്ച കേസുകളിൽ ഇരയുടെ സമ്മതത്തെ സംബന്ധിച്ച ചോദ്യമുയരുമ്പോൾ പ്രതിയുടെ മുൻസ്വഭാവമോ മുൻ ലൈംഗിക അനുഭവമോ അപ്രസക്തമാണെന്നും അനുശാസിക്കുന്നു.

2. 114 A വകുപ്പ് ഭേദഗതി ചെയ്ത് ബലാൽസംഗ കേസുകളിൽ ലൈംഗികബന്ധം തെളിയിക്കപ്പെടുകയും എന്നാൽ അത് സ്ത്രീയുടെ സമ്മതമില്ലാതെയായിരുന്നു എന്ന തർക്കത്തിൽ തന്റെ അനുമതി ഇല്ലാ എന്ന് സ്ത്രീ തെളിവ് നൽകിയാൽ, സമ്മതം ഇല്ലായിരുന്നു എന്നു കോടതിക്ക് അനുമാനിക്കാം എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

3. മൂക സാക്ഷികളെക്കുറിച്ചുള്ള 119-ാം വകുപ്പ് ഭേദഗതി ചെയ്തു അപ്രകാരമുള്ള സാക്ഷികളുടെ തെളിവെടുക്കുമ്പോൾ വ്യാഖ്യാതാവിന്റെയോ, പ്രത്യേക ടീച്ചറുടെയോ സേവനം ഉപയോഗപ്പെടുത്തി സ്റ്റേറ്റ്മെന്റ് എടുക്കുകയും വീഡിയോഗ്രാഫി എടുക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നു.

3. 146-ാം വകുപ്പ് ഭേദഗതി ചെയ്തു ബലാൽസംഗ കേസുകളിൽ ഇരയുടെ സമ്മതം സംബന്ധിച്ചു തർക്കമുയരുമ്പോൾ ക്രോസ് വിസ്താരത്തിൽ ഇരയുടെ പൊതു അസാന്മാർഗിക സ്വഭാവം, മുൻ ലൈംഗിക അനുഭവം എന്നിവ സംബന്ധിച്ച ചോദ്യങ്ങൾ അനുവദനീയമല്ല എന്നു അനുശാസിക്കുന്നു.

## 2018ലെ ക്രിമിനൽ നിയമ ഭേദഗതി

12 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗത്തിനിരയാക്കിയാൽ വധശിക്ഷ നടപ്പിലാക്കുന്നതിനും, ബലാത്സംഗത്തിനുള്ള മറ്റ് ശിക്ഷാനടപടികൾക്കും ഒരു ഓർഡിനൻസ് ഏർപ്പെടുത്തി.

ക്രിമിനൽ നിയമ ഭേദഗതി ഓർഡിനൻസ്, 2018 പ്രകാരം ഇന്ത്യൻ ശിക്ഷാനിയമം, ക്രിമിനൽ നടപടിക്രമം, ഇന്ത്യൻ തെളിവ് നിയമം, ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ സംരക്ഷണ നിയമം എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

## ഉത്തരവുകളുടെ പ്രാധാന്യം

1. ബലാത്സംഗത്തിനുള്ള കുറഞ്ഞ ശിക്ഷ 10 വർഷം.
2. 16 വയസ്സിനു താഴെയുള്ള ഒരു പെൺകുട്ടിയെ ബലാത്സംഗം ചെയ്ത ഒരു വ്യക്തിക്ക് ലഭിക്കുന്ന കുറഞ്ഞ ശിക്ഷ 20 വർഷം.
3. 12 വയസ്സിനു താഴെയുള്ള ഒരു പെൺകുട്ടിയെ ബലാത്സംഗം ചെയ്താൽ 20 വർഷത്തെ കഠിനതടവോ, പരമാവധി ശിക്ഷ വധശിക്ഷയോ / ജീവപര്യന്തം തടവോ ലഭിക്കാം.
4. പിഴ തുക ഇരയുടെ മെഡിക്കൽ ചെലവുകൾക്കും പുനരധിവാസം നേടുന്നതിനും നീതിപൂർവവും ന്യായയുക്തവുമായിരിക്കണം.
5. ബലാത്സംഗക്കേസിൽ ഉൾപ്പെടുന്ന പോലീസ് ഓഫീസർ കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ 10 വർഷത്തേക്ക് കഠിന തടവ് ലഭിക്കുന്നതാണ്.
6. ബലാത്സംഗ കേസുകളുടെ അന്വേഷണം രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കണം.
7. 16 വയസ്സിൽ താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗം ചെയ്തെന്ന് ആരോപിക്കപ്പെടുന്ന വ്യക്തിക്ക് മുൻകൂർ ജാമ്യം നൽകാനാവില്ല.
8. 6 മാസത്തിനുള്ളിൽ ബലാത്സംഗ കേസുകൾ തീർപ്പാക്കണം.

## ഇന്ത്യൻ ശിക്ഷാനിയമത്തിലെ ഭേദഗതികൾ

1. 376–ാം വകുപ്പ് പ്രകാരം ബലാത്സംഗത്തിനുള്ള ഏറ്റവും കുറഞ്ഞ ശിക്ഷ 7 വർഷത്തിൽനിന്ന് 10 വർഷമാക്കി. ഏഴ് വർഷങ്ങൾക്ക് മുമ്പാണ് അത്.
2. 376–ാം വകുപ്പിൽ ഒരു പുതിയ ഉപവകുപ്പ് (3) ചേർത്തിട്ടുണ്ട്. പതിനാറ് വയസ്സിനു താഴെയുള്ള ഒരു പെൺകുട്ടിയെ ബലാത്സംഗം ചെയ്യുന്ന ഒരാൾക്ക് 20 വർഷത്തെ കുറഞ്ഞ ശിക്ഷയാണ് ഇത് നൽകുന്നത്.
3. 12 വയസ്സിന് താഴെയുള്ള ഒരു പെൺകുട്ടിയെ ബലാത്സംഗം ചെയ്യുന്ന വ്യക്തിക്ക് ഇരുപത് വർഷത്തെ കഠിന തടവിനുള്ള ശിക്ഷ നൽകുന്നത് 376 AB എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർത്തു.
4. 16നും, 12നും താഴെ പ്രായമുള്ള പെൺകുട്ടികളെ കൂട്ട

ബലാത്സംഗത്തിനിരയാക്കിയവർക്ക് 376 DA, 376 DB എന്നീ വകുപ്പുകളനുസരിച്ച് കുറഞ്ഞ ശിക്ഷ ജീവപര്യന്തം തടവാണ്.

5. 12 വയസ്സിനു താഴെയുള്ള ഒരു പെൺകുട്ടിയെ കൂട്ട ബലാത്സംഗം ചെയ്തിരിക്കുന്ന വ്യക്തികൾക്ക് വധശിക്ഷ ലഭിക്കുന്നതാണ്.
6. ഈ വകുപ്പുകളിൽ നൽകിയിട്ടുള്ള പിഴചുമത്തേണ്ടതാണ്. അത് ചികിത്സാ ചെലവുകൾക്കും ഇരയുടെ പുനരധിവാസത്തിനും ന്യായമായും നീതിയുക്തവുമായതായിരിക്കണം. കൂടാതെ ചുമത്തപ്പെട്ട പിഴ ഇരയ്ക്ക് (victim)ന് നൽകേണ്ടതാണ്.

## ക്രിമിനൽ നടപടി നിയമഭേദഗതി

1. എല്ലാ ബലാത്സംഗ കേസുകളും, പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ വിവരങ്ങൾ രേഖപ്പെടുത്തിയതു മുതൽ മൂന്നു മാസത്തിനകം അന്വേഷണം പൂർത്തിയാക്കും.
2. ബലാത്സംഗ കേസുകളിൽ ആറുമാസത്തിനുള്ളിൽ അപ്പീൽ തീർപ്പാക്കേണ്ടതുണ്ട്.
3. പതിനാറ് വയസ്സിൽ താഴെ പ്രായമുള്ള പെൺകുട്ടികളെ ബലാത്സംഗം ചെയ്തെന്ന് ആരോപിക്കപ്പെടുന്ന വ്യക്തിക്ക് യാതൊരു മുൻകൂർ ജാമ്യവും നൽകാനാവില്ല.
4. 439-ാം വകുപ്പിൽ ഒരു പുതിയ ഉപ വകുപ്പ് ചേർത്തിട്ടുണ്ട്. 16 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗം ചെയ്തുവെന്ന് ആരോപിക്കപ്പെടുന്ന വ്യക്തിയുടെ ജാമ്യത്തിനുള്ള അപേക്ഷ പരിഗണിക്കുന്ന സമയത്ത് കുറ്റകൃത്യത്തെക്കുറിച്ച് വിവരം നല്കിയ ആളിന്റേയോ, പ്രതിനിധിയുടേയോ സാന്നിദ്ധ്യമുണ്ടെന്ന് ഉറപ്പുവരുത്തുക.

## പോക്സോ ആക്ടിലെയും എവിഡൻസ് ആക്ടിലേയും ഭേദഗതി

പോക്സോ നിയമത്തിലെ സെക്ഷൻ 42, പുതുതായി ചേർക്കപ്പെട്ട ഐപിസി വകുപ്പുകൾ വിഭാഗം 376എബി, വിഭാഗം 376ഡിഎ, 376ഡിബി എന്നിവ ഉൾപ്പെടുത്തി ഭേദഗതി ചെയ്തു. ചില സന്ദർഭങ്ങളിൽ പ്രസക്തമല്ലാത്ത അല്ലെങ്കിൽ മുൻകാല ലൈംഗികാനുബന്ധത്തിന്റെ തെളിവുകൾ കൈകാര്യം ചെയ്യുന്ന എവിഡൻസ് ആക്ടിന്റെ സെക്ഷൻ 53എ, ചില സന്ദർഭങ്ങളിൽ പ്രസക്തമല്ലാത്ത അല്ലെങ്കിൽ മുമ്പത്തെ ലൈംഗിക അനുഭവത്തിന്റെ തെളിവുകൾ കൈകാര്യം ചെയ്യുന്ന ആക്ടിലെ 146 വകുപ്പ് ഉൾപ്പെടെ പുതിയ പരിഷ്കാരങ്ങൾ സെക്ഷൻ 376എബി, 376ഡിഎ, 376 ഡിബി

# 17. ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി
## (357 അ സി.ആർ.പി.സി.)

ക്രിമിനൽ നടപടി നിയമത്തിൽ വരുത്തിയ ഭേദഗതിയിലൂടെ ക്രിമിനൽ കേസിലെ ഇരകൾക്കോ ആശ്രിതർക്കോ നഷ്ടപരിഹാരം നൽകുന്നതിനായി ഒരു പദ്ധതി സംസ്ഥാനസർക്കാരുകൾ കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് നടപ്പിലാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അതനുസരിച്ച് ലീഗൽ സർവ്വീസസ് അതോറിറ്റിക്ക് ഇരയുടെ അപേക്ഷയുടെ അടിസ്ഥാനത്തിലോ, ബന്ധപ്പെട്ട കോടതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലോ ആവശ്യമായ അന്വേഷണം നടത്തി ഇരകൾക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാരിനോട് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കാം. അപേക്ഷ/ശുപാർശ ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ലീഗൽ സർവ്വീസസ് അതോറിറ്റി ടി അപേക്ഷ/ശുപാർശയിൻമേൽ തീരുമാനം എടുക്കേണ്ടതാണ്. ഇരകൾക്ക് ആവശ്യമായ അടിയന്തിര ചികിത്സയും മറ്റും സൗജന്യമായി നൽകാനും ഉത്തരവിടാൻ ലീഗൽ സർവ്വീസസ് അതോറിറ്റികൾക്ക് അധികാരമുണ്ട്. കേസിൽ ഉൾപ്പെട്ട പ്രതിയെ കോടതി കുറ്റവിമുക്തനാക്കിയാൽ പോലും അർഹതപ്പെട്ടതാണ് എങ്കിൽ ഇരയ്ക്ക് നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റിനോട് ശുപാർശ ചെയ്യാൻ ലീഗൽ സർവ്വീസ് അതോറിറ്റികൾക്ക് ഈ പുതിയ നിയമ ഭേദഗതി മൂലം അധികാരം ഉണ്ട്. എല്ലാ സംസ്ഥാന ഗവൺമെന്റുകളും ഇത്തരം പരാതികൾക്കുള്ള നഷ്ടപരിഹാര തുക നൽകുന്നതിനു വേണ്ടി പ്രത്യേക പദ്ധതി രൂപീകരിക്കണമെന്നും ഈ ഭേദഗതിയിലൂടെ നിഷ്കർഷിച്ചിട്ടുണ്ട്. കേരള വിക്ടിം കോമ്പൻസേഷൻ പദ്ധതി 2014ൽ നിലവിൽ വരികയും 2017ൽ ഭേദഗതി ചെയ്യുകയും ചെയ്തു. ഈ പദ്ധതി പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്.

# 18. മയക്കുമരുന്നിനും ലഹരി വസ്തുക്കൾക്കുമെതിരെയുള്ള നിയമം

**ഇ**ന്ത്യയിൽ 1985 വരെ മയക്കുമരുന്നുകളുടെ ഉപയോഗം നിയമപരമായി നിരോധിക്കപ്പെട്ടിരുന്നില്ല. 1985 സെപ്തംബർ 16ന് ലോകസഭ പാസ്സാക്കിയ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസ് ആക്ട് പ്രകാരം മയക്കുമരുന്നുകളുടെ ഉപയോഗം ഗവൺമെന്റിന്റെ നിയന്ത്രണത്തിന് വിധേയമാക്കി. ഈ നിയമത്തിൽ മയക്കുമരുന്നുകളുടെ ദുരുപയോഗത്തിനും ക്രയവിക്രിയകൾക്കും കർശനമായ വ്യവസ്ഥകളാണ് നിഷ്കർഷി ച്ചിട്ടുള്ളത്. ആരോഗ്യ-ശാസ്ത്രഗവേഷണ രംഗത്തെ ഉപയോഗത്തിന് ഒഴികെയുള്ള

മയക്കുമരുന്നുകളുടെ ഉല്പാദനം, നിർമ്മാണം, വില്പന, സൂക്ഷിച്ചു വെയ്ക്കുക, ഉപയോഗം ഇതരസംസ്ഥാനങ്ങളിലേക്കും ഇതര രാജ്യങ്ങളിലേക്കും ഉള്ള കയറ്റുമതി ഇറക്കുമതി തുടങ്ങിയവയാണ് ഈ നിയമം മൂലം നിരോധിച്ചിട്ടുള്ളത്. ഈ നിയമത്തിലെ വകുപ്പുകൾ പ്രകാരം ശിക്ഷയുടെ കാലാവധി നിശ്ചയിച്ചിരിക്കുന്നത് മൂന്ന് വിഭാഗങ്ങളായി തിരിച്ചിട്ടാണ്.

കുറഞ്ഞ അളവ്; വാണിജ്യപരമായ ഉപയോഗത്തിനേക്കാൾ കുറഞ്ഞ അളവ്; വാണിജ്യപരമായ ഉപയോഗത്തിനുള്ള അളവ്.

കുറഞ്ഞ അളവ് മയക്കുമരുന്ന് കൈവശം വെയ്ക്കുന്നതിന് ഏറ്റവും കുറഞ്ഞ ശിക്ഷ 6 മാസം കഠിന തടവും കൂടിയ അളവിൽ കൈവശം വെയ്ക്കുന്നതിന് കുറഞ്ഞത് 20 വർഷം കഠിനതടവും നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു.

മയക്കുമരുന്നുകൾ ദുരുപയോഗം ചെയ്യുന്നവർ അത് ആവർത്തിക്കുന്നതായി കാണുന്നതിനാൽ ഇത്തരം കേസുകളിൽ രണ്ടാമത് പിടിക്കപ്പെട്ടാൽ പരമാവധി ശിക്ഷയും അതിന്റെ ഒന്നരഇരട്ടി കാലയളവ് കഠിനതടവോ വധശിക്ഷയോ നൽകാവുന്നതാണ് എന്ന് ഈ നിയമം നിഷ്കർഷിക്കുന്നു.

# 19. നാഷണൽ ട്രസ്റ്റ് ആക്ട്

**ദി**വാസ്വപ്ന പ്രകൃതിയും മസ്തിഷ്കതളർവാതവും ബുദ്ധിമാന്ദ്യവും ബഹുവിധ വൈകല്യങ്ങളുമുള്ള ആളുകളുടെ ക്ഷേമത്തിന് വേണ്ടിയുള്ള ദേശീയ ട്രസ്റ്റ് ആക്ട്, ഡിസംബർ 1999ലാണ് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയത്. ഈ നിയമപ്രകാരം ന്യൂഡൽഹി ആസ്ഥാനമായി ഒരു ട്രസ്റ്റ് ആരംഭിക്കുകയും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ട്രസ്റ്റിന്റെ കീഴിൽ ആഫീസുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ഈ ആക്ടിൽ താഴെ പറയുന്ന വൈകല്യങ്ങളെ നിർവ്വചിച്ചിട്ടുണ്ട്.

1. **ദിവാസ്വപ്ന പ്രകൃതം (Autism)** എന്നാൽ ആവർത്തിച്ചുള്ളതും കർമ്മാനുഷ്ഠാന പ്രധാനമായതുമായ ശീലം പ്രകടമാക്കുന്ന പ്രധാനമായും ഒരാളുടെ ആശയവിനിമയപരവും സാമൂഹികവുമായ കഴിവുകളെ ബാധിക്കുന്ന, ക്രമരഹിതമായ ബുദ്ധിവികാസത്തിന്റെ ഒരു അവസ്ഥ എന്നർത്ഥമാക്കുന്നു.
2. **മസ്തിഷ്ക തളർവാതം (Cerebral Palsy)** എന്നാൽ മസ്തിഷ്കത്തിന്റെ ക്രമരഹിതമായ പ്രവർത്തനത്തിനാലോ ജനനത്തിന് മുൻപോ ജനനവുമായി ബന്ധപ്പെട്ടോ വളർച്ചയുടെ ശൈശവ ദശയിലോ സംഭവിച്ച മസ്തിഷ്ക ക്ഷതത്താലോ മുറിവിനാലോ ഉളവാകുന്ന അസാധാരണമായ മോട്ടോർ കൺട്രോൾ പോസ്ചർ എന്ന് വിശേഷിപ്പിക്കാവുന്ന ഒരാളുടെ വളർച്ചരഹിതാ വസ്ഥയുടെ ഒരു ഗണം എന്നർത്ഥമാക്കുന്നു.

3. **ബുദ്ധിമാന്ദ്യം** എന്നാൽ ഒരാളുടെ വിഘാതമായ അല്ലെങ്കിൽ അപൂർണ്ണമായ മാനസിക വികാസം, പ്രത്യേകിച്ച് അത് സാധാരണ ത്വത്തിലും കുറഞ്ഞബുദ്ധി എന്ന് വിശേഷിപ്പിക്കാവുന്ന ഒരവസ്ഥ എന്നർത്ഥമാകുന്നു.

4. **ബഹുവിധ വൈകല്യങ്ങൾ (Multiple Disabilities)** എന്നാൽ വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്ട്, 1995 (1996ലെ-1) 2-ാം വകുപ്പിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള രണ്ടോ അതിലധികമോ വൈകല്യങ്ങളുടെ സംയോജം എന്നർത്ഥമാകുന്നു.

## നാഷണൽ ട്രസ്റ്റിന്റെ ഉദ്ദേശ്യങ്ങൾ

(ക) വൈകല്യമുള്ള ആളുകളെ അവർ ഉൾപ്പെടുന്ന സമൂഹത്തിനു ള്ളിലും അതിന് അടുത്തു കഴിയുന്നിടത്തോളം സ്വതന്ത്രമായും പൂർണ്ണമായും ജീവിക്കുന്നതിന് സാദ്ധ്യമാക്കുകയും ശാക്തീകരി ക്കുകയും ചെയ്യുക.

(ഖ) വൈകല്യമുള്ള ആളുകൾക്ക് അവരുടെ സ്വന്തം കുടുംബങ്ങളിൽ ജീവിക്കുന്നതിന് സഹായം നൽകുന്നതിനുള്ള സൗകര്യങ്ങൾ പ്രബലപ്പെടുത്തുക.

(ഗ) വൈകല്യമുള്ള ആളുകളുടെ കുടുംബത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ ആവശ്യമനുസരിച്ചുള്ള സേവനങ്ങൾ നൽകുന്നതിന് രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകൾക്ക് സഹായം നൽകുക.

(ഘ) കുടുംബ സംരക്ഷണം ഇല്ലാത്ത വൈകല്യമുള്ള ആളുകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക.

(ങ) വൈകല്യമുള്ള ആളുകളുടെ മാതാപിതാക്കളുടെയോ രക്ഷകർ ത്താവിന്റെയോ മരണം സംഭവിക്കുന്നപക്ഷം അവരുടെ പരിരക്ഷണത്തിനും സംരക്ഷണത്തിനും വേണ്ട നടപടികൾ പ്രോത്സാഹിപ്പിക്കുക.

(ച) അങ്ങനെയുള്ള സംരക്ഷണം ആവശ്യപ്പെടുന്ന വൈകല്യമുള്ള ആളുകൾക്കുവേണ്ടി രക്ഷകർത്താക്കളുടെയും ട്രസ്റ്റികളുടെയും നിയമനത്തിനു വേണ്ട നടപടിക്രമം ആവിഷ്ക്കരിക്കുക.

(ഛ) വൈകല്യമുള്ള ആളുകളുടെ തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും സാദ്ധ്യമാക്കൽ എളുപ്പമാക്കുക.

(ജ) മുകളിൽ പറഞ്ഞ ഉദ്ദേശ്യങ്ങൾക്ക് സാന്ദർഭികമായ മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുക എന്നിവ ആയിരിക്കുന്നതാണ്.

ഈ നിയമപ്രകാരം ബോർഡിന്റെ കീഴിൽ രൂപവൽക്കരിക്കപ്പെട്ട പ്രാദേശി കമ്മിറ്റികൾക്ക് മേൽപ്പറഞ്ഞ വൈകല്യങ്ങളുള്ള ആളുകൾക്ക് രക്ഷാധികാരിയെ നിയമിക്കുവാനുള്ള അധികാരം ഉണ്ട്. വൈകല്യമുള്ള

ആളിന്റെ രക്ഷാകർത്താക്കൾക്കോ, ബന്ധുവിനോ അല്ലെങ്കിൽ രക്ഷാകർത്താക്കളുടെ സമ്മതപ്രകാരം ഏതെങ്കിലും രജിസ്റ്റേർഡ് സംഘടനയ്ക്കോ രക്ഷാകർതൃത്തത്തിനായി പ്രാദേശിക കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. പ്രാദേശിക കമ്മിറ്റികളാൽ നിയമിതനായ രക്ഷകർത്താവിന് വൈകല്യമുള്ള ആളെയും അയാളുടെ വസ്തുവകകളുടേയും പരിപാലനത്തിന് പരിപൂർണ്ണമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വൈകല്യമുള്ള ആളിന്റെ ആസ്തികളേയും ബാധ്യതകളേയും കുറിച്ചുള്ള കണക്കുകൾ രക്ഷകർത്താവ് പ്രാദേശിക കമ്മിറ്റികൾക്ക് സമർപ്പിക്കേണ്ടതുമാണ്.

# 20. അടിമത്ത തൊഴിൽ സമ്പ്രദായ (നിർത്തലാക്കൽ) നിയമം, 1976

ഭരണഘടന എല്ലാത്തരം നിർബന്ധിത തൊഴിലുകളും നിരോധിച്ചിട്ടുണ്ടെങ്കിലും രാജ്യത്തിന്റെ പല ഭാഗങ്ങളിലും കടബാധ്യതകളുടെ പേരിൽ വ്യക്തികളെയും അവരുടെ ആശ്രിതരെയും നിർബന്ധിത തൊഴിലുകൾക്ക് വിധേയപ്പെടുത്തുന്ന സാഹചര്യം നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് അടിമത്ത തൊഴിൽ സമ്പ്രദായം(നിർത്തലാക്കൽ) നിയമം, 1976 (1976-ലെ 19-ാം നിയമം) നിലവിൽ വന്നത്. ഈ നിയമം ദുർബല ജനവിഭാഗങ്ങളെ സാമ്പത്തികമായും ശാരീരികമായും ചൂഷണം ചെയ്യുന്നത് തടയുന്നതിനും അടിമത്ത തൊഴിൽ സമ്പ്രദായം നിർത്തൽ ചെയ്യുന്നതിനുമായി ഉള്ളതാണ്. ഈ നിയമം 1975 ഒക്ടോബർ മാസം 25-ാംതീയതിയാണ് പ്രാബല്യത്തിൽ വന്നത്.

ഈ നിയമത്തിലെ വ്യവസ്ഥകൾക്ക്, മറ്റു നിയമങ്ങളിലെ വ്യവസ്ഥകളുമായി വൈരുദ്ധ്യമുള്ള പക്ഷം അവയെ മറികടക്കാനുള്ള അധികാരം ഉണ്ടായിരിക്കും. ഈ നിയമം നിലവിൽ വന്നതിനുശേഷം ഒരാളും അടിമത്തത്തൊഴിൽ സമ്പ്രദായത്തിന്റെ ഭാഗമെന്ന നിലയിൽ സാമ്പത്തികസഹായം വാഗ്ദാനം ചെയ്യുകയോ മറ്റാരെയെങ്കിലും അടിമത്തത്തൊഴിലിനോ മറ്റേതെങ്കിലും തരത്തിലുള്ള നിർബന്ധിത തൊഴിലിനോ നിർബന്ധിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാണ്. കൂടാതെ ഈ നിയമം നിലവിൽ വന്നതിനുശേഷമോ അതിനുമുൻപോ അടിമത്ത തൊഴിൽ സമ്പ്രദായ ശൈലിയിൽ പ്രവർത്തിക്കുവാൻ നിർബന്ധിക്കുന്ന തരത്തിൽ നിലവിൽ വന്നിട്ടുള്ള ഏതൊരു ഉടമ്പടിയും ഈ നിയമം നിലവിൽ വന്നതിനുശേഷം അസാധുവും പ്രവർത്തനക്ഷമമല്ലാത്തതും ആയിരിക്കും. അടിമത്ത തൊഴിലാളികൾക്ക് ഈ സമ്പ്രദായവുമായി ബന്ധപ്പെട്ട് തങ്ങളുടെ കടങ്ങൾ തിരിച്ചടയ്ക്കുന്നതിന് ഉത്തരവാദിത്തം ഉണ്ടായിരിക്കില്ലെന്നും അവ സംബന്ധിച്ച നിയമ നടപടികൾ നിലനിൽക്കുകയില്ലെന്നും നിയമം വ്യക്തമാക്കുന്നു.

ഈ നിയമപ്രകാരം റദ്ദാക്കപ്പെട്ട കടബാദ്ധ്യതകളുടെ ഭാഗമായി യാതൊരു

തുകയും വായ്പ നൽകിയവർ സ്വീകരിക്കാൻ പാടില്ലെന്ന് നിയമം അനുശാസിക്കുന്നു. ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് സംസ്ഥാന ഭരണകൂടത്തിന് ജില്ലാ മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്താവുന്നതും ജില്ലാ മജിസ്ട്രേറ്റിന് അദ്ദേഹത്തിന്റെ അധികാരത്തിൻ കീഴിലുള്ള മറ്റൊരു ഉദ്യോഗസ്ഥനെ ഈ നിയമപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് നിയോഗിക്കാവുന്നതാണ്.

നിയമസമക്ഷം എല്ലാ പൗരന്മാരുടെ തുല്യതയും സാമ്പത്തികവും സാമൂഹ്യവുമായ സ്വാതന്ത്ര്യവും ഉറപ്പാക്കുന്നതിന് ഉതകുന്ന നിയമമാണ് അടിമത്തത്തൊഴിൽ സമ്പ്രദായ(നിർത്തലാക്കൽ) നിയമം 1976.

# 21. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005

ചന്ദ്രമണ്ഡലത്തോളമുയർന്ന വികസന സ്വപ്നങ്ങൾക്ക് തയ്യാറെടുക്കുമ്പോഴും ദാരിദ്ര്യനിർമാർജ്ജനം ഇന്ത്യയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. സ്ഥിരതയാർന്ന തൊഴിലും വരുമാനവും പൗരന്മാർക്ക് ലക്ഷ്യമാക്കുന്നതിലൂടെ ദാരിദ്ര്യം തുടച്ചുനീക്കാനാകും. ഈ ലക്ഷ്യം കൈവരിക്കുന്നതിനാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 ( National Rural Employment Guarantee Act, 2005) പാർലമെന്റ് പാസാക്കിയത്. ഗ്രാമീണ ഇന്ത്യയിലെ സ്ഥിരവരുമാനമാർഗ്ഗമില്ലാത്ത അസംഖ്യം ഗ്രാമീണർക്ക് ഓരോ സാമ്പത്തികവർഷത്തിൽ ചുരുങ്ങിയത് നൂറ് ദിവസമെങ്കിലും തൊഴിലുറപ്പ് നൽകുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതിനായി വിവിധ പദ്ധതികൾ തയ്യാറാക്കുന്നു. ഇതിന്റെ കീഴിൽ ഓരോ ജില്ലയിലും പഞ്ചായത്തുകൾ പദ്ധതികൾ വിഭാവനം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുന്നു. ജില്ലാതലങ്ങളിൽ ഇതിന് നേതൃത്വം നൽകുന്നത് ജില്ലാ കോ-ഓർഡിനേറ്ററായിരിക്കും. ജില്ലാ കലക്ടറോ അല്ലെങ്കിൽ ജില്ലാപഞ്ചായത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ആയിരിക്കും ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ. ഇപ്രകാരം തയ്യാറാക്കുന്ന പദ്ധതികൾവഴി ഒരു കുടുംബത്തിലെ മുതിർന്ന അംഗത്തിന് ചുരുങ്ങിയത് നൂറ് അല്ലെങ്കിൽ അതിൽകൂടുതൽ കാലയളവിൽ തൊഴിൽ ലഭിക്കും. ദിവസക്കൂലി കണക്കാക്കി ആഴ്ച തോറും കൂലിയും നൽകും. പദ്ധതിപ്രകാരമുള്ള തൊഴിലിനായി അപേക്ഷിക്കുന്നയാൾക്ക് അപേക്ഷ ലഭിച്ച് പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ അല്ലെങ്കിൽ മുൻകൂർ അപേക്ഷയിൽ ജോലി ആരംഭിക്കുന്ന തീയതിമുതൽ തൊഴിൽ ലഭിക്കുന്നില്ലെങ്കിൽ നിയമപ്രകാരം അയാൾക്ക് തൊഴിൽരഹിത വേതനത്തിന് അർഹതയുണ്ട്. എന്നാൽ, അപേക്ഷകനോ അല്ലെങ്കിൽ അയാളുടെ വീട്ടിലെ ഒരു മുതിർന്ന അംഗത്തിനോ തൊഴിൽ നൽകുകയാണെങ്കിൽ ഇതു ലഭിക്കില്ല. പദ്ധതിപ്രകാരമുള്ള തൊഴിലിന് പദ്ധതിയവസാനംവരെയും അപേക്ഷകൻ തയ്യാറാവാതിരിക്കൽ, ഒരു സാമ്പത്തികവർഷത്തിൽ നൂറ് ദിവസമെങ്കിലും തൊഴിൽ ലഭിക്കുക, നൂറ് ദിവസത്തെ തൊഴിലിന്റെ കൂലിക്ക് തുല്യമായ തുക തൊഴിൽരഹിത

വേതനമായി ലഭിക്കുക തുടങ്ങിയ സാഹചര്യങ്ങളിൽ തൊഴിൽരഹിത വേതനം ലഭിക്കുന്നതല്ല. തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിൽ ഗ്രാമസഭകൾക്ക് പ്രമുഖ സ്ഥാനമുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളിൽ തൊഴിലുകൾ നടപ്പാക്കുകയും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട തൊഴിൽ മേഖലകളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുക, പദ്ധതിനടത്തിപ്പിന്റെ മേൽനോട്ടവും കണക്കെടുപ്പും നിർവഹിക്കുക, കൂടാതെ തൊഴിലാളികളുടെ ഹാജർ പുസ്തകം, അനുമതി ഉത്തരവുകളുടെ കോപ്പികൾ, അളവ് പുസ്തകങ്ങൾ, വൗച്ചറുകൾ, അക്കൗണ്ട് പുസ്തകങ്ങൾ, മറ്റു പേപ്പറുകൾ തുടങ്ങിയവ സൂക്ഷിച്ചുകൊണ്ട് കൃത്യമായി സോഷ്യൽ ഓഡിറ്റിങ് നടത്തേണ്ടത് ഗ്രാമസഭകളാണ്. തൊഴിലുറപ്പ് നിയമത്തിന്റെ മേൽനോട്ടത്തിനായി ദേശീയ-സംസ്ഥാന തലങ്ങളിൽ തൊഴിലുറപ്പ് കൗൺസിലുകളുടെ രൂപീകരണവും നിയമം വിഭാവനം ചെയ്യുന്നു. അദ്ധ്യക്ഷനും പ്ലാനിങ് കമ്മീഷന്റെയും സംസ്ഥാന സർക്കാരുകളുടെയും പ്രതിനിധികളും പതിനഞ്ച് അനൗദ്യോഗിക അംഗങ്ങളും മെമ്പർ സെക്രട്ടറിയും അടങ്ങുന്നതാണ് കേന്ദ്ര തൊഴിലുറപ്പ് കൗൺസിൽ. അദ്ധ്യക്ഷനും പഞ്ചായത്ത് സ്ഥാപനങ്ങളിൽനിന്നും തൊഴിലാളി സംഘടനകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ച് അനൗദ്യോഗിക അംഗങ്ങളും അടങ്ങുന്നതാണ് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ. പദ്ധതിളെയും അതിന്റെ നടത്തിപ്പിനെയും കുറിച്ച് സർക്കാരുകളെ ഉപദേശിക്കുക, നിയമം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, പരാതിപരിഹാര സംവിധാനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുകയും കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്യുക, വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുക തുടങ്ങിയവയാണ് തൊഴിലുറപ്പ് കൗൺസിലുകളുടെ മുഖ്യചുമതലകൾ. നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിന് ആയിരം രൂപവരെ പിഴശിക്ഷ ഈടാക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ടുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും സംസ്ഥാന സർക്കാർ ചട്ടംവഴി ബ്ലോക്ക്, ജില്ലാ തലങ്ങളിൽ പരാതിപരിഹാര സംവിധാനങ്ങൾ കൊണ്ടുവരും. കേരളത്തിൽ ആദ്യമായി 2007 മാർച്ച് 26-ാം തീയതി ഈ നിയമം ഇടുക്കി, കാസർകോഡ് ജില്ലകളിൽ നിലവിൽ വന്നു.

# കേരളത്തിലെ ജില്ലാ നിയമ സേവന അതോറിറ്റികളുടെ വിലാസം

**തിരുവനന്തപുരം**
ജില്ലാ നിയമ സഹായ അതോറിറ്റി
എ.ഡി.ആർ. സെന്റർ, ജില്ലാ കോടതി സമുച്ചയം
വഞ്ചിയൂർ, തിരുവനന്തപുരം
ഫോൺ: 0471 - 2467700

**തൃശ്ശൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, സിവിൽ ലൈൻ
എ.ഡി.ആർ. സെന്റർ, അയ്യന്തോൾ, തൃശ്ശൂർ
ഫോൺ: 0487 - 2363770

**കൊല്ലം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം
കൊല്ലം
ഫോൺ: 0474 - 2791399

**പാലക്കാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
പാലക്കാട്
ഫോൺ: 0491 - 2505665

**പത്തനംതിട്ട**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം
പത്തനംതിട്ട
ഫോൺ: 0468 - 2220141

**മലപ്പുറം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
മഞ്ചേരി, മലപ്പുറം
ഫോൺ: 04833 - 244151

**കോട്ടയം**
ജില്ലാ നിയമ സഹായ അതോറിറ്റി
എ.ഡി.ആർ. സെന്റർ, മലങ്കര ക്വാർട്ടേഴ്സിന്
സമീപം, മുട്ടമ്പലം പി.ഒ., കോട്ടയം
ഫോൺ: 0481 - 2572422

**കോഴിക്കോട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കോഴിക്കോട്
ഫോൺ: 0495 - 2366044

**ആലപ്പുഴ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം
ആലപ്പുഴ
ഫോൺ: 0477 - 2262495

**വയനാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കൽപ്പറ്റ, വയനാട്,
ഫോൺ: 04936 - 207800

**ഇടുക്കി**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
തൊടുപുഴ, ഇടുക്കി
ഫോൺ: 04862 - 255383

**കണ്ണൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
തലശ്ശേരി, കണ്ണൂർ,
ഫോൺ: 0490 - 2344666

**എറണാകുളം**
ജില്ലാ നിയമസഹായ അതോറിറ്റി
ജില്ലാ കോടതി അനക്ഷർ സമുച്ചയം
എ.ഡി.ആർ. സെന്റർ, കലൂർ, എറണാകുളം,
ഫോൺ: 0484 - 2344223

**കാസർഗോഡ്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കാസർഗോഡ്
ഫോൺ: 04994 - 256189

**സാകേതം (നിയമ സഹായ കേന്ദ്രം): 0484 – 2396817**
**സാകേതം ഹെൽപ് ലൈൻ: 1516 (ഓഫീസ് സമയങ്ങളിൽ)**
**കെൽസ ഹെൽപ് ലൈൻ: 9846700100 (24 മണിക്കൂർ)**

Printed and Published from Kochi by Kerala State Legal Services Authority, Kochi.
Printed at KBPS, Kakkanad, Kochi-30